



# സഖാവ്

ജനുവരി 2021 ലക്കം


## കർഷകരെ കബളിപ്പിക്കാനുള്ള

# സുപ്രീം കോടതിയുടെ പൊറാട്ടു നാടകം



മുഖപ്രസംഗം: കർഷകരെ കബളിപ്പിക്കാനുള്ള സുപ്രിം കോടതിയുടെ പൊറാട്ടുനാടകം
01


കേരള ബജറ്റ്: പോപ്പുലിസ്റ്റ് മുഖം മൂടിയിൽ അതിരുകളില്ലാത്ത കോർപറേറ്റ് സേവ!
04


പുത്തൻ കാർഷിക നിയമങ്ങൾ
10


തദ്ദേശ തെരഞ്ഞെടുപ്പു വിജയം സംസ്ഥാന ഭരണത്തുടര്ച്ചക്കുള്ള ചവിട്ടു പടിയാക്കുന്ന സിപിഎം
26


നെയ്യാറ്റിൻകരയിലെ ദമ്പതികളുടേത് ഭരണകൂട കൊലപാതകം.
32


ഐതിഹാസികമായ കർഷക സമരത്തിനെതിരെ ഭരണകൂടവും, വലത് പക്ഷ മാധ്യമങ്ങളും നടത്തുന്ന പ്രചാരവേല അതിശക്തമാണ്
34


കിഫ്ബി ചോദ്യോത്തരങ്ങൾ
36


സാമ്പത്തിക സംവരണമല്ല; സവർണ്ണാധിപത്യം തന്നെ
54


കേന്ദ്ര ഫണ്ടിനായുള്ള സി പി ഐ(എം എൽ) റെഡ് സ്റ്റാർ കേന്ദ്ര കമ്മിറ്റിയുടെ അഭ്യർത്ഥന!
64

കണ്ടു നിൽക്കുന്നവരെ വിഡ്ഢികളാക്കുകയെന്ന ഉദ്ദേശത്തോടെ രണ്ടു സുഹൃത്തുക്കളിലൊരാൾ മുൻ ധാരണ പ്രകാരം മറ്റേയാളെ വെല്ലുവിളിക്കുകയും ശകാരിക്കുകയും ചെയ്യുന്നതിനോട് ഉപമിക്കാവുന്നതാണ് ജനുവരി 11 - 12 തീയതികളിൽ കർഷക പ്രക്ഷോഭവുമായി ബന്ധപ്പെട്ട് മോദി സർക്കാരിനെതിരെയെന്ന് തോന്നിപ്പിക്കും വിധം സുപ്രീം കോടതി നടത്തിയ നിരീക്ഷണങ്ങളും നിർദ്ദേശങ്ങളും. തങ്ങളെ തടയാൻ ഒരു ശക്തിക്കും കഴിയില്ലെന്നതടക്കമുള്ള ഗീർവാണങ്ങളുടെ അകമ്പടിയോടെ നിയമങ്ങൾ സ്റ്റേ ചെയ്തു കൊണ്ടും, കർഷകരും സർക്കാരുമായി ചർച്ച ചെയ്തും നിയമങ്ങളെപ്പറ്റി പഠിച്ചും കോടതിക്ക് രണ്ടു മാസത്തിനകം റിപ്പോർട്ട് നൽകുന്നതിനായി ഒരു പഠനസമിതിയെ നിയമിച്ചു കൊണ്ടുമാണ് സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിരിക്കുന്നത്.

വാസ്തവത്തിൽ, പാർലമെന്റ് പാസാക്കിയ നിയമം ഭരണഘടനാപരമായി നിലനിൽക്കുന്നതാണോ എന്ന പരമോന്നത കോടതിയിൽ നിക്ഷിപ്തമായ കടമയിലേക്കു കടക്കാതെ, നിയമങ്ങളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട, എക്സിക്യൂട്ടീവ് കൈകാര്യം ചെയ്യേണ്ട വിഷയമാണ് കോടതി ഇവിടെ ഏറ്റെടുത്തിരിക്കുന്നതെന്ന ഗൗരവമേറിയ പ്രശ്നവും ഉയർന്നുവന്നിട്ടുണ്ട്. അതായത്, ജുഡീഷ്യറിയും എക്സിക്യൂട്ടീവും നിയമ നിർമ്മാണ സഭയും തമ്മിലുള്ള അധികാര വിഭജനത്തിന്റെ അതിർത്തികൾ ഭേദിക്കുക വഴി ഇവിടുത്തെ പാർലമെന്ററി ജനാധിപത്യം ഉള്ളു പൊള്ളയാണെന്ന യാഥാർത്ഥ്യം കൂടിയാണ് തുറന്നുകാട്ടപ്പെടുന്നത്.

ഫെഡറൽ ഘടനയെ അട്ടിമറിക്കൽ ഉൾപ്പടെ ഭരണഘടനാപരമായ വിവക്ഷകൾ നിയമങ്ങളിലില്ലെന്ന് കോടതിക്കു തോന്നുന്നപക്ഷം, നിയമങ്ങൾ പിൻവലിക്കാനുള്ള അധികാരം പാർലമെന്റിനുള്ള താണെന്ന തത്വവും പഠനസമിതി രൂപവൽകരണത്തിലൂടെ കോടതി ലംഘിച്ചിരിക്കുകയാണ്.

അതേസമയം, കർഷകരുടെ രക്ഷക്കെത്തുന്നു എന്ന പ്രതീതി സൃഷ്ടിച്ചു കൊണ്ട്, പ്രക്ഷോഭത്തെ ശിഥിലീകരിച്ച്, കാർഷിക മേഖലയുടെ കോർപ്പറേറ്റ് വൽകരണം ഉറപ്പാക്കി, മോദി സർക്കാരിന്റെ അജണ്ടയെ പരിപോഷിപ്പിക്കാനാണ് സുപ്രീം കോടതി അതിൽ നിക്ഷിപ്തമല്ലാത്ത കടമയിലേക്കു കടന്നിരിക്കുന്നതെന്ന് ഇതോടെ വ്യക്തമായിരിക്കുകയാണ്. മുമ്പ് കർഷകരുമായി നടത്തിയ നിരവധി വട്ട ചർച്ചകളിൽ വിഷയം പരിശോധിക്കാൻ വിദഗ്ധ സമിതിയെ നിയമിക്കാമെന്ന മോദി സർക്കാരിന്റെ നിർദ്ദേശം, തങ്ങളുടെ താല്പര്യങ്ങൾക്ക് എതിരാണെന്ന് അറിഞ്ഞു കൊണ്ടു തന്നെ കർഷകർ അതു തള്ളിക്കളയുകയായിരുന്നു.

അതുകൊണ്ടാണ്, കോടതി രൂപം കൊടുക്കുന്ന വിദഗ്ധ സമിതിയുമായി സഹകരിക്കില്ലെന്ന് സമിതി രൂപവൽകരണം എന്ന ആശയം കോടതി മുന്നോട്ടു വെച്ച ഘട്ടത്തിൽ തന്നെ കർഷകർ തുറന്നു പറഞ്ഞത്

എന്നാലിപ്പോൾ, രൂപം കൊടുത്തിട്ടുള്ള സമിതിയിൽ അംഗങ്ങളായി സുപ്രീം കോടതി നിർദ്ദേശിച്ചിട്ടുള്ള നാലു (അശോക് ഗുലാത്തി, പി കെ ജോഷി, അനിൽ ഗുലാത്തി, ഭൂപീന്ദർ സിംഗ് മൻ) പേരുടെ ക്രഡൻഷ്യൽസ് അഥവാ യോഗ്യതകൾ പരിശോധിക്കുന്ന പക്ഷം, അവരെല്ലാം ഏറിയും കുറഞ്ഞും കാർഷിക മേഖലയുടെ കോർപ്പറേറ്റ് വൽകരണത്തിന്റെ ശക്തരായ വക്താക്കളാണെന്നു കാണാം. അതായത്, കഴിഞ്ഞ കാൽ നൂറ്റാണ്ടുകാലമായി സമ്പദ്ഘടനയുടെ വാണിജ്യ, വ്യവസായ, സേവന മേഖലകളിൽ നടപ്പായ കോർപ്പറേറ്റ് വൽകരണം കാർഷിക മേഖലക്കു കൂടി ബാധകമാക്കേണ്ടത് അനുപേക്ഷണീയമാണെന്നു പലപ്പോഴായി നിലപാടെടുത്തിട്ടുള്ളവരെത്തന്നെ ഉൾപ്പെടുത്തി പഠന സമിതി ഉണ്ടാക്കി കർഷകർ സഹകരിക്കണമെന്നു പറയുക വഴി അവരുടെ മുറിവിൽ ഉപ്പു തേക്കുന്ന പണിയാണ് കോടതി ചെയ്തിരിക്കുന്നത്. ഒരുപക്ഷേ, പാർലമെന്ററി ചട്ടങ്ങളും കീഴ് വഴക്കങ്ങളും ലംഘിച്ച് ഈ കരിനിയമങ്ങൾ പാസ്സാക്കിയ മോദി സർക്കാരിനു പോലും ഇത്രമാത്രം തീവ്ര വലതു നിലപാടുള്ള ഒരു വിദഗ്ധ സമിതിയെ നിർദ്ദേശിക്കാൻ കഴിയുമായിരുന്നോ എന്നു സംശയിക്കേണ്ടതുണ്ട്.

വാസ്തവത്തിൽ, ബാബ്റി മസ്ജിദ് തകർത്ത് രാമക്ഷേത്ര നിർമ്മാണം, കാശ്മീരിന്റെ മേലുള്ള ഭരണഘടനാ ലംഘനം, ഹിന്ദു രാഷ്ട്ര നിർമ്മിതിക്കനുസൃതമായ പൗരത്വ നിയമം തുടങ്ങിയ മോദി സർക്കാരിന്റെ ഫാസിസ്റ്റ് അജണ്ടക്കു തുല്യം ചാർത്തിയ കോടതി ഈ വിദഗ്ധ സമിതി രൂപവൽകരണത്തിലൂടെ അതിന്റെ തനി നിറം ഒരിക്കൽ കൂടി വ്യക്തമാക്കിയിരിക്കുയാണ്.

**ബാബ്റി മസ്ജിദ് തകർത്ത് രാമക്ഷേത്ര നിർമ്മാണം, കാശ്മീരിന്റെ മേലുള്ള ഭരണഘടനാ ലംഘനം, ഹിന്ദു രാഷ്ട്ര നിർമ്മിതിക്കനുസൃതമായ പൗരത്വ നിയമം തുടങ്ങിയ മോദി സർക്കാരിന്റെ ഫാസിസ്റ്റ് അജണ്ടക്കു തുല്യം ചാർത്തിയ കോടതി ഈ വിദഗ്ധ സമിതി രൂപവൽകരണത്തിലൂടെ അതിന്റെ തനി നിറം ഒരിക്കൽ കൂടി വ്യക്തമാക്കിയിരിക്കുയാണ്.**

ഒന്നുകൂടി വിശദമാക്കിയാൽ, പള്ളി ഇരുന്നിടത്ത് ക്ഷേത്ര നിർമ്മാണം, 370-ാം വകുപ്പു റദ്ദാക്കൽ, പൗരത്വ നിയമം തുടങ്ങിയ കാര്യങ്ങളിൽ ഒരിടപെടലും നടത്താതെ മോദി സർക്കാരിന് പച്ചക്കൊടി കാട്ടിയ കോടതി, കർഷക മാരണ നിയമത്തിന്റെ കാര്യത്തിൽ മോദി സർക്കാരിന്റെ നില പരുങ്ങലിലാണെന്ന് തിരിച്ചറിഞ്ഞതു കൊണ്ടാണ്, ഇരകൾക്കൊപ്പം എന്ന വ്യാജേന ഇപ്പോൾ അവസാനത്തെ അടവുമായി വേട്ടക്കാരന്റെ സഹായത്തിന് എത്തിയിരിക്കുന്നത്.

അതേസമയം, ജുഡീഷ്യറിയടക്കമുള്ള ഭരണ സംവിധാനങ്ങളുടെ കോർപറേറ്റ് വിധേയത്വം തിരിച്ചറിയുന്ന കർഷകർ റിപ്പബ്ലിക് ദിനത്തിലെ സമാന്തര പരേഡ് അടക്കം വർദ്ധിത വീര്യത്തോടെ പ്രക്ഷോഭവുമായി മുന്നോട്ടു പോകാൻ തീരുമാനിച്ചിരിക്കുകയാണ്. കോർപ്പറേറ്റ് - ഫാസിസ്റ്റ് താല്പര്യങ്ങൾ സംരക്ഷിക്കാൻ പ്രതിജ്ഞാബദ്ധമായ മോദി സർക്കാരാകട്ടെ, സമരത്തിൽ ഖലിസ്ഥാൻ കടന്നുകയറ്റം നടന്നതായി സുപ്രിം കോടതിയിൽ ഉന്നയിച്ച് സമരത്തെ തകർക്കാൻ ഏതു നെറികെട്ട മാർഗ്ഗവും സ്വീകരിക്കുമെന്ന് വ്യക്തമാക്കുകയും ചെയ്തിരിക്കുന്നു. തീർച്ചയായും, രാജ്യത്തിന്റെ നിലനില്പിനുള്ള ഭക്ഷണവും പകുതിയിലധികം ജനങ്ങൾ നേരിട്ട ഉപജീവനമാർഗ്ഗവും നൽകുന്ന കൃഷിയെ കോർപ്പറേറ്റ് കടന്നാക്രമണത്തിൽക്രമണത്തിൽ തിന്നു രക്ഷിക്കാനുള്ള ചരിത്രപരമായ ഈ പോരാട്ടം വിജയിപ്പിക്കേണ്ടത് മനുഷ്യ പക്ഷത്തു നിൽക്കുന്ന എല്ലാവരുടെയും കടമയാണ്.

# മുഖ പ്രസംഗം

## കർഷകരെ കബളിപ്പിക്കാനുള്ള സുപ്രിം കോടതിയുടെ പൊറാട്ടുനാടകം



# കേരള ബജറ്റ്

## പോപ്പുലിസ്റ്റ് മുഖം മൂടിയിൽ അതിരുകളില്ലാത്ത കോർപറേറ്റ് സേവ!

പി ജെ ജെയിംസ്

ഭരണത്തുടർച്ച ഉറപ്പാക്കുക എന്ന പ്രഖ്യാപിത ലക്ഷ്യത്തോടെയുള്ള പിണറായി സർക്കാരിന്റെ അവസാന ബജറ്റ് കെട്ടിലും മട്ടിലും ഒരു തെരഞ്ഞെടുപ്പു മാനിഫെസ്റ്റോയാണെന്ന് പലരും ഇതോടകം  അഭിപ്രായപ്പെട്ടു കഴിഞ്ഞു. തെരഞ്ഞെടുപ്പിനു മാസങ്ങൾ അവശേഷിക്കെ, സ്ഥാനമൊഴിയുന്ന സർക്കാരിന്റെ 'ബജറ്റ് അവതരണം' എന്നു പറയുന്നത്, നടപ്പു സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ നിയമ നിർമ്മാണ സഭയുടെ അംഗീകാരത്തിനായി സമർപ്പിക്കുന്ന 'വോട്ട് ഓൺ അക്കൗണ്ട്', അതുമല്ലെങ്കിൽ അടിയന്തര കാര്യങ്ങൾക്കുള്ള 'ഇടക്കാല ബജറ്റ്' എന്നതിനപ്പുറം, ഒരു പൂർണ്ണ ബജറ്റാവില്ലെന്നതാണ് പൊതുവെയുള്ള പാർലമെന്ററി കീഴ് വഴക്കം.

എന്നാൽ,'നവകേരള' സൃഷ്ടിക്കായി ദീർഘകാല ലക്ഷ്യങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫുൾ ബജറ്റ്,  ഭരണത്തുടർച്ച ഉറപ്പെന്ന മട്ടിൽ,  അടുത്ത അഞ്ചു വർഷത്തേക്കുള്ള നയരേഖയുടെ രൂപത്തിൽ  അവതരിപ്പിച്ചുകൊണ്ട് , കീഴ് വഴക്കമോ ഔചത്യമോ തങ്ങൾക്കു ബാധകമല്ലെന്ന് പിണറായി സർക്കാർ തെളിയിച്ചിരിക്കുകയാണ്.

സവർണ വിദ്യാർത്ഥിനിയെ മേയറാക്കിയതിന്റെ തുടർച്ചയായി, നിയമസഭാ തെരഞ്ഞെടുപ്പിൽ യുവശക്തിയെ നേടിയെടുക്കുക എന്ന ലക്ഷ്യത്തോടെ കുട്ടികളുടെ കവിതാ ശകലങ്ങൾ (പീഡിപ്പിച്ചു കെട്ടിത്തൂക്കിയ 2 ദളിത് കുട്ടികളടക്കം പിണറായി ഭരണത്തിൽ വാളയാറിൽ മാത്രം നീതിക്കായി കേഴുന്ന 41 കുട്ടികളുടെ കാര്യം നമുക്കു മറക്കാതിരിക്കുക) 3 മണിക്കൂർ 18 മിനിറ്റ് നീണ്ട പ്രസംഗത്തിനിടയിൽ തിരുകിക്കയറ്റിയും  നാരായണ ഗുരുവും സോളമനും മുതൽ ഖുറാൻ വരെ സ്ഥാനത്തും അസ്ഥാനത്തും പരാമർശിച്ചും അവതരിപ്പിച്ച ബജറ്റ് കേരള വികസന മാതൃകക്ക് ഒരു പുതിയ പതിപ്പ് (new edition) ആണെന്നാണ് ധനമന്ത്രി തോമസ് ഐസക് അവകാശപ്പെടുന്നത്.


 അതോടൊപ്പം, ലോകത്തെവിടെയുമുള്ള സംരംഭകർക്ക് കടന്നു വരാനാവും വിധം കേരളത്തെ ഒരു'ആഗോള ബ്രാന്റ്' ആക്കി വിക്ഷേപിക്കുകയാണെന്നു കൂടി ധനമന്ത്രി പറയുമ്പോൾ, അദ്ദേഹം വിഭാവനം ചെയ്യുന്ന പുതിയ കേരള മോഡലിന്റെ തനി നിറം നമുക്കു വ്യക്തമാകുകയും ചെയ്യുന്നുണ്ട്. ഐസക്കിന്റെ അവകാശവാദത്തിന്റെ ചുവടു പിടിച്ച്,"ഭാവി കേരളത്തിന് രൂപരേഖ", "പുതിയ കേരള സൃഷ്ടിക്കുള്ള മാനിഫെസ്റ്റോ", "ജനകീയ സർക്കാരിന്റെ ജനകീയ ബജറ്റ്", തുടങ്ങി വിജയരാഘവനും ബേബിയും യെച്ചൂരിയും ഉൾപ്പടെ സിപിഎം നേതാക്കൾ മുതൽ "ആഗ്രഹിച്ച കാര്യങ്ങൾ കേട്ടു" എന്ന് നവ ലിബറൽ വിദഗ്ധനായ തുമ്മാരുകുടി നിവൃതി അടയുന്നിടത്തുവരെ ബജറ്റ് വിശകലനങ്ങൾ എത്തിയിരിക്കുന്നു.

# കേരള ബജറ്റ്
# പോപ്പുലിസ്റ്റ് മുഖം മൂടിയിൽ
# അതിരുകളില്ലാത്ത കോർപറേറ്റ് സേവ!

പതിവു പോലെ, ആഗോള, ഇന്ത്യൻ സാഹചര്യങ്ങളും മോദി സർക്കാരിന്റെ സാമ്പത്തിക നയങ്ങളുമാണ് (ഫെഡറൽ ഘടനയെ അട്ടിമറിച്ച്, സംസ്ഥാനങ്ങളുടെ വിഭവ സമാഹരണാധികാരം കവർന്നെടുത്ത ജിഎസ്ടി ക്കു വേണ്ടി മോദി സർക്കാരിനേക്കാൾ ആവേശത്തോടെ മുറവിളി കൂട്ടിയത് കേരളത്തിലെ പിണറായി സർക്കാരായിരുന്നു) കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കു കാരണമെന്ന മുൻകൂർ ജാമ്യത്തോടെയായിരുന്നു ബജറ്റ് അവതരണം. അതേസമയം, മോദി സർക്കാരിന്റെ തീവ്ര വലതു കോർപ്പറേറ്റ് പ്രീണന നയങ്ങൾ, പോലീസിനെ വിന്യസിച്ചും മാതൃകാപരമായി നടപ്പാക്കുന്നതിൽ (ഉദാഹരണത്തിന്, പിപിപി മോഡലിൽ ദേശീയ പാത, ഗെയ്ൽ പദ്ധതി എന്നിവ നടപ്പാക്കുന്നതിൽ യഥാക്രമം മുമ്പ് ഉപരിതല ഗതാഗത മന്ത്രി നിധിൻ ഗഡ്കരിയും ഈയിടെ പ്രധാനമന്ത്രി മോദിയും മുഖമന്ത്രി പിണറായിയെ പ്രത്യേകം അഭിനന്ദിക്കുകയുണ്ടായി) ഏറ്റവും മുന്നിട്ടു നിൽക്കുന്ന സംസ്ഥാനമാണു കേരളം. കേന്ദ്രത്തിന്റെ നവലിബറൽ നയങ്ങൾക്കെതിരെ ഫലപ്രദമായ ഒരു പ്രതിരോധവും പിണറായി ഭരണം നടത്തുന്നില്ലെന്നു മാത്രമല്ല, പാർലമെന്റിനെ നോക്കുകുത്തിയാക്കിയും ആസൂത്രണ കമ്മീഷൻ പിരിച്ചു വിട്ടും  സാമ്പത്തിക നയരൂപവൽകരണം കോർപ്പറേറ്റ് ബ്യൂറോക്രറ്റിക് ചിന്താ സംഭരണി (corporate bureaucratic think-tank) യായ 'നീതി ആയോഗി' നെ ഏല്പിച്ച 'മോദിനോമിക്സി' ന്റെ മാതൃകയിൽ, മൂലധന സമാഹരണവും വികസനവുമായി ബന്ധപ്പെട്ട എല്ലാ നയ തീരുമാനങ്ങളും നിയമസഭയോട് ഉത്തരവാദിത്വമില്ലാത്ത, സംസ്ഥാന ആസൂത്രണ ബോർഡിനെ അപ്രസക്തമാക്കുന്ന, അതാര്യമെന്നും ചട്ടവിരുദ്ധമെന്നും സിഎജി രേഖപ്പെടുത്തേണ്ടി വരുന്ന ഒരു കോർപ്പറേറ് ബോഡിയായ 'കിഫ്ബി' യെയാണ് കേരളത്തിൽ പിണറായി ഭരണം ചുമതലപ്പെടുത്തിയിരിക്കുന്നത്.

കോർപ്പറേറ്റുകളുടെ സർവതന്ത്ര സ്വതന്ത്രമായ പ്രവർത്തനത്തിന് ഉതകും വിധം ഭരണ സംവിധാനവും പോലീസ് വിന്യാസവും ( മുഖ്യൻ തന്നെ ആഭ്യന്തരം കൈകാര്യം ചെയ്യുന്നത് ) ഉറപ്പാക്കുന്നതോടൊപ്പം ക്ഷേമ മുഖമൂടി വിദഗ്ധമായി ഭരണകൂടം ഉപയോഗപ്പെടുത്തണമെന്നതാണ് നവ ലിബറൽ കേന്ദ്രങ്ങൾ ആവശ്യപ്പെടുന്നത്. അതിൻ പ്രകാരം, സാമൂഹ്യ മേഖലക്കും ക്ഷേമ പ്രവർത്തനങ്ങൾക്കും വമ്പിച്ച ഊന്നൽ നൽകുന്നുവെന്ന പ്രതീതി സൃഷ്ടിക്കേണ്ടതും ന്യായീകരണ വിദഗ്ധരെ രംഗത്തിറക്കി അതിന് പ്രചരണം നൽകേണ്ടതും പ്രധാനമാണ്. തദ്ദേശ സ്ഥാപനങ്ങൾക്ക് 1000 കോടി അനുവദിച്ചതും ക്ഷേമ പെൻഷൻ 1600 രൂപയാക്കി ഉയർത്തിയതും തൊഴിലുറപ്പു തൊഴിലാളികൾക്കു ക്ഷേമനിധി ഏർപ്പെടുത്തുമെന്നും ദാരിദ്ര്യം പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുമെന്നുമുള്ള പ്രഖ്യാപനവുമെല്ലാം ഈ ദിശയിലുള്ളതാണ്.

 എന്നാൽ, ഇമ്മാതിരി പ്രഖ്യാപനങ്ങൾ യാഥാർത്ഥ്യവുമായി എങ്ങനെ ഒത്തുപോകുന്നുവെന്ന് ഒരുദാഹരണത്തിലൂടെ പരിശോധിക്കാം. കൊട്ടിഘോഷിക്കപ്പെട്ട ഭൂപരിഷ്കരണത്തിലൂടെ ഭൂമിയിൽ നിന്നും ലക്ഷം വീടു കോളനികളിലേക്കും റോഡ്-തോട് പുറമ്പോക്കുളിലേക്കും ചവിട്ടിയകറ്റപ്പെട്ട  ദളിതരടക്കം കേരളത്തിലെ പരമ ദരിദ്രർ 12 ശതമാനത്തോളം - ഏകദേശം 35 ലക്ഷം - വരുമെന്നാണ് കണക്ക്. ( അസംഘടിത - അനൗപചാരിക തൊഴിലുകളും സ്വയം തൊഴിലും തൊഴിൽരഹിതരുമെല്ലാമടക്കം കേരളത്തിലെ പകുതിയോളം ജനങ്ങൾ ദരിദ്രരാണ് എന്നതാണ് വസ്തുത ) ഇതിൽ പട്ടിക വിഭാഗങ്ങൾക്ക് 52000 വീട് വെച്ചു നൽകുമെന്നാണ് ബജറ്റ് പറയുന്നത്. വാദത്തിനു വേണ്ടി, ഈ പ്രഖ്യാപനം  നടക്കുമെന്നു കരുതിയാൽ, രണ്ടര ലക്ഷം പേർക്കാണ് (ശരാശരി 5 അംഗ കുടുംബം എന്ന കണക്കു വെച്ച് ) അടുത്ത 5 വർഷത്തിനുള്ളിൽ വീടുണ്ടാകുക. അവശേഷിക്കുന്ന 32.5 ലക്ഷം പേർ എത്ര ദശാബ്ദങ്ങൾ വീടിനായി കാത്തിരിക്കേണ്ടിവരും? (ലോകാരോഗ്യ സംഘടനയും യുഎൻ ഹാബിറ്റാറ്റും അംഗീകരിച്ചിട്ടുള്ള  മാനദണ്ഡപ്രകാരം അഞ്ചംഗ കുടുംബത്തിന് ശരാശരി 770 ചതുരശ്ര അടി വിസ്തൃതി വേണ്ടിടത്ത് 400 ചതുരശ്ര അടി വിസ്തൃതി പോലുമില്ലാത്ത 'ഗെറ്റോ' (ghettos) ക്കു സമാനമാണ് കേരള സർക്കാരിന്റെ 'ലൈഫ് മിഷൻ'  വീടുകളെന്നും ഈയവസരത്തിൽ ഓർക്കേണ്ടതുണ്ട്.) അതേസമയം, ഭരണത്തുടർച്ചക്കായുള്ള ബജറ്റിൽ പട്ടികജാതി/പട്ടികവർഗ്ഗ ഉപ പദ്ധതികൾക്കുള്ള ബജറ്റ്




വിഹിതം കുത്തനെ കുറക്കുകയാണ് ചെയ്തിരിക്കുന്നത്. കഴിഞ്ഞ ബജറ്റിൽ, ഇത് യഥാക്രമം 3002. 84 കോടി രൂപയും 866.2 കോടി രൂപയുമായിരുന്നത്, "ജനകീയ ബജറ്റ്", "ആഗോള ബ്രാന്റ്", തുടങ്ങിയ ഡക്കറേഷനുള്ള ഈ ബജറ്റിലെത്തുമ്പോൾ 2708.54 കോടി രൂപയും 781. 36 കോടി രൂപയുമായി കുറച്ചിരിക്കുകയാണ്. ക്ഷേമ മുഖം മൂടി എടുത്തണിയുന്ന ബജറ്റിന്റെ പാർശ്വവൽകൃത ജനവിഭാഗങ്ങളോടുള്ള സമീപനം ഇതിൽ നിന്നു വ്യക്തമാണല്ലോ? മാണി കേരളയുമായി ഉണ്ടാക്കിയ ബാന്ധവത്തിന്റെ തുടർച്ചയായി സവർണ ക്രിസ്ത്യൻ വോട്ടുകൾ ഉറപ്പിക്കുന്നതിന് റബ്ബറിന്റെ തറവില 20 രൂപ വർദ്ധിച്ചതും (അനുബന്ധമായി നാളികേരത്തിന് 5 രൂപയും നെല്ലിന് ഒരു രൂപയും സംഭരണവില വർധിപ്പിച്ചു) ഈ ക്ഷേമ പരിപാടിയുടെ അക്കൗണ്ടിൽ പെടുന്നു.  ഇതടക്കം തദ്ദേശ സ്ഥാപനങ്ങളിലൂടെയും (1000 കോടി രൂപ) കുടുംബശ്രീയിലൂടെയും മറ്റും വിഭാവനം ചെയ്തിട്ടുള്ള ക്ഷേമ പദ്ധതികളുടെ ഒരു പരമ്പര തന്നെ ബജറ്റിലുണ്ട്. അവയുടെ വിശദാംശങ്ങളിലേക്ക് ഇവിടെ കടക്കുന്നില്ല.

പിണറായി സർക്കാരിന്റെ അവസാന ബജറ്റ് കൂടുതൽ ചർച്ച ചെയ്യപ്പെടുന്നത്, കോവിഡാനന്തര ലോക സമ്പദ്ഘടനയിലുണ്ടായിട്ടുള്ള പ്രവണതകളുടെ പശ്ചാത്തലത്തിൽ, കേരളത്തെ ഒരു ഡിജിറ്റൽ പ്ലാറ്റ്ഫോമും ( digital platform) വിജ്ഞാന സമ്പദ്ഘടന (knowledge economy) യുമായി പരിവർത്തിപ്പിച്ച് ലോകകമ്പോളത്തിനു മുമ്പിൽ അതിനെ വില്പനക്കു വെക്കാനുള്ള നീക്കവുമായി ബന്ധപ്പെട്ടാണ്. സ്റ്റാർട്ട് അപ്പുകൾ കെട്ടിപ്പടുക്കൽ, പ്രൊഫഷണൽ പരിശീലനം നൽകൽ, നൈപുണ്യവികസനം തുടങ്ങിയവയിലൂടെ 'വർക്ക് ഫ്രം ഹോം' അടിസ്ഥാനത്തിൽ 3 ലക്ഷം തൊഴിലവസര സൃഷ്ടിയാണ് ഇതിലൂടെ മുന്നോട്ടുവെച്ചിരിക്കുന്നത്. 5 വർഷത്തിനുള്ളിൽ, 20 ലക്ഷം പേർക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോം വഴി തൊഴിൽ നൽകാൻ കെ -ഡിസ്ക് ( Kerala Development and Innovation Strategic Council-K-DISC) എന്നൊരു സ്ഥാപനത്തിനും (കിഫ്ബി മാതൃകയിൽ?) രൂപം നൽകിയിരിക്കുന്നു.  ഇതിനൊപ്പം, ഉന്നത വിദ്യാഭ്യാസ-ഗവേഷണ മേഖലയിലും മികവു കൂട്ടാനും വിജ്ഞാന ഉല്പാദനവും വ്യവസായവുമായി ഉദ്ഗ്രഥിക്കുന്നതിനുള്ള പ്രഖ്യാപനങ്ങളുമുണ്ട്.

ഈ സന്ദർഭത്തിൽ ഒരു കാര്യം മാത്രമാണ് ഇവിടെ സൂചിപ്പിക്കാൻ ഉദ്ദേശിക്കുന്നത്. ധനമന്ത്രി ഐസക്  ബജറ്റ് പ്രസംഗത്തിൽ സൂചിപ്പിക്കുന്ന ഡിജിറ്റൈസേഷൻ ഉൾപ്പടെയുള്ള ഫ്രോണ്ടിയർ ടെക്നോളജിയുടെ - പ്രത്യേകിച്ച്, ഡിജിറ്റൽ സാങ്കേതികവിദ്യയുടെ ഹാർഡ് വെയറും സോഫ്ട് വെയറുമടക്കം - മുഴുവൻ കുത്തകയും പ്രധാനമായും ചൈനീസ് - അമേരിക്കൻ ബഹുരാഷ്ട്രക്കമ്പനികളുടെ നിയന്ത്രണത്തിലാണ്. ഇവയെല്ലാമുപയോഗിച്ച് 'വർക്ക് ഫ്രം ഹോം' പോലുള്ള തൊഴിൽ സംഘാടനത്തിലൂടെ തൊഴിലാളികളുടെ സംഘടിത ശക്തിയും കൂട്ടായ വില പേശലും ഇല്ലാതാക്കുന്ന പുതിയൊരു കോവിഡാനന്തര ആഗോള തൊഴിൽ വിഭജനത്തിനാണ് കോർപറേറ്റ് കുത്തകകൾ കരുക്കൾ നീക്കുന്നത്. പിന്നാക്ക രാജ്യങ്ങളിലെ വിദഗ്ധ - അവിദഗ്ധ തൊഴിലാളികളെ ഏറ്റവും കുറഞ്ഞ കൂലിക്കു പണിയെടുപ്പിക്കുന്നതിനും തൊഴിലാളികളും അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളും പോരാട്ടങ്ങളിലൂടെ നേടിയെടുത്ത  എട്ടു മണിക്കൂർ അധ്വാനം, മിനിമം കൂലി, ജനാധിപത്യാവകാശങ്ങൾ എന്നിവ ഇല്ലാതാക്കുന്നതിനും ആവിഷ്കരിക്കപ്പെട്ടിട്ടുള്ള ഈ നവലോകക്രമത്തിലെ ഒരു 'ദുർബല കണ്ണി' യാക്കി കേരളത്തെ മാറ്റാമെന്ന നവ ലിബറൽ വ്യാമോഹമാണ് തന്റെ ബജറ്റ് അവതരണത്തിലൂടെ ഐസക് മുന്നോട്ടു വെക്കുന്നത്. ജിഎസ്ടി കേരളത്തിന്റെ സാമ്പത്തിക പ്രതിസന്ധിക്കുള്ള ശ്വാശത പരിഹാരമാണെന്ന് 2017 - ലുടെനീളം പ്രസംഗിച്ചു നടന്ന അദ്ദേഹവും അദ്ദേഹത്തിന്റെ ബുദ്ധിജീവി സുഹൃത്തുക്കളും അന്നു കണ്ട 'മലർ പൊടിക്കാരന്റെ സ്വപ്നം' മറ്റൊരു രൂപത്തിൽ ആവർത്തിക്കുകയാണിവിടെ. കൂടുതൽ വിശകലനം ആവശ്യപ്പെടുന്ന വിഷയമാണിത്.

ബജറ്റിനെ സവിശേഷമാക്കുന്ന മറൊരു ഘടകം, 50000 കോടി മുതൽ മുടക്കാവശ്യമുള്ള മൂന്നു വ്യവസായ ഇടനാഴികൾ ഈ വർഷം ആരംഭിക്കുമെന്നതാണ്. കൊച്ചി-മംഗലാപുരം വ്യവസായ ഇടനാഴി, കൊച്ചി-പാലക്കാട് ഹൈടെക് ഇടനാഴി, തലസ്ഥാന നഗര പ്രാദേശിക വികസന പദ്ധതി എന്നിവയാണവ. 25000 കോടി രൂപ നിക്ഷേപം വേണ്ടി വരുന്ന മൂന്നാമത്തേതിന് ബജറ്റിൽ നിന്നും 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. വിഴിഞ്ഞം

# കേരള ബജറ്റ്
# പോപ്പുലിസ്റ്റ് മുഖം മൂടിയിൽ
# അതിരുകളില്ലാത്ത കോർപറേറ്റ് സേവ!

തുറമുഖവും തിരുവനന്തപുരം അന്താരാഷ്ട്ര വിമാനത്താവളവും കയ്യടക്കിക്കഴിഞ്ഞ അദാനിയുടെ ഒരു ഉപഗ്രഹനഗരമായി ഇതു മാറാനുള്ള സാധ്യതയാണ് കൂടുതൽ. ഇതുപറയാൻ കാരണം, ഇതെഴുതുമ്പോൾ പുറത്തുവന്ന മറ്റൊരു വാർത്ത കൂടിയാണ്. സംസ്ഥാനത്തെ പണയപ്പെടുത്തി സമാഹരിച്ച പണത്തിൽ നിന്നും 5000 കോടിയോളം ദേശീയ പാത നിർമ്മാണത്തിന് വേഗത കൂട്ടാൻ കേന്ദ്രത്തിന് പിണറായി സർക്കാർ അങ്ങോട്ടു കൊടുക്കുകയുണ്ടായി. ഇപ്പോൾ കേൾക്കുന്നത്, കേരളത്തിലെ ദേശീയ പാത 17 ആഴിയൂർ മുതൽ വെങ്ങളം വരെയുള്ള 40 കിലോമീറ്റർ ഭാഗം 1838 കോടി രൂപയുടെ കരാറിന് ദേശീയ പാത അതോരിറ്റിയിൽ നിന്നും അദാനി ഏറ്റെടുത്തു എന്നാണ്. മോദിയുടെ ഉറ്റതോഴനും അംബാനി കഴിഞ്ഞാൽ, ഇന്ത്യയിലെ ഏറ്റവും വലിയ കുത്തകയായി വളർന്നു കൊണ്ടിരിക്കുന്നതുമായ അദാനി ഛത്തീസ്ഘട്ട്, തെലങ്കാന, ആന്ധ്രാപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ദേശീയ പാത നിർമ്മാണം ഏറ്റെടുത്തതിന്റെ തുടർച്ചയായാണ് ഇപ്പോൾ കേരളത്തിലും തുറമുഖവും വിമാനത്താവളവും ഗ്യാസ് പദ്ധതിയും ഏറ്റെടുത്തതിനു പുറകെ റോഡ് നിർമാണവും വ്യവസായ ഇടനാഴി നിർമ്മാണവുമെല്ലാം ഏറ്റെടുത്തു കൊണ്ടിരിക്കുന്നത്. 10000 കോടി രൂപ നിക്ഷേപം വിഭാവനം ചെയ്തിട്ടുള്ള കൊച്ചി - പാലക്കാട് ഇടനാഴിയുടെ ഭാഗമായ കൊച്ചിയിലെ ഗിഫ്റ്റ് സിറ്റി ( Global Industrial Finance and Trade City) ക്ക് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന അയ്യമ്പുഴയിൽ 220 ഹെക്ടർ സ്ഥലം ബലപ്രയോഗത്തിലൂടെ ഏറ്റെടുക്കുന്നതിനെതിരെ, ഐസക് ബജറ്റ് അവതരിപ്പിച്ച ഏറെക്കുറെ അതേ സമയത്ത്, തദ്ദേശ വാസികൾ എറണാകുളം കളട്റേറ്റിലേക്കു മാർച്ചു ചെയ്യുകയായിരുന്നു.

ഖജനാവ് കാലിയായിരിക്കെ, ഇതെല്ലാമടക്കമുള്ള ബജറ്റ് പ്രഖ്യാപനങ്ങൾ നടപ്പാക്കണമെങ്കിൽ വിദേശ കോർപറേറ്റ് കുത്തകകളെ ആദരിച്ചു കൊണ്ടു വരേണ്ടതുണ്ട്. അപ്രകാരം,'ആഗോള ബ്രാന്റ്' എന്ന നിലയിൽ കേരളത്തെ വില്പനക്കു വെക്കുന്നതിനുള്ള ആദ്യ പടിയായി 22 രാജ്യങ്ങളിലെ നവലിബറൽ വിദഗ്ധരുമായി ധന മന്ത്രി ഓൺലൈൻ യോഗം ജനുവരി 23 ന് നടത്താൻ പോകുന്നു. തീർച്ചയായും, ഇതിനാവശ്യമായ ലോക ബാങ്ക് ആവശ്യപ്പെട്ടിട്ടുള്ള നിക്ഷേപസൗഹൃദ (ease of doing business) അന്തരീക്ഷം (കരിമ്പട്ടികയിൽ പെട്ട ആഗോള കൺസൾട്ടൻസിയായ കെപിഎംജി യെ യും മറ്റും വിന്യസിച്ച് മുമ്പേ തന്നെ ഇതിനുള്ള തയ്യാറെടുപ്പുകൾ നടത്തിക്കഴിഞ്ഞു ) പിണറായി സർക്കാർ കേരളത്തിലാവിഷ്ക്കരിച്ചു കഴിഞ്ഞു. കോർപ്പറേറ്റ് -കൺസൾട്ടൻസികളും അവരുടെ ബിനാമികളും ഭരണ സിരാ കേന്ദ്രത്തിലടക്കം കയറി നിരങ്ങിയതും അതിന്റെ മറവിൽ കേന്ദ്ര ഏജൻസികൾ പിടിമുറുക്കായതും ഇതിന്റെ ഭാഗമാണല്ലോ?

അതേ സമയം, എല്ലാവർക്കും അറിവുള്ളതുപോലെ, മദ്യവും ലോട്ടറിയും ഒഴിച്ചാൽ കാര്യമായ ഒരു വിഭവ സമാഹരണവും, ബജറ്റിലില്ല. സംസ്ഥാനത്തിന്റെ ഭൂമിയടക്കം (വ്യാജ രേഖയുണ്ടാക്കി കൈവശപ്പെടുത്തിയ അഞ്ചേകാൽ ലക്ഷം ഏക്കർ ഭൂമി ഏറ്റെടുക്കുന്ന പക്ഷം സർക്കാരിന് അതു എത്രയോ വലിയ മുതൽ കൂട്ടായിരിക്കും) വിഭവങ്ങൾ കയ്യടക്കിയ കോർപ്പറേറ്റ് - ഭൂമാഫിയകളെയോ ആഡംബര ഉപഭോഗത്തെയോ, ക്വാറി മാഫിയെയോ (ആയിരക്കണക്കിനു കോടി രൂപയുടെ വരുമാനം കണ്ടെത്താവുന്ന ഈ രംഗം സർക്കാർ ഏറ്റെടുക്കുന്നതിനു പോലും തയ്യാറല്ല ) സ്വർണ്ണക്കച്ചവടത്തെയോ ഫലപ്രദമായ നികുതി സംവിധാനത്തിൽ കൊണ്ടുവരാനുള്ള ഒരു സമീപനവുമില്ല. 'പോപ്പുലിസ' ത്തിന്റെ ഭാഗമായി ഈ ബജറ്റിൽ പുതിയ നികുതി നിർദ്ദേശങ്ങളൊന്നും ഇല്ലെന്നതോ പോകട്ടെ, നിലവിലുള്ളതിൽ നിന്നും 191 കോടി രൂപയുടെ നികുതി ഇളവുകൾ നൽകിയിരിക്കുന്നു പോലും. ജിഎസ്ടി യിലൂടെ ഉണ്ടായ വമ്പിച്ച നികുതി ശോഷണവും സമ്പന്ന വർഗ്ഗത്തെ നികുതി വലയിൽ കൊണ്ടുവരില്ലെന്ന നവ ലിബറൽ സമീപനവും നിമിത്തം വിഭവ സമാഹരണത്തിന്റെ മുഴുവൻ ഉത്തരവാദിത്വവും നിയമസഭയോട് ഉത്തരവാദിത്വമില്ലാത്ത, കിഫ്ബിയെ ഏല്പിച്ചിരിക്കുന്നു.

ഏറെ ചർച്ച ചെയ്യപ്പെട്ടു കഴിഞ്ഞ കിഫ്ബി, ബജറ്റിന്റെ തുടർച്ചയായി സിഎജി റിപ്പോർട്ട് നിയമസഭയിൽ വെച്ചതോടെ, വീണ്ടും ചർച്ചയായിരിക്കുന്നു. തീർച്ചയായും, സംസ്ഥാന വിഭവ സമാഹരണത്തിന്മേൽ കേന്ദ്രം കടിഞ്ഞാണിടുന്നതിന്റെ വക്കാലത്തേറ്റെടുത്തിട്ടുള്ള സിഎജി നിലപാട് അപലപനീയമാണെന്ന് ഊന്നിപ്പറയുന്നതോടൊപ്പം, നിയമസഭക്കും ബജറ്റിനും പുറത്ത് കിഫ്ബി നടത്തുന്ന പ്രവർത്തനങ്ങൾ കോർപ്പറേറ്റ് മൂലധനത്തിന് സംസ്ഥാനത്തെ അടിയറ വെക്കുന്ന ദിശയിലുള്ളതാണ് എന്ന് തിരിച്ചറിയണം. സംസ്ഥാന സർക്കാരിനു ലഭിക്കുന്ന നികുതികളും സെസ്സും കൈകാര്യം ചെയ്യുന്ന കിഫ്ബി വരുത്തി വെക്കുന്ന മസാല ബോണ്ടും കടമെടുപ്പും ഉൾപ്പെടെയുള്ള മുഴുവൻ ബാധ്യതയും ജനങ്ങളുടെ ചുമലിലാണ് വന്നു പതിക്കുന്നത്. ഈ സന്ദർഭത്തിൽ, 2026 മാർച്ചിനകം സംസ്ഥാന കടത്തിൽ നിന്നും 81056.92 കോടി രൂപ തിരിച്ചടക്കാൻ കേരളം ബാധ്യസ്ഥമാണെന്ന കിഫ്ബിയുടെ മുന്നറിയിപ്പ് നിസ്സാരമായി കാണാനാവില്ല.

കേരള ധനമന്ത്രിയും സംസ്ഥാന ആസൂത്രണ ബോർഡിലെ സുഹൃത്തുക്കളും സ്ഥിരം പറഞ്ഞു പോരുന്നത് കടം വാങ്ങി ചെലവ് ചെയ്യുന്നത് നല്ല കാര്യമാണെന്നും അതുവഴി വികസനം സാധ്യമാകുന്ന തോടൊപ്പം, ഭാവിയിൽ തിരിച്ചടവ് അനായാസകരമാകുമെന്നുമാണ്. നവലിബറൽ -കോർപ്പറേറ്റ് വൽക്കരണത്തിന്റെ നടത്തിപ്പുകാർ കെയ്നീഷ്യനിസം (Keynesianism) പ്രസംഗിക്കുന്നതിന്റെ കാപട്യം തിരിച്ചറിയണമെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. വർദ്ധിത നികുതി (progressive taxation) കളിലൂടെയും കമ്മി ബജറ്റിലൂടെയും വിഭവ സമാഹരണം നടത്തി സർക്കാരിന്റെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും വൻ തോതിൽ അടിസ്ഥാന സൗകര്യ പദ്ധതികളും (infrastructures) സാമ്പത്തിക സംരംഭങ്ങളും തൊഴിലവസരങ്ങളും സൃഷ്ടിച്ചിരുന്ന ക്ഷേമ മുതലാളിത്ത (welfare capitalism) ത്തിനു ബാധകമായ സാമ്പത്തിക ചലന നിയമങ്ങൾ സമ്പദ്ഘടനയുടെ നിയന്ത്രണം കോർപ്പറേറ്റുകൾക്കു തീറെഴുതുന്ന മോദി - പിണറായി കാലത്തിനു ബാധകമാണെന്നു പറയുന്നതിലെ വങ്കത്തം തിരിച്ചറിയണമെന്നാണ് ഇവിടെ സൂചിപ്പിക്കാനുള്ളത്. നികുതി പിരിച്ചാലും കടം വാങ്ങിയാലും വിഭവങ്ങൾ കോർപ്പറേറ്റുകളിലേക്കൊഴുകുകയും പൊതുമേഖലാ സംരംഭങ്ങളും ബാങ്കുകളിലെ പണം പോലും 'കിട്ടാക്കടം' എന്ന പേരിൽ കോർപ്പറേറ്റുകൾ അടിച്ചു മാറ്റുകയും കോർപറേറ്റ് നികുതി 15 ശതമാനത്തിലേക്കു ചുരുക്കിയതടക്കം ലക്ഷക്കണക്കിനു കോടി രൂപയുടെ നികുതിയിളവുകൾ കോർപ്പറേറ്റുകൾക്കു നൽകിക്കൊണ്ടിരിക്കുകയും ചെയ്യുന്നു. കോർപ്പറേറ്റുകളാകട്ടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന ഉല്പാദന മേഖലകൾ കയ്യൊഴിഞ്ഞ് പെട്ടെന്നു ലാഭമടിക്കാവുന്ന റിയൽ എസ്റ്റേറ്റ് , ഓഹരി വിപണി, അവധി വ്യാപാരമടക്കമുള്ള ഊഹമേഖലകളിൽ കേന്ദ്രീകരിക്കുകയും ചെയ്യുന്നു. രാജ്യം 23.9 ശതമാനം കണ്ടു ചുരുങ്ങുകയും തൊഴിലില്ലായ്മ ചരിത്രത്തിലൊരിക്കലുണ്ടായില്ലാത്ത വിധം ഭീതി ജനകമാകുകയും കർഷകരുടെ വരുമാനം പകുതിയായി ഇടിയുകയും ചെയ്യുമ്പോൾ അംബാനി -അദാനി മാരുടെ കോർപ്പറേറ്റ് സമ്പത്ത് പല മടങ്ങ് വർധിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. ഈ സന്ദർഭത്തിൽ, കടം വാങ്ങുന്ന പണം സർക്കാർ എങ്ങനെ തിരിച്ചടക്കുമെന്ന് ഈ വിദഗ്ധന്മാർ വിശദീകരിക്കേണ്ടതുണ്ട്. കേന്ദ്രത്തിലായാലും സംസ്ഥാനത്തായാലും (രണ്ടു കൂട്ടരും സാമ്പത്തികോപദേശം തേടുന്നത് ഒരേ നവ ലിബറൽ കേന്ദ്രത്തിൽ നിന്നാണല്ലോ. പിണറായിയുടെ സാമ്പത്തിക ഉപദേഷ്ടാവ് പിന്നീട് ഐഎംഎഫ് ചീഫ് ഇക്കോണമിസ്റ്റായ ഗീത ഗോപിനാഥ് ആയിരുന്നല്ലോ?) ഭരിക്കുന്നവരുടെ ഒത്താശയോടെ രാജ്യ സമ്പത്തു കൊള്ളയടിച്ച് കോർപ്പറേറ്റുകൾ തടിച്ചു കൊഴുക്കുന്ന തീവ്ര വലതു സാമ്പത്തിക നയങ്ങൾ അവസാനിപ്പിക്കുന്ന ബദൽ കാഴ്ചപ്പാട് വളർത്തിക്കൊണ്ടു വരാതെ ഇന്നത്തെ സാമ്പത്തിക പ്രതിസന്ധിയിൽ നിന്നു മോചനമുണ്ടാകില്ലെന്ന തിരിച്ചറിവും അതിൻ പ്രകാരമുള്ള രാഷ്ട്രീയ ഇടപെടലുമാണ് പ്രസക്തമെന്നു സൂചിപ്പിക്കട്ടെ. അക്കാരണത്താൽ, തെരഞ്ഞെടുപ്പ് മാനിഫെസ്റ്റോ എന്നതേക്കാൾ, എഴുതിത്തയ്യാറാക്കിയ ഒരു തെരഞ്ഞെടുപ്പു പ്രസംഗമാണ് ഈ ബജറ്റ് എന്നു പറഞ്ഞാലും അധികമാകില്ല.

(ദ്രി ക്രിട്ടിക്ക് പോർട്ടലിനോട് കടപ്പാട്)



# പുത്തൻ കാർഷിക നിയമങ്ങൾ

സോമൻ കാണിപറമ്പിൽ

(കർഷക പ്രക്ഷോഭത്തിന്റെ പാശ്ചാത്തലത്തിൽ പുതിയ കാർഷിക നിയമങ്ങളെ സംബന്ധിച്ച് സ. സോമൻ കാണിപറമ്പിൽ പത്ത് ഭാഗങ്ങളിലായി ഫേസ്ബുക്കിൽ പ്രസിദ്ധീകരിച്ച കുറിപ്പുകൾ ഇവിടെ പുനഃപ്രസിദ്ധീകരിക്കുന്നു –'സഖാവ്' മാസിക പത്രാധിപ സമിതി)

# പുത്തൻ കാർഷിക നിയമങ്ങൾ

## ഭാഗം – 1

സ്വതന്ത്ര വിപണിയും സ്വകാര്യവൽക്കരണവും രാജ്യത്തിനും പൊതു സമൂഹത്തിനും ഗുണ കരമാണന്ന് വിശ്വസിക്കുന്ന ഒരു പൊതുബോധം നിലനിൽക്കുന്നുണ്ട്. ചില ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി തങ്ങളുടെ നിലപാടുകൾക്ക് ന്യായീകരണം ചമക്കാനും ഇവർക്ക് കഴിയുന്നുണ്ട്. ഇന്ത്യയിൽ ഇക്കൂട്ടർ പ്രധാനമായി ചൂണ്ടിക്കാണിക്കുന്നത് ഇന്റർനെറ്റ് ഡേറ്റയുടെ വിലക്കുറവ്, കാൾ ചാർജ്ജിലുണ്ടായിട്ടുള്ള കുറവ് എന്നിവയാണ്. യഥാർഥ വസ്തുതകൾ അറിയാത്തവർക്ക് ഉത്തരം മുട്ടുന്ന ചില ചോദ്യങ്ങളാണ് ഇവ. ജിയോ മൊബൈൽ ഇന്റർനെറ്റ് - മൊബൈൽ രംഗത്തേക്ക് വന്നത് മൂലമാണ് ഈ വിലക്കുറവ് ഉണ്ടായതെന്നാണ് അവരുടെ വിശദീകരണം. അതായത് ആ മേഖലയിൽ നടന്ന സ്വകാര്യവൽക്കരണം ജനങ്ങൾക്ക് ഗുണകരമായി തീർന്നു എന്നാണിവരുടെ വാദം. രണ്ടു വ്യത്യസ്ത ലോക വീക്ഷണവുമായി ബന്ധപ്പെട്ട വിഷയമാണിത്. ഫ്യൂഡലിസത്തിനെതിരായ മുതലാളിത്തത്തിന്റെ , വിജയവും തുടർന്ന് രൂപം കൊണ്ട മുതലാളിത്ത സമ്പദ് ക്രമവും മുതലാളിത്തത്തിന്റെ സഹജമായ പ്രതി സന്ധികളും അത് ലോക ജനതക്ക് നൽകിയ തീരാ ദുരിതങ്ങളും ഫേസ് ബുക്ക് കുറുപ്പിൽ വിശദീകരിക്കാൻ കഴിയില്ല. മുതലാളിത്ത വ്യവസ്ഥക്കെതിരെ ഉയർന്ന് വന്ന സോഷ്യലിസ്റ്റ് സമ്പദ്ഘടനയും തിരിച്ചടികൾ നേരിട്ടു. ഇവയെല്ലാം  സവിസ്തരം പരിശോധിച്ചാൽ മാത്രമേ മുകളിലെ ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്താൻ കഴിയു. അത് ഇവിടെ അസാദ്ധ്യവുമാണ്.

കർഷക സമരവുമായി ബന്ധപ്പെട്ട എന്റെ പോസ്റ്റിൽ സമാനമായ കമന്റുകളും ചോദ്യങ്ങളും ഉയർന്നു. ഈ സാഹചര്യത്തിൽ എന്റെ മനസ്സിലാക്കലിന്റെ അടിസ്ഥാനത്തിൽ ഈ ചോദ്യങ്ങൾക്ക് ഉത്തരമല്ല ചില വിശദികരണങ്ങൾ നൽകണമെന്ന് ആഗ്രഹിക്കുന്നു. ഒരു പോസ്റ്റിൽ ഈ വിഷയം ചുരുക്കാൻ കഴിയില്ലല്ലോ. തുടർ പോസ്റ്റുകളായി അത് വിശദീകരിക്കാനാണ് ശ്രമിക്കുന്നത്.

സ്വതന്ത്ര ഇന്ത്യ സ്വീകരിച്ചത് മിശ്ര സമ്പദ് വ്യവസ്ഥയാണ്. മിശ്രസമ്പദ് വ്യവസ്ഥ എന്നത് സിദ്ധാന്തപരമായി ഒരു കോമഡിയാണ്. കുറുക്കനും കോഴിക്കുഞ്ഞും തമ്മിൽ ഒരു സ്വതന്ത്ര മൽസരത്തിന് അവസരം ഒരുക്കിയാൽ എന്താണ് സംഭവിക്കുക. കേരളത്തിലെ KSRTC യും സ്വകാര്യ ബസ്സുകളും തമ്മിൽ മൽസരിക്കുകയാണ്. മുതലാളിത്ത വ്യവസ്ഥയുടെ ഭാഗമായ അഴിമതിയും കെടുകാര്യസ്ഥതയും KSRTC യെ പാപ്പരാക്കി. ഗ്ലാസ്സ് നോസ്റ്റ് - പെരിസ്ട്രോയിക്ക പ്രഖ്യാപിച്ചു കൊണ്ട് ഗോർബച്ചേവ് പറഞ്ഞത് പോലെയായിരുന്നു KSRTC : അതായത് പാർട്ടി നേതാക്കൾ അവർ നേതൃത്വം നൽകുന്ന പ്രദേശങ്ങളിലെ കൃഷി ഭൂമിയും വ്യവസായ ശാലകളും തങ്ങളുടെ സ്വകാര്യ സ്വത്തു പോലെ കണക്കാക്കി. ഇവിടെ KSRTC യുടെ തലപ്പത്തുള്ളവർ കോർപ്പറേഷനെ തങ്ങളുടെ സ്വകാര്യ സ്വത്തായി കണ്ടു. അതിനാൽ KSRTC ക്ക് പകരം വളർന്നത് അതിന്റെ തലപ്പത്തിരുന്നവരുടെ ആസ്തി മാത്രമാണ്. മിശ്ര സമ്പദ് വ്യവസ്ഥയുടെ പ്രത്യയ ശാസ്ത്ര കാപട്യം തുറന്ന് കാട്ടാൻ സൂചിപ്പിച്ചെന്ന് മാത്രം.

കാർഷിക മേഖലയിൽ പുതിയതായി കൊണ്ടു വന്ന നിയമങ്ങളും അതുമായി ബന്ധപ്പെട്ട കർഷകരുടെ ആശങ്കകളുമാണ് ആദ്യമായി വിശദീകരിക്കാൻ ഉദ്ദേശിക്കുന്നത്. തുടർന്ന് സ്വകാര്യവൽക്കരണ ഫലമായി ഇന്റർനെറ്റ് ഡേറ്റാ ചാർജ്ജിലുണ്ടായ കുറവ് കാൾ ചാർജ്ജിലുണ്ടായ കുറവ് എന്നതിന്റെ പ്രശ്നങ്ങൾ വിശദീകരിക്കാമെന്ന് ഉദ്ദേശിക്കുന്നു.

## ഭാഗം : 2

പുതിയ കാർഷിക നിയമവുമായി ബന്ധപ്പെട്ട് ചർച്ച ചെയ്യേണ്ട പ്രഥമവും പ്രധാനവുമായ വിഷയം താങ്ങുവിലയും എഫ് സി.ഐ. വഴിയുള്ള ധാന്യശേഖരണവുമാണ്. കാരണം അത് കർഷകരുടെ മാത്രം പ്രശ്നമല്ല. അത് രാജ്യത്തെ ദരിദ്ര ജനകോടികളുടെ വിഷയമാണ്.1965 ലാണ്  ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ (എഫ്.സി.ഐ.) സ്ഥാപിതമാകുന്നത്.

ഇന്ത്യയുടെ ദേശീയ ഭക്ഷ്യ നയത്തിന്റെ പ്രയോഗവുമായി ബന്ധപ്പെട്ടാണ് കോർപ്പറേഷൻ രൂപീകരിക്കപ്പെടുന്നത്. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷം ലോകത്തുണ്ടായ ഭക്ഷ്യക്ഷാമവും പട്ടിണി മരണങ്ങളും മറികടക്കുന്നതിന് ലോകത്തെ എല്ലാം രാജ്യങ്ങളും ഭക്ഷ്യ നയം പ്രഖ്യാപിച്ചു. ഇന്ത്യയുടെ ഭക്ഷ്യ നയത്തിന്റെ ഭാഗമായാണ് FCI നിലവിൽ വന്നത്. ഭക്ഷ്യധാന്യങ്ങളുടെ വില നിയന്ത്രണം ,  കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുക, പൊതുവിതരണ സംവിധാനം (റേഷനിംഗ് ) ശക്തിപ്പെടുത്തുക,  ഭക്ഷ്യ സുരക്ഷ ഉറപ്പ് വരുത്തുന്നതിന് വേണ്ടി ഭക്ഷ്യധാന്യങ്ങളുടെ സംഭരണം ഉറപ്പാക്കുക, ഭക്ഷ്യധാന്യങ്ങളുടെ പൊതു വിപണിയിലെ വിലക്കയറ്റം തടയുക, ദുരന്ത , - ക്ഷാമ കാലഘട്ടത്തിൽ ജനങ്ങൾക്ക് ഭക്ഷണം ഉറപ്പാക്കുക, എല്ലാം വിഭാഗം ജനങ്ങൾക്കും ഭക്ഷ്യധാന്യം ന്യായവിലക്ക് ലഭിക്കുന്നു എന്ന് ഉറപ്പാക്കി വിപണിയിൽ ഇടപെടുക എന്നീ ലക്ഷ്യങ്ങളോടെയാണ് FCI സ്ഥാപിക്കപ്പെട്ടത്. ദേശീയ ഭക്ഷ്യ നയത്തിന്റെ ഭാഗമായി സ്ഥാപിക്കപ്പെട്ട FCI  കർഷകരിൽ നിന്നും ഭക്ഷ്യ ധാന്യങ്ങൾ ശേഖരിച്ചു. അരി, ഗോതമ്പ് , ചോളം, പയറുവർഗ്ഗങ്ങൾ , കടല,  ഭക്ഷ്യ എണ്ണ തുടങ്ങിയ വസ്തുക്കളാണ് FCI ൽ സംഭരിക്കപ്പെട്ടത് .  കർഷകർ ആ കാലഘട്ടത്തിൽ അതീവ ദുരിതത്തിലായിരുന്നു. അക്കാലത്ത് നിലവിലുണ്ടായിരുന്ന പൊതു കമ്പോള വ്യവസ്ഥയിൽ കർഷകർ കൊള്ളയടിക്കപ്പെടുകയും കൊടിയ ചൂഷണത്തിന് വിധേയമാക്കുകയും ചെയ്തു. വൻകിട കർഷകരും മില്ല് ഉടമകളുമായിരുന്നു കാർഷികോൽപ്പന്നങ്ങളുടെ വില നിശ്ചയിച്ചിരുന്നത്. ബഹുഭൂരിപക്ഷം കർഷകരും അതായത് 85% കർഷകരും 5 ഏക്കറിൽ ( അതിൽ 70 % ഒരേക്കറിൽ കുറവ് ]  താഴെ കൃഷി ഭൂമി ഉള്ളവരായിരുന്നു. അവരാണ് കുത്തകളുടെ ചൂഷണത്തിന് വിധേയമായിരുന്നത്. ന്യായ വിലക്ക് വേണ്ടി കർഷക പ്രക്ഷോഭങ്ങൾ ഉയർന്നു.അതിനെ തടയുന്നതിനും ചൂഷണത്തിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനുമാണ് താങ്ങുവില ഏർപ്പെടുത്തിയത്. താങ്ങുവില ഏർപ്പെടുത്തിയെങ്കിലും ധാന്യങ്ങൾ FC I യിലേക്ക് സംഭരിക്കാൻ വേണ്ട മാർഗ്ഗങ്ങളില്ലായിരുന്നു. വീണ്ടും പ്രതിഷേധവും പ്രക്ഷോഭവും ആരംഭിച്ചു . കർഷകരെ തൃപ്തിപ്പെടുത്താനും ന്യായവില ഉറപ്പാക്കാനും  വേണ്ടിയാണ് APMC ആക്ട് പാർലമെന്റ് പാസ്സാക്കിയത് . അതിന് കീഴിൽ മണ്ഡികൾ നിലവിൽ വന്നു.

എന്നാൽ എല്ലാം സംസ്ഥാനങ്ങളും ഇത് നടപ്പിലാക്കിയില്ല. നടപ്പിലാക്കിയ സംസ്ഥാനങ്ങളിൽ വേണ്ടത്ര മണ്ഡികൾ സ്ഥാപിക്കപ്പെട്ടുമില്ല. കർഷകർക്ക് മണ്ഡികളിലേക്ക് ഉൽപ്പന്നങ്ങൾ എത്തിക്കണമെങ്കിൽ ആവശ്യമായ ഗതാഗത സൗകര്യമില്ല മാത്രമല്ല ബഹുഭൂരിപക്ഷം വരുന്ന ചെറുകിട - നാമമാത്ര കർഷകർക്ക് അതിന്റെ ചിലവ് കഴിച്ച് ഒന്നും ലഭ്യമല്ലാത്ത അവസ്ഥ ഉണ്ടായി. ഇതാണ് അവിടേക്ക് ഇടനിലക്കാരെ ക്ഷണിച്ച് വരുത്തിയത്.

ചുരുക്കത്തിൽ FCI - താങ്ങുവില - റേഷനിംഗ്  - ന്യായവില - ദേശീയ ഭക്ഷ്യ സുരക്ഷ   ഇവയെല്ലാം പരസ്പര ബന്ധിതമാണ്. താങ്ങുവിലയില്ലങ്കിൽ കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നത്തിന് വില കിട്ടില്ല. വിപണിയും ന്യായവിലയും ഉറപ്പുണ്ടങ്കിൽ മാത്രമേ കർഷകർക്ക് കൃഷി ചെയ്യാൻ കഴിയൂ. താങ്ങുവില പ്രഖ്യാപിച്ചത് കൊണ്ട് മാത്രം പ്രശ്നം പരിഹരിക്കില്ല. കാർഷിക ഉൽപ്പന്നങ്ങൾ താങ്ങുവിലക്ക് ശേഖരിക്കാൻ FCI  തയ്യാറാകണം. എന്നാൽ FCI ശേഖരിക്കുന്നത് മൊത്തം ഉൽപ്പാദനത്തിന്റെ 12% മാത്രമാണ്. പഞ്ചാബിലും ഹരിയാനയിലും കൂടുതൽ അളവിൽ ശേഖരിക്കുന്നുണ്ട്.

## ഭാഗം. 3

രാജ്യത്തിന്റെ ജനസംഖ്യ 1950 നെ അപേക്ഷിച്ച് 2000 -ൽ 3 മടങ്ങായി വർദ്ധിച്ചെങ്കിൽ  ഭക്ഷ്യോൽപ്പാദനം 4 ഇരട്ടിയായി വർദ്ധിച്ചു. എന്നിരുന്നാലും 2020 ലെ ആഗോള പട്ടിണി സൂചികയിൽ (GHI) ഇന്ത്യയുടെ സ്ഥാനം 94 ആണ്. 107 രാജ്യങ്ങളുടെ പട്ടികയിൽ ഇന്ത്യയേക്കാൾ പട്ടിണിയുള്ളത് എത്യോപ്യ, സുഡാൻ തുടങ്ങിയ 13 മധ്യ ആഫ്രിക്കൻ രാജ്യങ്ങൾ മാത്രമാണ്. സംസ്ഥാനങ്ങളുടെ കണക്കെടുത്താൽ  മധ്യപ്രദേശിന്റെ സൂചിക എത്യോപ്യക്ക് തുല്യമാണ്. FCI യിൽ അടുത്ത 4 വർഷത്തേക്ക് രാജ്യത്തെ മുഴുവൻ ജനങ്ങൾക്കും മൃഷ്ടാന ഭോജനത്തിനുള്ള ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കുണ്ടന്നാണ് പ്രധാനമന്ത്രി പറയുന്നത്. അത് പുഴുവരിച്ച് നഷ്ടമാകുമ്പോഴാണ് പാകി സ്ഥാനും ബംഗ്ലാദേശിനും താഴെ ഈ ഇൻഡക്സ് വരുന്നത് .  ഭരണ കൂടത്തിന് ഭക്ഷ്യ സുരക്ഷാ നിയമത്തോടുള്ള സമീപനമാണ് ഇതിലൂടെ വ്യക്തമാക്കുന്നത്. രേഖയിൽ അതായത് നിയമത്തിൽ ഭക്ഷ്യ സുരക്ഷയുണ്ട് , പക്ഷേ പാത്രത്തിലില്ല.

ഭക്ഷ്യോൽപ്പാദനം 4 മടങ്ങായി വർദ്ധിപ്പിച്ച കർഷകരുടെ സ്ഥിതി അതിദയനീയം. NCRB യുടെ കണക്കുകൾ പ്രകാരം അര ലക്ഷത്തോളം കർഷകരും കർഷക തൊഴിലാളികളുമാണ് കടവും ജീവിത ദുരിതവും കാരണം ആത്മഹത്യ ചെയ്യുന്നത്. NCRB കണക്ക് പ്രസിദ്ധികരണം തുടങ്ങിയ 1995 മുതൽ 2016 വരെ കഴിഞ്ഞ രണ്ട് ദശാബ്ദക്കാലത്തിനുള്ളിൽ രാജ്യത്ത് കടക്കെണിയിൽ അകപ്പെട്ട് ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം 33 3407 ആണന്ന് NCRB കണക്കിലൂടെ സർക്കാർ വെളിപ്പെടുത്തുന്നു. പ്രതിദിനം 30-35 കർഷകരാണ് ആത്മഹത്യ ചെയ്യുന്നത്. ഇത് സർക്കാർ കണക്കാണ്. വിവിധ സംസ്ഥാനങ്ങൾ നൽകുന്ന കണക്ക്. പക്ഷേ, കർഷക ആത്മഹത്യകളെ പ്രേമ നൈരാശ്യം, ജീവിത നൈരാശ്യം , മനോരോഗം എന്നിവയായി ചിത്രീകരികാനാണ് സംസ്ഥാന ഭരണ കക്ഷികൾ ശ്രമിക്കാറുള്ളത്. NCRB കണക്ക് പരിശോധിച്ചാൽ ഇത് വ്യക്തമാകും. പല സംസ്ഥാനങ്ങളും കർഷക ആത്മഹത്യ കാളേയില്ലന്നാണ് NCRB Data സൂചിപ്പിക്കുന്നത്. യഥാർഥ കണക്കുകൾ എത്രയോ ഇരട്ടിയാണ്.

എന്തുകൊണ്ടാണ് ഇങ്ങനെ സംഭവിക്കുന്നത്. കർഷകർക്ക് തങ്ങളുടെ ഉൽപ്പന്നത്തിന് ന്യായമായ വില ലഭിച്ചിരുന്നെങ്കിൽ ഇങ്ങനെ സംഭവിക്കുമോ.ലോകത്ത് ആത്മഹത്യ ചെയ്യുന്ന കർഷകരുടെ 17.5 % ഇന്ത്യയിലാണ്. ഇതിൽ 40 % ആത്മഹത്യകളും മഹാരാഷ്ട്രയിലാണ് നടക്കുന്നത്. പഞ്ചാബിൽ ആത്മഹത്യാ നിരക്ക് കുറവാണ്. കാരണം കർഷകരുടെ ഉത്പ്പന്നങ്ങൾ വിറ്റഴിക്കാനുള്ള മണ്ഡികളുടെ വിപണിയിലെ ക്രിയാത്മകമായ ഇടപെടലാണ് കർഷക ആത്മഹത്യ അവിടെ തടയുന്നത്. ഇന്ത്യൻ കർഷകരുടെ ശരാശരി വരുമാനം 77124 ആണന്ന് സർവ്വേ പറയുന്നു. അതായത് ദിവസ വേതനം 211 രൂപ. വിവിധ കാറ്റഗറിയിൽ 368 - 445 രൂപയാണ് മിനിമം ദിവസ വേതനമായി പ്രഖ്യാപിച്ചിട്ടുള്ളത്. കർഷകർക്ക് ലഭിക്കുന്ന മിനിമം വേതനം പ്രഖ്യാപിച്ചതിന്റെ പകൃതി. മണ്ഡികളുടെ കടുത്ത ചൂഷണം നില നിൽക്കുന്ന പഞ്ചാവിലെ കർഷകരുടെ വരുമാനം 216208 രൂപയായിരിക്കുമ്പോൾ AP MC പിരിച്ച് വിട്ട് സ്വതന്ത്ര കമ്പോള വ്യവസ്ഥ സ്ഥാപിച്ച് കർഷകരുടെ "ബാർ ഗയിനിംഗ് "കപ്പാസിറ്റി വർദ്ധിപ്പിച്ച ബീഹാറിലെ കർഷകരുടെ വരുമാനം 42684 രൂപയാണ്. അതായത് ദിവസ വേതനം 116 രൂപ.

## ഭാഗം: 4

തെരഞ്ഞെടുപ്പ് സമയത്ത് ജനങ്ങളുടെ മുൻപിൽ അവതരിപ്പിക്കുന്ന വഗ്ദാനങ്ങൾ യാഥാർഥ്യങ്ങളുമായി ബന്ധമുള്ളതോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയോ ആയിരിക്കില്ലന്ന് തുറന്ന് പറഞ്ഞത് ബി.ജെ. പി. പ്രസിഡന്റായിരുന്ന പി.എസ്സ് ശ്രീധരൻ പിള്ളയാണ്. അത് 100 % സത്യമാണന്ന് മോദി സർക്കാർ തെളിയിച്ചു. തങ്ങൾ അധികാരത്തിൽ വന്നാൽ സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിലാക്കുമെന്നത് ബി.ജെ.പി.യുടെ തെരഞ്ഞെടുപ്പ് വാഗ്ദാനമാണ്. കാർഷിക ഉൽപ്പന്നങ്ങൾക്ക് ഉൽപ്പാദനച്ചിലവ് കൂടാതെ അതിന്റെ 50 % തുക കൂടി അധികമായി നൽകണമെന്നാണ് സ്വാമിനാഥൻ റിപ്പോ ർട്ടിൽപറഞ്ഞത്. ഇത് കൂടാതെ കാർഷിക കടങ്ങളിൽ നിന്ന് കർഷകർക്ക് കരകയറാനുള്ള പദ്ധതികളും തയ്യാറാക്കണമെന്ന് ആവശ്യപ്പെട്ടു. ജലസേചന സൗകര്യം വർദ്ധിപ്പിക്കണമെന്നും ഗതാഗത സൗകര്യം ഏർപ്പെടുത്തണമെന്നും വൈദ്യുതി സബ്സിഡിയോടെ നൽകണമെന്നും രാസവളങ്ങൾക്ക് സബ്സിഡി തുടരണമെന്നും സാങ്കേതിക പരിജ്ഞാനം വർദ്ധിപ്പിക്കണമെന്നും അടക്കം നിരവധി നിർദ്ദേശങ്ങളടങ്ങിയ കമ്മീഷൻ റിപ്പോർട്ടെടുത്ത് ചവറ്റുകൊട്ടയിലെറിഞ്ഞു. രാസവളങ്ങളുടെ വില കഴിഞ്ഞ 10 വർഷത്തിനിടയിൽ 3 ഇരട്ടിയായി. വൈദ്യുതി വില വർധിച്ചു. കൂലി ച്ചെലവ് 3 ഇരട്ടിയായി. വിത്ത് വില വർധിച്ചു. ഉൽപ്പന്ന വില വർദ്ധിച്ചത് കേവലം 2 മടങ്ങ്. അതായത് 2010-ൽ ക്വിന്റലിന് 1000 രൂപ ഉണ്ടായിരുന്ന നെല്ലിന് 2020-ൽ 1860 രൂപ. 2010-ൽ ഫാക്ടം ഫോസിന് 300 ഇപ്പോൾ 1000 . NPK ( നൈട്രജൻ - ഫോസ്റ്റേറ്റ് - പൊട്ടാഷ്യം ) വിഭാഗത്തിൽ ഉൾപ്പെട്ട എല്ലാം വളങ്ങളെയും NBS (Nutrient based Subsidy ) സബ്സിഡി ഇനത്തിൽ നിന്ന് നീക്കം ചെയ്തു. ഇതോടെ യൂറിയ ഒഴികെ ഒരു രാസവളങ്ങളുടെയും വില നിയന്ത്രണത്തിൽ സർക്കാരിന് ഇടപെടാൻ കഴിയില്ല. അന്താരാഷ്ട്ര വിലകൾ ആണ് ഇവിടെ പ്രാബല്യത്തിൽ വരുക. നിയന്ത്രണമുള്ള യൂറിയയുടെ വിലയാകട്ടെ പല മടങ്ങ് സർക്കാർ തന്നെ വർദ്ധിപ്പിക്കുന്നു. ഇവിടെയാണ് സ്വാമിനാഥൻ റിപ്പോർട്ടിന്റെ പ്രസക്തി - കാലാകാലങ്ങളിലുള്ള ഉൽപ്പാദന ചിലവ് കണക്കാക്കണം. അതിനനുസൃതമായി താങ്ങുവില നിശ്ചയിക്കണം. ഉൽപ്പാദനച്ചിലവിന്റെ 50 % അധിക വില നൽകണം. എം.എൽ.എ. ; എം. പി. ഉദ്യോഗസ്ഥർ എല്ലാവരുടെയും ശമ്പളത്തിൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ ഉണ്ടായ വർദ്ധന കണക്കാക്കൂ . ജീവിത നിലവാര സൂചിക എത്ര ശതമാനം വർദ്ധിച്ചു. കർഷകരുടെ വില മാത്രം നാൾക്ക് നാൾ ഇടിയുന്നു. ഉൽപ്പന്നത്തിന് വിലയില്ല; ഉൽപ്പാദനച്ചിലവിൽ മൂന്നും നാലും മടങ്ങ് വർദ്ധനയുണ്ട്. 18 രൂപ 60 പൈസക്ക് ഒരു കിലോ അരി ഉൽപ്പാദിപ്പിക്കാൻ കഴിയുമോ. ഈ 18.6 രൂപ മുഴുവൻ കർഷകർക്ക് ലഭിക്കില്ല. അതിലാണ് കമ്മീഷൻ പോകുന്നത്. ജി.എസ്റ്റി. പോകുന്നത്. കടത്ത് കൂലി പോകുന്നത്. മണ്ഡി ഫിസ് നൽകേണ്ടത്. ഇത് കൂടാതെ സംസ്ഥാന സർക്കാരിന്റെ നികുതി . എത്ര രൂപ കർഷകന് മിച്ചം കിട്ടും . കർഷക പ്രേമം പറയുന്ന സർക്കാർ ചെയ്യേണ്ടത് സ്വാമിനാഥൻ കമ്മീഷൻ നടപ്പിലാക്കുകയാണ്.

## ഭാഗം : 5

### മൊണോപ്പൊളിയും മൊണോപ് സോണിയും
### MONOPOLY VS MONOPSONY

മൊണോപ്പൊളി എന്നാൽ കുത്തക എന്നാണന്ന് എല്ലാവർക്കും അറിയാം. എന്നാൽ അധികം പ്രചാരമില്ലാത്ത ഒരു പദമാണ് മൊണോപ് സോണി. മൊണോ പ്പൊളിയുടെ നേർ വിപരീത പദം. ഏതെങ്കിലും ഒരു വസ്തുവിന്റെ കുത്തകാവകാശമുള്ള വ്യക്തിയെയൊ സ്ഥാപനത്തെയൊ നാം കുത്തക എന്ന് വിളിക്കുന്നു. ആ വസ്തു ഉപഭോക്താവിന് ലഭ്യമാകുന്നത് ആ സ്ഥാപനത്തിൽ നിന്നോ വ്യക്തിയിൽ നിന്നോ മാത്രമായിരിക്കും. ചുരുക്കി പറഞ്ഞാൽ വാങ്ങിക്കാൻ ലക്ഷക്കണക്കിനോ കോടിക്കണക്കിനോ ഉപഭോക്താക്കൾ. വില്ക്കാൻ ഒരാൾ മാത്രം. അവിടെ വില നിശ്ചയിക്കുന്നത് കുത്തകയണ്. ഉദാഹരണമായി പെട്രോളിന്റെ വില. അന്താരാഷ്ട്ര മാർക്കറ്റിൽ ക്രൂഡോയിലിന്റെ വില കുറഞ്ഞാലും ഇവിടെ കുറയില്ല. കാരണം കേന്ദ്ര- സംസ്ഥാന സർക്കാരുകളും ഓയിൽ കമ്പനികളും ചേർന്ന ഒരു കാർട്ടലിന് മാത്രമാണ് ഇതിന്റെ വിപണനാവകാശം. അതേ സമയം സ്വർണം അന്താരാഷ്ട്ര വിപണി വിലക്ക് നമുക്ക് ഇവിടെ വാങ്ങാം. കാരണം വിപണന രംഗത്ത് കുത്തക വൽക്കരണമില്ല. മൊണോപ് സോണി വ്യവസ്ഥ നേർ വിപരീതമാണ്. വാങ്ങാൻ ചുരുക്കം ചില കുത്തകകൾ മാത്രം. വിൽക്കാൻ ലക്ഷക്കണക്കിന് ഉൽപ്പാദകർ . ഈ മൊണോപ് സോണിസ്റ്റിക് വ്യവസ്ഥ ഏറ്റവുമധികം ബാധകമായിട്ടുള്ളത് കാർഷിക ഉൽപ്പന്ന വിപണിയിലാണ്.

മുതലാളിത്ത സാമ്പത്തിക ശാസ്ത്രത്തിൽ ഉൽപ്പന്നത്തിന്റെ വില നിർണ്ണയിക്കുന്നത് അതിന്റെ "ഡിമാൻഡ് - സപ്ലൈ " ബന്ധമാണ്. ഡിമാൻഡ് കൂടിയാൽ അതായത് ആവശ്യക്കാർ കൂടിയാൽ വില ഉയരും. സപ്ലൈ അധികമായാൽ വില കുറയും. ട്രോളിംഗ് കാലഘട്ടത്തിൽ മൽസ്യത്തിന് വില ഉയരുന്നതും അതിന് ശേഷം കുറയുന്നതും ഉദാഹരണം. എന്നാൽ മൊണോ പ് സോണിക് വ്യവസ്ഥയിൽ ഈ സാമ്പത്തിക സിദ്ധാന്തങ്ങൾ കുത്തകകൾ തങ്ങൾക്കനുകൂലമാക്കി മാറ്റി തീർക്കും. അത് എങ്ങനെയെന്നാൽ വിളവെടുപ്പ് സമയത്ത് തങ്ങളുടെ കൈവശമുള്ള സ്റ്റോക്ക് വിപണിയിലേക്ക് കുറഞ്ഞ വിലയിൽ പര്യാപ്തമാക്കും. അതോടെ വിളവെടുപ്പിലെ ഉൽപ്പന്നങ്ങളും കുത്തകകളുടെ സ്റ്റോക്കും വിപണിയിലെത്തും. അതായത് സപ്ലൈ വർദ്ധിക്കും. ഉൽപ്പന്നത്തിന്റെ വിലയിടിയും. ഇത് ലോകത്ത് എമ്പാടും കുത്തകൾ സ്വതന്ത്ര കമ്പോളത്തിൽ ഉപയോഗിക്കുന്ന തന്ത്രമാണ്. നൂറുകണക്കിന് ഉദാഹരണങ്ങളുണ്ട്. ഒരു വസ്തുവിന്റെ കുത്തക നേടുന്നതിന് ആദ്യം വേണ്ടത് ആ വസ്തു ശേഖരിച്ച് വിപണനം നടത്തുന്നവരെ തകർക്കുകയാണ്. തുടക്കത്തിൽ ചെറുകിട കച്ചവടക്കാരും സർക്കാർ msp പ്രകാരം നൽകുന്നതിലും മെച്ചപ്പെട്ട വില കുത്തക സ്ഥാപനങ്ങൾ നൽകും. സ്വാഭാവികമായും മെച്ചപ്പെട്ട വിലകൾ ലഭിക്കുന്നിടത്ത് ഉൽപ്പന്നം വിറ്റഴിക്കും. ക്രമേണ ആ വസ്തുവിന്റെ വിപണി കുത്തകകളിൽ കേന്ദ്രീകരിക്കും. സർക്കാരിന്റെ താങ്ങുവിലയേക്കാൾ ഉയർന്ന വില കുത്തകളിൽ നിന്ന് ലഭിച്ചാൽ APMC ക്ക് ഷട്ടർ വീഴും. ഇവിടെ APMC ക്ക് ഷട്ടർ വീണാൽ FCI ക്ക് ഷട്ടർ വീഴും. ഭക്ഷ്യ സുരക്ഷ അട്ടിമറിക്കപ്പെടും. APMC നിലനിൽക്കുന്ന പഞ്ചാബ് ഹരിയാന സംസ്ഥാനങ്ങളിൽ നിന്നാണ് FCI യിൽ സംഭരിച്ചിരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ 85% എത്തിയിട്ടുള്ളത്. ഈ APMC കളാണ് കാർഷിക വിപണിയുടെ സമ്പൂർണ്ണ കമ്പോളവൽക്കരണത്തിന് തടസ്സം. ഇത് വഴി FC I യിലെ ധാന്യ സംഭരണത്തിന് ചില വഴിക്കുന്ന ദശകോടികൾ സർക്കാരിന് ചില വഴിക്കേ ണ്ടതില്ല.. എല്ലാം സബ്സിഡികളും നിർത്തലാക്കുകയോ

കുറക്കുകയോ ചെയ്യണമെന്നത് ഐ.എം. എഫ് - ലോക ബാങ്ക് - നിർദ്ദേശവും WTO കരാറുകളുടെ ഭാഗവുമാണ്. ഭക്ഷ്യ മേഖല കൂടി സ്വതന്ത്ര വിപണി വ്യവസ്ഥക്ക് കീഴിലാകുന്നതോടെപൊതുവിതരണ സംവിധാനമാണ് അട്ടിമറിക്കപ്പെടുക. അത് കൊണ്ട് ഇത് കേവലമൊരു കർഷക സമരമല്ല. ഈ രാജ്യത്തിന്റെ നിലനിൽപ്പിന് വേണ്ടി ഈ രാജ്യത്തെ ജനങ്ങളുടെ വിശപ്പ് എന്ന രോഗത്തിന് ലഭ്യമാകുന്ന ഏക ചികിൽസാ മാർഗ്ഗമായ റേഷനിംഗ് സംവിധാനത്തെ സംരക്ഷിക്കുന്നതിനും നിലനിർത്തുന്നതിനും വേണ്ടിയുള്ള സമരമാണിത്. കർഷകർ അവർക്ക് വേണ്ടി മാത്രം നടത്തുന്ന സമരമല്ല. നമുക്ക് വേണ്ടി കൊടും ശൈത്യത്തെ നേരിട്ട് കർഷകർ നടത്തുന്ന ത്യാഗ നിർഭരമായ സമരമാണിത്. ആ സമരത്തെ പിന്തുണക്കാനും വിജയിപ്പിക്കാനും നമുക്ക് ബാദ്ധ്യത ഉണ്ട്. ഇന്ന് നാം കർഷക സമരത്തിൽ മൗനം പാലിച്ചാൽ നാളെ വിശക്കുന്ന മ്മാ എന്ന് വിളിച്ചു കരയുന്ന നമ്മുടെ കുട്ടികളുടെ കരച്ചിലിന് മുൻപിൽ നിസ്സംഗതയുടെ നാം നോക്കി നിൽക്കേണ്ടി വരും.

പഞ്ചാബ് ഹരിയാന സംസ്ഥാനങ്ങളിൽ മാത്രമാണ് AP MC ക്രിയാത്മകമായി പ്രവർത്തിക്കുന്നത്.. ഈ സംസ്ഥാനങ്ങളിലൊഴികെ മോദിയും മോദി ഭക്തരും പറയുന്ന മണ്ഡികളുടെ ചൂഷണമില്ലാത്ത കർഷകരുടെ ബാർഗയിനിംഗ് കപ്പാസിറ്റി വർദ്ധിപ്പിക്കുന്ന സ്വതന്ത്ര കമ്പോളമാണ് നിലനിൽക്കുന്നത്. പക്ഷേ, ഇന്ത്യയിലെ 26 സംസ്ഥാനങ്ങളിലും 8 കേന്ദ്ര ഭരണപ്രദേശങ്ങളിലും മോദി ഭക്തർ ആരോപിക്കുന്ന മണ്ഡികളുടെ ചൂഷണമില്ല. മോദി സാമ്രാജ്യത്തിൽ കർഷകരെ ചൂഷണം ചെയ്യാൻ ഒരു മണ്ഡിയെയും അനുവദിക്കില്ലന്നല്ലേ പ്രഖ്യാപനം. ഹരിയാനയിലും പഞ്ചാബിലും ബാർഗയിനിംഗ് കപ്പാസിറ്റി വളർത്തിയേ പറ്റൂ. ബാർഗയിനിംഗ് കപ്പാസിറ്റിയുള്ള ബീഹാറിൽ 116 രൂപ പ്രതിദിന വരുമാനമുള്ളപ്പോൾ മുണ്ഡികളുടെ കൊടിയ ചൂഷണമുള്ള പഞ്ചാബിൽ 700 രൂപയോളം പ്രതിദിന വരുമാനമുണ്ടന്ന് കഴിഞ്ഞ പോസ്റ്റിൽ സൂചിപ്പിച്ചിരുന്നു. പതിനായിരക്കണക്കിന് കർഷകർ പ്രതിവർഷം ആത്മഹത്യ ചെയ്യുന്ന മഹാരാഷ്ട്രയിലെ APMC കൾ പ്രവർത്തന രഹിതമാണ്. അവിടെയും ബാർ ഗയിനിംഗ് കപ്പാസിറ്റി വർദ്ധിച്ച് താങ്ങാൻ കഴിയാതെ കർഷകർ ആത്മഹത്യ ചെയ്യുകയാണ്.

ലോകത്ത് ഏറ്റവും കൂടുതൽ കർഷകർ ആത്മഹത്യ ചെയ്യുന്ന പ്രദേശമെന്ന ഖ്യാതിയും മഹാരാഷ്ട്രക്ക് സ്വന്തമാണ്.

( കർഷക ആത്മഹത്യകൾ റിപ്പോർട്ട് ചെയ്യപ്പെടാറില്ല. റിപ്പോർട്ട് ചെയ്യപ്പെട്ടാലും കർഷകനാണന്ന് തെളിയിക്കാൻ കൃഷി ഭൂമിയുടെ രേഖ ഹാജരാക്കണം. ഈ രാജ്യത്ത് കർഷക ആത്മഹത്യകളെ സംബന്ധിച്ച NCR B കണക്കുകളിൽ യഥാർഥ്യമായതിന്റെ നാലിൽ ഒന്നു പോലും വരില്ല. )

## ഭാഗം 6

GSR 104 (E) പ്രകാരം 2002-ൽ കേന്ദ്രം ഭരിച്ചിരുന്ന വാജ്പൈ സർക്കാർ 1955 ലെ ആവശ്യ സാധന നിയന്ത്രണ നിയമത്തെ നിഷ്പ്രഭമാക്കുന്ന ഒരു ഭേദഗതി പാസ്സാക്കി. ഗോതമ്പ്, നെല്ല് / അരി, പയർ വർഗ്ഗങ്ങൾ, പഞ്ചസാര, ഭക്ഷ്യ എണ്ണ എന്നിവയുടെ അനിയന്ത്രിത മായ വാങ്ങലും കൊടുക്കലും സംഭരണവും ചരക്ക് കടത്തും നിയന്ത്രിക്കുന്ന നിയമമായിരുന്നു 55 ലെ നിയമം. ഭക്ഷ്യ വസ്തുക്കളുടെ വിലക്കയറ്റത്തിൽ നിന്നും ജനങ്ങൾക്ക് സംരക്ഷണം നൽകിയിരുന്ന നിയമമായിരുന്നത്. ആ നിയമം വാജ്പൈ ഇങ്ങനെ ഭേദഗതി ചെയ്തു. 55 ലെ നിയമത്തിൽ വാങ്ങലും വിൽപ്പനയും സംഭരണവും നിരോധിച്ചിട്ടുള്ള ഭക്ഷ്യവസ്തുക്കൾ പരിധിയില്ലാതെ വാങ്ങുന്നതിനും വിൽക്കുന്നതിനും സംഭരിക്കുന്നതിനും ചരക്ക് കടത്തിനും ഉപയോഗത്തിനും ഉപഭോഗത്തിനും ഇന്നു മുതൽ യാതൊരു വ്യവസ്ഥകളും നിയന്ത്രണങ്ങളും ബാധകമല്ലന്നും ആയതിലേക്ക് 1955 ലെ നിയമം നിഷ്കർഷിക്കുന്ന പെർമിറ്റോ ലൈസൻസോ ആവശ്യമില്ലാത്തതാണന്നുമുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തി നിയമം ഭേദഗതി ചെയ്തു. അതോടെ കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പും വ്യാപകമായി. ആവശ്യ സാധന നിയന്ത്രണ നിയമം ഉപയോഗിച്ച് കുടത്തിലടച്ചിരുന്ന വിലക്കയറ്റം എന്ന ഭൂതം കുടത്തിൽ നിന്ന് പുറത്ത് കടന്നു. മുഴവൻ ഭക്ഷ്യ ധാന്യങ്ങടെയും വില വർധിച്ചു. സാധാരണക്കാർക്ക് താങ്ങാൻ കഴിയാത്ത വിലക്കയറ്റമാണ് സൃഷ്ടിക്കപ്പെട്ടത്. ആ വർഷം തന്നെ 47% വിലക്കയറ്റമാണ് സൃഷ്ടിക്കപ്പെട്ടത്. വിലക്കയറ്റം 2007 ൽ എത്തപ്പെട്ടപ്പോഴേക്കും 130 ശതമാനം വില വർദ്ധിച്ചു 2007 ൽ നിയമം പുന:സ്ഥാപിച്ചെങ്കിലും 2008 ൽ 226 ശതമാനം വരെ വില വർദ്ധിക്കുകയും ചെയ്തു. 2002 ൽ നിയമ ഭേദഗതി നടത്തിയ അന്നത്തെ ധനമന്ത്രി യശ്വന്ത് സിൻഹക്ക് 6 മാസം തികയുന്നതിന് മുൻപ് ധനമന്ത്രി സ്ഥാനത്ത് നിന്ന് ഒഴിയേണ്ടി വന്നു. കാരണം രാജ്യത്ത് വിലക്കയറ്റവും പണപ്പെരുപ്പവും രൂപയുടെ മൂല്യശോഷണവും ചരിത്രത്തിലില്ലാത്ത വിധം വർദ്ധിച്ചു. സമ്പദ് വ്യവസ്ഥ താറുമാറായി. CTBT കരാർ ഉയർത്തിപ്പിടിച്ച് സാമ്പത്തിക തകർച്ചയിൽ നിന്ന് ശ്രദ്ധ തിരിക്കാനുള്ള സർക്കാർ ശ്രമം പാഴായി. ഈ പശ്ചാത്തലത്തിലാണ് 2004-ൽ വാജ്പയ് സർക്കാർ ജനവിധിയിലൂടെ പുറത്താകുന്നത്. ഈ ചരിത്രം മറ്റാരേക്കാളും നന്നായി അറിയാവുന്നത് ബി.ജെ.പി. നേതൃത്വത്തിനാണ്. പക്ഷേ അനുഭവങ്ങളിൽ നിന്ന് പാഠം ഉൾകൊള്ളാൻ അവർക്ക് കഴിയില്ല. കാരണം കോർപ്പറേറ്റുകൾക്ക് വേണ്ടി കോർപ്പറേറ്റുകളാൽ നിയന്ത്രിക്കപ്പെട്ടുന്ന പാർട്ടിയാണ് ബി.ജെ.പി. അവരുടെ കൂറ് അന്നും ഇന്നും കോർപ്പറേറ്റുകൾക്കൊപ്പമാണ്. അനുഭവമാണ് ഗുരു. അവശ്യ സർവ്വീസ് നിയമം ദുർബലമായാൽ എന്ത് സംഭവിക്കുമെന്ന് അറിയുകയും അതിന്റെ ദുരിതം പേറുകയും ചെയ്ത ജനതയോടാണ് ഈ നിയമം കാലഹരണപ്പെട്ടതാണന്ന് പറയുന്നത്. ഇപ്പോൾ FC I ൽ 4 വർഷത്തേക്ക് ആവശ്യമുള്ള ഭക്ഷ്യധാന്യങ്ങൾ സ്റ്റോക്കുള്ളതിനാൽ ആ നിയമം കാലഹരണപ്പെട്ടിരിക്കുന്നു. റേഷൻ പരിമിതപ്പെടുത്തി APL BPL പട്ടികയായി തിരിച്ചെങ്കിലും സർക്കാർ കണക്ക് പ്രകാരം 135 കോടിയിലധികം ജനങ്ങളിൽ 81 കോടി ജനങ്ങൾക്ക് റേഷൻ വിതരണം ചെയ്യുന്നുണ്ട്. ഒരു മാസം അതിന് 55 ലക്ഷം മെട്രിക് ടൺ ധാന്യം ആവശ്യമാണ്. FCI ൽ ഇപ്പോൾ സ്റ്റോക്കുള്ളത്

393 .2 ഗോതമ്പും 249.2 ലക്ഷം മെട്രിക് ടൺ അരിയും മാത്രമാണ്. മൊത്തം 642.4 ലക്ഷം മെട്രിക് ടൺ. ഒരു വർഷത്തേക്ക് റേഷന് മാത്രം ആവശ്യം 660 ലക്ഷം മെട്രിക് ടൺ . ഇതാണ് 4 വർഷത്തേക്ക് സ്റ്റോക്ക് ഉണ്ടന്ന് പറയുന്നത്. 2020 July ൽ യഥാക്രമം 550.3 , 322.4 ലക്ഷം മെട്രിക് ടൺ ഗോതമ്പും അരിയും സ്റ്റോക്കുണ്ടായിരുന്നു. ഒക്ടോബറിൽ സ്റ്റോക്ക് താഴ്ന്നു. APMC അടച്ചു പൂട്ടിയാൽ ഭക്ഷ്യധാന്യത്തിന്റെ വില ക്രമാതീതമായി ഉയരും. അത് 2002 ൽ വാജ്പയ് സർക്കാർ സൃഷ്ടിച്ച വിലകയറ്റത്തിലും ഭീകരമായിരിക്കും. കോവിഡ് മഹാമാരി സൃഷ്ടിച്ച പ്രശ്നങ്ങൾക്ക് പരിഹാരമായി രണ്ട് പ്രാവശ്യം 5 Kg അരി സൗജന്യമായി നൽകി. അതിന് ശേഷം നിലവിലുള്ള സ്റ്റോക്ക് FCI കണക്ക് പ്രകാരം ഒരു വർഷത്തേക്ക് തികയില്ല. ഈ നിയമം പ്രാബല്യത്തിൽ വന്നു കഴിഞ്ഞു. അത് പ്രവർത്തിക്കാൻ തുടങ്ങിയിരിക്കുന്നു. ഭക്ഷ ധാന്യങ്ങൾ എണ്ണ പഞ്ചസാര കടല പരിപ്പ് എല്ലാത്തിനും വില കയറുകയാണ്.

2002 ൽ വാജ് പൈ സർക്കാർ ആവശ്യ സർവ്വീസ് നിയമം ഭേദഗതി ചെയ്തതിന് ശേഷമുണ്ടായ രൂക്ഷമായ വിലവർദ്ധനവ് തടയുന്നതിന് 2011 ൽ കേരള സർക്കാർ ആവശ്യ സാധന നിയന്ത്രണ നിയമം പാസ്സാക്കി. 1955 ലെ നിയമം കേരളത്തിൽ പുന:സ്ഥാപിച്ചത് ഈ നിയമത്തിലൂടെയായിരുന്നു.

## ഭാഗം 7

**കോൺട്രാക്ട് ഫാമിംഗ്.**

കോൺട്രാക്ട് ഫാമിംഗിനെ പറ്റി വളരെയേറെ പഠനങ്ങൾ വന്നിട്ടുണ്ട്. കൂടുതൽ വിശദീകരിക്കണ്ടതില്ല. അതേസമയം കോൺട്രാക്ട് ഫാമിംഗിനെതിരെ എന്തുകൊണ്ട് കർഷകർ വിമർശനം ഉയർത്തുന്നു. കോൺട്രാക്ട് ഫാമിംഗ് കർഷകർക്ക് സമ്മാനിച്ച കയ്പ്പേറിയ അനുഭവ പാഠങ്ങളുടെ വെളിച്ചത്തിലാണ് കർഷകർ അതിനെ എതിർക്കുന്നത്. കോൺട്രാക്ട് ഫാമിംഗിനെതിരായ കർഷകരുടെ വിമർശനങ്ങൾക്ക് തൃപ്തികരമായ മറുപടി പറയാൻ കോൺട്രാക്ട് ഫാമിംഗിന്റെ വാഴ്ത്തു പാട്ടുകാർക്ക് കഴിയുന്നുമില്ല. കണ്ട നീ അവിടെ നിൽക്ക്; കേട്ട ഞാൻ പറയാം എന്ന ഭാവത്തിലാണ് മറുപടി. കോഴി സംരക്ഷണ വാഗ്ദാനവുമായി എത്തിയ കുറുക്കന്റെ വിശദീകരണം പോലെയാണ് വാഴ്ത്തുപാട്ടുകാരുടെ മറുപടി. ഇന്നലെ വരെ ഞാൻ കോഴികളെ വേട്ടയാടി പിടിച്ച് ഭക്ഷിക്കാറുണ്ടായിരുന്നു; എന്നാൽ ഇന്ന് മുതൽ ഞാൻ വെജിറ്റേറിയനാണ്; നിങ്ങളുടെ സംരക്ഷകനായി ഇനി മുതൽ ഞാൻ ഉണ്ടാകും എന്ന് കുറുക്കൻ പറഞ്ഞാൽ എല്ലാം കോഴികളും വിശ്വസിക്കുമോ . വിശ്വസിച്ച് കുറുക്കന് ആഹാരമാകാൻ വിധിക്കപ്പെട്ട കോഴികളും ഉണ്ടാകും. എന്നാൽ ബഹുഭൂരിപക്ഷവും അങ്ങനെ ആയിരിക്കില്ല. ആ കുറുക്കനെയാണ് കർഷകർ ഭയപ്പെടുന്നത്. പക്ഷേ, കുറുക്കനെ കോഴിയുടെ സംരക്ഷണം ഏൽപ്പിച്ചേ മതിയാകൂ എന്ന വാശിയിലാണ് മോദി സർക്കാർ.

## പുത്തൻ കാർഷിക നിയമങ്ങൾ

ഇന്ത്യയുടെ ജി.ഡി.പി.യിൽ നിർണ്ണായക പങ്ക് സംഭാവന ചെയ്യുന്നത് കാർഷിക മേഖലയും കാർഷിക മേഖലയുമായി ബന്ധപ്പെട്ട അനുബന്ധ വ്യവസായങ്ങളുമാണ്. ഏകദേശം 60 കോടിയിൽ അധികമുള്ള ഇന്ത്യൻ തൊഴിൽ സേനയുടെ 94% തൊഴിലെടുക്കുന്ന മേഖലയാണത്. അവരുടെ പ്രതിശീർഷ വരുമാനം വർദ്ധിച്ചാലെ രാജ്യത്തിന്റെ ജി.ഡി.പി വളരൂ. 5 ട്രില്ലിയൻ കോടിയുടെ സമ്പദ്ഘടന ഉണ്ടാകണമെങ്കിൽ കർഷകരുടെ വരുമാനം വർദ്ധിക്കണം. ഇത് കൂടാതെ 14 ദശലക്ഷം മനുഷ്യരാണ് പ്രതിവർഷം നമ്മുടെ തൊഴിൽ മേഖലയിലേക്ക് പുതിയതായി എത്തുന്നത്. അവർക്കും തൊഴിൽ വേണം. പ്രതി വർഷം 2 കോടി തൊഴിലവസരങ്ങൾ പുതിയതായി സൃഷ്ടിക്കുമെന്ന് വാഗ്ദാനം നൽകിയവർക്ക് 2 ലക്ഷം തൊഴിലവസരങ്ങൾ പോലും സൃഷ്ടിക്കാൻ കഴിഞ്ഞില്ല.

മുകളിൽ സൂചിപ്പിച്ച  സാഹചര്യങ്ങൾ കാർഷിക മേഖല സമൂർത്തമായ പരിഷ്കരണത്തിന് വിധേയമാക്കേണ്ടതുണ്ടെന്ന് തന്നെയാണ്. വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ജനസംഖ്യയുടെ ഭക്ഷണാവശ്യങ്ങൾ നിറവേറ്റാനെങ്കിലും കർഷിക മേഖലക്ക് കഴിയണം. അതിന് എല്ലാം അർത്ഥത്തിലും ആരോഗ്യമുള്ള കർഷക സമൂഹം ഉണ്ടാകണം. രോഗാതുരമായ ഇന്ത്യയുടെ കാർഷിക മേഖലയെ പരിപാലിക്കാനുള്ള ആരോഗ്യം കർഷകർക്കുണ്ടാകണം. രാജ്യത്തെ ജനങ്ങൾക്ക് അന്നം നൽകുന്ന കർഷകരെ ആത്മഹത്യയിലേക്ക് തള്ളിവിടുന്ന സമീപനങ്ങളും നയങ്ങളുമാണ് സർക്കാരിന്റേത്. ജീവിത നിലവാര സൂചികയിലുണ്ടാകുന്ന വർദ്ധനവിനനുസരിച്ച് കർഷകരുടെയും വരുമാനത്തിൽ വർദ്ധന ഉണ്ടാകണം. 1975-ൽ 75 രൂപമായിരുന്ന ഒരു ക്വിന്റൽ ഗോതമ്പിന് ഇന്ന് 1860 രൂപയാണ് താങ്ങു വില. കേവലം 25% വർദ്ധന. 1974 - ൽ ഒന്നാം പേ കമ്മീഷന്റെ സമയത്ത് ഒരു സർക്കാർ എൽ.ഡി.സി. യുടെ "മാസശമ്പളം " 220 - 326 സ്കെയിലിലായിരുന്നു. ഇന്ന് അവരുടെ "ദിവസ വേതനം " അതിന്റെ 5 ഇരട്ടിയിലധികം വരും. അതായത് മാസക്കണക്കിൽ 150% ൽ അധികം വളർന്നു. എന്തുകൊണ്ടാണ് കർഷകരുടെ വരുമാനത്തിൽ ഈ ശതമാന വർദ്ധന ഇല്ലാത്തത്. അവരുടെ ജീവിത നിലവാര സൂചിക ഉയരുന്നില്ലേ. തൊഴിലുറപ്പ് പദ്ധതിയിൽ എത്രയാണ് ശമ്പളം. ഇതാണ് ഇന്ത്യൻ കർഷകൻ കടത്തിൽ ജനിച്ച് കടത്തിൽ ജീവിച്ച് കടത്തിൽ മരിക്കുന്നതിന് കാരണം.

ഈ അവസ്ഥക്ക് മാറ്റം വരാൻ പരിഷ്കാരങ്ങൾ അനിവാര്യമാണ്. ഇന്ത്യയിലെ കാർഷികോൽപ്പാദനത്തിന് കർഷകർ ആശ്രയിക്കുന്നത് പ്രകൃതിയെയും കാലാവസ്ഥയെയുമാണ്. കൃഷിക്ക് അനിവാര്യമായ ജലസേചന പദ്ധതികളുടെ അഭാവമാണ് പ്രധാന പ്രശ്നം. അതിന് പരിഹാരം കാണാൻ സ്വാതന്ത്ര്യത്തിന്റെ 73 വർഷങ്ങൾ പിന്നിട്ടിട്ടും ഭരണാധികാരികൾക്ക് കഴിഞ്ഞിട്ടില്ല. ജലസേചനത്തിന് വേണ്ടി വൻകിട അണക്കെട്ടുകൾ പണിതുയർത്തിയിട്ടുണ്ട്. അവയിലൊക്കെ ആവശ്യത്തിലധികം ജലവുമുണ്ട്. പക്ഷേ ; കൃഷിയാവശ്യത്തിന്  ജലം വേണമെങ്കിൽ കർഷകർ റിസർ വയറിൽ പോയി കാനുകളിൽ കൊണ്ടുവരണം. ഈ വൻകിട പദ്ധതികളുടെ ഗുണം വനാതിർത്തിയിൽ താമസിച്ച ലക്ഷക്കണക്കായ ആദിവാസികളുടെ കുടിലുകൾ വെള്ളത്തിനടിയിലാക്കാൻ കഴിഞ്ഞു എന്നതാണ്. മറ്റൊന്ന് നവ ലിബറേഷൻ നയങ്ങളുടെ ഭാഗമായി രാസവളങ്ങളുടെ സബ്സിഡി നാമമാത്രമാക്കിയതാണ്. ഇതോടെ ഉല്പാദന ചിലവ് ഗണ്യമായി വർദ്ധിച്ചു. ഇത് കൂടാതെ ട്രാക്ടറുകളുടെ വില വർദ്ധിച്ചു ട്രാക്ടറുകൾ പ്രവർത്തിപ്പിക്കാനുള്ള ക്രൂഡ് ഉൽപ്പന്നങ്ങളുടെ വില വർദ്ധിച്ചു വൈദ്യുതി ചാർജ്ജ് കുത്തനെ വർദ്ധിപ്പിച്ചു. ഈ വർദ്ധനവുകൾക്കനുസരിച്ച് ഉൽപ്പന്ന വില വർദ്ധിച്ചില്ല. ഓരോ സീസൺ വിളവെടുപ്പിന് ശേഷവും കർഷകർ കൂടുതൽ കൂടുതൽ കടക്കാരായി മാറി. പ്രാപ്യമായ വിപണന സംവിധാനമില്ല. പഴയ കാലമല്ല. ഇപ്പോൾ വിത്തും വില കൊടുത്തു വാങ്ങണം. വിളകളിൽ നിന്ന് വിത്ത് ലഭിക്കില്ല. കാരണം ഇപ്പാൾ ഉപയോഗിക്കുന്നത് മൊൺ സാന്റോയുടെ ഹൈ ബ്രിഡ് അന്തക വിത്തുകളാണ്. ഇവയ്ക്കെല്ലാം പുറമെ കൃഷിയിറക്കുന്നതിന് ആവശ്യമായ പണം കണ്ടെത്തുകയാണ്. സർക്കാർ വായ്പാ സൗകര്യങ്ങളുടെ അഭാവത്തിൽ കർഷകർ ഉയർന്ന പലിശ നിരക്കിൽ ഹുണ്ടിക പലിശക്കാരിൽ നിന്നാണ് പണം കണ്ടെത്തുന്നത്. കർഷകരുടെ നന്മക്ക് കോൺട്രാക്റ്റ് ഫാമിംഗ് അവതരിപ്പിച്ച ഭരണക്കാർക്ക് പുതിയ ഒരു നിയമത്തിന്റെയും പിൻബലമില്ലാതെ പരിഹരിക്കാൻ കഴിയുന്ന പ്രശ്നങ്ങളാണിവ :

കാർഷിക ഉൽപ്പന്നങ്ങളുൾപ്പടെ എല്ലാം ഉൽപ്പന്നങ്ങളും ഇപ്പോൾ ആഗോള വിപണിക്ക് കീഴിലാണ്. ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നത് ആഗോള കമ്പോളത്തിലാണ്. പഞ്ചാബിലെയും ഹരിയാനയിലെയും മാത്രമല്ല കേരളത്തിലെ കർഷകരും മൽസരിക്കേണ്ടത് ആഗോള വിപണിയിലാണ്. അവിടെയുള്ള വിപണി വ്യവസ്ഥകൾ അനുസരിക്കണം. ആഗോള തലത്തിൽ മൽസര ക്ഷമത ഉണ്ടാകണമെങ്കിൽ ആഗോള ഉൽപ്പാദന മാർഗ്ഗങ്ങൾ സ്വീകരിക്കണം. അതായത് വിത്തിന്റെയും വളത്തിന്റെയും കീടനാശിനികളുടെയും ഉല്പാദനത്തിന് ഉപയോഗിക്കുന്ന യന്ത്ര സാമഗ്രികളിലും പരിഷ്കരണം ഉണ്ടാകണം. കാലാവസ്ഥയെ ആശ്രയിച്ചുള്ള പരമ്പരാഗത രീതിയിൽ ഉല്പാദന രംഗത്ത് കർഷകന് ഇനി മുന്നേറാനോ പിടിച്ചു നിൽക്കാനോ കഴിയില്ല. അടിമുടി മാറിയേ കഴിയൂ.

നമ്മുടെ പ്രധാനമന്ത്രി വിദേശത്ത് പോയി വ്യവസായികളുടെ സമ്മേളനത്തിൽ പങ്കെടുത്ത് എന്താണ് പറയുന്നത് . നിങ്ങൾ ഇന്ത്യയിലേക്ക് വരൂ. ഇവിടെ 135 കോടി ജനങ്ങളുണ്ട്. വ്യവസായം തുടങ്ങാൻ നിങ്ങൾക്ക് വേണ്ട അടിസ്ഥാന സൗകര്യങ്ങളെല്ലാം സൗജന്യ വ്യവസ്ഥയിൽ ഞങ്ങൾ തരും എന്നല്ലേ . ഭൂമി, കെട്ടിടം , സൗജന്യ വൈദ്യുതി, ജലം, സബ്സിഡി നിരക്കിൽ അസംസ്കൃത വസ്തുക്കൾ, നികുതി ഇളവ് , വായ്പ്പാ സൗകര്യം, വിപണന സൗകര്യം, ഗതാഗതം എല്ലാം ഒരുക്കി നൽകിയല്ലേ വ്യവസായികളെ ക്ഷണിക്കുന്നതും അവർക്ക് വേണ്ടതെല്ലാം ഒരുക്കുന്നതും. എന്തു കൊണ്ട് കാർഷിക മേഖലയിലെ ഉൽപ്പാദകരായ ഏറ്റവും വലിയ തൊഴിൽ ദാതാക്കളായ ഈ രാജ്യത്തെ ജനങ്ങക്കാവശ്യമുള്ള അന്നം ഉൽപ്പാദിപ്പിക്കുന്ന കർഷകർക്ക് ഈ സൗകര്യങ്ങൾ ഒരുക്കി നൽകുന്നില്ല - അവരെ എന്തിനാണ് വിദേശ - സ്വദേശ കോർപ്പറേറ്റ് ചൂഷക വർഗ്ഗത്തിന്റെ കൊടിയ ചൂഷണ വലയിലേക്ക് എറിഞ്ഞു കൊടുക്കുന്നത്. അവർ സ്വദേശികളും മണ്ണിനെ സ്നേഹിക്കുന്ന മണ്ണിന്റെ ഗന്ധമുള്ളവരായത് കൊണ്ടാണോ.?

### ഭാഗം : 8

### കോൺട്രാക് ഫാമിഗ് - കർഷകരെയും രാജ്യത്തെയും കാത്തിരിക്കുന്ന ദുരന്തഫലങ്ങൾ

ആഗോള തലത്തിൽ ലോക വ്യാപാര സംഘടനയുടെ ചട്ടങ്ങൾക്കും നിബന്ധനകൾക്കും വിധേയമായി കാർഷിക മേഖല സമഗ്രമായ പരിഷ്കരണത്തിന് വിധേയമായി കൊണ്ടിരിക്കയാണ്. കാർഷിക മേഖലയുടെ പ്രാഥമിക ധർമ്മമായ ഭക്ഷ്യോൽപ്പാദനം, പാരിസ്ഥിതിക സന്തുലിതാവസ്ഥയുടെ സംരക്ഷണം, മണ്ണിന്റെ ജൈവ ഘടനയുടെ സുരക്ഷ, മനുഷ്യനും ഇതര ജീവജാലങ്ങളുടെയും നിലനിൽപ്പിന് ഭീഷണിയായി മാറുന്ന രാസവള - കീടനാശിനി പ്രയോഗം എന്നീ വിഷയങ്ങളൊന്നും ആധുനിക  WTO കരാർ കൃഷിയിൽ പരിഗണനാ വിഷയമല്ല. വിപണിക്ക് ആവശ്യമായ ഉൽപ്പനങ്ങൾ ഉൽപ്പാദിപ്പിക്കുക എന്നത് മാത്രമാണ് കരാർ കൃഷിയിൽ പരിഗണിക്കപ്പെടുക. അതിന്റെ ഭാഗമായി ആഗോള കരാറുകളും വിപണി നിയമങ്ങളും നിലവിൽ വന്നു കഴിഞ്ഞു. മോദി സർക്കാർ 2017-ൽ ആ കരാറുകളിൽ ഒപ്പിട്ടതിനാൽ ഇത് സംബന്ധിച്ച അന്താരാഷ്ട നിയമങ്ങൾ അനുസരിക്കാൻ ഇന്ത്യയും ബാദ്ധ്യസ്ഥമാണ്. രാജ്യത്തിന് ഹിതകരമല്ലാത്ത കരാറുകളിൽ ഒപ്പുവച്ചത് ശരിയാണോ എന്ന പ്രശ്നം തുടർ ഭാഗങ്ങളിൽ പരിശോധിക്കാം. പക്ഷേ, ഒരു കാര്യം വ്യക്തമാണ്. പുത്തൻ കാർഷിക നിയമങ്ങൾ ഈ അന്താരാഷ്ട കരാറുകളുടെ ഭാഗം തന്നെയാണ് .    ഇന്ത്യയുടെ കാർഷിക മേഖല സമഗ്രമായ പരിഷ്കരണം ആവശ്യപ്പെടുന്നുണ്ടന്നത് യാഥാർഥ്യമാണ്. കാർഷിക മേഖലയിൽ മെച്ചപ്പെട്ട ഉൽപ്പാദനം കൈവരിക്കുന്നതിന് ഇന്നത്തെ പരമ്പരാഗത കൃഷിരീതി കൊണ്ട് സാദ്ധ്യമല്ല. ആധുനികമായ ഉൽപ്പാദന മാർഗ്ഗങ്ങൾ സ്വീകരിക്കണം. അത് പക്ഷേ, ലോക വ്യാപാര സംഘടനയുടെ തീട്ടൂരങ്ങൾക്ക് വിധേയമായ് ആകരുത്. നമ്മുടെ മണ്ണിന്റെ പി.എച്ച്. ഘടന കാത്തു സൂക്ഷിക്കണം , അതിനനുതമായ വിത്തുകൾ, രാസവളം, ജൈവ വളം, കീടനാശിനികൾ എന്നിവ മാത്രമേ ഉപയോഗിക്കാവു. ഇന്ത്യയുടെ കാർഷിക മേഖലയിൽ പ്രതിവർഷം 7000 ബില്യൺ കോടി രൂപ വിലയുള്ള 500 ലക്ഷം മെട്രിക് ടൺ (500 LMT) രാസവളങ്ങളാണ് ഉപയോഗിക്കുന്നത്. ഇത്

# പുത്തൻ കാർഷിക നിയമങ്ങൾ

കൂടാതെ 250 ബില്യൺ കോടി രൂപയുടെ കീടനാശിനികളും ഉപയോഗിക്കുന്നുണ്ട്. ലാഭം മാത്രം ലക്ഷ്യമാക്കി കീടനാശിനി പ്രയോഗം നടത്തിയതിന്റെ പരിന്നിത ഫലമെന്താണന്ന് കാസർകോട്ടുകാർക്കറിയാം. എൻഡോ സൾഫാൻ ദുരന്തത്തിലൂടെ നാം അതിന്റെ ഭീകരത ലോകത്തിന് തന്നെ പരിപ്പിച്ചു നൽകി.

കൃഷി ചെയ്യാൻ കർഷകർ തയ്യാറാണ്. അതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുക എന്നത് സർക്കാരിന്റെ കടമയാണ്. ആ കടമ വിസ്മരിച്ചു കൊണ്ട് ഇന്നലെ വരെ കർഷകർക്ക് സൗജന്യ നിരക്കിൽ ലഭിച്ചിരുന്ന വൈദ്യുതി ചാർജ്ജ് വർദ്ധിപ്പിക്കുക, രാസവള സബ്സിഡി പരിമിതപ്പെടുത്തുക, താങ്ങുവില ഉൽപ്പാദന ചിലവിന് ആനുപാതികമായി വർദ്ധിപ്പിക്കാതിരിക്കുക, കാർഷിക സ്വർണ്ണപ്പണയ വായ്പ്പാ സബ്സിഡി പോലും നിർത്തലാക്കുക തുടങ്ങിയ കർഷക വിരുദ്ധ നടപടികളാണ്

സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായത്. ഇനി മുതൽ സർക്കാർ കർഷകർക്ക് പ്രത്യേക ആനുകൂല്യങ്ങളൊന്നും നൽകാൻ ഉദ്ദേശിക്കുന്നില്ലന്നും അതൊക്കെ ഇനി കർഷകർക്ക് വേണ്ടി കോർപ്പറേറ്റുകൾ ഒരുക്കി നൽകുമെന്നാണ് സർക്കാർ പറയുന്നത്. ഇതാണ് കോൺട്രാക്ട് ഫാമിംഗ് . അതായത് കാർഷിക മേഖലയിലെ ഉൽപ്പാദനം മുതൽ വിപണനം വരെയുള്ള എല്ലാം കാര്യങ്ങളും കോർപ്പറേറ്റ് ഫാമിഗ് മുതലാളിമാർ തീരുമാനിക്കും. കർഷകർക്ക് ആവശ്യമുള്ള വിത്തും വളവും മറ്റ് സൗകര്യങ്ങളും ഇനി മുതൽ കുത്തക കമ്പനികൾ നൽകും. പകരം കർഷകരുടെ ഉൽപ്പന്നങ്ങൾ ഈ കരാർ കമ്പനികൾക്ക് നൽകണം.

കാർഷിക രംഗത്തെ ഉൽപ്പാദനവർദ്ധനവ് ലക്ഷ്യമിട്ട് പലതരം ഫാമിംഗ് രീതികൾ ലോകത്ത് പ്രയോഗത്തിലുണ്ട്. കോൺട്രാക്ട് ഫാമിംഗും അതിലൊന്നാണ്. വിവിധ ഫാമിംഗ് രീതികള്യം അവയുടെ ഗുണദോഷങ്ങളും ഈ കുറിപ്പിൽ വിശദീകരിക്കുക അസാദ്ധ്യമാണ്. കോൺട്രാക്ട് ഫാമിംഗ് ഇന്ത്യയിൽ ആദ്യമല്ല. ബ്രിട്ടീഷുകാരുടെ കാലത്ത് മുതൽ ഈ രീതി ഇവിടെ പ്രയോഗത്തിലുണ്ട്. ഇന്നും തുടരുന്നു. ചില കൃഷികളിൽ ഇത് കർഷകർക്ക് നേട്ടമായപ്പോൾ ഭൂരിപക്ഷം കൃഷിയിലും ഇത് കോട്ടങ്ങളാണ് സൃഷ്ടിച്ചത്. കാർഷിക മേഖലയെ അതിന്റെ എല്ലാം ധർമ്മങ്ങളിൽ നിന്നും വിടുതൽ നൽകി പൂർണ്ണമായി സ്വതന്ത്ര മുതലാളിത്ത വിപണി നിയമങ്ങൾക്ക് കീഴ്പ്പെടുത്തുന്നതാണ് പുത്തൻ കാർഷിക നിയമങ്ങളും അതിന്റെ ഭാഗമായ കോൺട്രാക്ട് ഫാമിഗും. ഇന്ത്യയിലെ ജനങ്ങൾക്ക് ആവശ്യമുള്ള അരിയും ഗോതമ്പിനെയും അപേക്ഷിച്ച് അന്താരാഷ്ട്ര മാർക്കറ്റിൽ ആപ്പിളിനാണ് മാർക്കറ്റെങ്കിൽ അരിയുടെയും ഗോതമ്പിന്റെയും പാടങ്ങൾ ആപ്പിൾ തോട്ടങ്ങളായി മാറ്റപ്പെടും. തക്കാളിക്ക്യം ഉരുളക്കിഴങ്ങിനുമാണ് ഡിമാൻ ന്റെങ്കിൽ കൃഷി അതിലേക്ക് മാറും. ഇത് വെറുതെ പറയുന്നതല്ല. 1990 കളിൽ പഞ്ചാബിൽ കോൺട്രാക്ട് ഫാമിംഗിന്റെ ഭാഗമായി പരീക്ഷിക്കപ്പെട്ട രീതിയാണിത്. പതിനായിരക്കണക്കിന് ഏക്കർ ഗോതമ്പ് പാടങ്ങളും നെൽപ്പാടങ്ങളും തക്കാളി, ഉരുളക്കിഴങ്ങ്, മുളക് എന്നിവയുടെ കൃഷിക്ക് വേണ്ടി പരിവർത്തനം ചെയ്യപ്പെട്ടു. ആദ്യ വർഷം കർഷകർക്ക് മെച്ചപ്പെട്ട വില ലഭിച്ചു. ഡിമാൻഡ് കുറഞ്ഞതോടെ കരാറുകാരായ പെപ്സി, പെപ്സിക്കോ കമ്പനികൾ ഉൽപ്പന്നങ്ങൾ വാങ്ങാതെയായി. തുടർന്ന് പെപ്സി അത് മറ്റൊരു അമേരിക്കൻ ബഹു

രാഷ്ട്ര കുത്തകയായ ഹിന്ദുസ്ഥാൻ ലിവറിന് കൈമാറി. കരാർ കമ്പനികൾ മൊത്ത ഉൽപ്പാദനത്തിന്റെ പകുതി പോലും വാങ്ങാതെയായി. തെരഞ്ഞെടുത്ത കർഷകരിൽ നിന്ന് മാത്രം ഉൽപ്പന്നങ്ങൾ വാങ്ങുന്നതിലേക്ക് കരാർ കമ്പനികൾ എത്തിച്ചേർന്നു. അവസാനം കർഷകർ മറ്റ് വിപണന സൗകര്യമില്ലാതെ നാമമാത്രമായ വിലക്ക് ഉൽപ്പന്നങ്ങൾ ഇവർക്ക് തന്നെ വിൽകേണ്ടി വന്നു . വഞ്ചിക്കപ്പെട്ട കർഷകർ വീണ്ടും ഗോതമ്പ് കൃഷിയിലേക്ക് മടങ്ങി. വിത്ത് മുതൽ വിപണി വരെ എന്നതാണ് കോൺട്രാക്ട് ഫാമിംഗ് കുത്തകകളുടെ വാഗ്ദാനം. അതായത് വിത്ത് മുതൽ വിപണി വരെ കർഷകർ കോർപ്പറേറ്റുകളാൽ കൊള്ളയടിക്കപ്പെടും. കരാർ കൃഷിയിൽ കരാർ കമ്പനികൾ നൽകുന്ന വിത്താണ് കൃഷി ചെയ്യേണ്ടത്. കാർഷിക മേഖലയിൽ വിത്തിന് വളരെയേറെ പ്രാധാന്യമുണ്ട്. ഒരു രാജ്യത്തിന്റെ സമ്പദ്ഘടനയെയും ആ രാജ്യത്തെ രാഷ്ട്രയെ വ്യവസ്ഥയെയും അട്ടിമറിക്കുന്നതിന് പോലും വിത്തിന് കഴിവുണ്ട് . ലോകത്ത് വിത്തുകളുടെ കുത്തകയുള്ളത് മൊൺസാന്റോ എന്ന ബഹുരാഷ്ട്ര കമ്പനിക്കാണ്. അതേ മൊൺസാന്റോയാണ് ഇന്ത്യയിലെ വിത്തുകളുടെ വിപണിയിൽ 80% നിയന്ത്രിക്കുന്നത്. നമ്മുടെ ഭൂമിയുടെ ജൈവ ഘടന തന്നെ മാറ്റിമറിച്ചെങ്കിൽ മാത്രമേ ഈ ബഹുരാഷ്ട്ര കുത്തക വിത്തുകൾ വളരുകയുള്ളൂ. പ്രതിവർഷം 150 ബില്യൻ കോടിയിലധികം രൂപയുടെ വിത്തുകളാണ് ഇന്ത്യയിൽ വിറ്റഴിക്കപ്പെടുന്നത്. കോൺട്രാക്ട് ഫാമിംഗിൽ കോർപ്പറേറ്റുകൾക്ക് ആവശ്യമുള്ള ഉൽപ്പന്നങ്ങുടെ കൃഷിയിലേക്ക് കർഷകരെ കൂട്ടി കൊണ്ടുപോയാൽ അത് സൃഷ്ടിക്കുന്ന സ്ഥിതി ഗുരുതരമായിരിക്കും. അതായത് കാർഷിക മേഖലയെ അതിന്റെ പ്രാഥമിക കർത്തവ്യമായ ഭക്ഷ്യോൽപ്പാദനത്തിൽ നിന്ന് വ്യതിചലിപ്പിച്ച് വിപണി സാദ്ധ്യതകൾക്ക് അനുസരിച്ച് ഉപയോഗിച്ചാൽ അതിരൂക്ഷമായ ഭക്ഷ്യധാന്യ കമ്മിയിലേക്ക് രാജ്യം നയിക്കപ്പെടും. കർഷക ആത്മഹത്യയുടെ അടിവേരുകൾ ഒളിച്ചിരിക്കുന്നത് മൊൺസാന്റോയിലാണന്നാണ് പരിസ്ഥിതി - ശാസ്ത്ര - സാങ്കേതിക ഗവേഷക സ്ഥാപനത്തിന്റെ സ്ഥാപക യായ വന്ദന ശിവ അഭിപ്രായപ്പെടുന്നത്. കൃഷിയിൽ ഉപയോഗിക്കുന്ന വിത്തുകൾ പ്രധാനമാണ്. കുത്തകകൾ വിത്തിന്റെ ഉടമസ്ഥാവകാശം നിയന്ത്രിക്കുന്നതിലൂടെ അവർ നമ്മുടെ ജീവിതത്തിന്റെയും നിയന്ത്രണം കൈവശപ്പെടുത്തുന്നു എന്നാണ് വന്ദന ശിവ മുന്നറിയിപ്പ് നൽകുന്നത്. ഭക്ഷ്യ വിളകളിൽ നിന്ന് കോർപ്പറേറ്റുകൾക്ക് ആവശ്യമുള്ള വാണിജ്യ വിളകളിലേക്ക് കൃഷി മാറിയാൽ ഭൂമിയുടെ ജൈവ ഘടനയിൽ അതുണ്ടാക്കുന്ന മാറ്റം മൂലം പിന്നീട് ഭക്ഷ്യവിളകളിലേക്ക് തിരിച്ചു പോകാൻ ബുദ്ധിമുട്ടാണ്. ഇത് അതിരൂക്ഷമായ ഭക്ഷ്യ കമ്മി സൃഷ്ടിക്കുകയും സാമൂഹ്യ അരക്ഷിതാവസ്ഥക്കും രാഷ്ട്രീയ അനിശ്ചിതത്വത്തിനും കാരണമാവുകയും ചെയ്യും. കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന IMF - WTO നയങ്ങൾ രാജ്യത്തെ പുത്തൻ കൊളോണിയൽ അടിമത്വത്തിലേക്കാണ് നയിക്കുന്നതെന്ന് ചൂണ്ടിക്കാട്ടി ബഹുരാഷ്ട്ര കുത്തകളുടെ വിത്തുൽപ്പാദന കേന്ദ്രങ്ങൾക്കെതിരെ 1980 കളിലും 90 കളിലും ശക്തമായ പ്രക്ഷോഭമാണ് പ്രൊഫസർ നഞ്ചുണ്ട സ്വാമിയുടെ നേതൃത്വത്തിൽ Karnataka Rajya Ryota Sangha (KRRS) നടത്തിയത്. Cargill's വിത്ത് കമ്പനി, KFC outlet, Monsanto യുടെ genetically modified crops seed കമ്പനി , Pepsi, McDonald's Coca-Cola എന്നീ ബഹുരാഷ്ട്ര ഭീമൻ മാരുടെ കാർഷിക മേഖലയിലെ ചൂഷണത്തിനെതിരെ ശക്തമായ കടന്നാക്രമണമായിരുന്നു നഞ്ചുണ്ട സ്വാമി നടത്തിയത്.

ബഹുരാഷ്ട്ര ഭീമൻ മാരുടെ വിത്തുകൾക്ക് പകരമായി 500-ൽ പരം വിളകൾക്കുള്ള വിത്തുകളുടെ സ്വദേശി ഉൽപ്പാദനത്തിനും സംഘടന നേതൃത്വം നൽകി. പെപ്സികോ കമ്പനി ഉരുളക്കിഴങ്ങ് കർഷകരെയും പെപ്സി കമ്പനി തക്കാളി കർഷകരെയും കാർഗിൽ കമ്പനി സൂര്യകാന്തി കർഷകരെയും മൊൺസാന്റോ പരുത്തി കർഷകരെയും കാഡ്ബറീസ് കേരളത്തിലടക്കമുള്ള കൊക്കൊ കർഷകരെയും വഞ്ചിച്ചത് വിത്ത് മുതൽ വിപണനം വരെയുള്ള കരാർ കൃഷിയിലെ തന്ത്രങ്ങളിലൂടെയായിരുന്നു. എന്നാൽ നഞ്ചുണ്ട സ്വാമി ചൂണ്ടി കാട്ടിയ വിഷയങ്ങൾ ഏറ്റെടുക്കാൻ ഇന്ത്യയിലെ ഇടത് കക്ഷികൾ ഉൾപ്പടെ ആരും തയ്യാറായില്ല എന്ന് മാത്രമല്ല ഇടത് പക്ഷവും സോഷ്യലിസ്റ്റ് എന്ന പേരിൽ വിളിക്കപ്പെടുന്ന പാർട്ടികളും അധികാരത്തിൽ വന്നപ്പോൾ ബഹുരാഷ്ട്ര ഭീമൻമാരുടെ വിത്തുകൾ യഥേഷ്ടം പ്രോൽസാഹിപ്പിച്ചു. 2011 ൽ സി.പി എം. പോളിറ്റ്ബ്യൂറോ അംഗം രാമചന്ദ്രൻ പിള്ള ജി.എം. വിത്തുകളെ പിന്തുണച്ചു കൊണ്ട് ലേഖനവും എഴുതി. ബഹുരാഷ്ട്ര കുത്തക ഉൽപ്പന്നമായ ജനിതകമാറ്റം വരുത്തിയ വിത്തുകൾ മണ്ണിനോ പ്രകൃതിക്കോ മനുഷ്യനോ ഇതര ജീവജാലങ്ങൾക്കോ ഒരു പ്രശ്നവും സൃഷ്ടിക്കില്ലന്നായിരുന്നു രാമചന്ദ്രൻ പിള്ളയുടെ അഥവാ സി.പി.എം. പോളിറ്റ് ബ്യൂറോയുടെ അഭിപ്രായം.

കോൺട്രാക്ട് ഫാമിംഗിൽ ഉപയോഗിക്കപ്പെടുന്ന വിത്ത് രാജ്യത്തിന്റെ സമ്പദ്ഘടനയെയും രാഷ്ട്രീയ സംവിധാനത്തെയും അട്ടിമറിക്കാൻ ശക്തിയുള്ളതും രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷക്ക് ഭീഷണി ഉയർത്തുന്നതും പട്ടിണി മരണങ്ങളുടെ പരമ്പര സൃഷ്ടിക്കാൻ കഴിവുള്ളതുമാണ്. അത് കൊണ്ടാണ് കാർഷിക ബില്ലിനെതിരായ കർഷക സമരത്തിൽ വിത്ത് വിപണി ഒരു പ്രധാന പ്രശ്നമാകുന്നത്. ചുരുക്കത്തിൽ ജനിതക മാറ്റം വരുത്തിയ ഹൈബ്രിഡ്"വിത്ത്" അത് അണുബോംബിനേക്കാൾ മാരകമായ ദൂഷിത ഫലങ്ങൾ പ്രകൃതിക്കും മനുഷ്യനും സൃഷ്ടിക്കുന്നതാണന്നതിൽ സംശയമില്ല.

# പുത്തൻ കാർഷിക നിയമങ്ങൾ

## ഭാഗം: 9

കോൺട്രാക്ട് ഫാമിംഗ് എന്നാൽ വിളവെടുപ്പിന് മുൻപ് ഉൽപ്പന്നത്തിന്റെ വില നിശ്ചയിച്ച് കൃഷി ചെയ്യുന്ന രീതിയാണ്. കരാർ സമയത്ത് തന്നെ വില നിശ്ചയിക്കുന്നതും വിളവെടുപ്പിന് ശേഷം വില നിശ്ചയിക്കുന്നതുമായ 2 വിധമുള്ള  കരാറുകളാണ് ഇന്ത്യയിൽ പ്രയോഗത്തിലുള്ളത്.  ഒന്ന് വിത്ത് മുതൽ വിപണനം വരെയുള്ള എല്ലാം കാര്യങ്ങളും പൂർണ്ണമായി കരാർ കമ്പനിയുടെ മേൽനോട്ടത്തിൽ നടത്തും. രണ്ടാമത്തെ രീതി അനുസരിച്ച് കൃഷിക്ക് ആവശ്യമായ "ഇൻപുട്ടുകൾ " നൽകില്ല. അതേസമയം ഒരു വിള പ്രത്യേക അളവിലും തൂക്കത്തിലും കമ്പനി നിർദ്ദേശിച്ചിട്ടുള്ള ഗുണമേന്മ പുലർത്തുന്നതാണങ്കിൽ നിശ്ചിത വിലക്ക് നിർണ്ണയിക്കപ്പെടുന്ന കാലയളവിനുള്ളിൽ നൽകിയാൽ വാങ്ങി കൊള്ളാം എന്നതാണ്. മുൻകൂട്ടി നിശ്ചയിക്കുന്ന വിലയുടെ അടിസ്ഥാനത്തിൽ നടത്തപ്പെടുന്ന കൃഷിയിൽ എങ്ങനെയാണ് കർഷകരുടെ ബാർഗയിനിംഗ് കപ്പാസിറ്റി വർദ്ധിക്കുന്നതെന്ന് എത്ര ആലോചിച്ചിട്ടും മനസ്സിലാകുന്നില്ല. ഒന്നിലധികം കമ്പനികൾ ഒരേ വിളകൾ വാങ്ങാൻ തയ്യാറായി വന്നാൽ തന്നെ അവിടെ മൊണോ സോണി പ്രതിഭാസം ആണ് ഉണ്ടാക്കുക. അപ്പോൾ അവിടെയും നേട്ടം കോർപ്പറേറ്റു കമ്പനികൾക്കായിരിക്കും.

ഉയർന്ന വിലക്ക് ഒന്നാം തരമെന്ന പേരിൽ കർഷകർക്ക്  നൽകുന്ന  വിത്തുകൾ ഉൽപ്പാദന ക്ഷമത ഉള്ളതായിരിക്കണമെന്നില്ല. നൽകിയ വിത്തുകൾക്ക് ഉൽപ്പാദന ക്ഷമത ഇല്ലാതെ വന്നതിനെ തുടർന്നാണ് സൂര്യകാന്തി കർഷകർ കാർഗിൽ കമ്പനിക്കെതിരെയും പരുത്തി കർഷകർ മൊൺസാന്റോ കമ്പനിക്കെതിരെയും അക്രമം നടത്തിയത്. സോസ് നിർമ്മിക്കുന്നതിനുള്ള തക്കാളി പ്രത്യേക ഇനമാണ്. അതിന് നിറമാണ്  പ്രധാനം. കമ്പനി നിഷ്കർഷിച്ച നിറമില്ലങ്കിൽ ഉൽപ്പന്നം കമ്പനി വാങ്ങില്ല. ചിപ്സ് ഉണ്ടാക്കാനുള്ള ഉരുളക്കിഴങ്ങ് പ്രത്യേക ഇനമാണ്. അതിനും നിറവും വലിപ്പവും ഗുണവും പ്രധാനമാണ്. ജ്യൂസ് നിർമ്മാണത്തിന് ആവശ്യമായ പൈനാപ്പിൾ, ഓറഞ്ച്, മുന്തിരി, മൊസബി, ആപ്പിൾ എല്ലാം പ്രത്യക ഇനത്തിൽ പെട്ടതാണ്. കരാർ കൃഷിയിൽ മുൻകൂട്ടി വില നിശ്ചയിക്കപ്പെട്ടിട്ടുണ്ടങ്കിലും ഗുണത്തിന്റെയും വലിപ്പത്തിന്റെയും നിറത്തിന്റെയും  കീട ബാധയുടെയും പേരിൽ കർഷകർ കൊള്ളയടിക്കപ്പെടുന്നു എന്നതാണ് നാളിതു വരെയുള്ള അനുഭവം. പ്രത്യേക ആവശ്യത്തിന് വേണ്ടി കൃഷി ചെയ്യുന്ന ഉൽപ്പന്നങ്ങളല്ല സാധാരണ മാർക്കറ്റിൽ വിറ്റഴിക്കപ്പെടുന്നത്. അവിടെ വിലക്കുറവുള്ള ഇടത്തരവും മൂന്നാം തരവുമായ ഉൽപ്പന്നങ്ങൾക്കാണ് ആവശ്യക്കാർ. ചുരുക്കത്തിൽ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉയർന്ന ഉൽപ്പാദന ചിലവുള്ള മേൽത്തരം വിളകൾ കരാർ കമ്പനി നിസ്സാര കാര്യങ്ങൾ ചൂണ്ടിക്കാട്ടി വാങ്ങുന്നതിൽ നിന്ന് പിന്മാറിയാൽ മൂന്നാം തരത്തിന്റെ വിലക്ക് കർഷകർ മേൽത്തരം ഉൽപ്പന്നങ്ങൾ വിറ്റഴിക്കേണ്ടി വരും. അതിനു പോലും സാദ്ധ്യത വിരളമായിരിക്കും. അവസാനം കരാർ കമ്പനി നിശ്ചയിക്കുന്ന വിലക്ക് അവർക്ക് തന്നെ കർഷകർ ഇത് താഴ്ന്ന വിലയിൽ വിൽക്കേണ്ടിവരും. എല്ലാം കരാറുകൾക്കും ബാധകമാവുക 1872 ലെ ഇന്ത്യൻ കോൺട്രാക്ട് ആക്ടാണ്. അതനുസരിച്ച് കരാർ ലംഘനമുണ്ടായാൽ സിവിൽ കോടതി മുഖാന്തരം പരിഹാരം തേടാം. എന്നാൽ കരാർ കൃഷിയിൽ ഇത് ബാധകമല്ല. ഇവിടെ കരാർ ലംഘനമുണ്ടായാൽ ബാധകമാകുക ഇന്ത്യൻ കോൺട്രാക്ട് ഫാമിംഗ് ആക്ടാണ്. ഇത് പ്രകാരം തർക്കമുണ്ടായാൽ കരാർ കക്ഷികളും ഉദ്യോഗസ്ഥരുമടങ്ങുന്ന ഒരു ട്രൈബ്യൂണലാണ് തർക്കം പരിഗണിക്കുക. 30 ദിവസം സമയമുണ്ട്. അവിടെ പരിഹരിക്കപ്പെട്ടില്ലെങ്കിൽ RDO മുൻപാകെയും അവിടെയും പരിഹരിക്കപ്പെട്ടില്ലങ്കിൽ ജില്ലാ കളക്ടർ മുൻപാകെയും പരിഹരിക്കാം. ജില്ലാം കളക്ടറുടെ തീരുമാനം അന്തിമമായിരിക്കും. അതായത് തർക്കത്തിന് അനുകൂലമായാലും പ്രതികൂലമായാലും 90 ദിവസത്തിനുള്ളിൽ ഉദ്യോഗസ്ഥ തലത്തിൽ പരിഹാരം. ഒരേക്കറിൽ താഴെയുള്ള കർഷകരും അദാനിയും തമ്മിലുള്ള തർക്കത്തിൽ ഉദ്യോഗസ്ഥ തല പരിഹാരം ദരിദ്ര കർഷകന് അനുകൂലമായിരിക്കുമെന്ന് അരിയാഹാരം കഴിക്കുന്ന ആർക്കും സങ്കൽപ്പിക്കാൻ പോലും കഴിയില്ല. ഈ തർക്ക പരിഹാര സംവിധാനം കോർപ്പറേറ്റുകളുടെ രക്ഷക്ക് മാത്രമുള്ളതാണ്.

APMC യുടെ അധികാരങ്ങൾ പുതിയ കാർഷിക നിയമ പ്രകാരം ദുർബലമായി.. കരാർ കൃഷിയിലേർപ്പെടുന്ന കമ്പനികളും കർഷകരും APMC യിൽ രജിസ്റ്റർ ചെയ്യണമെന്നായിരുന്നു നിയമം. ഇതിന് രജിസ്ട്രേഷൻ ഫീസും നികുതിയും നൽകണം. കരാർ കൃഷിയിലെ തർക്കങ്ങൾ APMC മുഖേന പരിഹരിക്കാൻ നിയമപരമായ ബാദ്ധ്യത APMC  നിയമത്തിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ പുതിയ നിയമ പ്രകാരം കരാർ കൃഷിയിലേർപ്പെടുന്നവർ APMC യിൽ രജിസ്ട്രർ ചെയ്യേണ്ടതില്ല. അവർ ഏർപ്പെടുന്ന കരാർ കൃഷിയിലും വിപണനത്തിലും നികുതി നൽകേണ്ടതില്ല. APMC യിൽ നികുതിയും രജിസ്ട്രേഷൻ ഫീസും പ്രോസസിംഗ് ഫീസും മണ്ഡി കമ്മീഷനും കഴിച്ചുള്ള തുകയാണ് കർഷകന് ലഭിക്കുക. അതേ സമയം ഈ വ്യവസ്ഥകളൊന്നും ബാധകമല്ലാത്ത കരാർ കൃഷിയിൽ ഏർപ്പെടുന്നവർക്ക് APMC നൽകുന്ന വിലയേക്കാൾ മെച്ചപ്പെട്ട വില നൽകാനാകും. ഇത് സ്വാഭാവികമായും APMC യുടെ അടച്ചു പൂട്ടലിന് വഴി തെളിക്കും. APMC നില നിൽക്കുന്നിടത്തോളം കാലമേ താങ്ങുവില നില നിൽക്കുകയുള്ളു.  APMC ൽ താങ്ങുവില പ്രകാരം സംഭരിക്കപ്പെടുന്ന അരിയും ഗോതമ്പുമാണ് FCI ൽ എത്തുന്നത്. അതാണ് ദരിദ്ര ജനകോടികൾക്ക് റേഷൻ ഷോപ്പുകൾ വഴി വിതരണം ചെയ്യുന്നത്. ഈ ശ്യംഘല പൊട്ടിയാൽ പട്ടിണി മരണങ്ങളുടെ പരമ്പരയാകും സൃഷ്ടിക്കപ്പെടുക. സ്വതന്ത്ര കമ്പോളത്തിൽ നിന്ന് ഭക്ഷ്യധാന്യങ്ങൾ FCI യിലേക്ക് ശേഖരിക്കുമെന്ന് ഈ നിയമത്തിൽ പറയുന്നില്ല. അത് അസാദ്ധ്യവുമാണ്. കാരണം അവർ വില കൊടുത്ത് സംഭരിക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അവകാശം അവർക്ക് മാത്രമാണല്ലോ. ഇവിടെയാണ് ശാന്തകുമാർ കമ്മീഷൻ റിപ്പോർട്ട് പ്രസക്തമാകുന്നത്. എല്ലാം സബ്സിഡികളും സൗജന്യങ്ങളും നിർത്തലാക്കണമെന്ന IMF - WB - WTO നിർദ്ദേശം നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടെയാണ്  ശാന്തകുമാർ കമ്മീഷൻ നിയോഗിക്കപ്പെട്ടത് . ആ കമ്മീഷൻ പറഞ്ഞത് റേഷൻ 40 % ജനങ്ങളിലേക്ക് പരിമിതപ്പെടുത്തണമെന്നാണ്. എല്ലാവർക്കും ലഭിച്ചു കൊണ്ടിരുന്ന റേഷൻ ഇന്ന് 80 % ജനങ്ങളിലേക്ക് ചുരുങ്ങി. ലോകാരോഗ്യ സംഘടനയുടെ കണക്ക് പ്രകാരം ജീവൻ നിലനിർത്തുന്നതിനാവശ്യമായ അളവിലുള്ള ഭക്ഷ്യ വസ്തുക്കൾ  ഇന്ന് വിതരണം ചെയ്യുന്നില്ല. വളരെ പെട്ടന്ന് 40%  ആയി ചുരുക്കിയാൽ ഉണ്ടാകാവുന്ന പ്രതിഷേധം കണക്കിലെടുത്താണ് നാല് കളറുകളായി തിരിച്ച് വ്യത്യസ്ഥ അളവുകളിലേക്ക് റേഷൻ പരിമിതപ്പെടുത്തിയത്. തുടർന്ന് സബ്സിഡി DBT ( direct benefit trasfer) യിലേക്ക് മാറ്റാനുള്ള ശ്രമം എതിർപ്പിനെ തുടർന്ന് താൽക്കാലികമായി നിർത്തി വച്ചിരിക്കയാണ്. DBT യിലേക്ക് മാറിയ പാചക ഗ്യാസിന്റെ സബ്സിഡിയുടെ കാര്യം ഇന്ന് നമുക്കറിയാം. ഇത് തന്നെയാകും റേഷൻ സബ് സിഡിയിലും നമ്മെ കാത്തിരിക്കുന്നത്. താങ്ങുവില നിലനിർത്തി കരാർ കൃഷി അസാദ്ധ്യമാണ്. കാരണം സ്വതന്ത കമ്പോള വ്യവസ്ഥയിൽ താങ്ങുവിലയിൽ താഴെയുള്ള വിലക്ക് കരാർ അസാദ്ധ്യമാണല്ലോം . അതുപോലെ സബ്സിഡി നിലനിർത്തി സ്വതന്ത്ര വിപണനവും അസാദ്ധ്യമാണ്. അതായത് താങ്ങുവിലയും സബ്സിഡിയും അന്താരാഷ്ട്ര വ്യാപാര നിയമങ്ങളുടെ ലംഘനമാണ്. വിപണിയിൽ നിന്ന് ലാഭം മാത്രം പ്രതീക്ഷിച്ചാണ് കോർപ്പറേറ്റുകൾ ഉൽപ്പന്നങ്ങൾ ശേഖരിക്കുന്നത് . അവരുടെ ആധ്യനിക യന്ത്രവൽകൃത സംഭരണ ശാലകളിൽ ദീർഘകാലം ഭക്ഷ്യധാന്യങ്ങൾ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയും - FCI യുടെ സാദാ സംഭരണശാല കളുടെ സ്ഥാനത്ത് സ്റ്റീൽ ടാങ്കറുകളാണ് അവർ ഒരുക്കിയിട്ടുള്ളത്. പുത്തൻ കാർഷിക നിയമം നടപ്പിലാക്കുന്നതിന് മുൻപ് നിലവിലുണ്ടായിരുന്ന അവശ്യ സർവ്വീസ് നിയമപ്രകാരം ഭക്ഷ്യധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ, പാചക എണ്ണ, പഞ്ചസാര തുടങ്ങിയ വസ്തുക്കൾ നിശ്ചിത അളവിൽ കൂടുതൽ സംഭരിക്കുന്നതോ പൂഴ്ത്തി വയ്ക്കുന്നതോ അമിത വിലക്ക് വിപണനം നടത്തുന്ന തോ ഗുരൃതരമായ കുറ്റമായിരുന്നു. എന്നാൽ പുതിയ കാർഷിക നിയമത്തിന്റെ ഭാഗമായി ഈ ഉൽപ്പന്നങ്ങൾ ആവശ്യ സർവ്വീസ് നിയമത്തിന്റെ പരിധിയിൽ നിന്ന് എടുത്ത് മാറ്റി. ഇതോടെ ഭക്ഷ്യ ധാന്യങ്ങൾ ഏത് അളവിലും തങ്ങളുടെ കസ്റ്റഡിയിൽ സൂക്ഷിക്കുന്നതിനും അത് വഴി കൃത്രിമ ക്ഷാമം സൃഷ്ടിച്ച് കൊള്ള വിലക്ക് വിറ്റഴിക്കുന്നതിനുമുള്ള അവസരമാണ് കോർപ്പറേറ്റുകൾക്ക് കൈവന്നിരിക്കുന്നത്. അത് കൊണ്ടാണ് ഇത് കർഷകരുടെ മാത്രം സമരമല്ല രാജ്യത്തെ ദരിദ്ര ജനകോടികളുടെ അതിജീവന പോരാട്ടമാണന്ന് വിശേഷിക്കപ്പെടുന്നത്. ഏത് പാർട്ടിയിൽ വിശ്വസിക്കുന്നവരും ഈ സമരത്തെ പിന്തുണച്ചില്ലങ്കിൽ അത് നാം നമ്മുടെ കുഞ്ഞുങ്ങളോട് വരും തലമുറയോട്

ചെയ്യുന്ന കൊടും അപരാധമാകും. ഈ കൊടും തണുപ്പിൽ നമുക്ക് വേണ്ടി പോരാടിയ ധീരരായ കർഷക പോരാളികളിൽ 31 പേർ രക്തസാക്ഷികളായി. അവരുടെ പോരാട്ടം കാർഷിക മേഖലയിലെ പുത്തൻ കൊളാണിയൽ അധിനിവേശത്തിനെതിരാണ്. രക്തസാക്ഷികൾ രക്തസാക്ഷികളായി മാറുന്നത് അവർ മറ്റുള്ളവർക്ക് വേണ്ടി ജീവൻ ബലിയർപ്പിക്കപ്പെടുമ്പോഴാണ് . നമുക്ക് വേണ്ടി പൊരുതി മരിച്ച ആ ധീര രക്തസാക്ഷികളുടെ സ്മരണക്ക് മുൻപിൽ ആദര പൂർവ്വം ശ്രദ്ധാഞ്ജലി അർപ്പിക്കുന്നു.

## ഭാഗം 10 :

**ഒരൊറ്റ ലോകം; ഒരൊറ്റ വിപണി.
ഒരൊറ്റ രാജ്യം ഒരൊറ്റ വിപണി ആ മുദ്രാവാക്യം കപടമാണ്.
ഇതാണ് സാമ്രാജ്യത്വ ഹിഡൻ അജണ്ട മുദ്രാവാക്യം WTO യുടെ മുദ്രാവാക്യമാണിത്**

കാർഷിക മേഖലയിലടക്കം സമസ്ത മേഖലകളിലും 2014 വരെ പദ്ധതികൾ ആസൂത്രണം ചെയ്തിരുന്നത് ആസൂത്രണ കമ്മീഷനായിരുന്നു.

ആസൂത്രണം ചെയ്യുന്ന പദ്ധതികൾ പഞ്ചവൽസര പദ്ധതികൾ മുഖേന നടപ്പിലാക്കിയിരുന്നു. ഓരോ മേഖലയുടെയും വിദഗ്ധരും സംസ്ഥാനതല ആസൂത്രണ കമ്മീഷനും അടങ്ങിയ വിശാലമായ ഒരു ബോഡിയായിരുന്നു നയപരമായ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നത്. സംസ്ഥാനങ്ങളിൽ നടപ്പിലാക്കേണ്ട പദ്ധതികൾ പോലും സംസ്ഥാന സർക്കാരുമായുള്ള വിശദമായ ചർച്ചക്ക് ശേഷം നടപ്പിലാക്കാനുള്ള അനുമതി നൽകിയിരുന്നത് കേന്ദ ആസൂത്രണ കമ്മീഷനായിരുന്നു. എന്നാൽ 2015 ജനുവരി ഒന്നിന് ആസൂത്രണ കമ്മീഷനെ പിരിച്ച് വിട്ട് നീതി ആയോഗ് സ്ഥാപിച്ചു. ആസൂത്രണ കമ്മീഷനിൽ നിന്നും നീതി ആ യോഗിലേക്കുള്ള മാറ്റത്തിന്റെ രാഷ്ട്രീയ കാരണങ്ങൾ ഇവിടെ ചർച്ച ചെയ്യുന്നില്ല. എന്നാൽ അതിന് സർക്കാർ നമ്മോട് പറഞ്ഞ ന്യായീകരണ വാദങ്ങൾ നാം അറിയേണ്ടതുണ്ട്. അത് എന്താണന്നറിയാൻ നിങ്ങൾ WTO യുടെയും Niti Ayog ന്റെയും വെബ് സൈറ്റുകളുടെ ആമുഖം പരിശോധിച്ചാൽ മതി. രണ്ടിലും പറയുന്നത് ഒരേ കാരണങ്ങൾ ; രണ്ടിനും ഒരേ ലക്ഷ്യം. സർക്കാർ ഫയലുകൾ ചുവപ്പ് നാടയിൽ കുരുങ്ങി മുരടിക്കുന്നു. ഈ മുരടിപ്പ് നീക്കം ചെയ്ത് അതിവേഗം ലക്ഷ്യം സാക്ഷാൽക്കരിക്കാൻ ജനാധിപത്യ മാർഗ്ഗങ്ങൾക്ക് കഴിയില്ല. ജനാധിപത്യത്തിൽ സംവാദത്തിലൂടെ ശരി തെറ്റുകൾ മനസ്സിലാക്കി നടത്തുന്ന ആസൂത്രണത്തിന് ഭരണാധികാരികൾ ഉദ്ദേശിക്കുന്ന ലക്ഷ്യം കൈവരിക്കാൻ കഴിയില്ല. പലപ്പോഴും സംസ്ഥാനങ്ങൾക്ക് ഹിതകരമല്ലാത്ത തീരുമാനങ്ങൾ എടുക്കേണ്ടിവരും . ആസൂത്രണ കമ്മീഷനാകുമ്പോൾ സംസ്ഥാനങ്ങളുടെ വിയോജിപ്പ് അംഗീകരിക്കേണ്ടി വരും. ഇവിടെയാണ് നീതി ആ യോഗിന്റെ ഘടന ജനാധിപത്യ വിരുദ്ധമാകുന്നത്. ഘടനാപരമായ ഈ മാറ്റം ജനാധിപത്യ വിരുദ്ധമാണന്ന് മാത്രമല്ല, അത് രാജ്യത്തിന്റെ ഫെഡറൽ സ്വഭാവത്തിന് കത്തി വെക്കുന്നതുമാണ്. വ്യത്യസ്ത സംസ്കാരങ്ങൾ, ഭാഷകൾ, മതങ്ങൾ , ജാതികൾ , ആചാരങ്ങൾ, ഭക്ഷണ രീതികൾ എല്ലാം അടങ്ങിയ രാജ്യത്തിന്റെ ആസൂത്രണത്തിലും ഇതൊക്കെ പരിഗണിക്കപ്പെടണം. എന്നാൽ നമ്മുടെ ബഹുസ്വരതയുടെ ഈ സവിശേഷതകളൊക്കെ കൈയ്യൊഴിഞ്ഞ് Think Tanks എന്ന പേരിലറിയപ്പെടുന്നവരും പ്രൊഫഷണൽസ് എന്ന് വിശേഷിക്കപ്പെടുന്നവരുമായ മണ്ണിന്റെയും സംസ്കാരത്തിന്റെയും ഗന്ധമറിയാത്ത ഒരുപറ്റം ബ്യൂറോക്രാറ്റുകളെ കുത്തി നിറച്ച് രൂപപ്പെടുത്തിയിരിക്കുന്ന നീതി ആയോഗിന് ഒരൊറ്റ വിപണിക്ക് ആവശ്യമായ ഘടനാപരമായ ക്രമീകരണം നിർദ്ദേശിക്കാം. ഇന്ത്യയിൽ വിവാദമായി തീർന്നിരിക്കുന്ന ഈ പുതിയ മൂന്ന് കാർഷിക ബില്ലുകളും തയ്യാറാക്കി നടപ്പിലാക്കാൻ ശുപാർശ ചെയ്ത് സർക്കാരിന് മുൻപാകെ സമർപ്പിച്ചത് നീതി ആയോഗാണ്. അത് നമ്മുടെ ബഹുസ്വരതക്ക് മാത്രമല്ല, പഞ്ചാബിലടക്കം രാജ്യത്തിന്റെ വ്യത്യസ്ത സംസ്കാരങ്ങൾ പിൻതുടരുന്നതും ജീവിത രീതിയായി മാറിയതുമായ കാർഷിക സംസ്കാരത്തിന് വെല്ലുവിളിയാണിത്.

ഇന്ത്യൻ ഭരണഘടന പ്രകാരം കൃഷി സംസ്ഥാന വിഷയമാണ്. ഭക്ഷ്യധാന്യങ്ങളുടെ ഉല്പാദനം, സംഭരണം, വിപണി, വിതരണം എന്നിവ കൺകറന്റ് ലിസ്റ്റിലാണ്. പുതിയ നിയമത്തോടെ കേന്ദ്രത്തിലേക്ക് കൂടുതൽ അധികാരം കേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു . ബഹുസ്വരതക്കും ഫെഡറലിസത്തിനും വിരുദ്ധമായ ഈ കാർഷക വിരുദ്ധ നിയമം കൊണ്ടുവരാൻ സർക്കാരിനെ നിർബന്ധിച്ചത് 2017 ൽ മോദി സർക്കാർ ഒപ്പുവച്ച ലോക വ്യാപാര സംഘടനയുടെ Trade facilitatation aggrement (TFA) ആണ്. രാജ്യത്തിന്റെ പരമാധികാരം അന്താരാഷ്ട ധനകാര്യ സ്ഥാപനങ്ങൾക്കും അന്താരാഷ്ട വ്യാപാര സംഘടനക്കും പണയപ്പെടുത്തിയതിന്റെ ഭാഗമാണ് രാജ്യ വിരുദ്ധമായ ഈ നിയമങ്ങൾ. ഒരൊറ്റ രാജ്യം ഒരൊറ്റ വിപണി ഇന്ത്യയിലെ കർഷകരുടെയൊ വിശാല ജനവിഭാഗങ്ങളുടെയൊ സ്വപ്നമോ ആവശ്യമോ അല്ല. ഒരൊറ്റ വിപണി WTO നിബന്ധനയാണ്. ഒരു ലോകം - ഒരൊറ്റ വിപണി - ഒരൊറ്റ വില ഇതാണ് ആ ഫെസിലിറ്റേഷൻ എഗ്രിമെന്റ്. 2020 ഒക്ടോബറിന് മുൻപ് അംഗരാജ്യങ്ങൾ ഇത് നടപ്പിലാക്കണം. അത് നടപ്പിലാക്കണമെങ്കിൽ രാജ്യത്തിന്റെ വിപണിയെ സംരക്ഷിക്കുന്ന എല്ലാം നിയമങ്ങളും ദുർബലപ്പെടുത്തണം. ആർക്കും ഇന്ത്യയിലേക്ക് കടന്ന് വരാം. എന്തും കൃഷി ചെയ്യാം. എന്തും വിപണനം ചെയ്യാം. അതിന് തടസ്സമായി നിലനിൽക്കുന്ന നിയമങ്ങൾ അംഗരാജ്യങ്ങൾ ദേദഗതി ചെയ്യണം. കയറ്റിറക്കുമതി നിയമങ്ങൾ, വ്യാപാര നിയമങ്ങൾ, പരിസ്ഥിതി നിയമങ്ങൾ, സബ്സിഡി നിബന്ധനകൾ, വില നിയന്ത്രണ നിയമങ്ങൾ, ഉൽപ്പാദന - സംഭരണ - വിപണന - വിതരണ നിയമങ്ങൾ, നികുതി നിയമങ്ങൾ എല്ലാം ഭേദഗതി ചെയ്യണം. അങ്ങനെ ആയാൽ ലോകം ഒരൊറ്റ വിപണിക്ക് കീഴിൽ വരും. അതാണ് ജി.എസ്സ്.റ്റി കടന്ന് വന്ന വഴി . ഒരൊറ്റ ലോകം ഒരൊറ്റ വിപണിക്ക്, ഒരൊറ്റ രാജ്യം ഒരൊറ്റ നികുതി വ്യവസ്ഥ അനിവാര്യമാണ്. അമേരിക്കൻ വിപണിയിൽ ഒരു കിലോ അരിക്കോ ഗോതമ്പിനോ നൽകേണ്ടി വരുന്ന അതേ വിലക്ക് അട്ടപ്പാടിയിലെ ആദിവാസി സമൂഹത്തിനും അട്ടപ്പാടിയിലെ പൊതു വിപണിയിൽ നിന്നും അതേ ഉൽപ്പന്നം വാങ്ങാം. ഇതല്ലേ സോഷ്യലിസം. ഒരൊറ്റ ലോകം ഒരൊറ്റ വിപണി എന്ന ആഗോള സാമ്രാജ്യത്വ സ്വപ്ന പദ്ധതിയാണ് WTO യിലൂടെ പുറത്ത് വന്നത്. അതിന് തടസ്സമായി നിൽക്കുന്ന നിയമങ്ങൾ അംഗരാജ്യങ്ങൾ റദ്ദ് ചെയ്യണം. വിപണിക്ക് വേഗത കൂട്ടണം. WTO യുടെ ആമുഖത്തിൽ പറഞ്ഞിരിക്കുന്ന ഇതേ വാക്യങ്ങളാണ് നീതി ആ യോഗിന്റെ ആമുഖത്തിലുമുള്ളത്. ഫെഡറൽ നിയമങ്ങൾ ഇല്ലാതാകണം. ഒരൊറ്റ വിപണിക്ക് തടസ്സം ഭരണ ഘടനയുടെ ഫെഡറൽ സ്വഭാവമാണ് .അത് തിരുത്തിയേ മതിയാകൂ. അത് തിരുത്താം എന്ന ഉറപ്പാണ് അമേരിക്ക അടക്കമുള്ള വികസിത രാജ്യങ്ങളുടെ വ്യാപാര താൽപ്പര്യങ്ങൾ നടപ്പിലാക്കാൻ ഉത്തര വാദ പ്പെട്ട സംഘടനയായ WTO മുൻപാകെ മോദി സർക്കാർ ഒപ്പിട്ട് നൽകിയത്. അവരുടെ ഉപരോധ ഭീഷണിക്ക് വഴങ്ങിയാണ് മോദി സർക്കാർ അതിൽ ഒപ്പ് വച്ചത്. നീണ്ട 19 വർഷത്തെ ചർച്ചകൾക്ക് ശേഷമാണ് അങ്ങേയറ്റം രാജ്യ വിരുദ്ധമായ ഈ കരാറിൽ ഇന്ത്യ ഒപ്പുവച്ചത്.

ഇത് രാജ്യത്തിന്റെ പരമാധികാരത്തി നേരെയുള്ള വെല്ലുവിളിയാണ്. പുതിയ നിയമം റദ്ദ് ചെയ്യണമെങ്കിൽ ലോക വ്യാപാര സംഘടനയിൽ നിന്ന് നാം പുറത്ത് വരണം. അങ്ങനെ ഒരു സന്നിഗ്ദ്ധ സാഹചര്യമാണ് സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്. ഇത് കർഷകരോ രാജത്തെ ബഹുജനങ്ങളോ സൃഷ്ടിച്ചതല്ല. ദേശ വിരുദ്ധരായ ഭരണാധികാരികളുടെ സൃഷ്ടിയാണിത്. ഇത് തിരുത്തിയേ മതിയാകൂ. അത് രാജ്യത്തിന്റെയും ജനങ്ങളുടെയും നില നിൽപ്പിന് അനിവാര്യമാണ്. കർഷകർ ഇന്ന് നടത്തുന്ന പോരാട്ടം ബഹുരാഷ്ട കുത്തകളുടെ അധിനിവേശത്തിനെതിരാണ്. സാമ്രാജ്യത്വത്തിന്റെ പുത്തൻ കൊളാണിയൽ കൊള്ളക്കെതിരാണ്. രാജ്യ സ്നേഹികൾ കർഷകർക്കൊപ്പം അണി ചേർന്നേ മതിയാകൂ.

ദേശീയതയും രാജ്യ സ്നേഹവും എന്താണന്ന് തിരിച്ചറിയേണ്ട സാഹചര്യമാണിത്. സ്വാതന്ത്ര്യ സമര കാലത്ത് നോക്കുകുത്തികളായിരുന്നവർക്ക് എന്ത് രാജ്യസ്നേഹം . ഭീമനും ദുര്യോധനനുമായുള്ള യുദ്ധത്തിൽ എത്ര ശ്രമിച്ചിട്ടും ഭീമന് ദുര്യോധനനെ വധിക്കാൻ കഴിഞ്ഞില്ല.

ദുര്യോധനൻ തന്റെ ജീവൻ ഒളിപ്പിച്ച് വച്ചിരുന്നത് തന്റെ തുടയിലായിരുന്നു എന്നാണ് വ്യാസ മതം. അതറിയാവുന്ന കൃഷ്ണൻ ഭീമന് ആ രഹസ്യം പറഞ്ഞ് കൊടുക്കുകയും അത് പ്രകാരം ഭീമൻ ദുര്യാധനന്റെ തുടയിൽ ഗദാ പ്രഹരം നടത്തി ദുര്യോധനനെ വധിച്ചു എന്നുമാണ് മഹാഭാരത സാഹിത്യ വർണ്ണന . രാജ്യ വിരുദ്ധമായ ഈ കരാറുകളുടെയും നിയമങ്ങളുടെയും മർമ്മം മനസ്സിലാക്കിയുള്ള പ്രഹരം നൽകാൻ നമുക്ക് കഴിയുന്നില്ല. എന്നാൽ കർഷകർക്ക് അതിന് കഴിയുന്നുണ്ട്. അംബാനി - അദാനി - പതഞ്ജലി സംരംഭങ്ങൾക്കെതിരായ കർഷകരുടെ പോരാട്ടം ഇതാണ് തെളിയിക്കുന്നത്. മറ്റാർക്കുമില്ലത്ത ജാഗ്രതയും കരുതലും ദീർഘ വീക്ഷണമാണ് രാജ്യത്തിന്റെ ഭാവിയെ സംബന്ധിച്ച് കർഷകർ പുലർത്തുന്നത്.




# തദ്ദേശ തെരഞ്ഞെടുപ്പു വിജയം സംസ്ഥാന ഭരണത്തുടര്ച്ചക്കുള്ള ചവിട്ടു പടിയാക്കുന്ന സിപിഎം

പി ജെ ജെയിംസ്

അഞ്ചു വര്ഷം കൂടുമ്പോൾ, യുഡിഎഫ്, എൽഡിഎഫ് മുന്നണികൾ മാറി മാറി ഭരണത്തിൽ വരുന്നതാണ് കേരളത്തിന്റെ സവിശേഷത. എന്നാൽ, കോർപ്പറേറ്റ് - കാവി ഫാസിസ്റ്റ് മോദി ഭരണം സംജാതമാക്കിയിട്ടുള്ള രാഷ്ട്രീയ സാഹചര്യത്തിൽ, ഇത്തവണ തദ്ദേശ തെരഞ്ഞെടുപ്പിലുണ്ടായ അപ്രതീക്ഷിത വിജയം ചവിട്ടുപടിയാക്കി ആസന്നമായിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പില് അധികാരത്തുടര്ച്ച ഉറപ്പാക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളിലാണ് സിപിഎം ഏര്പ്പെട്ടിരിക്കുന്നത്. കേരള ചരിത്രത്തിലെ ഒരു സര്ക്കാരും അഭിമുഖീകരിച്ചിട്ടില്ലാത്ത വിധം ഗുരുതരമായ ആരോപണങ്ങള്ക്ക് വിധേയമായിട്ടും, തദ്ദേശ തെരഞ്ഞെടുപ്പില് യുഡിഎഫിനെ പിന്തള്ളി നേട്ടംകൊയ്യാന് എല്ഡിഎഫിന് കഴിഞ്ഞത് തീര്ച്ചയായും അവഗണിച്ചു തള്ളാവുന്നതല്ല. ആഗോള കോര്പ്പറേറ്റുകളേയും അവരുടെ ഇടനിലക്കാരും ബിനാമികളുമായ ബഹുരാഷ്ട്ര - കണ്സള്ട്ടന്സികളേയും സംസ്ഥാനത്ത് കയറൂരിവിട്ട് ‘നവകേരള’ ത്തിന്റെ ആദ്യഘട്ടം പിന്നിട്ടുവെന്നാണ് സർക്കാരും സിപിഎം ഉം അവകാശപ്പെടുന്നത്. അതിന്റെ ഭാഗമായി പ്രഖ്യാപിക്കപ്പെട്ട 600 പരിപാടികളില് 570-ഉം പൂര്ത്തിയാക്കിയെന്നുമാണ് തദ്ദേശ തെരഞ്ഞെടുപ്പു വിജയത്തെ തുടർന്ന് സംഘടിപ്പിച്ച ‘കേരള പര്യടന’ പരിപാടിക്കിടെ മുഖ്യമന്ത്രി പിണറായി വിജയൻ ഊന്നിപ്പറഞ്ഞിട്ടുള്ളത്.

അതിന്റെ ഭാഗമായി തുറമുഖങ്ങള്, വിമാനത്താവളം, നാഷണല് ഹൈവേ, ഗെയ്ൽ പദ്ധതി, ഗതാഗതം, ഊർജ്ജം, വിദ്യാഭ്യാസം, തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം വന്കിട കോര്പ്പറേറ്റുകളില് നിക്ഷിപ്തമാകുകയും മര്ദ്ദിതരായ ദളിത്-ആദിവാസി ജനവിഭാഗങ്ങൾ, ഭൂരഹിതരും പാര്പ്പിടരഹിതരുമായ പാര്ശ്വവല്കൃതർ, അസംഘടിത തൊഴിലാളികൾ തുടങ്ങിയവർ കൂടുതല് കൂടുതലായി അന്യവത്ക്കരിക്കപ്പെടുന്ന വിഷയങ്ങൾ തമസ്കരിക്കുകയും ചെയ്തിരിക്കുന്നു.

പരക്കെ അറിവുള്ളതുപോലെ, കേന്ദ്രത്തില് മോദി സര്ക്കാര് മുന്നോട്ടുവെക്കുന്ന തീവ്ര വലതു നയങ്ങള് മാതൃകാപരമായി കേരളത്തില് നടപ്പാക്കുന്നതിന് പിണറായി സര്ക്കാരിന് കേന്ദ്രത്തിൽ നിന്നും സംഘി നേതാക്കളുടെ പ്രശംസ ഇടവിട്ട് ലഭിക്കുന്നുണ്ട്. തുറമുഖം, വിമാനത്താവളം, ഊർജ്ജം ഉൾപ്പടെയുള്ള അടിസ്ഥാന സൗകര്യ പദ്ധതികളുടെ കാര്യത്തിൽ, മോദിയുടെ ഉറ്റ തോഴനായ അദാനിക്കും അംബാനിക്കും പിണറായി ഭരണം അക്ഷരാർത്ഥത്തിൽ ചുവപ്പുപരവതാനി തന്നെ വിരിച്ചിരിക്കുന്നു. ഇതുമായി ബന്ധപ്പെട്ട കോർപ്പറേറ്റ് മോഡൽ ‘വികസന’ ത്തിന്റെ അകമ്പടിയോടെയും വമ്പിച്ച പ്രചരണ ഘോഷങ്ങളോടെയും ക്ഷേമപെന്ഷനുകളും, ഭക്ഷ്യ കിറ്റുകളും വിതരണം ചെയ്തത് കോവിഡ് കാലത്ത് രണ്ടറ്റം കൂട്ടിമുട്ടിക്കാൻ ബുദ്ധിമുട്ടുന്ന സാധാരണ ജനങ്ങളുടെ പ്രീതി പിടിച്ചുപറ്റുന്നതില് ഒരു ഘടകമായി എന്നത് ചൂണ്ടിക്കാട്ടേണ്ടതുണ്ട്. എന്നാല് ക്ഷേമ കാര്യങ്ങൾ നോക്കുകയെന്നത് സര്ക്കാരില് നിക്ഷിപ്തമായ ഒരു കടമ എന്നതിനു പകരം പിണറായി സര്ക്കാരിന്റെ മഹാമനസ്കതയുടെയും ഔദാര്യത്തിന്റെയും ഭാഗമായി ചിത്രീകരിക്കാനും അതുവഴി ജനങ്ങളെ അരാഷ്ട്രീയവത്ക്കരിച്ച് വിധേയരാക്കാനുമാണ് പ്രചരണം നടന്നത്. പിണറായി സര്ക്കാരിനേക്കാള് മെച്ചപ്പെട്ട ‘കിറ്റുകള്’ വിതരണം ചെയ്ത കിഴക്കമ്പലത്തെ കിറ്റെക്സ് മുതലാളി ഒന്നിനു പകരം നാലു പഞ്ചായത്തുകളുടെ ഭരണം പിടിച്ചത് ‘കിറ്റി’ന്റെ രാഷ്ട്രീയം തിരിച്ചറിയുന്നതിനു സഹായകരമാകും. സമ്പദ്ഘടനയുടേയും ജനങ്ങളുടെ നികുതിപ്പണത്തിന്റെയും നിയന്ത്രണമുള്ള ഭരണകൂടത്തിന് വിതരണം ചെയ്യാൻ കഴിഞ്ഞതെക്കാൾ മെച്ചപ്പെട്ട ‘കിറ്റ് വിതരണ’ ത്തിനു കഴിയുമെന്നാണ് സർക്കാരിലേക്കു കൊടു ക്കേണ്ടതായിട്ടുള്ള നികുതിപ്പണം (സിഎസ്ആർ ഫണ്ട്) നേരിട്ടു കൈകാര്യം ചെയ്യുന്ന കിറ്റക്സ് മുതലാളി തെളിയിക്കുന്നത്. ഇപ്രകാരം രാഷ്ട്രീയാധികാരം കോർപറേറ്റുകൾ കൈയാളുന്ന ‘കോർപ്പറേറ്റോക്രസി’യുടെ ഒരു സൂക്ഷ്മ രൂപമാണ് കിഴക്കമ്പലത്തേത്. ഇക്കാര്യത്തില്, കിറ്റെക്സ് മുതലാളിക്കൊപ്പം എത്താനാവാത്തതാണ് സംസ്ഥാന ഭരണം നയിക്കുന്നവര് കിഴക്കമ്പലത്ത് പരാജയപ്പെടുന്നതിനു കാരണം.

## തദ്ദേശ തെരഞ്ഞെടുപ്പു വിജയം സംസ്ഥാന ഭരണത്തുടര്ച്ചക്കുള്ള ചവിട്ടു പടിയാക്കുന്ന സിപിഎം

വാസ്തവത്തില്, സര്ക്കാര് എന്ന ഇടനിലക്കാരന് ആവശ്യമില്ലെന്നും 'വികസനം' കോര്പ്പറേറ്റുകളെ ഏല്പിച്ചാല് മതിയെന്നുമുള്ള നവ ലിബറലിസത്തിന്റെ അടിസ്ഥാനമായ അരാഷ്ട്രീയവത്ക്കരണവും പ്രത്യയശാസ്ത്ര നിരപേക്ഷതയുമാണ് ട്വന്റി-20 മുന്നോട്ടുവെയ്ക്കുന്നത്. അതേസമയം, 'കോര്പ്പറേറ്റ് സഹായി' (corporate facilitator) എന്ന ഇടനിലക്കാരന്റെ പങ്ക് തങ്ങൾ നിര്വ്വഹിച്ചു കൊള്ളാമെന്നതാണ് മോദി -പിണറായി സർക്കാരുകൾ മുന്നോട്ട് വെയ്ക്കുന്ന നിലപാട്.

ഇപ്രകാരം, ഇടത് എന്നവകാശപ്പെടുന്നവരുടെ നേതൃത്വത്തിൽ സംസ്ഥാനത്ത് അരാഷ്ട്രീയവത്ക്കരണം ശക്തമായിക്കൊണ്ടിരിക്കുന്ന ഈ സന്ദര്ഭത്തില്, മുഖ്യമന്ത്രിയുടേയും സ്പീക്കറുടേയും ഓഫീസുകള്പോലും സ്വര്ണ്ണക്കടത്തുകാരും ഹവാല കമ്മീഷന്, കൈക്കൂലി ഇടപാടുകാരും കണ്സള്ട്ടന്സി നോമിനികളുമെല്ലാം താവളമാക്കിയിരിക്കുന്നു. അപമാനകരമായ ഈ തുറന്നുകാട്ടപ്പെടലിന് അടിത്തറയൊരുക്കുന്ന നവലിബറലിസത്തിനും കോര്പ്പറേറ്റ് വത്ക്കരണത്തിനുമെതിരെ മിറച്ചൊരു ബദലും മുന്നോട്ടുവെക്കാനില്ലാത്ത കോണ്ഗ്രസ്സ് നേതൃത്വത്തിലുള്ള യുഡിഎഫിനെ നിഷ്പ്രഭമാക്കുന്ന വിഷലിപ്തവും ഹീനവുമായ കാമ്പയിനാണ് സിപിഎം തദ്ദേശഭരണത്തില് എടുത്തു പ്രയോഗിച്ചതും ഇപ്പോള് നിയമസഭാ തെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കി വര്ദ്ധിത വീര്യത്തോടെ പ്രയോഗിച്ചുകൊണ്ടിരിക്കുന്നതും. അടിസ്ഥാന സാമ്പത്തിക നയങ്ങളിലോ, സാമൂഹിക നിലപാടുകളിലോ വിയോജിപ്പുകളില്ലാത്തതും സംസ്ഥാനഭരണം പിടിക്കാന് സാദ്ധ്യതയുള്ളതുമായ കോണ്ഗ്രസ്സിനെ കേരളത്തില് അപ്രസക്തമാക്കിക്കൊണ്ടേ ഭരണത്തുടര്ച്ചയെന്ന താല്ക്കാലിക ലക്ഷ്യം നേടാനാവൂ എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തില് ബിജെപിയോട് സിപിഎം എടുത്തുപോരുന്ന മൃദുസമീപനവും തജ്ജന്യമായ സംഘിവൽകരണവും സുവ്യക്തമാണ്. ഇക്കാര്യത്തില്, രൂപത്തില് വ്യത്യസ്തതകളുണ്ടെങ്കിലും, അഖിലേന്ത്യാതലത്തില് കോണ്ഗ്രസ് തുടര്ന്നു പോന്നിട്ടുള്ള മൃദു ഹിന്ദുത്വ സമീപനമാണ് കേരളത്തിന്റെ സവിശേഷതകള്ക്കനുസൃതമായി സിപിഎം ഉം സ്വീകരിച്ചിട്ടുള്ളത്. അതായത്, ബംഗാളില് മമതയെ മുഖ്യശത്രുവായി കാണുന്ന സിപിഎം അവിടെ .കോണ്ഗ്രസുമായി ഐക്യപ്പെട്ടും കേരളത്തില് കോൺഗ്രസിനെ എതിര്ത്തും ബിജെപിക്ക് രാജപാതയൊരുന്നതാണ് ഇപ്പോഴത്തെ കേരള യാഥാര്ത്ഥ്യം. ബംഗാളിൽ മൂന്നര ദശാബ്ദക്കാലത്തെ സിപിഎം ഭരണമാണ് അവിടെ ബിജെപിയെ പ്രബല ശക്തിയാക്കിയതെങ്കിൽ, സംഘിവൽകരണം ശക്തിപ്പെടുന്ന ഇപ്പോഴത്തെ പ്രവണതകൾ നിർബാധം തുടരുന്ന പക്ഷം, കേരളം ആ ദുരവസ്ഥയിലേക്കെത്താൻ അത്രയും കാലം വേണ്ടി വരില്ലെന്ന് കരുതാവുന്നതാണ്.

തദ്ദേശ തെരഞ്ഞെടുപ്പു കാമ്പയിനിലും അതിനുശേഷവും സിപിഎം എടുത്തുപോരുന്ന രാഷ്ട്രീയ കാമ്പയിനിന്റെ തനിനിറം പരിശോധിച്ചാല് ഇതു ബോധ്യമാവും. കോണ്ഗ്രസ്സ് നയിക്കുന്ന മുന്നണി പ്രതിനിധീകരിക്കുന്നത് ഇസ്ലാമിക താല്പര്യങ്ങളെയാണ് എന്നര്ത്ഥം വരുന്നവിധം കേരളം ഭരിക്കാന് പോകുന്നത് കുഞ്ഞാലിക്കുട്ടിയും, ഹസനും മറ്റു മുസ്ലീം നാമധാരികളുമാണെന്ന, അതുമല്ലെങ്കില് കേരളത്തിലെ കോണ്ഗ്രസ് നേതൃത്വത്തെ മുസ്ലീംലീഗാണ് തീരുമാനിക്കുന്നതെന്ന തരത്തിലുള്ള പ്രസ്താവനകള് മുസ്ലീം വിരുദ്ധ വോട്ടുബാങ്കുകളെ ലക്ഷ്യമിട്ടുകൊണ്ടുള്ള താല്ക്കാലിക അജണ്ടയുടെ ഭാഗമാണെന്നു വ്യാഖ്യാനിക്കാമെങ്കിലും സ്ഥൂല (ആഗോള - അഖിലേന്ത്യാ ) തലത്തില് പ്രക്ഷേപിക്കപ്പെടുന്ന 'ഇസ്ലാമോഫോബിയ' തന്നെയാണ് സിപിഎം ഏറ്റവും ഹീനമായി ഉപയോഗപ്പെടുത്തുന്നത്. തദ്ദേശ തെരഞ്ഞെടുപ്പു ഫലവുമായി ബന്ധപ്പെട്ട സുന്നി സമുദായ സംഘടനകള്ക്കിടയിലെ വൈരുദ്ധ്യങ്ങള് കൊലപാതങ്ങളിലേക്കെത്തിയ വേളയിൽ, മുമ്പൊരിക്കലും വ്യാഖ്യാനിക്കാത്ത വിധം, അത് മുസ്ലീംലീഗിന്റെ 'താലിബാനിസം' ആണെന്ന് ഡിവൈഎഫ്ഐ നേതൃത്വം വിശദീകരിക്കുമ്പോള് ഇസ്ലാമോഫോബിയ തന്നെയാണ് അരക്കിട്ടുറപ്പിക്കുന്നത്.

വാസ്തവത്തില്, ബിജെപിയോടൊപ്പം ഹിന്ദുവോട്ടുകള് സമാഹരിക്കുന്നതിനു മാത്രമല്ല, മധ്യതിരുവിതാംകൂറിലെ സവര്ണ്ണ ക്രിസ്ത്യന് വോട്ടുകള് അനുകൂലമാക്കുന്നതിന്റെ ഭാഗമായി മുമ്പു "അഴിമതിയുടെ ആള്രൂപ"മെന്നു വിശേഷിപ്പിച്ച 'മാണി കേരള'യുമായി സിപിഎം ഉണ്ടാക്കിയിട്ടുള്ള ബാന്ധവത്തിലും 'ഇസ്ലാമോഫോബിയ' യുടെ അനുരണങ്ങള് കാണാം. വസ്തുതകളുടെ യാതൊരു പിന്ബലവുമില്ലാത്ത'ലൗജിഹാദ്' സവര്ണ്ണ കത്തോലിക്ക വിഭാഗം വീണ്ടും വീണ്ടും ഉയര്ത്തിക്കൊണ്ടു വരുന്നത് കേന്ദ്രഭരണം നിയന്ത്രിക്കുന്ന ആര്എസ്എസ്സിനെ പ്രീണിപ്പിച്ച് സങ്കുചിത, നിക്ഷിപ്ത സാമ്പത്തിക താല്പര്യങ്ങള് നേടിയെടുക്കുന്നതിനാണെന്ന് എടുത്തുപറയേണ്ടതില്ല. അടുത്ത കാലത്ത്, മുസ്ലീം സംഘടനകളെ ലക്ഷ്യമിട്ടു കൊണ്ടുള്ള സിപിഎംന്റെ പ്രസ്താവനകള് പ്രധാനമായും സവർണ കത്തോലിക്കാ മത നേതൃത്വം ആത്മീയ ശക്തിയായിട്ടുള്ള കേരള കോണ്ഗ്രസുമായി ഉണ്ടാക്കിയിട്ടുള്ള അവിഹിത ബന്ധത്തിന്റെ പശ്ചാത്തലത്തില് കൂടിയാണ്. ഈ വിഭാഗത്തിന്റെ ഭൂമാഫിയ കച്ചവട താല്പര്യങ്ങള് സേവിക്കുന്നതോടൊപ്പം എയ്ഡഡ് കോളേജുകളില് വന്തോതില് അധ്യാപക നിയമനത്തിനുള്ള അവസരവും തുറന്നുകൊടുത്തിരിക്കുന്നു. അതേസമയം സര്ക്കാര് ശമ്പളം നല്കുന്ന ഈ മേഖലയില് ഭരണഘടനാപരമായ പട്ടിക ജാതി സംവരണം നടപ്പാക്കാതിരിക്കുകയും ചെയ്യുന്നു. കേരളത്തിലെ ആദിവാസി - ദളിത് ജനവിഭാഗങ്ങളെ പാർശ്വവൽകരിച്ചതിൽ നിർണായക പങ്കുള്ള കത്തോലിക്കാ മത നേതൃത്വത്തെയും അതുമായി ബന്ധപ്പെട്ട കോർപ്പറേറ്റ് മാഫിയ ശക്തികളെയും കയ്യിലെടുക്കുന്നതിന്റെ ഭാഗമായാണ്, എല്ലാ സവര്ണ്ണ വിഭാഗങ്ങളും-കോണ്ഗ്രസ്, സിപിഎം, ബിജെപി ഭരണവർഗ്ഗ / മുന്നണികളും ഒന്നടങ്കം സ്വാഗതം ചെയ്ത സവര്ണ്ണ സംവരണം പിണറായി സര്ക്കാര് നടപ്പാക്കി കേന്ദ്രത്തിലെ ബിജെപി ഭരണത്തിന് തന്നെ മാതൃകയായത്. ചുരുക്കത്തില്, മര്ദ്ദിതരായ ദളിത് - മുസ്ലീം ജനതയോട് സംഘപരിവാറിനുള്ള സമീപനത്തില്നിന്നും ഒട്ടും വ്യത്യസ്തമല്ല കേരളത്തില് സിപിഎമ്മിന്റെ സമീപനവും.

> **അഞ്ചു വർഷം കൂടുമ്പോൾ, യുഡിഎഫ്, എൽഡിഎഫ് മുന്നണികൾ മാറി മാറി ഭരണത്തിൽ വരുന്നതാണ് കേരളത്തിന്റെ സവിശേഷത. എന്നാൽ, കോർപ്പറേറ്റ് - കാവി ഫാസിസ്റ്റ് മോദി ഭരണം സംജാതമാക്കിയിട്ടുള്ള രാഷ്ട്രീയ സാഹചര്യത്തിൽ, ഇത്തവണ തദ്ദേശ തെരഞ്ഞെടുപ്പിലുണ്ടായ അപ്രതീക്ഷിത വിജയം ചവിട്ടുപടിയാക്കി ആസന്നമായിരിക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പില് അധികാരത്തുടര്ച്ച ഉറപ്പാക്കാനുള്ള കൊണ്ടുപിടിച്ച ശ്രമങ്ങളിലാണ് സിപിഎം ഏര്പ്പെട്ടിരിക്കുന്നത്.**

അപ്രകാരം, കേരളത്തില് ഭരണതുടര്ച്ച ഉറപ്പാക്കുന്ന പ്രക്രിയയില് എല്ലാ പിന്തിരിപ്പൻ ശക്തികളെയും പ്രോത്സാഹിപ്പിക്കുയും കോൺഗ്രസ്സിനെക്കാൾ പ്രാമുഖ്യം ബിജെപിക്കു നൽകി കുറഞ്ഞ പക്ഷം ബംഗാളിലും ത്രിപുരയിലും അരങ്ങേറിയ പ്രതിലോമ പ്രവണത കേരളത്തില് ഒരുക്കുകയും ചെയ്യുന്നതുമായി ബന്ധപ്പെട്ട ഏതാനും ഘടകങ്ങളാണ് മേല്സൂചിപ്പിച്ചത്. മോദി നയിക്കുന്ന കോര്പ്പറേറ്റ്-ഫാസിസ്റ്റ് ഭരണം രാജ്യത്തിന്റെ സമസ്ത മേഖലകളിലും നടപ്പാക്കുന്ന കോര്പ്പറേറ്റ് വല്ക്കരണത്തിന്റെ തുടര്ച്ചയായി കേരളത്തില് അതു വിശ്വസ്തതയോടെ പിണറായി സര്ക്കാര് ഏറ്റെടുത്ത് നടപ്പാക്കുന്ന കാര്യം ആമുഖമായി സൂചിപ്പിക്കുകയുണ്ടായി. അതിന്റെ വിശദാംശങ്ങളിലേക്ക് ഇവിടെ കടക്കാന് ഉദ്ദേശിക്കുന്നില്ല, മേൽ സൂചിപ്പിച്ചതു പോലെ, സവര്ണ്ണ ക്രിസ്ത്യന്-നായര് പ്രമാണിമാര് നടത്തുന്ന എയ്ഡഡ് സ്ഥാപനങ്ങളില് ഭരണാഘടനാപരമായ ജാതി സംവരണം നടപ്പാക്കാതിരിക്കൽ, ജാതി സംവരണത്തിന്റെ അന്തഃസത്തക്കെതിരായ സവര്ണ്ണസംവരണം അടിച്ചേല്പ്പിക്കല്, വ്യാജരേഖ ചമച്ച് സംസ്ഥാനത്തെ അഞ്ചേകാല് ലക്ഷം ഏക്കര് ഭൂമി കൈവശപ്പെടുത്തിയിരിക്കുന്ന വിദേശ ഭൂമാഫിയക്ക് വിടുപണി ചെയ്യല്, മുസ്ലീം ജനവിഭാഗത്തെ അപരവല്ക്കരിക്കും വിധം വിദഗ്ധമായി ഇസ്ലാമോഫോബിയ പ്രയോഗിക്കല്, ദളിത്-മര്ദ്ദിത വിഭാഗങ്ങളിലെ കുട്ടികളെ പീഡിപ്പിച്ചു കൊലപ്പെടുത്തിയ കേസുകളില് തെളിവു നശിപ്പിക്കുന്ന പോലീസ് ഉദ്യോഗസ്ഥരെ സ്ഥാനക്കയറ്റം നല്കി ആദരിക്കല് (പിണറായി സർക്കാരിനു കീഴിൽ വാളയാർ പോലീസ് സ്റ്റേഷൻ പരിധിയിൽ മാത്രം ഇപ്രകാരം 41 കേസുകളാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്) , നാഷണല് ഗ്രീന് ട്രൈബ്യൂണലിന്റെ പോലും പരിസ്ഥിതി മാനദണ്ഡങ്ങള് അട്ടിമറിച്ച് കോര്പ്പറേറ്റ് ക്വാറി മാഫിയകള്ക്ക് പ്രോത്സാഹനം നല്കല്, സിപിഎം കേന്ദ്ര നേതൃത്വം എതിര്ക്കുന്ന യുഎപിഎ കരിനിയമങ്ങള് വിദ്യാര്ത്ഥികൾക്കും രാഷ്ട്രീയ എതിരാളികള്ക്കും മേല് പ്രയോഗിക്കല്, സംഘപരിവാര് ശക്തികള് പ്രതിസ്ഥാനത്ത് വരുന്ന രാജ്യദ്രോഹ സ്വഭാവമുള്ള കേസുകളില് (ഉദാഹരണം കള്ളനോട്ടടി) പോലും അന്വേഷണം നടത്താതിരിക്കല്, 'മാവോയിസ്റ്റ് ഭീഷണി' ആരോപിച്ചുള്ള തുടർച്ചയായ വ്യാജ ഏറ്റുമുട്ടല് കൊലകള്, പോലീസിന്റേയും ഭരണത്തിന്റേയും ഒട്ടുമൊത്തത്തിലുള്ള സംഘിവല്ക്കരണം തുടങ്ങി പിണറായി സര്ക്കാര് പിന്തുടരുന്ന നയങ്ങളും നടപടികളും കോര്പ്പറേറ്റ് വല്ക്കരണത്തോടൊപ്പം കേരളത്തിന്റെ സംഘിവല്ക്കരണത്തിന് ഗതിവേഗം നൽകുന്നതാണ്.

ഇതിന്റെ ഭാഗമായി ഇപ്പോള് ശക്തിപ്പെട്ടു കൊണ്ടിരിക്കുന്ന ഇന്ത്യാ ചരിത്രത്തിലെ ഏറ്റവും വലിയ കര്ഷക പ്രക്ഷോഭത്തിന്റെ കാര്യത്തിലടക്കം മോദി സര്ക്കാരിന്റെ തീവ്ര വലതു-കോര്പ്പറേറ്റ് നയങ്ങള്ക്കെതിരെ ചില ചിട്ടപ്പടി സമരമൊഴിച്ചാല്,

## തദ്ദേശ തെരഞ്ഞെടുപ്പു വിജയം സംസ്ഥാന ഭരണത്തുടര്ച്ചക്കുള്ള ചവിട്ടു പടിയാക്കുന്ന സിപിഎം

ഫലപ്രദമായ ഒരു പ്രതിഷേധവും സിപിഎം കേരളത്തില് നടപ്പാക്കുന്നില്ല. തീര്ച്ചയായും, മോദി സര്ക്കാരിനെതിരായ സമരം അംബാനിക്കും അദാനിക്കും എതിരായി കര്ഷകര് തിരിച്ചുവിട്ടിരിക്കുമ്പോള്, വികസനത്തിന്റെ പേരില് കേരളത്തിൽ ഇവര്ക്ക് ചുവപ്പു പരവതാനി വിരിച്ചു കൊണ്ടിരിക്കുന്ന, യാതൊരു രേഖയുമില്ലാതെ ലക്ഷക്കണക്കിനേക്കർ ഭൂമി കോർപറേറ്റ് കൾ കൈവശപ്പെടുത്തിയിരിക്കുന്ന ലക്ഷക്കണക്കിനേക്കർ ഭൂമി അവരിൽ നിക്ഷിപ്തമാക്കാൻ നടത്തുന്ന ഹീന നീക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന പിണറായി സര്ക്കാരിന് കര്ഷക നിലപാടിനൊപ്പം നിൽക്കാനാവില്ലെന്നു വ്യക്തമാണ്.

ഭരണവര്ഗ്ഗ രാഷ്ട്രീയത്തിലേക്കുള്ള സിപിഎം ന്റെ പതനവും അതുമായി ബന്ധപ്പെട്ട ജീര്ണ്ണതയും, സ്വര്ണ്ണക്കടത്ത്, ഹവാല സംഘങ്ങള് വരെ ഭരണ സിരാകേന്ദ്രവുമായി ഇടപഴകുന്നതുമെല്ലാം ഇതോടൊപ്പം കൂട്ടിവായിക്കേണ്ടതാണ്. തന്നിമിത്തം, കഴിഞ്ഞ നിരവധി മാസങ്ങളായി സംസ്ഥാനത്തെ ഉന്നത ബ്യൂറോക്രസിയും രാഷ്ട്രീയ നേതൃത്വവുമായി ബന്ധപ്പെട്ടവര് കേന്ദ്ര ഏജന്സികളുടെ നിരന്തരം അന്വേഷണത്തിനും ചോദ്യം ചെയ്യലുകള്ക്കും വിധേയമായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തില്, ഭരണത്തുടർച്ച സ്വപ്നം കാണുന്ന സി പി എം നെ സംബന്ധിച്ചിടത്തോളം ആർഎസ് എസ് നയിക്കുന്ന കേന്ദ്ര ഭരണത്തെ അലോസരപ്പെടുത്തുന്ന  സമര പരിപാടികളൊന്നും സാധ്യമല്ലെന്ന സ്ഥിതിയിൽ എത്തിച്ചിട്ടുണ്ട്.

മറ്റു സംസ്ഥാനങ്ങൾ കർഷക മാരണ നിയമങ്ങൾക്കെതിരെ ബദൽ നിയമം പാസ്സാക്കിയപ്പോൾ,  സംസ്ഥാന ലിസ്റ്റില് പെട്ട ഈ വിഷയത്തില് ഒരു പ്രമേയം പാസ്സാക്കുന്നതിനു പോലും മന്ത്രിമാര് കേക്കുമായി പോയി ഗവര്ണ്ണറെ സുഖിപ്പിക്കേണ്ടി വരുന്ന അപമാനകരമായ അരാഷ്ട്രീയവല്ക്കരണമാണ് ഇന്ന് കേരളത്തില് സിപിഎം നെ ബാധിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ ഫെഡറല് അവകാശങ്ങള് ഒന്നൊന്നായി കവര്ന്നെടുക്കുകയും കേന്ദ്ര അന്വേഷണ ഏജന്സികള് സംസ്ഥാന ഭരണ സിരാകേന്ദ്രത്തെ വിടാതെ പിന്തുടരുകയും ചെയ്യുമ്പോഴും, കേന്ദ്രഭരണത്തിന് നേതൃത്വം കൊടുക്കുന്നവര്ക്കെതിരെ ശക്തമായ ഒരു രാഷ്ട്രീയ വിമര്ശനവും ഉന്നയിക്കാനാവാത്ത മുഖ്യന്റെ ദയനീയ സ്ഥിതി ഇതോടൊപ്പം ചര്ച്ച ചെയ്യപ്പെടുന്ന വിഷയമാണ്.

കേന്ദ്രത്തിലെ കോര്പ്പറേറ്റ് ഫാസിസ്റ്റ് ഭരണം എല്ലാ തലങ്ങളിലും ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന ഇസ്ലാമോഫോബിയോ കേരളത്തിന്റെ സവിശേഷ സാഹചര്യത്തില് പ്രയോഗിച്ച് ഹിന്ദു ക്രിസ്ത്യൻ വോട്ടുകള് പരമാവധി ഉറപ്പിക്കാൻ ശ്രമിക്കുക, അതു വഴി മുസ്ലീം സംഘടനകള് അപകടകാരികളാണെന്ന പ്രതീതി സൃഷ്ടിച്ച് ഇന്ത്യൻ സാഹചര്യത്തിൽ മർദ്ദിതരായ മുസ്ലിംങ്ങളെ അപരവൽകരിക്കുക തുടങ്ങിയ നീക്കങ്ങൾക്കിടയിലും മുസ്ലീം സംഘടനകളുമായി തദ്ദേശ തെരഞ്ഞെടുപ്പിൽ പ്രാദേശിക ധാരണകളുണ്ടാക്കുന്നതില് സിപിഎം ഒട്ടും പിന്നിലായിരുന്നില്ല. 2015 ലെ തെരഞ്ഞെടുപ്പിൽ 50ലധികം പഞ്ചായത്തുകളില് വെല്ഫെയര്

പാര്ട്ടിയുമായി സിപിഎം അധികാരം പങ്കിട്ടു വെങ്കില്, 2020ലെ തെരഞ്ഞെടുപ്പില് 60- ഓളം പഞ്ചായത്തുകളില് എസ്.ഡി.പി.ഐയുമായി ബാന്ധവത്തിലേര്പ്പെടുന്നതിന് സിപിഎംന് ഒരു തടസ്സവുമുണ്ടായില്ല. എന്നുമാത്രമല്ല, കാസര്കോഡ് ജില്ലയില് മഞ്ചേശ്വരം, കുമ്പള, ബദിയടുക്ക തുടങ്ങിയ പഞ്ചായത്തുകളില് ഭരണമുറപ്പിക്കാന് സഖ്യകക്ഷിയായ സിപിഐയുടെ എതിര്പ്പിനെപോലും മറികടന്ന് ബിജെപിയുമായി സിപിഎം ബാന്ധവത്തിലേര്പ്പെട്ടിരിക്കുകയാണ്. അതേസമയം, ഈ തദ്ദേശ തെരഞ്ഞെടുപ്പില് ശ്രദ്ധേയമായ മറ്റൊരു പ്രവണത സിപിഎം സ്വതന്ത്രര് വ്യാപകമായി മത്സരിച്ചു ജയിച്ചതാണ് പലയിടങ്ങളിലും, ക്രിസ്ത്യൻ -ഹിന്ദുവോട്ടുകള് സമാഹരിക്കുന്നതിന്റെ ഭാഗമായി ഇവരുടെ ചിഹ്നം യഥാക്രമം മെഴുകുതിരിയും ശംഖും ആയിരുന്നെന്ന അടക്കം പറച്ചില് വ്യാപകമായുണ്ട്.

ഈ കാപട്യത്തിന്റെ മറ്റൊരു മുഖമാണ് കുട്ടികളോടും യുവതയോടും ഉദാരത കാട്ടുന്നുവെന്ന കൊട്ടിഘോഷത്തോടെ ഒരു രണ്ടാം വര്ഷ ബിരുദ വിദ്യാര്ത്ഥിനിയെ തിരുവനന്തപുരം മേയറാക്കിയതുവഴി പ്രകടമായത്! പീഡനത്തിനു വിധേയമായി കൊല ചെയ്യപ്പെട്ട 9ഉം 13ഉം വയസ്സുള്ള വാളയാറിലെ ദളിത് കുട്ടികള് ലൈംഗീക സുഖം ആസ്വദിക്കുകയായിരുന്നുവെന്ന് പറഞ്ഞ നരാധമനെ പ്രൊമോട്ടു ചെയ്തപ്പോള് കുട്ടികളോടുള്ള ഈ സവിശേഷ പരിഗണനയുടെ തനിനിറം വ്യക്തമായതാണ്. പാലത്തായിയിലെ കുട്ടിയെ അപമാനിച്ചിവനും കൊടുത്തു പ്രൊമോഷന്. വാസ്തവത്തില്, കൂടുതല് അനുഭവ പരിചയവും നാലാം തവണ കൗണ്സിലറായി ജയിക്കുകയും മേയറുടെ ചുമതലകള് നിറവേറ്റാന് ആവശ്യത്തിന് സമയവുമുള്ള സിപിഎം മെമ്പറായ മുസ്ലീം വനിതയെ തഴഞ്ഞ് ഉന്നത ബ്യൂറോക്രറ്റാകണമെന്ന ജീവിതാഭിലാഷമുള്ള കുട്ടിയെ മേയര് സ്ഥാനത്ത് പ്രതിഷ്ഠിക്കുന്നതിന്റെ അരാഷ്ട്രീയ മാനങ്ങള് കാണാതിരുന്നുകൂടാ. "മര്ദ്ദിത സ്വത്വ" ത്തെ അപേക്ഷിച്ച് "സവര്ണ്ണസ്വത്വ"ത്തിന് വരാനിരിക്കുന്ന നിയമസഭ തിരഞ്ഞെടുപ്പില് തിരുവനന്തപുരത്തെ ഭരണവർഗ്ഗരാഷ്ട്രീയ സമവാക്യ ത്തിലുള്ള പ്രാധാന്യം തന്നെയാണ് ഈ നീക്കത്തിനു പിന്നിലെന്നത് ഇതിനോടകം ചര്ച്ച ചെയ്യപ്പെട്ടുകഴിഞ്ഞിട്ടുണ്ട്.

ഈ സന്ദര്ഭത്തില്, വിശദമായ ഒരു അപഗ്രഥനത്തിന് ഇവിടെ മുതിരുന്നില്ല. നവകേരളത്തിന്റെ ആദ്യഘട്ടം വിജയകരമായി പൂര്ത്തീകരിച്ച പശ്ചാത്തലത്തിൽ തദ്ദേശഭരണ തെരഞ്ഞെടുപ്പു വിജയം സാധ്യമായെന്നും, തുടർന്ന് നവകേരളത്തിന്റെ രണ്ടാം ഘട്ടത്തിലേക്കും അതോടൊപ്പം നിയമസഭാ തെരഞ്ഞെടുപ്പിലേക്കും നീങ്ങുന്നുവെന്നുമാണ് സിപിഎം പ്രഖ്യാപനം. ആരംഭത്തില് സൂചിപ്പിച്ചതുപോലെ ഒന്നാം ഘട്ടത്തില് 600 ഇനങ്ങളില് 570 എണ്ണം പൂര്ത്തിയാക്കിയത് വിശദീകരിച്ചുകൊണ്ടും രണ്ടാം ഘട്ടത്തിലേക്കുള്ള നിര്ദ്ദേശങ്ങള് ആരാഞ്ഞുകൊണ്ടും ഡിസംബര് 22 മുതല് 30 വരെ മുഖ്യന് 'കേരള പര്യടനം' നടത്തുകയുണ്ടായി.

മേല് സൂചിപ്പിച്ച കോര്പ്പറേറ്റ് - സംഘിവല്ക്കരണത്തിന്റെ ഗുണഭോക്താക്കളായ വ്യാപാര -വ്യവസായ പ്രമുഖര്, ബുദ്ധിജീവികള്, സാംസ്കാരിക നായകര്, ജാതിമത ശക്തികൾ, ഇതര പ്രമാണിമാര്, സാങ്കേതിക വിദഗ്ധര് തുടങ്ങിയവരെല്ലാമായി വിവിധ ജില്ലകളില് പര്യടനത്തിന്റെ ഭാഗമായി നടന്ന ചര്ച്ചകളില് കേരളത്തിലെ പണിയെടുക്കുന്ന തൊഴിലാളികളുടെയോ മര്ദ്ദിത ജനതകളുടെയോ, അടിച്ചമര്ത്തപ്പെടുന്ന പാര്ശ്വവല്കൃത ജനവിഭാഗങ്ങളുടെയോ പ്രതിനിധികളെ കണ്ടതായി രേഖപ്പെടുത്തിയിട്ടില്ല. കോര്പ്പറേറ്റ്-നവമാധ്യമങ്ങളിലൂടെ പ്രചരണമാണ് ഈ പരിപാടികള്ക്കു നല്കപ്പെട്ടത്.


പ്രതിഷേധിക്കുന്നവരെ പോലീസിനെ ഉപയോഗിച്ച് കൈകാര്യം ചെയ്ത് അടിച്ചേല്പ്പിച്ച (പ്രധാന മന്ത്രി കൂടി പങ്കെടുത്ത വേദിയിൽ 'ഗെയില്' പൂര്ത്തിയാക്കുന്നതില് പോലീസിനെ പ്രത്യേകമായി മുഖ്യന് ശ്ലാഘിച്ചത് ശ്രദ്ധിക്കുമല്ലോ) ഒന്നാംഘട്ട കോര്പ്പറേറ്റ് വത്ക്കരണത്തിന്റെ വിനാശങ്ങള് ഏറ്റുവാങ്ങുന്ന ജനങ്ങളെ സംബന്ധിച്ചിടത്തോളം, പിണറായി ഭരണം തുടരുകയെന്നാല് കോര്പ്പറേറ്റ് വത്ക്കരണത്തിന്റെയും സംഘിവല്ക്കരണത്തിന്റെയും കൂടുതല് വിനാശകരമായ പ്രത്യാഘാതങ്ങള് നേരിടേണ്ടി വരികയെന്നാണ് ഇപ്പോൾ അര്ത്ഥമാക്കേണ്ടത്. നവലിബറല് കേന്ദ്രങ്ങള് ആവശ്യപ്പെടുന്ന 'നിക്ഷേപസൗഹൃദ' സമീപനങ്ങള് രാജ്യത്തെ പരിസ്ഥിതി ചട്ടങ്ങളും ജനാധിപത്യാവകാശങ്ങളും മറികടന്ന് കൈക്കൊള്ളുകയും കോര്പ്പറേറ്റ് മൂലധനത്തിന് കേരളത്തിലേക്ക് ചുവപ്പുപരവതാനി വിരിക്കുകയും ചെയ്യുന്നതിന്, ആരംഭത്തിൽ സൂചിപ്പിച്ചതു പോലെ, അവസരം കിട്ടുമ്പോഴൊക്കെ കേന്ദ്രഭരണം പിണറായി സര്ക്കാരിനെ ശ്ലാഘിച്ചു കൊണ്ടാണിരിക്കുന്നത്. തീര്ച്ചയായും, എല്ലാ തലങ്ങളിലും ഒരു ജനപക്ഷ സമീപനം വളര്ന്നുവരണമെന്നും അതിൻ പ്രകാരമുള്ള ഒരു രാഷ്ട്രീയബദല് മുന്നോട്ടുവെയ്ക്കപ്പെടേണ്ടതുണ് ടെന്നും തിരിച്ചറിയുന്ന രാഷ്ട്രീയ ഇടതുപക്ഷവും ജനാധിപത്യശക്തികളും അവസരത്തിനൊത്ത് ഉയരേണ്ട അടിയന്തിര സന്ദര്ഭമാണ് ഇതെന്ന കാര്യത്തിൽ സംശയമില്ല.

# നെയ്യാറ്റിൻകരയിലെ ദമ്പതികളുടേത് ഭരണകൂട കൊലപാതകം.

എം.കെ. ദാസൻ



**രാജന്റെ മൃതദേഹം അടക്കം ചെയ്യാൻ കുഴിയെടുത്തു കൊണ്ടിരുന്ന മകനെ തടയാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥനു നേരെ മകൻ ഉയർത്തിയ ചൂണ്ടുവിരലും പറഞ്ഞ വാക്കുകളും നമ്മുടെ നിയമ-ഭരണ വ്യവസ്ഥയ്ക്കു നേരെയുള്ളതാണ്.**



നെയ്യാറ്റിൻകര നെല്ലിമൂട് പോങ്ങിൽ കോളനിയിൽ കുടിയൊഴിപ്പിക്കാനെത്തിയ പോലീസിന്റെ ബലപ്രയോഗത്തെ ഭാര്യയെ ചേർത്ത് പിടിച്ച് പെട്രോളൊഴിച്ച് മരണസന്നദ്ധനായി പ്രതിരോധിക്കാൻ ശ്രമിച്ച രാജന്റെയും അമ്പിളിയുടെയും മരണം ഭരണകൂട കൊലപാതകങ്ങളാണ്. സാമൂഹ്യ പ്രധാന്യമുള്ള പല സുപ്രീം കോടതി - ഹൈക്കോടതി ഉത്തരവുകളും നടപ്പാക്കാതെ കിടക്കുമ്പോഴാണ് മൂന്നര സെന്റ് ഭൂമിയിൽ നിന്നും കുടിയൊഴിപ്പിക്കാനുള്ള കോടതി ഉത്തരവ് നടപ്പാക്കാനായി രണ്ടു ജീവനുകൾ കവർന്നെടുത്തത്. ഒഴിപ്പിക്കൽ ഉത്തരവിനുള്ള സ്റ്റേ ലഭിച്ചിട്ടുണ്ടെന്നും അതിന്റെ ഓർഡർ കിട്ടാനുള്ള അര മണിക്കൂർ സാവകാശമെങ്കിലും നൽകണമെന്നുമുള്ള രാജന്റെ അപേക്ഷ പോലീസ് നിഷ്ഠരുണം തള്ളി , ഭക്ഷണം കഴിച്ചു തീർക്കാൻ പോലും അനുവദിക്കാതെ കുടിയിറക്കാൻ ഒരുങ്ങിയപ്പോഴാണ് ചെറുത്തു നിൽപ്പിനായി രാജന് പെട്രോൾ ഒഴിച്ച് ആത്മഹത്യാ ഭീഷണി ഉയർത്തേണ്ടി വന്നത്. ഹാരിസൺ കമ്പിനി നിയമ വിരുദ്ധമായി കയ്യടക്കിയ ഭൂമിയിൽ അവകാശം സ്ഥാപിച്ച ഭൂരഹിതരായ സമരക്കാർ തങ്ങളെ ഒഴിപ്പിക്കാനുള്ള പോലീസ് ബലപ്രയോഗത്തെ ചെറുത്തത് ശരീരത്തിൽ മണ്ണെണ്ണയൊഴിച്ചും കഴുത്തിൽ തുണി കുരുക്കിയും ആത്മഹത്യ ചെയ്യാൻ തയ്യാറായാണ് .

മരിച്ചാൽ അടക്കം ചെയ്യാൻ പോലും സ്വന്തമായി ഭൂമിയില്ലാത്ത ലക്ഷക്കണക്കായ കുടുംബങ്ങളുള്ള ‘നമ്പർ വൺ കേരള”ത്തിൽ ഭൂമിക്ക് വേണ്ടി മരിക്കാനും മനുഷ്യർ തയ്യാറാകും. അവർക്ക് നേരെയാണ് നിയമങ്ങൾ കർശനമാകുന്നത്.

രാജന്റെ മൃതദേഹം അടക്കം ചെയ്യാൻ കുഴിയെടുത്തു കൊണ്ടിരുന്ന മകനെ തടയാൻ ശ്രമിച്ച പോലീസ് ഉദ്യോഗസ്ഥനു നേരെ മകൻ ഉയർത്തിയ ചൂണ്ടുവിരലും പറഞ്ഞ വാക്കുകളും നമ്മുടെ നിയമ-ഭരണ വ്യവസ്ഥയ്ക്കു നേരെയുള്ളതാണ്. മരട് ഫ്ലാറ്റുകൾ ഒഴിപ്പിക്കാൻ കോടതി ഉത്തരവുണ്ടായപ്പോൾ അവിടുത്തെ അന്തേവാസികളോടു കാണിച്ച സഹാനുഭൂതിയും കരുണയുമെന്നും പുറമാക്കിൽ കൂര വെച്ചവരോട് കാണിക്കില്ല. കായൽ കയ്യേറി നിർമ്മിച്ച റിസോർട്ടുകളും പുഴയിൽ പണിത തടയണയും പൊളിക്കണമെന്ന കോടതി ഉത്തരവുകളുമൊക്കെ നടപ്പാക്കപ്പെടാതെ പോകുന്നത് ആ നിർമ്മാണങ്ങൾ നടത്തിയവരുടെ സ്വാധീന ശക്തിയാലാണ്. എന്നാൽ ദരിദ്രർക്കും ദലിതർക്കും പാർശ്വവൽക്കൃതർക്കുമൊക്കെ നേരെയാകുമ്പോൾ നിയമവും കോടതിയും കർശനമാണ്. “ധനികനില്ല കടമകൾ, നിയമം അവശനൊരു കെണി” എന്ന തൊഴിലാളി വർഗ്ഗ സാർവ്വദേശീയ ഗാനത്തിലെ വരികൾ ഇപ്പോഴും യാഥാർത്ഥ്യമാണ്.

പുറമ്പോക്കുഭൂമിയാണെ ഉറച്ച ബോധ്യത്തിലാണ് രാജൻ അവിടെ വീടു വെച്ചത്. രാജന് ലഭിച്ച വിവരാവകാശ രേഖയും ആ ധാരണയെ സാധൂകരിച്ചതാണ്. എന്നാൽ പിന്നീട് പുറത്തുവന്ന താലൂക്ക് ഓഫീസ് രേഖകൾ ആ ഭൂമിയുടെ അവകാശം പരാതിക്കാരിക്കാണെന്ന് സ്ഥാപിച്ചു കൊണ്ടുള്ളതാണ്. പുറമ്പോക്കുഭൂമി കയ്യേറ്റക്കാർക്ക് രേഖാപരമായി ലഭിക്കുന്നത് പുതിയ കാര്യമല്ല.

മൂന്നാറിലെ “രവീന്ദ്രൻ പട്ടയ “ ങ്ങൾ അതിന് തെളിവാണ്. അഞ്ചേകാൽ ലക്ഷത്തിലേറെ ഏക്കർ ഭൂമി ഭരണഘടനയേയും ഇന്ത്യൻ പാർലമെന്റും കേരള നിയമസഭയും പാസാക്കിയ നിരവധി നിയമങ്ങളേയും അട്ടിമറിച്ചു കൊണ്ടാണ് വിദേശ കമ്പനികളും ടാറ്റയും ഗോയങ്കയും അടക്കമുള്ള അവരുടെ ബിനാമികളും ഇപ്പോഴും കയ്യടക്കി വെച്ചു കൊണ്ടിരിക്കുന്നത്. രാജന്റെയും അമ്പിളിയുടെയും ആത്മഹുതിക്ക് ശേഷം മക്കൾക്ക് ഭൂമിയും തൊഴിലും നൽകാൻ സർക്കാർ തയ്യാറായി.

ജീവനുകൾ നഷ്ടമാകുകയും അവ വാർത്താപ്രാധാന്യം നേടുകയും ചെയ്യുമ്പോൾ മാത്രമുണ്ടാരുന്ന ഇത്തരം നടപടികൾ കൊണ്ട് മാത്രം പ്രശ്നങ്ങൾ പരിഹരിക്കപ്പെടില്ല. റെവന്യു ഭൂമിയുടെ സിംഹഭാഗവും നിയമ വിരുദ്ധമായി കയ്യടക്കിയിട്ടുള്ള ഭൂമാഫിയാകളിൽ നിന്നും ആ ഭൂമി തിരിച്ചു പിടിക്കുകയും കോളനികളിലേക്കും പുറമ്പോക്കുകളിലേക്കും പുറന്തള്ളപ്പെട്ട ഭൂരഹിതർക്ക് കൃഷി ഭൂമിയും വാസയോഗ്യമായ പാർപ്പിടവും ഉറപ്പാക്കപ്പെടുകയുമാണ് വേണ്ടത്. അങ്ങിനെയേ വാളയാറും നെയ്യാറ്റിൻകരയുമൊക്കെ ആവർത്തിക്കപ്പെടാതെ തടയാൻ കഴിയൂ. അതിനുള്ള മുന്നേറ്റങ്ങളാണ് രാജന്റെയും അമ്പിളിയുടെയും ആത്മാഹുതി ആവശ്യപ്പെടുന്നത്.

# ഐതിഹാസികമായ കർഷക സമരത്തിനെതിരെ ഭരണകൂടവും, വലത് പക്ഷ മാധ്യമങ്ങളും നടത്തുന്ന പ്രചാരവേല അതിശക്തമാണ്

എം പി കുഞ്ഞിക്കണാരൻ



**" പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായ രാജ്യത്തിലെ പാർലിമെന്റ് നിർമ്മിക്കുന്ന നിയമങ്ങളെയും അതിന് ഭരണ സാധുത നല്കുന്ന രാഷ്ട്രപതി യുടെ തീരുമാനങ്ങളെയും കർഷക പ്രക്ഷോഭകർ അംഗീകരിക്കുന്നില്ല."**

" പരമാധികാര ജനാധിപത്യ റിപ്പബ്ലിക്കായ രാജ്യത്തിലെ പാർലിമെന്റ് നിർമ്മിക്കുന്ന നിയമങ്ങളെയും അതിന് ഭരണ സാധുത നല്കുന്ന രാഷ്ട്രപതി യുടെ തീരുമാനങ്ങളെയും കർഷക പ്രക്ഷോഭകർ അംഗീകരിക്കുന്നില്ല."

"കർഷകർ ജൂഡീഷ്യറിയേയും എക്സിക്യൂട്ടീവിനെയും വിശ്വാസത്തിലെടുക്കാൻ തയാറാകുന്നില്ല."

" കർഷക രെ ദുർബോധനപ്പെടുത്തി രജ്യത്തിന്റെ മഹാമുന്നേറ്റത്തിൽ ഭയപ്പെടുന്ന ചൈനയുടേയും പാക്കിസ്ഥാന്റേയും താൽപര്യങ്ങളെ സേവിക്കുകയാണ് കർഷക ലേബലണിഞ്ഞ ഈ ദേശവിരുദ്ധർ ചെയ്തു കൊണ്ടിരിക്കുന്നത്".

വലതു പക്ഷ മാധ്യമങ്ങളും ഭരണകൂട വൈതാളികരും സംഘടിതമായി, കർഷകപ്രക്ഷോഭത്തിനെതിരെ അഴിച്ചു വിട്ടിരിക്കുന്ന പ്രചാരവേലകളുടെ ഏതാനും സാമ്പിളുകളാണ് ഇവ.

ഒരു മഹാമാരിയുടെ കാലത്ത് സമഗ്ര രൂപത്തിലാക്കി ജനങ്ങളുടെ മുതുകിൽ കുത്തിയിറക്കിയ തൃശൂലത്തിന്റെ കർഷകവിരുദ്ധ മായ ഉള്ളടക്കവും ഈ നിയമത്തിന്റെ ആരംഭ ബിന്ദുവും എവിടെയാണ്. ? .

ഉദാരവത്കരണം അതിന്റെ കരാളരൂപം എടുത്തണിയുകയും സമ്പത്തുൽപ്പാദനത്തിന്റെ സർവ്വ മണ്ഡലങ്ങളെയും ധനമൂലധനത്തിന്റെ ലാഭാതാൽപര്യങ്ങൾക്ക് മാത്രമായി പരിമിതിപ്പെടുത്തുകയും ചെയ്തു തുടങ്ങിയ തൊണ്ണൂറുകൾ മുതൽ തന്നെ ഇത്തരം മാരണ നിയമങ്ങൾ സമ്പത്തുൽപാദന മണ്ഡലങ്ങളെ ലക്ഷ്യമാക്കി മൂലധന ശക്തികൾ അണിയറയിൽ രൂപപ്പെടുത്തി വരികയായിരുന്നു.

കോടിക്കണക്കായ രാജ്യത്തിലെ തൊഴിലാളിവർഗ്ഗം ചോര കൊടുത്ത് നേടിയെടുത്ത തൊഴിലവകാശങ്ങളെ കവർന്നെടുത്തു കൊണ്ട് വ്യാവസായിക ഉദ്പാദനമണ്ഡലത്തിൽ ആരംഭിച്ച തൊഴിലാളിവിരുദ്ധ നടപടികൾ, കോർപ്പറേറ്റുകൾക്ക് സർവ്വ അധികാരങ്ങളും സമ്മാനിച്ചു ,അങ്ങേയറ്റം തൊഴിലാളിവിരുദ്ധമായ പുതിയ 4 ലേബർ കോഡുകളിലേക്ക് അത് എത്തി നില്ക്കുന്നു.

അവശ്യ , സേവന മേഖലകളിൽ രാജ്യ താത്പര്യങ്ങൾക്ക് ഊന്നൽ കൊടുത്ത് രൂപം കൊടുത്ത സർവ്വ നടപടികളെയും തവിട് പൊടിയാക്കി കൊണ്ടാണ് സേവന മണ്ഡലങ്ങളിൽ നവ മൂലധനത്തിന്റെ തേരോട്ടം നടത്തി കൊണ്ടിരിക്കുന്നത്.

മോദിസർക്കാർ പാർലിമെന്റിൽ എല്ലാവിധ ജനാധിപത്യ മൂല്യങ്ങളെയും തകർത്തുകൊണ്ടു ചുട്ടെടുത്ത കർഷക മാരണ നിയമങ്ങളുടെ ചരിത്രവും വ്യത്യസ്തമല്ല.

കാർഷിക ഉദ്പാദന പ്രക്രിയയിൽ ഒട്ടനവധി സവിശേഷതകളുള്ള നമ്മുടെ രാജ്യത്ത് പഴയ കൊളോണിയൽ ശക്തികൾ നടപ്പാക്കിയ പരിഷ്കരണങ്ങളെ തിരിച്ചറിഞ്ഞത് കൊണ്ട് തന്നെയാണ് ദേശീയ സ്വാതന്ത്ര്യ പ്രക്ഷോഭത്തെ കരുത്തുള്ളതാക്കി മാറ്റി , കർഷക പോരാട്ടങ്ങളും അന്ന് മുന്നേറിയത്.

മൂലധന ശക്തികളുടെ ഇച്ഛക്കനുസരിച്ചു മാറിയ പുതിയ ലോക സാഹചര്യങ്ങളിലും ഭരണകൂടം അടിച്ചേൽപ്പിക്കുന്ന കാർഷിക പരിഷ്കരണങ്ങൾ ലക്ഷ്യം വെക്കുന്നതും ലാഭ താത്പര്യങ്ങൾ തന്നെ. വളരെയധികം വിപുലമായി കിടക്കുന്ന ഇന്ത്യൻ കാർഷിക മണ്ഡലത്തെ കോർപ്പറേറ്റ് മൂലധനത്തിന് കീഴ്പ്പെടുത്തുക എന്ന ഒറ്റ അജണ്ട യാണ് ഇന്ന് ഈശക്തികളുടെ മുന്നിലുള്ളത്.

രണ്ടായിരമാണ്ടിന്റെ ആദ്യ മാസങ്ങളിൽ ശങ്കർ ലാൽ ഗുരു കമ്മിറ്റി മുന്നോട്ട് വെച്ച

**" കർഷക രെ ദുർബോധനപ്പെടുത്തി രജ്യത്തിന്റെ മഹാമുന്നേറ്റത്തിൽ ഭയപ്പെടുന്ന ചൈനയുടേയും പാക്കിസ്ഥാന്റേയും താൽപര്യങ്ങളെ സേവിക്കുകയാണ് കർഷക ലേബലണിഞ്ഞ ഈ ദേശവിരുദ്ധർ ചെയ്തു കൊണ്ടിരിക്കുന്നത്".**

നിർദ്ദേശങ്ങളിൽ നിന്നും ഉടലെടുത്തതാണ് 2003 ലെ മോഡൽ.എ.പി.എം.. ആകട് [Agricultural Produce Marketing (Development and Regulations ) Act 2003.

അതേവരെ കയറ്റിറക്കുമതി നയങ്ങളിലും അന്താരാഷ്ട്ര കരാറുകളിലും മാത്രം ഒതുങ്ങിനിന്നിരുന്ന മൂലധന താത്പര്യം കാർഷികോത്പാദന പ്രക്രിയയിൽ നേരിട്ട് ഇടപെട്ട് കൊള്ളയുടെ വ്യാപ്തി വർദ്ധിപ്പിക്കുക എന്നതായിരുന്നു ഇതിന്റെ ആത്യന്തിക ലക്ഷ്യം. 2007 ലാണ് ഇതിനാവശ്യമായ റൂൾസ് രൂപപ്പെടുത്തിയെടുത്ത്. 2010 ൽ പഞ്ചാബ്, ഹരിയാന, ബീഹാർ തുടങ്ങിയ സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരേയും 2013 ൽ പത്തു സംസ്ഥാനങ്ങളിലെ കൃഷിമന്ത്രിമാരുടേയും യോഗം വിളിച്ചു ചേർത്തു കൊണ്ട് കാർഷിക മേഖലയിൽ കൊണ്ടുവരാൻ പോകുന്ന ഘടനാപരമായ മാറ്റങ്ങളെക്കുറിച്ച് സൂചന നല്കി.

2017 ൽ വീണ്ടും മോഡൽ എ പി.എം. നിയമങ്ങൾ, പരിഷ്കരിച്ച് 2018 ൽ പാർലിമെന്റ് സ്റ്റാൻഡിങ്ങ് കമ്മറ്റി വിളിച്ചു കൂട്ടി ഈ നിയമങ്ങൾക്ക് സാധൂകരണം കണ്ടെത്താനുള്ള റിപ്പോർട്ട് തയാറാക്കി. ഈ വിചിത്ര സൃഷ്ടിയെ അംഗീകരിപ്പിക്കാനുള്ള വേഷം കെട്ടലായിരുന്നു. 2014 ലെ മോഡി യുടെ തെരഞ്ഞടുപ്പ് വാഗ്ദാനം . 2022 ഓടെ ഇന്ത്യൻ കർഷകരുടെ പ്രതിമാസ വരുമാനം ഒന്നര ഇരട്ടിയായി വർദ്ധിപ്പിക്കുമെന്ന പ്രഖ്യാപനം. നോട്ട് നിരോധനം, കടക്കെണി , സാമ്പത്തിക തകർച്ച തുടങ്ങി ഭരണകൂട സൃഷ്ടിയായ പ്രതിസന്ധികളെ ഒന്നിന് പിറകെ ഒന്നായി നേരിട്ട കർഷകന് , നിവർന്ന് നില്ക്കാൻ കഴിയാത്ത വിധം കോവിഡ് വ്യാപനവും, ലോക് ഡൗൺ ഉൾപ്പെടെയുള്ള മോഡിയു ടെ തുഗ്ലക് തീരുമാനങ്ങളുമാണ് മഹാമാരിയായി പരിണമിച്ചത്.

കർഷക മാരണ നിയമങ്ങൾ നടപ്പാക്കാൻ മോഡി ഭരണകൂടം ഈ ഒരു സമയം തെരഞ്ഞെടുത്തതും യാദൃച്ഛികമായി ആയിരുന്നില്ല.

**സുപ്രീം കോടതിയുടെ രംഗപ്രവേശം.**

മോഡി സർക്കാർ മുന്നോട്ട് വെച്ചിട്ടുള്ള ഈ മൂന്നു് നിയമങ്ങളും കർഷകവിരുദ്ധങ്ങളാണന്നും കർഷകന്റെ നിലനില്പ് തന്നെ അപകടപ്പെടുത്തുന്ന ഈ നിയമം പിൻവലിക്കണമെന്നുമാണ് കർഷക പ്രക്ഷോഭത്തിന്റെ അത്യന്തികമായ ആവശ്യം. ഇത് അംഗീകരിച്ചു കിട്ടാൻ സഹന സമരത്തിന്റെ ഏത് അറ്റം വരെ പോകുമെന്നും കർഷകർ അസന്നിഗ്ദമാമായി പ്രഖ്യാപിച്ചു കഴിഞ്ഞു.

70 ഓളം സമര പോരാളികൾ സമരഭൂമികയിൽ കൊടും ശൈത്യംമൂലം പിടഞ്ഞു വീണിട്ടും സമരം തുടരുക തന്നെയാണ്.

കർഷകരെ സഹായിക്കാനെന്ന നാട്യത്തിൽകോർപ്പറേറ്റുകളുടെ കങ്കാണി മാരായി വേഷമണിഞ്ഞു സുപ്രീകോടതി എഴുന്നള്ളിയത് യഥാർത്ഥത്തിൽ ആരുടെ താത്പര്യം സംരക്ഷിക്കാനാണ്?

കർഷകർ പരമോന്നത നീതിപീഠത്തിന്റെ ശാസനകൾക്ക് കീഴ്പ്പെടുന്നില്ല എന്ന വിലാപകാവ്യം രചിക്കുന്ന വലത് പക്ഷ മാധ്യമങ്ങൾ യഥാർത്ഥത്തിൽ ചെയ്യുന്നതു് , നിലനില്പിന്‌വേണ്ടി അത്യുജ്ജ്വലമായി വളർന്നു വരുന്ന ഈ പ്രക്ഷോഭത്തിനെതിരെ ജനസമൂഹങ്ങളിൽ അവമതിപ്പു സൃഷ്ടിക്കുക എന്നത് തന്നെയാണ്.

സംസ്ഥാന സർക്കാറുകളുട അധികാരപരിധികളിലേക്ക് കടന്നുചെന്ന്, ഘടനാപരമായ പരിഷ്കാരങ്ങൾ എന്ന് പെരുമ്പറയടിച്ച് ഭരണഘടനയിലെ ഫെഡറൽ സംവിധാനങ്ങളുടെ കടക്കൽ കത്തി വെച്ച , നിയമമാണിതെന്ന് ഭരണഘടനാപരമായി തന്നെ വ്യാഖ്യാനിച്ച് ഈ നിയമങ്ങൾ റദ്ദ് ചെയ്യേണ്ടതാണന്ന നിരീക്ഷണം പോലും നടത്താൻ പോലും സുപ്രീം കോടതിയുടെ ഇറുക്കിയ കണ്ണുകൾ തടസ്സമായി .

ഭരണഘടനാപരമായ തർക്കവിഷയങ്ങളിൽ ഇടപെടാനുള്ള രാജ്യത്തിലെ പരമോന്നത നീതിപീഠത്തിന്റെ സാധ്യത പോലും സ്വയം തിരിച്ചറിയാൻ മിനക്കെടാത്ത കോടതി വിദഗ്ദ സമിതിക്ക്‌രൂപം കൊടുത്ത് പ്രശ്നപരിഹാരത്തിന് എന്ന വ്യാജേന വൃഥാ സമരത്തെ ദുർബ്ബലപ്പെടുത്താൻ ശ്രമിക്കുകയാണ്.

കർഷകരുടെ സമരം ഭരണകുടത്തിന്റെ ( ഭരണാധികാരികളുടെ ) രാഷ്ട്രീയമായ ഒരു നയത്തിനെതിരെയുള്ള സമരമാണ്. രാജ്യത്തിലെ മൊത്തം ജനങ്ങൾ ക്കും എതിരായി മാറുന്ന ഒരു രാഷ്ട്രീയ തീരുമാനത്തെ റദ്ദ് ചെയ്യിക്കുന്നതിനു് വേണ്ടിയാണ് ഇത്. സുപ്രീം കോടതി ഇത് തിരിച്ചറിയുകയാണ് വേണ്ടത്. അല്ലാതെ ഈ ജനവിരുദ്ധമായ നയങ്ങളുടെ പക്ഷം പിടിച്ചു പേനയുന്തി കൊണ്ടിരിക്കുന്ന മാന്യന്മാരെ വിദഗ്ദ സമിതി പരിവേഷത്തിൽ ജൂഡീഷ്യൽ പദവിയിൽ നിയമിക്കുകയല്ല വേണ്ടത്. നവലിബറൽ ശക്തികൾ രംഗത്തിറക്കിയ ട്രോജൻ കുതിരകളാണ് വിദഗ്ദ സമിതിയുടെ പേരിൽ സുപ്രീം കോടതി തയാറാക്കി നിർത്തിയിരിക്കുന്നതെന്ന് തിരിച്ചറിയാൻ കർഷകർക്ക് വലിയ നിയമപാണ്ഡിത്യത്തിന്റെ ആവശ്യമൊന്നും വേണ്ട.നവലിബിറൽ സാമ്പത്തിക വിദഗ്ദനായ അശോക് ഗുലാത്തിക്കും മൂന്ന് എറാൻ മൂളികൾക്കും പരിഹരിക്കാൻ കഴിയുന്നതല്ല കർഷകരുടെ പ്രക്ഷോഭത്തിന് ആധാരമായ ജനവിരുദ്ധമായ കാർഷിക നയം എന്നത് എന്നാണ് നമ്മുടെ പരമോന്നത നീതി പീഠം തിരിച്ചറിയുക.

# കിഫ്ബി ചോദ്യോത്തരങ്ങൾ

ഡോ. കെ ടി റാംമോഹൻ

**ചോദ്യം: കേരളത്തിന്റെ സമ്പദ് വികസനം നേരിടുന്ന ഏറ്റവും വലിയ തടസ്സം പശ്ചാത്തല സൗകര്യങ്ങളുടെ പോരായ്മയാണോ?**

ഉത്തരം: ഈയൊരു നിഗമനം ശരിവെക്കുന്ന ഒരു ഗവേഷണപഠനവും ഇന്നോളം പുറത്തുവന്നിട്ടില്ല. മറിച്ചുള്ള ഒട്ടേറെ കാരണങ്ങൾ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ടുതാനും. മാത്രമല്ല, ആദ്യം പശ്ചാത്തല സൗകര്യം, പിറകെ വികസനം എന്നല്ല, രണ്ടും ഏറെക്കുറെ ഒപ്പത്തിനൊപ്പം എന്നതാണ് രാഷ്ട്രങ്ങളുടെ വികസനചരിത്രത്തിൽ പൊതുവെ കണ്ടുവരുന്നത്. സമ്പദ് വികസനത്തിൽ പശ്ചാത്തല സൗകര്യങ്ങൾക്ക് പങ്കുണ്ട്. എന്നാൽ പശ്ചാത്തല സൗകര്യം ഉള്ളതുകൊണ്ടുമാത്രം വികസനം വന്നുകൊള്ളണമെന്നില്ല. ധനമന്ത്രിയുടെ വാദം നോക്കൂ: "പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിച്ചാൽ വ്യവസായ മേഖലകളിൽ മൂലധനനിക്ഷേപം വർധിക്കും. തൊഴിലവസരങ്ങൾ കൂടും.സാമ്പത്തിക വളർച്ച അതിവേഗത്തിലാവും." ( മാതൃഭൂമി ദിനപത്രം, 22 നവംബർ 2020.) ഈ ലളിത സമവാക്യം വികസന സമ്പദ്ശാസ്ത്രത്തിന്റെ സങ്കീ ർണതയ്ക്കു നിരക്കുന്നതല്ല. ഈ വിധമൊരു ധാരണപ്പിശക് കിഫ്ബിയുടെ മൂലസങ്കൽപനത്തിൽ ഉണ്ടായിരുന്നില്ല.

**ചോദ്യം: പഴയ കിഫ്ബി, പുതിയ കിഫ്ബി എന്ന വേർതിരിവ് സാധ്യമാണോ?**

സാധ്യമാണെന്നു മാത്രമല്ല, അതേറെ പ്രധാനവുമാണ്. 1990കളുടെ അവസാനം അന്നത്തെ ഇടതുപക്ഷ സർക്കാരാണ് പശ്ചാത്തല സൗകര്യങ്ങൾക്കുള്ള പുതു സംവിധാനമെന്ന നിലയിൽ കിഫ്ബിക്കു തുടക്കമിട്ടത്. 1999ൽ കേരള നിയമസഭ കിഫ്ബി നിയമം അംഗീകരിച്ചു. പശ്ചാത്തലസൗകര്യപദ്ധതികൾക്കായി പ്രത്യേക നിധി ഏർപ്പെടുത്തുകയും തിരഞ്ഞെടുത്ത പദ്ധതികള്ക്കു അതിൽനിന്നു പണമനുവദിക്കുകയും ചെയ്യുക എന്നതായിരുന്നു ഉദ്ദേശ്യം. ഈ ലക്ഷ്യം നിലനിർത്തിക്കൊണ്ടുതന്നെ ഇന്നത്തെ ഇടതുപക്ഷ സർക്കാർ 2016ലെ ഓർഡിനൻസിലൂടെ കിഫ്ബിയുടെ സംഘടനാരൂപവും പ്രവർത്തനരീതിയും പാടെ മാറ്റി. ഇതു ധനവിഭവ സമാഹരണത്തിലും വിനിയോഗത്തിലുമുള്ള സുതാര്യത, നികുതിദായകരായ ജനങ്ങളോടുള്ള ഉത്തരവാദിത്വം, സർക്കാർ നിയന്ത്രണത്തിന്റെ സ്വഭാവം, സ്വകാര്യ മൂലധനത്തിന്റെ പങ്ക് എന്നിവയിൽ പ്രകടമായി.





ഡോ. കെ ടി റാംമോഹൻ

സർക്കാർ വകുപ്പുകളുടെയും സ്ഥാപനങ്ങളുടെയും ധനസഹായവർത്തി എന്ന നില വിട്ടു അവയുടെ പശ്ചാത്തലസൗകര്യ പദ്ധതികൾ ആസൂത്രണം ചെയ്യാനും അവ സമർപ്പിക്കുന്ന പദ്ധതികളിൽ തീർപ്പു കല്പിക്കാനുമുള്ള അധികാരം കയ്യാളുന്ന വികസന സ്വേച്ഛാധിപതിയായി കിഫ്ബി മാറി. ഇതോടൊപ്പം, സംസ്ഥാന സമ്പദ് വ്യവസ്ഥയുടെ സമസ്ത മേഖലകളെയും പുനഃസ്യഷ്ടിക്കാൻ പോന്ന അത്ഭുതശേഷിയുള്ള വികസനമായാവിയെന്ന നാട്യവും കിഫ്ബി കൈക്കൊണ്ടു.

ചോദ്യം: ഇന്ന് കിഫ്ബിയെക്കുറിച്ചുള്ള ഒരു പ്രധാന വിമർശനം അതിന്റെ പ്രവർത്തനം സുതാര്യമല്ല, ജനപ്രതിനിധികൾക്കുപോലും പദ്ധതികളെക്കുറിച്ചു അറിയാൻ കഴിയുന്നില്ല എന്നതാണ്. ഈയൊരു വിമർശനത്തിനു അടിസ്ഥാനമുണ്ടോ? ഇക്കാര്യത്തിൽ 1999ലെയും 2016ലെയും കിഫ്ബി നിയമങ്ങൾ തമ്മിൽ വ്യത്യാസമുണ്ടോ?

1999ലെ കിഫ്ബി നിയമത്തിന്റെ ഏഴാം വകുപ്പു പ്രകാരം കിഫ്ബിയുടെ എല്ലാ പദ്ധതികൾക്കും നിയമസഭയുടെ അംഗീകാരം നിർബന്ധമാണ്. പ്രസ്തുത വകുപ്പ് അനുശാസിക്കുന്നത് ഓരോ പദ്ധതിയും ആവിഷ്കരിക്കുന്ന മുറയ്ക്ക് നിയമസഭയിൽ അവതരിപ്പിക്കണമെന്നും സാമാജികരുടെ നിർദേശങ്ങൾ പരിഗണിച്ചു ആവശ്യമെങ്കിൽ മാറ്റങ്ങൾ വരുത്തി സഭയുടെ അനുമതി നേടണമെന്നുമാണ്.

2016ലെ കിഫ്ബി ഭേദഗതി നിയമം മേൽസൂചിപ്പിച്ച വകുപ്പ് പൂർണമായി നീക്കം ചെയ്തു. പുതിയ വ്യവസ്ഥകൾ പ്രകാരം കിഫ്ബിയുടെ നിർവഹണ സമിതി മുന്നോട്ടു വെക്കുന്ന പദ്ധതികൾക്ക് മന്ത്രിസഭയുടെ അംഗീകാരം മാത്രം മതിയാവും. കിഫ്ബി നിർവഹണസമിതിയുടെ അധ്യക്ഷൻ മുഖ്യമന്ത്രിയും ഉപാധ്യക്ഷൻ ധനമന്ത്രിയുമാണെന്നിരിക്കെ നിർവഹണസമിതിയുടെ തീരുമാനം ഫലത്തിൽ അന്തിമതീരുമാനമാണ്.

ചോദ്യം:"ധനമന്ത്രിയുടെ ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയുടെ ഭാവി പദ്ധതികൾ പ്രഖ്യാപിക്കും. ബജറ്റിനൊപ്പം കിഫ്ബിയുടെ വാർഷികറിപ്പോർട്ട് നിയമസഭയിൽ വെക്കും." ഇതു കണക്കിലെടുക്കുമ്പോൾ കിഫ്ബി പദ്ധതികൾക്ക് സുതാര്യതയില്ലെന്ന ആക്ഷേപം നിലനിൽക്കുമോ?

ഇവിടെ രണ്ടു കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. ബജറ്റ് പ്രസംഗത്തിൽ കിഫ്ബിയുടെ ഭാവിപദ്ധതികൾ വെളിവാക്കണമെന്നു കിഫ്ബി നിയമം അനുശാസിക്കുന്നില്ല. അതായത്, പദ്ധതികൾ പരാമർശിക്കപ്പെട്ടിട്ടില്ലെങ്കിൽ നിയമപരമായി അതു ചോദ്യം ചെയ്യാൻ കഴിയില്ല. പരാമർശിച്ചാൽത്തന്നെയും പദ്ധതികളെക്കുറിച്ചു വിശദമായ ചർച്ച ബജറ്റ് അവതരണവേളയിൽ സാധ്യമാവുകയില്ല. അതുകൊണ്ടാണല്ലോ പദ്ധതികൾ ആവിഷ്കരിക്കുന്ന മുറയ്ക്ക് അവ നിയമസഭയിൽ അവതരിപ്പിക്കുകയും ചർച്ച ചെയ്യുകയും വേണമെന്ന് 1999ലെ കിഫ്ബി നിയമം വ്യവസ്ഥ ചെയ്തത്.

രണ്ടാമതായി, ബജറ്റിനൊപ്പം കിഫ്ബിയുടെ വാർഷികറിപ്പോർട്ട് നിയമസഭയിൽ വെക്കുന്നത് സുതാര്യതയുടെ അഭാവം പരിഹരിക്കാൻ പര്യാപ്തമല്ല. കഴിഞ്ഞുപോയ വർഷത്തിലെ പദ്ധതിനടത്തിപ്പു സംബന്ധിച്ച വിവരവും വരവുചെലവുമാണ് വാർഷികറിപ്പോർട്ടിൽ നിന്നു ലഭിക്കുക. എന്നാൽ ബജറ്റുവേളയിൽ കൂടുതൽ പ്രാധാന്യത്തോടെ ചർച്ച ചെയ്യേണ്ടത് വരാനിരിക്കുന്ന വർഷത്തെ പദ്ധതികളാണ്. നിയമസഭാ സാമാജികർക്കു തങ്ങളുടെ നിർദേശങ്ങൾ മുന്നോട്ടുവെക്കാനും പദ്ധതികളുടെ നിലവാരം മെച്ചപ്പെടുത്താനും അവയുടെ നടത്തിപ്പ് താരതമ്യേന കുറ്റമറ്റതാക്കാനും അങ്ങനെയേ കഴിയൂ. ഇതു സാധ്യമാകണമെങ്കിൽ ഓരോ ധനകാര്യ വർഷത്തിന്റെയും അവസാനത്തോടെ അടുത്ത വർഷത്തേക്കുള്ള പദ്ധതികൾ കിഫ്ബി തീരുമാനിക്കുകയും അവ സംയോജിപ്പിച്ചു പ്രവർത്തനപദ്ധതി (വർക്കിങ് പ്ലാൻ) തയ്യാറാക്കുകയും വേണം. പോയവർഷത്തെ പ്രവർത്തനറിപ്പോർട്ടല്ല, വരുംവർഷത്തെ പ്രവർത്തന പദ്ധതിയാണ് ബജറ്റിനൊപ്പം നിയമസഭയിൽ വെക്കേണ്ടത്. കൂടാതെ, കിഫ്ബി പദ്ധതികൾ ചർച്ച ചെയ്യാൻവേണ്ടി ബജറ്റുവേളയിൽ നിയമസഭ പ്രത്യേകം സമ്മേളിക്കണം. കിഫ്ബി നിയമത്തിൽ ഇതിനാവശ്യമായ ഭേദഗതി വേണ്ടിവരും

**മസാല ബോണ്ട് എന്തെന്നു വിശദീകരിക്കാമോ?**

കൂട്ടുടമക്കമ്പനികൾ വലിയ തോതിൽ പണം സമാഹരിക്കുന്നത് ഓഹരികളും കടപ്പത്രങ്ങളുമിറക്കിയും സ്ഥാപനവായ്പകൾ എടുത്തുമാണ്. ഓഹരിയുടമകൾ കമ്പനിയുടെ ഉടമസ്ഥരാണ്; കടപ്പത്രങ്ങൾ വാങ്ങുന്നവർ ഉത്തമർണരും. ഇരുവരും നിക്ഷേപകരാണ്. ഓഹരിയുടമകളുടെ നേട്ടം ഡിവിഡൻറായി കിട്ടുന്ന ലാഭവിഹിതമാണ്. കടപ്പത്രത്തിന്റെ കാലയളവിൽ ലഭിക്കുന്ന പലിശയാണ് കടപ്പത്ര നിക്ഷേപകരുടെ ആദായം. ഓഹരികളും കടപ്പത്രങ്ങളും വിപണിയിൽ കൈമാറുമ്പോഴും ലാഭം (നഷ്ടവും) ഉണ്ടാകാം. ബോണ്ട് എന്നത് ഒരിനം കടപ്പത്രമാണ്. കമ്പനികൾ മാത്രമല്ല, സർക്കാരുകളും ധനസമാഹരണത്തിനായി ബോണ്ടുകൾ ഇറക്കാറുണ്ട്.

മൂലധനക്ഷാമമുള്ള ഇന്ത്യയടക്കമുള്ള അവികസിത രാജ്യങ്ങളിലെ കൂട്ടുടമക്കമ്പനികൾ വിദേശനിക്ഷേപത്തിനായി പുറംവിപണിയിൽ കടപ്പത്രങ്ങൾ ഇറക്കാറുണ്ട്. അവയുടെ വിലയിട്ടിരുന്നത് ഡോളറിലോ യൂറോവിലോ ആയിരുന്നു. ഇന്ത്യൻ രൂപയിൽ വില നിശ്ചയിക്കപ്പെട്ടിട്ടുള്ള കടപ്പത്രങ്ങളാണ് മസാല ബോണ്ടുകൾ. വില രൂപയിലാണെങ്കിലും വ്യവഹാരം നടക്കുന്നത് വിദേശനാണയത്തിൽ തന്നെയാണ്. കാലാകാലം പലിശയും കാലാവധി കഴിയുന്നതോടെ മുതലും തത്സമയത്തെ വിനിമയനിരക്ക് അനുസരിച്ചു വിദേശനാണയത്തിൽ തീർപ്പാക്കുന്നു.

**മസാല ബോണ്ടെന്ന നൂതനാശയം റിസർവ് ബാങ്ക് മുന്നോട്ടുവെക്കുന്നത് എപ്പോഴാണ്?**

ഒരു കാര്യം വ്യക്തമാക്കട്ടെ – ഇന്ത്യൻ രൂപയിൽ വിലയിട്ട ആഗോള കടപ്പത്രമെന്ന ആശയം മുന്നോട്ടുവെച്ചതും ആദ്യം പ്രാവർത്തികമാക്കിയതും റിസർവ് ബാങ്കല്ല, ലോകബാങ്ക് ഗ്രൂപ്പ് സ്ഥാപനമായ ഇന്റർനാഷനൽ ഫിനാൻസ് കോർപറേഷൻ (ഐഎഫ്സി) ആണ്. റിസർവ്ബാങ്ക് പുതിയ നയം പ്രഖ്യാപിച്ചത് 2015ലാണ്. എന്നാൽ 2013 മുതൽ ഈ ദിശയിൽ പ്രവർത്തനമാരംഭിച്ച ഐഎഫ്സി 550 കോടി ഡോളറിനു തുല്യമായ തുക മസാല ബോണ്ടുകൾ വഴി ലോകവിപണിയിൽനിന്ന് പശ്ചാത്തല സൗകര്യ പദ്ധതികൾക്കായി ഇന്ത്യയിൽ നിക്ഷേപത്തിനു സമാഹരിച്ചിരുന്നു. തങ്ങളുടെ പ്രവർത്തനമാണ് റിസർവ് ബാങ്കിന്റെ പ്രചോദനമെന്നു ഐഎഫ്സി അർത്ഥശങ്കക്കിടമില്ലാത്ത വിധം വ്യക്തമാക്കുന്നു."ഞങ്ങളുടെ കടപ്പത്ര പദ്ധതിയുടെ വിജയം രൂപയിൽ വില നിശ്ചയിച്ച കടപ്പത്രങ്ങൾ പുറംവിപണിയിൽ ഇറക്കുന്നതിനു തദ്ദേശീയ കമ്പനികൾക്ക് അനുമതി നൽകുന്നതിനെക്കുറിച്ചു ആലോചിക്കുവാൻ റിസർവ് ബാങ്കിനെ പ്രേരിപ്പിച്ചു." ('ഐഎഫ്സി ഇൻ ഇന്ത്യ: പ്രമോട്ടിങ് സസ്റ്റെയ്നബിൾ പ്രൈവറ്റ് സെക്റ്റർ ലെഡ് ഗ്രോത്ത്', 2016, എന്ന ഐഎഫ്സി പ്രസിദ്ധീകരണത്തിൽ നിന്ന്.)

**മസാല ബോണ്ട് എന്ന ആശയം റിസർവ്ബാങ്കിന്റേതല്ല, ലോകബാങ്ക് സ്ഥാപനമായഇന്റർനാഷനൽ ഫിനാൻസ്കോർപറേഷന്റേതാണ് എന്നത് പുതിയഅറിവാണ്. കോർപറേഷന് ഇക്കാര്യത്തിൽഎന്താണ് താല്പര്യം?**

സ്വകാര്യമേഖലയെ ബലപ്പെടുത്തുന്നതിലൂടെ മാത്രമേ ദാരിദ്ര്യം ഇല്ലാതാക്കാനും വികസനം കൈവരിക്കാനും കഴിയൂ എന്നതാണ് ലോകബാങ്കിന്റെ അടിസ്ഥാന പ്രമാണം. അതിനു യോജിക്കുന്ന വിധമുള്ള നയങ്ങൾ അവികസിതരാജ്യങ്ങളോടു നിർദേശിക്കുന്നു, അവയ്ക്കു ധനസഹായം നൽകുന്നു. അഞ്ചു സ്ഥാപനങ്ങൾ ചേർന്ന സംവിധാനമാണ് ലോകബാങ്ക്. അതിൽ മൂന്നെണ്ണം പ്രമുഖം. ഇന്റർനാഷനൽ ബാങ്ക് ഫോർ റീകൺസ്ട്രക്ഷൻ ആൻഡ് ഡവലപ്മെന്റ് (ഐബിആർഡി) , ഇന്റർനാഷണൽ ഡെവലപ്മെന്റ് അസോസിയേഷൻ (ഐഡിഎ), ഇന്റർനാഷനൽ ഫിനാൻസ് കോർപറേഷൻ (ഐഎഫ്സി). ആദ്യത്തെ രണ്ടു സ്ഥാപനങ്ങൾക്കും സർക്കാരുകളുമായി മാത്രമേ ഇടപാടുകളുള്ളൂ–ഇടത്തരം വരുമാനമുള്ള രാജ്യങ്ങളുമായി ഐബിആർഡിക്കും തീർത്തും ദരിദ്രമായവയുമായി ഐഡിഎക്കും. മൂന്നാമതു സൂചിപ്പിച്ച ഐഎഫ്സി സ്വകാര്യമേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നു. കൂട്ടുടമക്കമ്പനികളിൽ നിക്ഷേപം നടത്തുന്നതും മൂലധനവും വായ്പയും സമാഹരിക്കാൻ അവയെ സഹായിക്കുന്നതും ഐഎഫ്സിയാണ്.

ലോകബാങ്ക് സ്ഥാപനങ്ങൾ പ്രവർത്തനത്തിനായുള്ള പണം കണ്ടെത്തുന്നത് പ്രധാനമായും വികസിതരാജ്യങ്ങളിലെ സർക്കാർ നീക്കിയിരുപ്പിൽ നിന്നും മൂലധന വിപണിയിൽ നിന്നുമാണ്. ഇപ്രകാരം അവിടത്തെ അധികമൂലധനം അവികസിത രാജ്യങ്ങളിലെ ലാഭകരമായ മേഖലകളിലേക്കു തിരിച്ചുവിടുന്നു. അതിന്മേലുള്ള ലാഭവും പലിശയും കൂടാതെ വിദേശ മൂലധന

നിക്ഷേപത്തിന്റെ ഫലമായി അവികസിത രാജ്യങ്ങളിലെ ഉത്പന്ന, സാങ്കേതികവിദ്യാ വിപണികൾ വിപുലീകരിക്കപ്പെടുന്നതു കൊണ്ടുള്ള അധികവരുമാനവും വികസിതരാജ്യങ്ങൾക്കു നേടാൻ കഴിയുന്നു. ഇങ്ങനെ മൂലധനത്തിന്റെയും സമ്പദ് മിച്ചത്തിന്റെയും വിവിധ ദിശകളിലുള്ള ഒഴുക്കുകൾ രൂപപ്പെടുത്തിക്കൊണ്ട് ആഗോള മൂലധന വ്യവസ്ഥയിലെ പ്രബലശക്തിയായി ലോകബാങ്ക് മാറിയിട്ടുണ്ട്.

1956ൽ സ്ഥാപിക്കപ്പെട്ട നാൾതൊട്ടു ഐഎഫ്സിയുടെ പ്രധാന പ്രവർത്തന മണ്ഡലമാണ് ഇന്ത്യ. നാനൂറോളം കമ്പനികളിലായി 600 കോടി ഡോളർ ഐഎഫ്സി ഇവിടെ നേരിട്ടു നിക്ഷേപിച്ചിട്ടുണ്ട്. ഇതിനു പുറമെ 900 കോടി ഡോളർ സമാഹരിക്കാൻ സഹായിച്ചിട്ടുണ്ട്. പശ്ചാത്തല സൗകര്യ നിർമാണത്തിലും ഊർജ സംഭരണ-വിതരണത്തിലും ഐഎഫ്സി സജീവമാണ്.'ലാഭാധിഷ്ഠിത ദാരിദ്ര്യ നിർമാർജന പദ്ധതികൾ' എന്ന് ഐഎഫ്സി വിശേഷിപ്പിക്കുന്നവയാണ് മറ്റൊരു പ്രധാന പ്രവർത്തന മേഖല. താഴ്ന്ന വരുമാനക്കാർക്കുള്ള വീടുകൾ, ചെറുകിട വ്യവസായം, സൂക്ഷ്മ വായ്പ (മൈക്രോ ഫിനാൻസ്) എന്നിവ. ഇത്തരം പദ്ധതികൾ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങൾക്ക് ഐഎഫ്സിയുടെ ധനസഹായമുണ്ട്. ഇന്ത്യയിലെ സൂക്ഷ്മവായ്പാ മേഖലയിലെ ആകെ നിക്ഷേപത്തിന്റെ മൂന്നിലൊന്ന് ഐഎഫ്സിയുടേതാണ്. ഐഎഫ്സിയുടെ ധനസഹായം അഭ്യർത്ഥിക്കുന്നവരിൽ കിഫ്ബിയുമുണ്ട്. പന്ത്രണ്ടു പദ്ധതികൾക്കായി 1700 കോടി രൂപയുടെ വായ്പയാണ് കിഫ്ബി തേടുന്നത്.

**മസാല ബോണ്ട് ഇറക്കാനുള്ള അധികാരംകിഫ്ബിക്കുണ്ടോ?**

ഇക്കാര്യം തീർത്തുപറയാനുള്ള നിയമപരിജ്ഞാനം എനിക്കില്ല. മാത്രമല്ല ,നിയമത്തിൽ വ്യാഖ്യാനത്തിനു കൂടി ഇടമുണ്ടല്ലോ. അതുകൊണ്ട് മസാല ബോണ്ട് ഇറക്കാനുള്ള അർഹതയെ റിസർവ് ബാങ്ക് വ്യവസ്ഥ ചെയ്തിട്ടുള്ളത് എങ്ങനെയെന്ന് മാത്രം പറയാം.

ബാങ്കുകൾക്കും കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കുമാണ് മസാലബോണ്ട് ഇറക്കാൻ റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുള്ളത്. കോർപ്പറേറ്റ് സ്ഥാപനങ്ങളെ കോർപ്പറേറ്റുകളെന്നും ബോഡി കോർപ്പറേറ്റുകളെന്നും തരംതിരിക്കുകയും നിർവചിക്കുകയും ചെയ്യുന്നുമുണ്ട്. ആദ്യത്തേത്, 1956ലെ കമ്പനി നിയമപ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ. രണ്ടാമത്തേത്, പാർലമെന്റ് പ്രത്യേക നിയമപ്രകാരം രൂപപ്പെടുത്തിയ സ്ഥാപനങ്ങൾ.

റിസർവ് ബാങ്കിന്റെ വ്യവസ്ഥകൾ പ്രകാരം കൂട്ടുടമക്കമ്പനി നിയമമോ പാർലമെന്റ് പാസാക്കിയ പ്രത്യേക നിയമങ്ങളോ അനുസരിച്ചു നിലവിൽ വന്ന കോർപ്പറേറ്റ് സ്ഥാപനങ്ങൾക്കു മാത്രമേ മസാലബോണ്ട് ഇറക്കാൻ അർഹതയുള്ളൂ.

**അങ്ങനെയെങ്കിൽ എന്തടിസ്ഥാനത്തിലാണ് കിഫ്ബി മസാല ബോണ്ട് ഇറക്കിയത്? അതു സ്ഥാപിക്കപ്പെട്ടത് കേരള നിയമസഭ പാസാക്കിയ നിയമപ്രകാരമാണല്ലോ. അത്തരമൊരു സ്ഥാപനം മസാലബോണ്ട് ഇറക്കിയത് റിസർവ് ബാങ്ക് വ്യവസ്ഥകൾക്ക് എതിരല്ലേ?**

റിസർവ് ബാങ്കിന്റെ അനുമതിയോടെയാണ് കിഫ്ബി മസാലബോണ്ട് ഇറക്കിയതെന്നു കേരളസർക്കാർ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട മുഴുവൻ വിവരവും പൊതുസമൂഹത്തിൽ ലഭ്യമാക്കിയിട്ടില്ല. അനുമതിയെ സംബന്ധിക്കുന്ന ഒരു രേഖ മാത്രമേ നിയമസഭയിൽ പോലും സർക്കാർ ഹാജരാക്കിയിട്ടുള്ളു. അതാകട്ടെ കിഫ്ബി ബോണ്ടിന്റെ കാര്യസ്ഥരും വിതരണക്കാരുമായ ആക്സിസ് ബാങ്കിനു റിസർവ് ബാങ്ക് അയച്ച കത്താണ്. ബോണ്ട് ഇറക്കാൻ കിഫ്ബിക്കുള്ള അർഹതയെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും അതിൽനിന്ന് അറിയുക പ്രയാസം. 2018 ജൂൺ ഒന്നിന് അയച്ച ആ കത്ത് താഴെ കൊടുക്കുന്നു

“ഇന്ത്യൻ രൂപ കടപ്പത്രപദ്ധതിയിൽ 2672.80 കോടി രൂപ (ഏകദേശം 40 കോടി അമേരിക്കൻ ഡോളർ) വിലവരുന്ന കടപ്പത്രം കിഫ്ബി ഇറക്കുന്നതിനോട് 1999ലെ വിദേശ നാണയവിനിമയ നിർവഹണ നിയമപ്രകാരം ഞങ്ങൾക്ക് എതിർപ്പില്ല. വായ്പ രേഖപ്പെടുത്താനായി യഥാവിധി പൂരിപ്പിച്ച ഫോറം 83 ഞങ്ങൾക്കു സമർപ്പിക്കുക. വിദേശ നാണയവിനിമയ നിർവഹണ നിയമത്തിലെ വകുപ്പുകൾ അനുശാസിക്കുന്ന വിദേശനാണയ വിനിമയത്തിന്റെ കാഴ്ചപ്പാടിൽ നിന്നാണ് ഈ കത്ത് നൽകുന്നത്. സർക്കാരിന്റെയോ ചട്ടപ്രകാരമുള്ള മറ്റേതെങ്കിലും അധികാരസ്ഥാപനത്തിന്റെയോ മറ്റേതെങ്കിലും നിയമങ്ങളോ വ്യവസ്ഥകളോ പ്രകാരമുള്ള അംഗീകാരമായി ഇതിനെ വ്യാഖ്യാനിക്കാൻ പാടില്ല. ഈ അംഗീകാര പ്രകാരമുള്ള ഒന്നുംതന്നെ വായ്പയെടുക്കുന്നതിന്റെയോ സാമ്പത്തികമോ അല്ലാതെയോ ഉള്ള മറ്റു വശങ്ങളുടെയോ അംഗീകാരമായി വ്യാഖ്യാനിച്ചുകൂടാ. ഇവിടെ പരാമർശിക്കുന്ന ഇടപാട് നടത്തുന്നതിനു മുമ്പായി, പ്രസക്തമായ നിയമങ്ങളോ വ്യവസ്ഥകളോ പ്രകാരം സർക്കാരിന്റെയോ ചട്ടപ്രകാരമുള്ള മറ്റേതെങ്കിലും അധികാര സ്ഥാപനത്തിന്റെയോ അംഗീകാരമോ അനുമതിയോ ആവശ്യമുള്ള പക്ഷം പ്രസ്തുത കാര്യസ്ഥകേന്ദ്രത്തിന്റെ അനുമതി നേടിയിരിക്കണം. കൂടാതെ, ഏതെങ്കിലും നിയമങ്ങളുടെയോ വ്യവസ്ഥകളുടെയോ വകുപ്പുകളുമായി ബന്ധമുണ്ടായേക്കാവുന്ന എന്തെങ്കിലും ക്രമക്കേടുകളോ ലംഘനമോ മറ്റു വീഴ്ചകളോ ക്രമപ്പെടുത്തുന്നതോ ശരിവെക്കുന്നതോ ആയി ഇപ്പോൾ തരുന്ന അംഗീകാരത്തെ വ്യഖ്യാനിക്കുവാൻ പാടില്ല.”

**കിഫ്ബിയുമായി ബന്ധപ്പെട്ടു ഉയർന്നുവന്ന എല്ലാ വിമർശനങ്ങൾക്കും ധനമന്ത്രി നിയമസഭയിലും പത്രസമ്മേളനങ്ങളിലും മറ്റു വേദികളിലും വിശദീകരണം നൽകിയിട്ടുള്ളതാണ്. ഈ സാഹചര്യത്തിൽ ഇത്തരമൊരു ചോദ്യോത്തരപംക്തിയ്ക്കു എന്തു പ്രസക്തിയാണ് ഇന്നുള്ളത്?**

കിഫ്ബിയുടെ പ്രവർത്തനം കേരള സമ്പദ് വ്യവസ്ഥയിൽ ഗൗരവതരവും ദൂരവ്യാപകവുമായ ഫലങ്ങൾ ഉളവാക്കാൻ പോന്നതാണ്. സർക്കാരിന്റെ പ്രധാനപ്പെട്ട ചില വരുമാന സ്രോതസ്സുകൾ പൂർണമായോ ഭാഗികമായോ കിഫ്ബിക്കായി മാറ്റിവെച്ചതും വിദേശകടത്തിനായി സർക്കാർ നിരുപാധികവും റദ്ദാക്കാനാവാത്തതുമായ ഈട് നൽകിയതും ഭീമമായ കടവും ഉയർന്ന പലിശയും ഏറ്റെടുത്തുകൊണ്ട് പുറംനാട്ടിലേക്കു വലിയ തോതിലുള്ള സമ്പദ് ചോർച്ചയ്ക്ക് വഴിവെച്ചതും ആയ വിഷയങ്ങൾ വിശദവും കാര്യവിവരത്തോടെയുള്ളതുമായ ചർച്ച ആവശ്യമാക്കുന്നു.
ധനമന്ത്രിയുടെ വിശദീകരണം അപൂർണ്ണമാണ്, വൈരുധ്യങ്ങൾ നിറഞ്ഞതാണ്, ചിലപ്പോഴെങ്കിലും തെറ്റുധാരണാജനകവുമാണ്. ഇക്കാര്യത്തിൽ നിയമസഭയിൽ നടന്ന ചർച്ചയും ഫലവത്തായിരുന്നു എന്നു കരുതാനാവില്ല. പ്രതിപക്ഷാംഗങ്ങൾ ഉയർത്തിയ ചോദ്യങ്ങൾക്ക് ധനമന്ത്രി നൽകിയ മറുപടി പലപ്പോഴും ഭാഗികമായിരുന്നു, മറ്റു ചിലപ്പോൾ ചോദ്യവുമായി യാതൊരു ബന്ധവുമില്ലാത്തതായിരുന്നു. പ്രതിപക്ഷാംഗങ്ങളാകട്ടെ സമഗ്രവും സൂക്ഷ്മവുമായ വിശദീകരണത്തിനായി നിർബന്ധം കാണിച്ചതുമില്ല.

'അരിയെത്ര, പയറഞ്ഞാഴി' എന്ന മട്ടിലായിരുന്നു നിയമസഭയിലെ കിഫ്ബി ചർച്ച. ഒരുദാഹരണം നൽകാം:

പ്രതിപക്ഷത്തിന്റെ ചോദ്യം –

“മസാലബോണ്ടിന് സംസ്ഥാനസർക്കാർ നൽകേണ്ട പലിശ 9.723 ശതമാനം എന്നു നിശ്ചയിച്ചത് ആരാണ്; അങ്ങനെ നിശ്ചയിക്കുന്നതിന് കിഫ്ബി സർക്കാരിന്റെ അനുമതി നേടിയിട്ടുണ്ടോ; വെളിപ്പെടുത്താമോ?”

ധനമന്ത്രിയുടെ മറുപടി –

“കിഫ്ബി പുറപ്പെടുവിച്ചിരിക്കുന്ന മസാലബോണ്ടിൻറെ കൂപ്പൺ റേറ്റ് ആയ 9.723 ശതമാനം നിരക്കിൽ തിരിച്ചടവ് നടത്തേണ്ടത് കിഫ്ബിയാണ്. ഇതിന്റെ തിരിച്ചടവിനുള്ള ഗ്യാരണ്ടി മാത്രമാണ് സംസ്ഥാനസർക്കാർ നൽകുന്നത്. കേരള നിയമസഭ ഐകകണ്ഠേന അംഗീകരിച്ച കിഫ് ആക്ട് 2016ലെ വകുപ്പുകൾ പ്രകാരം കിഫ് ബോർഡിനു സർക്കാരിന്റെ മുൻകൂർ അംഗീകാരത്തോടെ സെബി, ആർബിഐ എന്നീ ഏജൻസികൾ അംഗീകരിച്ച ഏതൊരു ധനസമാഹരണ ഉപാധിയിലൂടെയും നിക്ഷേപങ്ങൾ സ്വീകരിക്കാം. ഇപ്രകാരം സർക്കാരിന്റെയും കിഫ് ബോർഡിന്റെയും റിസർവ് ബാങ്കിന്റെയും മുൻകൂർ അംഗീകാരത്തോടെ തന്നെയാണ് കിഫ്ബി മസാലബോണ്ട് വഴിയുള്ള ധനസമാഹരണം നടത്തിയത്. ഗ്യാരണ്ടി സംബന്ധിച്ച നിയമോപദേശം നിയമവകുപ്പിൽ നിന്നും ലഭിച്ചിരുന്നു.”

(പതിനാലാം കേരള നിയമസഭ, പതിനഞ്ചാം സമ്മേളനം, നക്ഷത്രമിടാത്ത ചോദ്യം നം. 441, 29.05.2019.)

**കിഫ്ബിയുടെ കടം കേവലം ബാധ്യതയല്ലെന്നും പശ്ചാത്തല പദ്ധതികളിൽ നിക്ഷേപിക്കപ്പെടുന്നതിനാൽ അത് കെയ്ൻസിയൻ ഗുണകാങ്കഫലത്തിലൂടെ സമ്പദ്വ്യവസ്ഥയുടെ വികാസത്തിലേക്കു നയിക്കുമെന്നും വായിക്കാനിടയായി. കെയ്ൻസ് എന്ന സമ്പദ്**

**ശാസ്ത്രജ്ഞനെക്കുറിച്ചു കേട്ടിട്ടുണ്ട്. കെയ്ൻസിയൻ ഗുണകാങ്കഫലം എന്നാൽ എന്താണ്? ഈ സാമ്പത്തിക സിദ്ധാന്തപ്രകാരമുള്ള വളർച്ച കിഫ്ബി പദ്ധതികളിലൂടെ കേരളം കൈവരിക്കുന്നത് എങ്ങനെയാണ്?**

നേരിട്ടുള്ള സാമ്പത്തിക പ്രവർത്തനത്തിൽ നിന്നും സർക്കാർ വിട്ടുനിൽക്കണമെന്നതായിരുന്നു പരമ്പരാഗത സമ്പദ് ചിന്ത. കെയ്ൻസ് അതിൽനിന്ന് വ്യതിചലിച്ചു. സർക്കാർ മുതൽമുടക്ക് സ്വകാര്യ സംരംഭകത്വത്തിനു തടസ്സമല്ല, മറിച്ചു സാമ്പത്തികമാന്ദ്യ കാലത്തു അതിന്റെ വളർച്ചയ്ക്ക് സഹായിക്കും എന്നതായിരുന്നു കെയ്ൻസിന്റെ നിലപാട്. ഇതു വിശദീകരിക്കാൻ കെയ്ൻസ് ആവിഷ്കരിച്ച സങ്കൽപനമാണ് ഗുണകാങ്കം. സർക്കാർ ഇറക്കുന്ന മൂലധനം വരുമാനം, ഉപഭോഗം, സ്വകാര്യ മൂലധന നിക്ഷേപം, ഉല്പാദനം എന്നിവയിൽ ഒന്നിനുപുറകെ ഒന്നായി തൊടുത്തുവിടുന്ന മാറ്റങ്ങളും ഈ ചലാങ്കങ്ങളുടെ ചുറ്റോടുചുറ്റു വികാസവും ദേശീയ വരുമാനത്തിൽ ഉളവാക്കുന്ന പെരുക്കമാണ് കെയ്ൻസിയൻ ഗുണകാങ്കം. നിശ്ചിത തുകക്കുള്ള സർക്കാർ നിക്ഷേപം ദേശീയ വരുമാനത്തെ എത്ര മടങ്ങ് പെരുപ്പിക്കുമെന്നത് തിട്ടപ്പെടുത്തുന്നതിനു ഒട്ടേറെ സങ്കല്പങ്ങളെ ആശ്രയിക്കേണ്ടതുണ്ട്. അവ ഏതൊക്കെയാവാമെന്നതിൽ സമ്പദ് ശാസ്ത്രജ്ഞർക്കിടയിൽ അഭിപ്രായ ഐക്യമില്ല. ഇത് ഗുണകാങ്കഫല നിർണയത്തിലും പ്രതിഫലിക്കാറുണ്ട്. അവികസിത നാടുകളിൽ മൂലധനക്ഷാമം, പരിമിതമായ വ്യവസായോല്പാദനശേഷി, അപര്യാപ്തമായ സാങ്കേതികവിദ്യ തുടങ്ങിയ കാരണങ്ങളാൽ ഗുണകാങ്കഫല സിദ്ധാന്തം പ്രവർത്തനക്ഷമമാവില്ലെന്നു നിലപാടുള്ളവരുണ്ട്. വികസിതരാജ്യങ്ങളിലെ സർക്കാരിന്റെ അധികനിക്ഷേപം സ്വകാര്യനിക്ഷേപത്തെ ഉന്തിപുറത്താക്കുമെന്ന് അഭിപ്രായമുള്ള ദോഷൈകദൃക്കുകളും സമ്പദ് ശാസ്ത്രജ്ഞർക്കിടയിലുണ്ട്.

**അതിരിക്കട്ടെ. ഗുണകാങ്കഫല സിദ്ധാന്തത്തിന്റെ സാധുത അംഗീകരിച്ചുകൊണ്ട് നമുക്ക് സംഭാഷണം തുടരാം. ഗുണകാങ്കഫലം സാക്ഷാൽക്കരിക്കപ്പെടുന്നത് എങ്ങനെയാണ്?**

ഉല്പന്നങ്ങൾക്ക് ആവശ്യക്കാരില്ലാത്തതു കാരണം മൂലധനമിറക്കാൻ സംരംഭകർ മടിച്ചു നിൽക്കയാണെന്നു വിചാരിക്കുക. അതുകൊണ്ട് സർക്കാർ തന്നെ ഒരുപറ്റം വ്യവസായശാലകൾ തുടങ്ങുന്നുവെന്നും. അവയ്ക്കു പ്രവർത്തിക്കാൻ തൊഴിൽ ശക്തി, അസംസ്കൃത വിഭവങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ വേണം. അവ സമാഹരിക്കപ്പെടുമ്പോൾ തൊഴിലവസരങ്ങൾ കൂടും, അസംസ്കൃത വിഭവങ്ങളുടെയും യന്ത്രസാമഗ്രികളുടെയും വിപണി സജീവമാകും, തൊഴിലാളികളുടെയും സംരംഭകരുടെയും വരുമാനം വർധിക്കും. വരുമാനത്തിന്റെ വലിയൊരു പങ്ക് ഉപഭോഗത്തിനായി ചെലവഴിക്കപ്പെടുന്നതോടെ ഉപഭോക്തൃ വിപണി ഊർജസ്വലമാകും. അത് ഉപഭോഗഉല്പന്ന വ്യവസായങ്ങളുടെയും അവയുടെ യന്ത്രസാമഗ്രി നിർമാണ വ്യവസായങ്ങളുടെയും വളർച്ചയ്ക്ക് ആക്കം കൂട്ടും. അവയിൽ മുതൽമുടക്കാനായി സംരംഭകർ മുന്നോട്ടുവരും. ഈ വ്യവസായങ്ങൾക്കും തൊഴിൽശക്തിയും അസംസ്കൃത വിഭവങ്ങളും യന്ത്രസാമഗ്രികളും ആവശ്യമാണ്. വീണ്ടുമൊരു ചുറ്റ് വരുമാന വിതരണവും ഉപഭോഗവുമുണ്ടാകുന്നു. ഇങ്ങനെ അനേകം ചുറ്റുകളിലെ വരുമാന- ഉപഭോഗ- നിക്ഷേപ വർധനയിലൂടെയാണ് ഗുണകാങ്കഫലങ്ങൾ ആവിഷ്കരിക്കപ്പെടുന്നത്.

സൈദ്ധാന്തികമായി നോക്കിയാൽ വ്യവസായങ്ങളിലെന്നതുപോലെ പശ്ചാത്തലസൗകര്യ പദ്ധതികളിലെ സർക്കാർ മൂലധന നിക്ഷേപത്തിനും ഗുണകാങ്കഫലത്തിലൂടെ സമ്പദ് വ്യവസ്ഥയെ ഉത്തേജിപ്പിക്കാൻ കഴിയും. ഗതാഗത സൗകര്യം ചരക്കുനീക്കവും തൊഴിൽശക്തിയുടെ ചലനക്ഷമതയും വർധിപ്പിക്കും. അതേപോലെ ഊർജോല്പാദനം വ്യവസായികോല്പാദനശേഷിയും വിദ്യാഭ്യാസ- ആരോഗ്യ രംഗങ്ങളിലെ മുതൽമുടക്ക് മാനുഷിക വിഭവശേഷിയും വർധിപ്പിക്കും; അവയുടെ പലനിര ഗുണഫലങ്ങളുണ്ടാകും. എന്നാൽ വ്യവസായങ്ങളിൽ നേരിട്ടുള്ള നിക്ഷേപവുമായി താരതമ്യപ്പെടുത്തുമ്പോൾ പശ്ചാത്തല പദ്ധതികളുടെ ഗുണകാങ്കഫലം പതുക്കെയേ വെളിവാകുകയുള്ളു. പദ്ധതികൾ പൂർത്തിയാകാൻ ഏറെ സമയമെടുക്കും. നിർവഹണത്തിൽ കാലവിളംബവും ഉണ്ടാകാം. ധൃതിപിടിച്ചു പദ്ധതികൾ നടപ്പാക്കുന്നതാകട്ടെ ഗുണത്തേക്കാളേറെ ദോഷം ചെയ്യും. ശ്രദ്ധാപൂർവ്വമായ ആസൂത്രണത്തിലൂടെയും നിരന്തര നിരീക്ഷണത്തിലൂടെയും നിശിതമായ ഗുണപരിശോധനയിലൂടെയും ഈ വക പ്രശ്നങ്ങളെ വലിയൊരളവോളം നേരിടാൻ കഴിയും. കിഫ്ബി ഈ ദിശയിലുള്ള നടപടികളെടുത്തിട്ടുണ്ട്. അവ എത്രത്തോളം ഫലവത്താകുമെന്നു പറയാറായിട്ടില്ല.

പശ്ചാത്തലസൗകര്യപദ്ധതികളുടെ ഗുണകാങ്കഫലത്തിന്റെ സാമാന്യമായ ചിത്രമാണ് ഇവിടെ വരച്ചത്. കേരളത്തിന്റെ സവിശേഷ സാഹചര്യത്തിൽ ഇത്തരം പദ്ധതികളുടെ ഗുണകാങ്കഫലം തീർത്തും കുറവായിരിക്കും. വ്യവസായവൽക്കരണത്തിൽ കേരളം ഏറെ പിന്നോക്കമാണെന്നതാണ് കാരണം. സംസ്ഥാന വരുമാനത്തിന്റെ പത്തിലൊന്നു പോലുമില്ല ആധുനിക വ്യവസായ മേഖലയുടെ പങ്ക്. കേരളത്തിന്റെ പ്രതിവർഷ ചരക്കുവ്യാപാരം ഏകദേശം 427,000 കോടി രൂപയുടേതാണ്. അതിൽ 208,000 കോടി രൂപയുടെ വ്യാപാരം പുറംസംസ്ഥാനങ്ങളുമായി. ഇതിന്റെ 70 ശതമാനത്തിലേറെ, അതായത് 153,000 കോടി രൂപയുടേത്, പുറംസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്കുള്ള ഇറക്കുമതിയാണ്. (ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ്& ടാക്സേഷൻ, സപ്തംബർ 2020ലെ കണക്ക് പ്രകാരം.)

പശ്ചാത്തലസൗകര്യ പദ്ധതി നിർമാണത്തിൽ ഏറെ പ്രധാനമായ സിമന്റ്, ഉരുക്ക്, ഇലക്ട്രിക്കൽ സാമഗ്രികൾ തുടങ്ങിയവയെല്ലാം കേരളം മറ്റു സംസ്ഥാനങ്ങളിൽ നിന്നു വാങ്ങേണ്ടിവരും. സിമന്റിന്റെ കാര്യമെടുക്കാം. രണ്ടു വ്യവസായശാലകൾ മാത്രമാണ് കേരളത്തിലുള്ളത്. ഗ്രേ സിമന്റ് ഉല്പാദിപ്പിക്കുന്ന മലബാർ സിമന്റ് കമ്പനിയും വൈറ്റ് സിമന്റ് ഉല്പാദപ്പിക്കുന്ന ട്രാവൻകൂർ സിമന്റ് കമ്പനിയും. താരതമ്യേന തുച്ഛമായ ഉല്പാദനമേ രണ്ടിടത്തുമുള്ളു. വൻകിട സിമന്റ് ഉല്പാദകരായ അൾട്രാ ടെക്, എസിസി, അംബുജ, ഡാൽമിയ തുടങ്ങിയ കമ്പനികൾക്കോ തെക്കേയിന്ത്യയിലെ പ്രധാന ഉല്പാദകരായ ചെട്ടിനാട്, രാംകോ എന്നീ കമ്പനികൾക്കോ കേരളത്തിൽ ഒരൊറ്റ വ്യവസായശാല പോലുമില്ല. ഉരുക്കിന്റെ കാര്യവും സമാനമാണ്. അതിന്റെ പ്രധാന ഉല്പാദകരായ ടാറ്റാ സ്റ്റീൽ, ജെഎസ് ഡബ്ലിയു സ്റ്റീൽ, എസ്സാർ സ്റ്റീൽ തുടങ്ങിയ കമ്പനികൾക്ക് കേരളത്തിൽ വ്യവസായശാലകളില്ല. കിഫ്ബി പദ്ധതികൾക്കാവശ്യമുള്ള സിമന്റും ഉരുക്കും മറ്റു വ്യവസായോല്പന്നങ്ങളും ഏറെക്കുറെ പൂർണമായും മറ്റു സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങേണ്ടിവരും. അതിന്റെ ഗുണകാങ്കം സിദ്ധിക്കുന്നത് മറ്റു സംസ്ഥാനങ്ങൾക്കായിരിക്കും. പ്രധാനമായും കല്ല്, മണ്ണ്, മണൽ, അധ്വാനശക്തി തുടങ്ങിയവയാവും കേരളത്തിൽ നിന്ന് സമാഹരിക്കാൻ കഴിയുക. എന്നാൽ ഉപഭോഗവസ്തുക്കളുടെ ഏറിയപങ്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നു വരുന്നതിനാൽ ഗുണകാങ്കഫലങ്ങളുടെ ചോർച്ച അവിടെയും സംഭവിക്കും.

**അനേകായിരം കോടി രൂപയുടെ പദ്ധതികളാണ് കിഫ്ബി അധികൃതർ പ്രഖ്യാപിച്ചിട്ടുള്ളത്; അനുദിനമെന്നോണം പ്രഖ്യാപിക്കുന്നത്. ഇവ മുഴുമിക്കാനായി എത്രകണ്ട് കല്ലും മണ്ണും മണലും മരവും വേണ്ടിവരും? പരിസ്ഥിതിലോലപ്രദേശമായ കേരളം അതിനു കൊടുക്കുന്ന വില എന്തായിരിക്കും? ചില വൻകിട പദ്ധതികൾക്ക് സാമ്പ്രദായിക നിർമാണരീതി അവലംബിക്കേണ്ടി വന്നേക്കാം. എന്നാൽ ഇടത്തരമോ ചെറുതോ ആയ പദ്ധതികൾക്കെങ്കിലും പ്രകൃതിസൗഹൃദപരമായ ബദൽ നിർമാണരീതി കൈക്കൊള്ളാൻ കഴിയില്ലേ? പ്രാദേശിക വിഭവങ്ങളും പുനരുപയോഗ വസ്തുക്കളും ഉപയോഗിക്കുക വഴി നിർമാണച്ചെലവ് കുറയ്ക്കാനും ഗുണകാങ്കഫലങ്ങൾ കുറെയെങ്കിലും കേരളത്തിൽ നിലനിർത്താനും അതു സഹായിക്കുകയില്ലേ?**

ഈ ദിശയിലുള്ള ഒരന്വേഷണവും കിഫ്ബി നടത്തിയതായി തെളിവില്ല. കെയ്ൻസിയൻ സിദ്ധാന്തമെന്ന വീൺവാക്ക് വെടിഞ്ഞ് കിഫ്ബി അധികൃതർ യാഥാർഥ്യബോധത്തോടെ പ്രവർത്തിക്കേണ്ടതുണ്ട്. ഏട്ടിലെ കെയ്ൻസ് നാട്ടിലെ പുല്ല് തിന്നുകയില്ല.

കിഫ്ബിയുടെ മസാലബോണ്ടുകൾ ഏറെക്കുറെ മുഴുവനും വിറ്റതു കാനഡയിലെ ഒരൊറ്റക്കമ്പനിക്കാണെന്നത് വിമർശനത്തിന് ഇടയാക്കിയിരുന്നു. എന്നാലിത് സ്വകാര്യവില്പനയല്ലെന്നും നിക്ഷേപകർക്കുള്ള പൊതുവില്പനയാണെന്നും ധനമന്ത്രി പിന്നീട് വ്യക്തമാക്കുകയുണ്ടായി. പൊതുവില്പനയെന്നും സ്വകാര്യ

വില്പനയെന്നുമുള്ള തരംതിരിവ് വിമർശകർ ഉയർത്തുന്ന പുകമറയാണെന്നും അദ്ദേഹം പ്രസ്താവിച്ചിരുന്നു. കടപ്പത്ര വിപണിയുടെ പ്രവർത്തനക്രമവും കിഫ്ബിയുടെ മസാലബോണ്ടിൻറെ വിതരണരീതിയും വിവരിക്കാമോ?

കടപ്പത്രങ്ങൾ ഇറക്കുന്നതിനു രണ്ടു വഴികളുണ്ട്. ഒന്ന്, മാധ്യമങ്ങളിൽ പരസ്യം ചെയ്തുള്ള പൊതുവില്പന. താല്പര്യമുള്ള ആർക്കും അവയ്ക്കായി അപേക്ഷിക്കാം. രണ്ടാമത്തേത്, തെരഞ്ഞെടുത്ത നിക്ഷേപകനോ നിക്ഷേപകർക്കോ ഉള്ളത്. ഇത് സ്വകാര്യവില്പന. മൂന്നാമതൊരു വഴിയില്ല തന്നെ. കിഫ്ബിയുടെ മസാലബോണ്ടുകളുടേതു സ്വകാര്യവില്പനയായിരുന്നു. അത് 'നിക്ഷേപകർക്കുള്ള പൊതുവില്പന' ആയിരുന്നുവെന്നു പറയുന്നതിലൂടെ ധനമന്ത്രിയാണ് പുകമറ സൃഷ്ടിക്കുന്നത്.

കടവിപണിയിൽ പുതുതായി പ്രവേശിക്കുന്ന ചെറിയ സ്ഥാപനങ്ങളാണ് സാധാരണയായി സ്വകാര്യവില്പനയിൽ ഏർപ്പെടുക. വലിയ, പേരെടുത്ത സ്ഥാപനങ്ങളെപ്പോലെ പൊതുവില്പനയിലൂടെ കടമെടുക്കുക അവർക്കു എളുപ്പമല്ല. മാത്രമല്ല, പൊതുവില്പനയ്ക്കു ഏറെ ഉപാധികളുണ്ട്. സ്ഥാപനത്തിന്റെ ലക്ഷ്യവും ഘടനയും നേതൃത്വവും സാമ്പത്തിക ശക്തിദൗർബല്യങ്ങളും വിശദീകരിക്കുന്ന വിപണനപത്രിക പുറത്തിറക്കണം, വിശ്വാസ്യതാനിർണയ അധികാരികൾ നിശ്ചയിച്ച വിശ്വാസ്യതാശ്രേണി സ്ഥാനം വെളിവാക്കണം, എന്നിങ്ങനെ. ധനസമാഹരണത്തിനു കാലതാമസം വരുത്തുന്ന ഇത്തരം നൂലാമാല ഒഴിവാക്കി കടപ്പത്രക്ഷണക്കത്തിലൂടെ നിക്ഷേപകരെ സമീപിച്ചു പലിശനിരക്ക് ഉറപ്പിച്ചുകൊണ്ടു കടപ്പത്രങ്ങൾ വിതരണം ചെയ്യാൻ സ്വകാര്യവില്പനയിലൂടെ കഴിയും. താരതമ്യേന വലിയ സ്ഥാപനങ്ങളും പെട്ടെന്നുള്ള ധനസമാഹരണത്തിനായി ചിലപ്പോഴെങ്കിലും സ്വകാര്യവില്പനയുടെ വഴി സ്വീകരിക്കാറുണ്ട്.

സ്വകാര്യവില്പനയിലൂടെ കടപ്പത്രമിറക്കുമ്പോൾ വിപണിനിരക്കിനേക്കാൾ ഉയർന്ന പലിശ നൽകേണ്ടിവരും. അറിയപ്പെടാത്ത സ്ഥാപനത്തിനു അപൂർണമായ വിവരത്തിന്റെ അടിസ്ഥാനത്തിൽ കടം കൊടുക്കുന്നതിലെ നഷ്ടസാധ്യത, വിദേശനാണയവിനിമയ നിരക്കിലെ മാറ്റം വരുത്തിയേക്കാവുന്ന കുറവ്, കടപ്പത്രങ്ങൾ വില്ക്കേണ്ടിവന്നാൽ ആവശ്യക്കാരുണ്ടാവില്ലേയെന്ന ആശങ്ക, അവശ്യക്കാരുണ്ടായാലും വിലകുറച്ചു കൊടുക്കേണ്ടി വരുമോ എന്ന സംശയം എന്നിവ ഉയർന്ന പലിശനിരക്ക് ആവശ്യപ്പെടാൻ നിക്ഷേപകരെ പ്രേരിപ്പിക്കും. വിലപേശലിനും നീക്കുപോക്കിനും ഇടമുണ്ടെങ്കിലും ചെറുസ്ഥാപനങ്ങൾ വലിയൊരളവോളം വഴങ്ങേണ്ടിവരും.

സർക്കാരായാലും കൂട്ടുടമക്കമ്പനിയായാലും കടപ്പത്രങ്ങളിറക്കുന്നതിനു മറ്റു ധനകാര്യസ്ഥാപനങ്ങളുടെ സഹായം ആവശ്യമാണ്. കടപ്പത്രവില്പനയുടെ ആദ്യപടി കാര്യക്കാരെ തിരഞ്ഞെടുക്കുകയെന്നതാണ്. വിപണിയിലെ ആദാനപ്രദാനം വിശകലനം ചെയ്തു എത്രവിലക്കുള്ള കടപ്പത്രം ഏതുരീതിയിൽ എപ്പോൾ ഇറക്കണമെന്നു ഉപദേശിക്കുന്നതും കടപ്പത്ര വിതരണവും പിന്നീടുള്ള പ്രവൃത്തികളും ഏതേതു സ്ഥാപനങ്ങളെ ഏൽപ്പിക്കണമെന്ന് നിർദേശിക്കുന്നതും കാര്യക്കാരാണ്. കൂടാതെ, കടപ്പത്രമിറക്കാനുള്ള നിയമാനുമതി നേടുന്നതും വിശ്വാസ്യതാനിർണയാധികാരികളെ സമീപിച്ചു വിശ്വാസ്യതാശ്രേണി സ്ഥാനം നിശ്ചയിപ്പിക്കുന്നതും നിക്ഷേപകരെ കണ്ടെത്തുന്നതും കടപ്പത്രങ്ങൾ തയ്യാറാക്കുന്നതും കാര്യക്കാരുടെ ചുമതലയാണ്.

കടപ്പത്ര നിക്ഷേപകർക്ക് നീതി ഉറപ്പാക്കാനായി കടപ്പത്രമിറക്കുന്ന സ്ഥാപനം രക്ഷാധികാരിയെ നിയോഗിക്കണമെന്ന് നിയമം അനുശാസിക്കുന്നു. കടപ്പത്രനിക്ഷേപത്തിന്റെ നഷ്ടസാധ്യതയെക്കുറിച്ചുള്ള എല്ലാ വിവരവും കടപ്പത്ര ക്ഷണക്കത്തിൽ കാണിച്ചിട്ടുണ്ടെന്നും കടത്തിനുള്ള ഈട് കുറ്റമറ്റതാണെന്നും സമയാസമയങ്ങളിൽ പലിശയും കാലാവധി മുഴുമിക്കുമ്പോൾ മുതൽമുടക്കും നിക്ഷേപകർക്ക് കൊടുക്കുന്നുവെന്നും ഉറപ്പുവരുത്തേണ്ടത് രക്ഷാധികാരിയാണ്. ഇതിനായി സ്ഥാപനത്തിൽ നിന്ന് വിവരശേഖരണം നടത്താൻ രക്ഷാധികാരിക്ക് അധികാരമുണ്ട്.

കടപ്പത്രങ്ങളുടെ ആദ്യവിതരണം സ്വകാര്യ വില്പനയിലൂടെയായാലും തുടർകൈമാറ്റം ഓഹരിവിപണിയിലൂടെയാണ് നടക്കുക. ഇതിനായി കടപ്പത്രത്തെ സംബന്ധിച്ചുള്ള വിവരം ഓഹരിവിപണി രേഖകളിൽ വരണം. കടപ്പത്രമിറക്കുന്ന സ്ഥാപനം നിയോഗിക്കുന്ന പട്ടികക്കാരന്റെ ചുമതല ഇതിനാവശ്യമായ നടപടി സ്വീകരിക്കുകയെന്നതാണ്. കടപ്പത്ര നിക്ഷേപകരുടെ പേരും മേൽവിലാസവും സൂക്ഷിക്കാനായും കൈമാറ്റം നടത്തിക്കൊടുക്കാനായും കടപ്പത്രമിറക്കുന്ന സ്ഥാപനം ലേഖാധികാരിയെ നിയോഗിക്കുന്നു. നിക്ഷേപകരിൽ നിന്ന് കടപ്പത്രവില കൈപ്പറ്റി സ്ഥാപനത്തിന് കൈമാറുന്നതിനും തിരികെ സ്ഥാപനത്തിൽ നിന്ന് പണം സ്വീകരിച്ചു നിക്ഷേപകർക്ക് പലിശയും മുതലും കൊടുക്കുന്നതിനും ചെല്ലംകാര്യക്കാരുണ്ട്. ഇതിനെല്ലാം പുറമെ കടപ്പത്രത്തിന്റെ നിയമവശം കൈകാര്യം ചെയ്യുന്നതിന് നിയമോപദേശകരെയും നിയമിക്കേണ്ടിവരും.

മേൽസൂചിപ്പിച്ച എല്ലാ കൈകാര്യകർത്താക്കളുടെയും പേരും മേൽവിലാസവും കടപ്പത്രക്ഷണക്കത്തിൽ സൂചിപ്പിച്ചിരിക്കണം. കടപ്പത്രങ്ങളുടെ കാര്യക്കാരും രക്ഷാധികാരിയും നിയമോപദേശകനും നിർബന്ധമായും വെവ്വേറെ സ്ഥാപനങ്ങളായിരിക്കുമെങ്കിലും മറ്റ് ഒന്നിലേറെ ചുമതലകൾ ഒരേ സ്ഥാപനത്തിൽ നിക്ഷിപ്തമാകുന്നതിൽ നിയമതടസ്സമില്ല. കിഫ്ബി മസാലബോണ്ടിൻറെ കാര്യക്കാർ ആക്സിസ് ബാങ്കിന്റെയും സ്റ്റാൻഡേർഡ് ചാർട്ടേർഡ് ബാങ്കിന്റെയും സിങ്കപ്പൂർ ശാഖകളാണ്. ബോണ്ടിന്റെ രക്ഷാധികാരിയും ലേഖാധികാരിയും ചെല്ലംകാര്യക്കാരുമായി നിയോഗിച്ചിട്ടുളളത് ഹോങ്കോങ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ദി ഹോങ്കോങ് ആൻഡ് ഷാങ്ഹായ് ബാങ്കിങ് കോർപറേഷനെയാണ്. സിങ്കപ്പൂരിലെ ടിഎസ്എംപി ലാ കോർപറേഷനാണ് ബോണ്ടിന്റെ പട്ടികക്കാരൻ. നിയമോപദേശകരായി ഇന്ത്യക്കകത്തു സിറിൽ അമർചന്ദ് മംഗൾദാസിനെയും ഇംഗ്ലണ്ടിൽ ഡിഎൽഎ പൈപ്പർ യുകെ എൽഎൽപിയെയും ചുമതലപ്പെടുത്തിയിട്ടുണ്ട്.

മസാലബോണ്ട് വഴി പുറമേക്കുള്ള സമ്പദ്ചോർച്ച എത്രയെന്നു വിലയിരുത്തുമ്പോൾ പലിശ മാത്രമല്ല, ഇടനില സ്ഥാപനങ്ങൾക്ക് നൽകുന്ന പ്രതിഫലവും കണക്കിലെടുക്കേണ്ടതുണ്ട്. മസാലബോണ്ട് പ്രകാരമുള്ള കടമെടുപ്പിനായി കഴിഞ്ഞ സാമ്പത്തികവർഷത്തിൽ മാത്രം 12 കോടി രൂപയോളം കിഫ്ബി ചെലവിടുകയുണ്ടായി. (കിഫ്ബി വാർഷിക റിപ്പോർട്ട് 2018-19ലെ കണക്കുപ്രകാരം.) ഇടനിലക്കാർക്കു പ്രതിഫലം കൊടുക്കുന്നത് ബോണ്ടിന്റെ ആദ്യവിതരണത്തോടെ അവസാനിക്കുന്നില്ല. ചിലത് ഒറ്റത്തവണ തീർപ്പാണെങ്കിലുംമറ്റുപലതും വാർഷികമായോ അനുവാർഷികമായോ ബോണ്ട് കാലാവധിയുടെ ഉടനീളം ചെയ്യേണ്ടവയാണ്. കടമെടുപ്പ് ചെലവ് സംബന്ധിച്ച പരിമിതമായ വിവരമേ നിയമസഭയിൽ വെളിവാക്കിയിട്ടുള്ളു. കടപ്പത്രക്ഷണക്കത്തിൽ സൂചിപ്പിച്ചിട്ടില്ലാത്ത ടിഎംഎഫ് ഗ്രൂപ്പ്, നോർട്ടൻ റോസ് എന്നീ സ്ഥാപനങ്ങൾക്ക് പ്രതിഫലം നൽകിയതായി നിയമസഭാ രേഖകളിൽ കാണുന്നു. (പതിനാലാം കേരള നിയമസഭ, പതിനഞ്ചാം സമ്മേളനം, നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ നം. 445, 467. 29.05.2019.) എല്ലാ ഇടനില സ്ഥാപനങ്ങളുമായുള്ള ഉടമ്പടികളുടെ പകർപ്പുകൾ പൊതുസമൂഹത്തിനു ലഭ്യമാക്കിയാലേ മസാലബോണ്ട് വഴിയുള്ള കടമെടുപ്പ് ചെലവിന്റെ ചിത്രം പൂർണമാവുകയുള്ളൂ.

**കിഫ്ബിയുടെ മസാലബോണ്ടുകളുടെ ഏറിയകൂറും വാങ്ങിയ സിഡിപിക്യു കമ്പനിക്കു അഴിമതിയാരോപണ വിധേയമായ ലാവലിൻ കമ്പനിയുമായി ബന്ധമുണ്ട് എന്ന വിമർശനം ഉയർന്നിരുന്നു. ഈ രണ്ടു കമ്പനികളും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവമെന്താണ്? കിഫ്ബി സിഡിപിക്യു കമ്പനിക്കു മസാലബോണ്ട് വിറ്റതിൽ തെറ്റുണ്ടോ?**

കാനഡയിലെ ക്യൂബെക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന ബഹുരാഷ്ട്ര കമ്പനികളാണ് ഇവരണ്ടും. നിക്ഷേപക സ്ഥാപനമായതിനാൽ സിഡിപിക്യു അസംഖ്യം കമ്പനികളുടെ ഓഹരികളിലും കടപ്പത്രങ്ങളിലും പണമിറക്കിയിട്ടുണ്ട്. അവയിൽ ലാവലിൻ എന്ന നിർമ്മാണക്കമ്പനിയുമുണ്ട്. അതിനുപരി ഏറ്റവും വലിയ ഓഹരിയുടമ എന്നനിലയിൽ സിഡിപിക്യുവിന് ലാവലിനുമായി ഉറ്റബന്ധമാണുള്ളത്.'ഞങ്ങളുടെ ദീർഘകാല പങ്കാളി' എന്നാണ് സിഡിപിക്യു ലാവലിനെ വിശേഷിപ്പിക്കുന്നത്. വലിയ മൂലധന നിക്ഷേപം നടത്തിയിട്ടുള്ളതിനാൽ ലാവലിന്റെ പ്രവർത്തനം സിഡിപിക്യു നിരന്തരം നിരീക്ഷിക്കുകയും മെച്ചപ്പെട്ട നടത്തിപ്പിനുള്ള നിർദേശങ്ങൾ നൽകുകയും ചെയ്യുന്നു. ലാവലിന്റെ തെറ്റായ ചെയ്തികളും ഇതിനു കാരണമായിട്ടുണ്ട്. ചിലപ്പോഴെങ്കിലും സിഡിപിക്യു പരസ്യമായിത്തന്നെ ലാവലിന്റെ നടത്തിപ്പിൽ നീരസം പ്രകടിപ്പിച്ചിട്ടുമുണ്ട്. (സിഡിപിക്യു പത്രപ്രസ്താവന, 20.04.2017, 22.07.2019.)

ഏതൊക്കെ രാജ്യങ്ങളിലെ നിവാസികൾക്ക് മസാലബോണ്ടുകൾ വാങ്ങുകയും വിൽക്കുകയും ചെയ്യാമെന്നതാണ് റിസർവ് ബാങ്ക് വ്യവസ്ഥ ചെയ്തിട്ടുള്ളത്. വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ പേരെടുത്തു പറഞ്ഞു മസാലബോണ്ടുകൾ വാങ്ങുന്നത് വിലക്കിയിട്ടില്ല. മസാലബോണ്ടുകളുടെ ക്രയവിക്രയത്തിനു അർഹതയുള്ള രാജ്യങ്ങളെ റിസർവ് ബാങ്ക് മൂന്നായി തിരിച്ചിട്ടുണ്ട്:

ഒന്ന്, ഇന്റർനാഷണൽ ഓർഗനൈസേഷൻ ഓഫ് സെക്യൂരിറ്റീസ് കമ്മീഷൻസ് (അയസ്കോ) അംഗരാജ്യങ്ങൾ. ഓഹരിവിപണികളുടെ പ്രവർത്തനത്തിൽ ആഗോളതലത്തിൽ ഐകരൂപ്യം വരുത്തുന്നതിനു വിഭിന്ന രാജ്യങ്ങളിലെ ഓഹരിവിപണന നിയന്ത്രണാധികാരികൾ 1983ൽ മാഡ്രിഡിൽ ഒത്തുചേർന്നു രൂപം കൊടുത്ത സംഘടനയാണിത്.

രണ്ട്, ഫിനാൻഷ്യൽ ആക്ഷൻ ടാസ്ക് ഫോഴ്സ് (എഫ്എടിഎഫ്) അല്ലെങ്കിൽ സമാനമായ സംഘടനകളിലെ അംഗരാജ്യങ്ങൾ. കള്ളപ്പണം വെളുപ്പിക്കുന്നതും തീവ്രവാദികൾക്കു ധനസഹായം ചെയ്യുന്നതും തടയുകയെന്ന ലക്ഷ്യത്തോടെ 1989ൽ പാരീസിൽ രൂപമെടുത്ത അന്താരാഷ്ട്ര സംഘടനയാണ് എഫ്എടിഎഫ്.

മൂന്ന്, സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ്ഇന്ത്യ (സെബി) യുമായി വിവരം പങ്കുവെക്കാനുള്ള ഉടമ്പടിയിൽ ഒപ്പുവെച്ച രാജ്യങ്ങൾ. ഇന്ത്യയിലെ ഓഹരിവിപണന രീതികൾ ക്രമബദ്ധമാക്കുന്നതിനായി 1992ലെ നിയമപ്രകാരം പാർലമെന്റ് രൂപവല്കരിച്ച സ്ഥാപനമാണ് സെബി.

(മസാലബോണ്ട് വാങ്ങുന്നതിനു അർഹതയുള്ള രാജ്യങ്ങളെക്കുറിച്ചുള്ള വിവരം റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എസി (ഡിഐആർ സീരീസ്) സർക്കുലർ നം. 60, 13.04.2016 ൽ നിന്ന്.)

ഈ പറഞ്ഞ മാനദണ്ഡങ്ങൾ പ്രകാരം മസാലബോണ്ടുകൾ വാങ്ങാൻ അർഹതയുള്ള രാജ്യമാണ് കാനഡ. അതുകൊണ്ടു കിഫ്ബി മസാലബോണ്ടുകൾ സിഡിപിക്യു കമ്പനിക്കു വിറ്റതിൽ നിയമപരമായി തെറ്റില്ല.

**ഗുണകാങ്കം എന്ന സാങ്കേതിക സംജ്ഞ ലളിതമായി വിശദീകരിച്ചതു നന്നായി. എന്നാൽ ഇംഗ്ലീഷ് വാക്കുകൂടി പറഞ്ഞിരുന്നെങ്കിൽ കൂടുതൽ അറിയാനായി ഇന്റർനെറ്റിൽ തെരയാമായിരുന്നു. എന്താണതിന്റെ ഇംഗ്ലീഷ് വാക്ക്?**

ഇന്റർനെറ്റിൽ 'മൾട്ടിപ്ലയർ','മൾട്ടിപ്ലയർ ഇഫക്ട്സ്', 'കെയ്ൻസിയൻ മൾട്ടിപ്ലയർ' എന്നീ തെരച്ചിൽ വാക്കുകൾ ഉപയോഗിക്കാം. ഗുണകാങ്കം പോലുള്ള അധികം പ്രചാരത്തിലില്ലാത്ത മലയാള സാങ്കേതികപദങ്ങൾക്കൊപ്പം ഇംഗ്ലീഷ് വാക്കുകൂടി പറയാൻ ഇനി ശ്രദ്ധിക്കാം. ഇക്കാര്യം ഓർമിപ്പിച്ചതിനു നന്ദി.

**നമ്മുടെ പത്രമാധ്യമങ്ങൾ ചിത്രീകരിക്കുംവിധം അപകടകാരികളാണോ കേരളസർക്കാരിനു സാങ്കേതിക-സാമ്പത്തിക ഇടപാടുകളുള്ള ലാവലിൻ, കെപിഎംജി, സിഡിപിക്യു തുടങ്ങിയ വിദേശകമ്പനികൾ? അവയുടെ പശ്ചാത്തലവും പ്രവർത്തനരീതികളും വിശദമാക്കാമോ?**

വിദേശകമ്പനികൾ എന്നതിനേക്കാൾ ബഹുരാഷ്ട്രകമ്പനികൾ അല്ലെങ്കിൽ ആഗോളകമ്പനികൾ എന്നീ പേരുകളാണ് അവയുടെ സ്വഭാവം വെളിവാക്കുക. വിപണിയിലെ ആധിപത്യം കണക്കിലെടുത്ത് ബഹുരാഷ്ട്ര/ആഗോള കുത്തകകളെന്നും അവയെ വിളിക്കാറുണ്ട്. ഇത്തരം കമ്പനികൾ ഒറ്റയാൻ സ്ഥാപനങ്ങളല്ല. ഏതെങ്കിലും വികസിതരാജ്യം ആസ്ഥാനമായ പ്രധാനകമ്പനിയും അവിടെത്തന്നെയോ പുറത്തോ ഉള്ള സഹോദരസ്ഥാപനങ്ങളും വ്യാപാരപങ്കാളികളും ലോകമെമ്പാടുമുള്ള കീഴ്ക്കമ്പനികളുമടങ്ങുന്നതും എല്ലായിടങ്ങളിലെയും സർക്കാരുകളും രാഷ്ട്രീയനേതൃത്വങ്ങളുമായി സന്ധിചേരുന്നതുമായ സമ്പദ് രാഷ്ട്രീയ ശ്രുംഖലയാണ് ഓരോ ബഹുരാഷ്ട്രകമ്പനിയും. ഇന്ത്യയടക്കമുള്ള അർദ്ധവികസിതരാജ്യങ്ങൾ ആസ്ഥാനമായ ബഹുരാഷ്ട്രകമ്പനികൾ ചുരുക്കമായെങ്കിലും ഉണ്ട്. എന്നാൽ വികസിതരാജ്യങ്ങളിലെ ബഹുരാഷ്ട്ര കമ്പനികളുടേതിന് സമാനമായ വിപുലമായ ശ്രുംഖല അവയ്ക്കില്ല.

പല ബഹുരാഷ്ട്രകമ്പനികളും വരുമാനം കൊണ്ട് അവികസിതരാജ്യങ്ങളേക്കാൾ പ്രബലങ്ങളായ സാമ്പത്തികശക്തികളാണ്.

ബംഗ്ലാദേശിന്റെ ദേശീയവരുമാനം 35,000 കോടി ഡോളറാണ്. അമേരിക്ക ആസ്ഥാനമായ വാൾമാർട്ടിന്റെ വാർഷിക വിറ്റുവരവ് 50,000 കോടി ഡോളറിലേറെ വരും. ശ്രീലങ്ക, നേപ്പാൾ, മ്യാൻമർ, കമ്പോഡിയ എന്നീ നാലു ഏഷ്യൻ രാജ്യങ്ങളുടെ ആകെ ദേശീയവരുമാനം 20,000 കോടി ഡോളർ. എന്നാൽ ടൊയോട്ട (ജപ്പാൻ), ആമസോൺ, ആപ്പിൾ (അമേരിക്ക) എന്നീ കമ്പനികൾക്ക് ഓരോന്നിനും 25,000 കോടി ഡോളറിനുമേൽ വാർഷികവരുമാനമുണ്ട്. ഇതിന്റെ നാലിലൊന്നുപോലും വരില്ല ബഹുഭൂരിപക്ഷം ആഫ്രിക്കൻ രാജ്യങ്ങളുടെയും ദേശീയവരുമാനം (ക്രയശേഷി സമീകരിക്കാത്ത കണക്കുപ്രകാരം). അതുപോലെ, അവികസിതരാജ്യങ്ങളിലെ പൊതുമേഖലയെ കവച്ചുവെക്കുന്നതാണ് പല ബഹുരാഷ്ട്രകമ്പനികളുടെയും തൊഴിൽശക്തി. ഇന്ത്യയിലെ ഏറ്റവും വലിയ പൊതുമേഖലാ സ്ഥാപനമായ റെയിൽവേയിൽ ആകെ ജീവനക്കാർ 14 ലക്ഷത്തോളമാണ്. ഇന്ത്യൻ സൈന്യത്തിന്റെ ആൾബലം 13 ലക്ഷവും. എന്നാൽ വിവിധരാജ്യങ്ങളിലായി വാൾമാർട്ടിൽ 21 ലക്ഷവും മക്ഡൊണാൾഡ്സിൽ 19 ലക്ഷവും ജീവനക്കാരുണ്ട്.

അസാമാന്യവലുപ്പം മാത്രമല്ല അനുസ്യൂത വളർച്ചയും ബഹുരാഷ്ട്രകമ്പനികളുടെ സവിശേഷതയാണ്. അവികസിതനാടുകളിലെ അസംസ്കൃതവിഭവങ്ങളും അധ്വാനശക്തിയും ചുരുങ്ങിയ നിരക്കിൽ ഉപയോഗിക്കാൻ അവയ്ക്കു കഴിയുന്നുവെന്നതാണ് പ്രധാനകാരണം. അന്നാടുകളിലെ സർക്കാരുകൾ തന്നെ അസംസ്കൃതവിഭവലഭ്യത ഉറപ്പു വരുത്തുന്നു. തദ്ദേശീയജനങ്ങളുടെ താല്പര്യത്തെ മാനിക്കാതെയും വേണ്ടിവന്നാൽ പ്രതിഷേധത്തെ സൈനികമായി അടിച്ചമർത്തിയും അത് ചെയ്യാറുണ്ട്. മാത്രമല്ല, അനേകം രാജ്യങ്ങളിൽ പ്രവർത്തിക്കുന്നതിനാൽ ഏതെങ്കിലൊരു പ്രദേശത്തു അസംസ്കൃതവിഭവലഭ്യത കുറയുന്നതോ ഉല്പന്നവിപണിമാന്ദ്യം ഉണ്ടാകുന്നതോ ബഹുരാഷ്ട്രകമ്പനിയുടെ മൊത്തം ലാഭത്തെ സാരമായി ബാധിക്കുന്നില്ല. ബ്രിട്ടീഷ് ബഹുരാഷ്ട്രകമ്പനിയായ വെദാന്തയുടെ ഒഡിഷയിലെ നിയാംഗിരി കുന്നുകളിലെ ബോക്സൈറ്റ് ഖനനത്തിന്റെ രണ്ടാംഘട്ട വികസനം ഡോംഗ്രിയ കോന്ത് ആദിവാസി സമൂഹത്തിന്റെ പ്രതിഷേധത്തിന്റെയും തുടർന്നുണ്ടായ കോടതിവിധിയുടെയും ഫലമായി തടസ്സപ്പെട്ടു. എന്നാൽ ഛത്തീസ്ഗഡിലേക്കും മഹാരാഷ്ട്രയിലേക്കും ഖനനം വ്യാപിപ്പിച്ച് വെദാന്ത ഇതിനെ മറികടന്നു. കമ്പനിയുടെ അലുമിന ഉല്പാദനത്തിൽ കുറവു വന്നില്ലെന്നു മാത്രമല്ല, അഞ്ചിലൊന്ന് വർധിച്ചു 2020ൽ 1.8 ലക്ഷം ടൺ ആയി.

വൈവിധ്യമാർന്നതും അനുദിനമെന്നോണം വികസിക്കുന്നതുമായ ഉല്പന്നനിരയും ബഹുരാഷ്ട്രകമ്പനികളുടെ അവിരാമമായ വളർച്ചയെ സഹായിക്കുന്നു. അലക്കുയന്ത്രം മുതൽ ആണവറിയാക്ടർ വരെ നീളുന്നതാണ് തോഷിബാ കമ്പനിയുടെ ഉല്പന്നനിര. വിപണിയുടെ ചലനങ്ങൾ ശ്രദ്ധിച്ചു പുതിയ ഉല്പന്നങ്ങളിലേക്കു എളുപ്പത്തിൽ തിരിയാനും ബഹുരാഷ്ട്രകമ്പനികൾക്കു കഴിയും. ഇലക്ട്രോണിക്-ഏറോസ്പേസ് രംഗത്തെ ഭീമനാണ് ഹണിവെൽ എന്ന അമേരിക്കൻ കമ്പനി. വിയറ്റ്നാം യുദ്ധകാലത്തു അവർ നാപാം ബോംബുകൾ ഉണ്ടാക്കി. ഇന്ന് കോവിഡ് പ്രതിരോധിക്കുന്നതിനുള്ള എൻ-95 മാസ്കുകളുടെ ഏറ്റവും വലിയ ഉല്പാദകരിലൊന്നാണ് ഹണിവെൽ.

ഇതുവരെ പറഞ്ഞത് ബഹുരാഷ്ട്രകമ്പനികൾ സ്വന്തംനിലയ്ക്കു വളരുന്നതെങ്ങനെയെന്നാണ്. സമ്പദ്മിച്ചത്തിന്റെ നിരന്തര സമാഹരണവും പുനർനിക്ഷേപവും ആധാരമാക്കുന്നസ്വയംവികാസ രീതിയാണിത്. രാഷ്ട്രീയ സമ്പദ്ശാസ്ത്രത്തിൽ മൂലധനസാന്ദ്രീകരണം (കോൺസെൻട്രേഷൻ ഓഫ് ക്യാപിറ്റൽ) എന്നു വിളിക്കുന്ന പ്രക്രിയ. മൂലധനവികാസത്തിനു രണ്ടാമതൊരു രീതിയുണ്ട്. അന്യോന്യമത്സരം ഒഴിവാക്കി മറ്റു സംരംഭങ്ങളെ ഏറ്റെടുത്തും സംരംഭങ്ങൾ ലയിച്ചും വൻതോതിൽ വായ്പകളെ ആശ്രയിച്ചും വികസിക്കുന്നത്. ഇത് മൂലധനകേന്ദ്രീകരണം (സെൻട്രലൈസേഷൻ ഓഫ് ക്യാപിറ്റൽ).

ചോദ്യത്തിൽ പരാമർശിക്കുന്നതടക്കമുള്ള ബഹുരാഷ്ട്രകമ്പനികളുടെ വളർച്ചയിൽ മൂലധനകേന്ദ്രീകരണത്തിനു വലിയ പങ്കുണ്ട്. കരാർ വിപണിയിലെ മത്സരം ഒഴിവാക്കുന്നതിനു പുറമെ വൻപദ്ധതികൾ ഉടമ്പടിയേറ്റു നടത്തുന്നതിനു മൂലധനം ഒന്നിപ്പിക്കാനും ഏറ്റെടുക്കലും ലയനവും ഇത്തരം കമ്പനികളെ സഹായിക്കുന്നു. എസ്എൻസിയെന്നും ലാവലിൻ എന്നും പേരായ രണ്ടു സംരംഭങ്ങൾ ഒന്നുചേർന്നാണ്

1991ൽ എസ്എൻസി ലാവലിൻ കമ്പനി ഉണ്ടായതുതന്നെ. കാനഡയിലെ മോൺട്രിയാളിൽ 1911ൽ ആർതർ സർവെയറുടെ ഒറ്റയാൾ സംരംഭമായിട്ടാണ് എസ്എൻസിയുടെ മൂലസംരംഭത്തിന്റെ തുടക്കം. വൈദ്യുതി ഉല്പാദന-വിതരണ പദ്ധതികളുടെ രൂപകല്പനയും നിർമാണനിർവഹണവുമായിരുന്നു പ്രധാന പ്രവർത്തനം.1912ൽ ഗ്രാൻഡ് മെയ്ർ നഗരത്തിന്റെ വൈദ്യതിശ്രുംഖലയുടെ കരാർ ലഭിച്ചു. ഏറെ താമസിയാതെ കടലാസ് നിർമാണം, ഖനനം, ലോഹസംസ്കരണം എന്നീ മേഖലകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു. 1937ൽ നെന്നിവർ, സെവർട്ട് എന്നിവരെ കൂടെക്കൂട്ടി, മൂവരുടെയും പേരുകളുടെ ആദ്യാക്ഷരങ്ങൾ ചേർത്ത് എസ്എൻസി എന്ന പങ്കാളിത്തസംരംഭമായി; 1966ൽ  കൂട്ടുടമക്കമ്പനിയായി. 1980കളിൽ ഐവിഐ, കനേഡിയൻ ആർസെനൽസ് എന്നീ വെടിക്കോപ്പുനിർമാണ സംരംഭങ്ങൾ ഏറ്റെടുത്ത്  എസ്എൻസി പ്രതിരോധവ്യവസായത്തിലും പ്രവേശിച്ചു.

എൻജിനീയറിങ് രംഗത്തു എസ്എൻസിയുടെ പ്രധാന എതിരാളിയായിരുന്നു മോൺട്രിയാൾ തന്നെ ആസ്ഥാനമായ ലാവലിൻ. 1936ൽ പ്രവർത്തനമാരംഭിച്ച ലാവലിൻ ഒട്ടേറെ എൻജിനീയറിങ് കമ്പനികൾ ഏറ്റെടുത്തു കാനഡയിലെ ഏറ്റവും വലിയ എൻജിനീയറിങ് സംരംഭമായി വളർന്നു.1980കളായപ്പോഴേക്കും പുസ്തകപ്രസാധനം, ആരോഗ്യരക്ഷ, ടെലിവിഷൻ  ചാനൽ, കെട്ടിടനിർമാണം തുടങ്ങി വിഭിന്ന മേഖലകളിലായി 70ൽ അധികം കമ്പനികൾ ലാവലിൻ നടത്തിയിരുന്നു. എന്നാൽ ഇവയിൽ പലതും നഷ്ടത്തിലായതോടെ  സാമ്പത്തികസ്ഥിതി തീർത്തും ദുർബലമായി. ഈയവസരത്തിൽ ലാവലിനെ എസ്എൻസി ഏറ്റെടുത്തു 1991ൽ എസ്എൻസി ലാവലിൻ എന്ന കമ്പനിക്കു രൂപംനൽകി. ആഗോളതലത്തിൽ ഏറ്റവും വലിയ അഞ്ചു എൻജിനിയറിങ് സംരംഭങ്ങളിലൊന്നായി അത് സ്ഥാനം നേടി.

പുതിയ കമ്പനി അതിശയകരമാംവിധം വളർന്നു. 1990കളിൽ റെയിൽ-മെട്രോ രംഗത്തെ വമ്പൻമാരായ ബോംബഡിയർ ട്രാൻസ്പോർട്ടേഷനുമായി ചേർന്ന് മലേഷ്യയിൽ ഏറ്റെടുത്ത റെയിൽവേ കരാർ വിജയപ്രദമായി (ഇന്ന് എസ്എൻസി ലാവലിന്റെയും  ബോംബഡിയറിന്റെയും ഏറ്റവും വലിയ ഓഹരിയുടമ സിഡിപിക്യു കമ്പനിയാണ്). തുടർന്നുള്ള പതിറ്റാണ്ടുകളിൽ റോഡ്-റെയിൽ ഗതാഗതം, ഊർജ്ജോല്പാദനവും വിതരണവും,  ഖനനം, പ്രകൃതിവാതകം, ആണവോർജ്ജം, വിവരസാങ്കേതികവിദ്യ എന്നീ മേഖലകളിൽ ഒട്ടേറെ വലിയ കരാറുകൾ കാനഡക്കകത്തും പുറത്തുമായി എസ്എൻസി ലാവലിൻ പൂർത്തിയാക്കി. ഈ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഒട്ടേറെ സംരംഭങ്ങളെ ബ്രിട്ടൻ, അയർലണ്ട്, ഫ്രാൻസ്, സ്പെയിൻ, അമേരിക്ക എന്നീ രാജ്യങ്ങളിൽ ഏറ്റെടുത്തു. ഇന്ന് എസ്എൻസി ലാവലിന് 50 രാജ്യങ്ങളിൽ ശാഖകളുണ്ട്, 160 രാജ്യങ്ങളിൽ പ്രവർത്തനമുണ്ട്, 100 കീഴ്ക്കമ്പനികളുണ്ട്, 50,000ത്തിലേറെ ജീവനക്കാരുണ്ട്.

ഇത്രതന്നെ ലളിതമല്ല കെപിഎംജി ചരിത്രം. ഓഡിറ്റിംഗ്, നികുതി ആസൂത്രണം, പദ്ധതിനിർവഹണ ഉപദേശം എന്നീ രംഗങ്ങളിൽ പ്രവർത്തിക്കുന്ന ഈ കമ്പനിയുടെ വേരുകൾ നീളുന്നത് പത്തൊമ്പതാം നൂറ്റാണ്ടിലെ ഇംഗ്ലണ്ടിലേക്കും, തുടർന്ന് അമേരിക്ക, ജർമനി, നെതർലാൻഡ്സ്  എന്നീ രാജ്യങ്ങളിലേക്കുമാണ്. വളരെയേറെ കൂടിച്ചേരലുകൾക്കും പിരിയലുകൾക്കും ശേഷമാണ് ഇന്നത്തെ കെപിഎംജി ഉണ്ടായത്. കമ്പനിയുടെ ആസ്ഥാനം നെതർലാൻഡ്സ് ആണെങ്കിലും രജിസ്റ്റർ ചെയ്തിട്ടുള്ളത് ബ്രിട്ടനിലാണ്. എന്നാൽ കമ്പനിക്കു ഏറ്റവും അടുപ്പം അമേരിക്കൻ ഗവണ്മെന്റുമായാണ്. അമേരിക്കയുടെ വ്യാപാരതാല്പര്യങ്ങൾ സംരക്ഷിക്കാനായി പ്രവർത്തിക്കുന്ന യുണൈറ്റഡ് സ്റ്റേറ്റ്സ് ട്രേഡ് ആൻഡ് ഡെവലപ്മെൻറ് ഏജൻസി (യുഎസ്ടിഡിഎ) യുടെ സഹയാത്രികനാണ് കെപിഎംജി.

ഓഡിറ്റിംഗ് രംഗത്ത് നാലു ആഗോള വമ്പന്മാരുണ്ട്. അതിലൊന്നാണ് കെപിഎംജി. മറ്റു മൂന്നെണ്ണം ഏണസ്റ്റ് യങ്, ഡെലോയ്റ്റ്, പിഡബ്ലിയുസി (പ്രൈസ് വാട്ടർഹൌസ് കൂപ്പേഴ്സ്) എന്നിവയാണ്. ഇപ്പറഞ്ഞ നാൽവരാണ് ഇന്ത്യയിലെ ബഹുഭൂരിപക്ഷം വൻകിട കമ്പനികളുടെയും ഓഡിറ്റ് നിർവഹിക്കുന്നത്. രസകരമായ വസ്തുത ഇവർക്കാർക്കും  തന്നെ അതിനുള്ള നിയമപരമായ അർഹതയില്ല എന്നതാണ്.1949ലെ ചാർട്ടഡ് അക്കൗണ്ടന്റ്സ് ആക്ട് പ്രകാരം വിദേശ ഓഡിറ്റ് കമ്പനികൾ ഇന്ത്യയിലെ കമ്പനികളുടെ ഓഡിറ്റ് നടത്തുന്നതു വിലക്കിയിട്ടുണ്ട്. അതിനാൽ ഇന്ത്യൻ പങ്കാളികളിലൂടെയാണ് ഇവ ഓഡിറ്റ് നടത്തുന്നത്. പങ്കാളികൾക്കു പ്രതിഫലം മാത്രമല്ല, പ്രവർത്തനത്തിന്  ആവശ്യമായ പലിശരഹിത വായ്പയും നൽകുന്നു. കെപിഎംജിക്കായി ഓഡിറ്റ് നിർവഹിക്കുന്നത് ബിഎസ്ആർ & കമ്പനിയാണ്. ഇന്നു കെപിഎംജിക്കു 145 രാജ്യങ്ങളിലായി രണ്ടുലക്ഷത്തിലേറെ ജീവനക്കാരുണ്ട്. ഇന്ത്യയിൽ കമ്പനി പ്രവർത്തനമാരംഭിച്ചത് 1993ലാണ്. ഹരിയാനയിലെ ഗുരുഗ്രാമം ആസ്ഥാനം, 14 നഗരങ്ങളിൽ ശാഖകൾ, 10,000ത്തിലേറെ ജീവനക്കാർ.

സർക്കാരുകളും രാഷ്ട്രീയനേതൃത്വങ്ങളുമായി സന്ധിചേരുന്നതാണ് ഓരോ ബഹുരാഷ്ട്രകമ്പനിയുമെന്ന്  ഈ സംഭാഷണത്തിന്റെ തുടക്കത്തിൽ സൂചിപ്പിച്ചുവല്ലോ. മത്സരാധിഷ്ഠിത വിപണിയിൽ വിജയകരമായ പ്രവർത്തനത്തിന് നയകർത്താക്കളുടെ പിന്തുണ അത്യന്താപേക്ഷിതമാണ്. ബഹുരാഷ്ട്രകമ്പനികളുടെ അദൃശ്യ മൂലധനമാണത്. വികസിതരാജ്യങ്ങളിൽ സ്വന്തം ഉദ്യോഗസ്ഥരെയും പുറത്തുള്ളവരെയും സർക്കാർ പിന്തുണ നേടുന്നതിനായി കമ്പനി നിയോഗിക്കാറുണ്ട്. അവരെ  ലോബ്ബിയിസ്റ്റ്സ്  എന്നു വിളിക്കുന്നു. നികുതിയിളവുകളും കരാറുകളും നേടുന്നതിനായി അവർ സർക്കാരിൽ സ്വാധീനം ചെലുത്തുന്നു.സുതാര്യത ഉണ്ടെങ്കിൽ തികച്ചും നിയമപരമാണ് അവരുടെ പ്രവർത്തനം.1989ൽ കാനഡ പ്രാബല്യത്തിൽ കൊണ്ടുവന്ന ലോബ്ബിയിങ് ആക്ട് പ്രകാരം ലോബ്ബിയിസ്റ്റുകൾ സർക്കാരിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതുണ്ട്. ജനപ്രതിനിധികളുമായും ഉദ്യോഗസ്ഥരുമായി നടത്തുന്ന കൂടിക്കാഴ്ചകളുടെ വിശദാംശമടങ്ങുന്ന റിപ്പോർട്ടുകൾ സർക്കാരിനു പതിവായി സമർപ്പിക്കുകയും വേണം.

ആഭ്യന്തരകരാറുകൾക്കു മാത്രമല്ല വിദേശസഹായവുമായി ബന്ധപ്പെട്ട പുറംകരാറുകൾ നേടുന്നതിനും വികസിതരാജ്യങ്ങളിലെ ലോബ്ബിയിസ്റ്റുകളുടെ സേവനം ബഹുരാഷ്ട്രകമ്പനികൾ പ്രയോജനപ്പെടുത്താറുണ്ട്. കടംകൊടുക്കുന്ന രാജ്യങ്ങളിൽനിന്നു സാങ്കേതികവിദ്യയും യന്ത്രസാമഗ്രികളും ഇറക്കുമതി ചെയ്യണമെന്നത് പലപ്പോഴും അവികസിതരാജ്യങ്ങൾക്കുള്ള ധനസഹായത്തിന്റെ നിബന്ധനയാണ്. 1960കളുടെ അവസാനം കേരളത്തിന് ഇടുക്കി ജലവൈദ്യുതപദ്ധതിക്കായി കാനഡ പണമനുവദിച്ചപ്പോൾ സാങ്കേതികസഹായം നൽകിയത് എസ് എൻസി ആയിരുന്നു. എസ്എൻസിയുടെ ആദ്യത്തെ വിദേശകരാറായിരുന്നു അത്.

അവികസിതരാജ്യസർക്കാരുകളുമായി അടുത്തബന്ധം സ്ഥാപിക്കാനും ബഹുരാഷ്ട്രകമ്പനികൾ ശ്രദ്ധിക്കുന്നു. ബന്ധം ദൃഢമാവുന്നതോടെ വിപണിയുടെ വാതിലുകൾ ഓരോന്നായി താനെ തുറക്കും, ഒരു പദ്ധതിക്കു പിറകെ മറ്റൊന്ന് എന്ന രീതിയിൽ. ഓരോ വിദഗ്ധോപദേശപദ്ധതിയിലും ഒരു ശുപാർശ മറ്റൊരു പദ്ധതിക്കുള്ള നിർദേശമാവും. അതിന്റെ കരാറും തങ്ങൾക്കുതന്നെ കിട്ടുംവിധം അർഹതാമാനദണ്ഡം തന്ത്രപൂർവം നിശ്ചയിക്കും. ഭരണനിർവഹണത്തിന്റെ വിവിധ ശാഖകളിലേക്കു ഉപദേശക കമ്പനി പടർന്നുകയറും.

ഇതിനു നിദർശനമാണ് കെപിഎംജിയുടെ കേരളത്തിലെ പ്രവർത്തനം. അത് ‘കുഞ്ഞിരാമന്റെ പൊടിക്കൈ’യെ ഓർമിപ്പിക്കുന്നു. 2018ലെ പ്രളയകാലത്തു പുനർനിർമാണത്തിന് സൗജന്യ ഉപദേശം നൽകാമെന്നു കെപിഎംജി വാഗ്ദാനം ചെയ്തു. ജീവനക്കാരുടെ സംഭാവനയെന്ന നിലയിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്കു രണ്ടുകോടി രൂപയും നൽകി. എന്നാൽ 2020 ആയപ്പോഴേക്കും സംസ്ഥാനം ലോകബാങ്ക് വായ്പയോടെ നടപ്പാക്കുന്ന പ്രളയനാന്തര പുനർനിർമാണപദ്ധതിയിൽ  6.82 കോടി രൂപയുടെ നിർവഹണ മേൽനോട്ട കരാറുകാരനായി കെപിഎംജി മാറി. കൂടാതെ, വിദ്യുച്ഛക്തി ബോർഡിന്റെ സ്മാർട്ട് മീറ്ററിങ് (0.32 കോടിരൂപ), ഡാറ്റാ സെന്ററുകളുടെയും ഏരിയാസർവീസ്  നെറ്റ് വർക്കിന്റെയും തേർഡ് പാർട്ടി ഓഡിറ്റ് (6.79 കോടിരൂപ), നോർക്ക റൂട്സ്  വെബ്സൈറ്റ് (0.66 കോടി രൂപ) കരാറുകളും കെപിഎംജി നേടി. 2016ൽ ഏറ്റെടുത്ത ലോകബാങ്ക്- കേന്ദ്രസർക്കാർ- കെഎസ്ഐഡിസി നിർദേശമനുസരിച്ചുള്ള ‘ഈസ് ഓഫ് ഡൂയിങ് ബിസിനസ്സ്’ നിർണയപദ്ധതിയുടെ ഉപദേശക പ്രതിഫലം പ്രതിവർഷം 0.69 കോടി രൂപയിൽ നിന്ന് 1.34 കോടി രൂപയായി വർധിപ്പിക്കുകയും ചെയ്തു.

സർക്കാരുകളും രാഷ്ട്രീയനേതൃത്വങ്ങളുമായുള്ള ഇഴയടുപ്പം പലപ്പോഴും അഴിമതിയിൽ അധിഷ്ഠിതമാണ്. കരാറുകൾ അനുവദിച്ചു കിട്ടുന്നതിന്,

നികുതിയിളവും മറ്റു സാമ്പത്തിക ആനുകൂല്യങ്ങളും നേടുന്നതിന്, നിയമപ്രശ്നങ്ങൾ ലഘൂകരിക്കുന്നതിന് തുടങ്ങി ഒട്ടേറെ കാര്യങ്ങളിൽ നിർണായകമാണ് ഈയൊരു ഇഴയടുപ്പം. തങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കുന്നവരെ പ്രധാനസ്ഥാനങ്ങളിൽ നിയമിക്കുന്നതിനും അനുകൂലമായ നയരൂപീകരണത്തിനും രാഷ്ട്രീയസംഘടനകൾക്കു നൽകുന്ന സംഭാവന, നേതാക്കന്മാർക്കും ഉദ്യോഗസ്ഥർക്കുമുള്ള കൈക്കൂലി, അവരുടെ ബന്ധുക്കൾക്കു കമ്പനികളിൽ ഉദ്യോഗം എന്നിവയാണ് അഴിമതിയുടെ പ്രധാന രൂപങ്ങൾ.

ഒട്ടേറെ അഴിമതി ആരോപണങ്ങൾ നേരിടുന്ന കമ്പനികളാണ് കെപിഎംജിയും എസ്എൻസി ലാവലിനും. നികുതിവെട്ടിപ്പിനും കള്ളപ്പണം വെളുപ്പിക്കുന്നതിനു ഒത്താശ ചെയ്തതിനും കണക്കുകളിൽ കൃത്രിമം കാണിച്ചതിനുമാണ് കെപിഎംജി പ്രതിക്കൂട്ടിലായത്. തങ്ങൾക്കു വേണ്ടപ്പെട്ടവരായ സർക്കാർ ഉദ്യോഗസ്ഥരുടെ ബന്ധുക്കളെ ഉദ്യോഗം നൽകി സഹായിച്ചുവെന്നതാണ് ഇന്ത്യയിൽ കെപിഎംജിക്കെതിരെ ഉയർന്ന പ്രധാന ആരോപണം. രാഷ്ട്രീയനേതൃത്വങ്ങൾക്കുള്ള കൈക്കൂലി, നിർമാണപദ്ധതികളുടെ ഗുണനിലവാരമില്ലായ്മ എന്നിവയാണ് എസ്എൻസി ലാവലിനെതിരെ ആഗോളതലത്തിൽ ആരോപിക്കപ്പെട്ടിട്ടുള്ളത്. ലാവലിൻ ഏറ്റെടുത്ത കേരളത്തിലെ ജലവൈദ്യുത പദ്ധതി നവീകരണകരാറുമായി ബന്ധപ്പെട്ട അഴിമതിക്കേസ് സുപ്രീംകോടതിയുടെ പരിഗണനയിലാണല്ലോ. ആഗോളതലത്തിൽ ഒട്ടേറെ അഴിമതിക്കേസുകളിൽ എസ്എൻസി ലാവലിൻ കുറ്റക്കാരനെന്നു തെളിഞ്ഞിട്ടുണ്ട്. അവയിൽ പ്രധാനപ്പെട്ട ചിലതുമാത്രം സൂചിപ്പിക്കാം:

(ഒന്ന്) 2001-2003: മോൺട്രിയാളിലെ ജാക്ക് കാർട്ടിയെർ പാലത്തിന്റെ പഴയ മേൽത്തട്ടു മാറ്റി പുതിയതു വെക്കുന്നതിനുള്ള 12.70 കോടി കനേഡിയൻ ഡോളറിനുള്ള കരാർ നേടുന്നതിനായി 2.3 കോടി കനേഡിയൻ ഡോളർ കൈക്കൂലി നൽകി; കൈക്കൂലി മേടിച്ച സർക്കാർ ഉദ്യോഗസ്ഥനു തടവുശിക്ഷ.

(രണ്ട്) 2001-2011: ലിബറൽ പാർട്ടിക്കു ഒരുലക്ഷത്തിലേറെ കനേഡിയൻ ഡോളർ ജീവനക്കാരുടെ സംഭാവനയെന്ന വ്യാജേന കൈമാറി; കമ്പനി കുറ്റം സമ്മതിച്ചു പിഴയടച്ചു.

(മൂന്ന്) 2001-2014: ലിബിയയിലെ പ്രതിരോധ നിർമാണ കരാറുകൾക്കായി 4.8 കോടി ഡോളർ ഭരണനേതൃത്വത്തിനും ഉദ്യോഗസ്ഥർക്കും കൈക്കൂലി നൽകുകയും വ്യത്യസ്ത സംഘടനകളെ 1.3 കോടി ഡോളർ വഞ്ചിക്കുകയും ചെയ്തു; കമ്പനിക്കു പിഴയും കമ്പനി ഉദ്യോഗസ്ഥർക്ക് തടവുശിക്ഷയും.

(നാല്) 2010-2011: മക്ഗിൽ സർവകലാശാലയിലെ 130 കോടി കനേഡിയൻ ഡോളർ അടങ്കലുള്ള ആരോഗ്യരക്ഷാസമുച്ചയ കെട്ടിടനിർമാണ കരാർ നേടുന്നതിനായി ആശുപത്രി അധികാരികൾക്കു 2.25 കോടി കനേഡിയൻ ഡോളർ കൈക്കൂലി നൽകി; കമ്പനി ഉദ്യോഗസ്ഥർക്കും ആശുപത്രി അധികാരികൾക്കും തടവുശിക്ഷ.

(അഞ്ച്) 2011: ബംഗ്ളാദേശിൽ പദ്മാനദിക്കു മേൽ റെയിൽവേ-റോഡ് പാലം പണിയുന്നതിനുള്ള 300 കോടി ഡോളറിന്റെ പദ്ധതിയുടെ കരാർ നേടാനായി രാഷ്ട്രീയസംഘടനക്കും സർക്കാർ ഉദ്യോഗസ്ഥർക്കും അഞ്ചുകോടി ഡോളർ കൈക്കൂലി; അഴിമതി ആരോപണത്തെ തുടർന്ന് അവാമിലീഗ് നേതാവായ സെയ്ദ് അബുൽ ഹുസൈൻ മന്ത്രിസ്ഥാനം രാജിവെച്ചു; കമ്പനി കുറ്റമേറ്റെങ്കിലും ഉദ്യോഗസ്ഥർക്കെതിരെ സംശയാതീതമായ തെളിവില്ലെന്ന നിലപാട് കൈക്കൊണ്ട കാനഡ സർക്കാർ അവരെ ശിക്ഷയിൽ നിന്നൊഴിവാക്കി.

ബഹുരാഷ്ട്രകമ്പനികൾ വിദേശ ഉദ്യോഗസ്ഥർക്ക് കോഴ നൽകുന്നത് വികസിതരാജ്യങ്ങളിൽ ശിക്ഷാർഹമായ കുറ്റമാണ്. അത്തരം അഴിമതിക്കെതിരെ അന്താരാഷ്ട്ര ഉടമ്പടികളുണ്ട്. അമേരിക്കയും കാനഡയും പ്രത്യേക നിയമങ്ങൾ പാസാക്കിയിട്ടുണ്ട്. ഇതൊക്കെയാണെങ്കിലും പൊതുവിൽ ഇത്തരം അഴിമതിയോട് വികസിതരാജ്യങ്ങളിലെ സർക്കാരുകൾ മൃദുസമീപനമാണ് കൈക്കൊള്ളുന്നത്. ദേശീയവരുമാനവും തൊഴിലവസരങ്ങളും വർധിപ്പിക്കുന്നതിൽ അവയ്ക്കുള്ള പങ്കാണ് ഇതിനു പ്രധാനകാരണം. ഒപ്പം, ഇത്തരം കമ്പനികൾ അധികാരകേന്ദ്രങ്ങളിൽ ചെലുത്തുന്ന സ്വാധീനവും. ചില ഉദ്യോഗസ്ഥരെ ശിക്ഷിച്ചേക്കാമെന്നല്ലാതെ കമ്പനികളെ ശിക്ഷയിൽ നിന്ന് തീർത്തും ഒഴിവാക്കുകയോ കുറഞ്ഞപിഴ ചുമത്തുകയോ ആണ് പതിവ്. അതും കോടതിക്കു പുറത്തുള്ള ഒത്തുതീർപ്പിലൂടെ.

അവികസിതരാജ്യങ്ങളിലാകട്ടെ അഴിമതിക്കുമേലുള്ള അഴിമതിയിലൂടെയാണ് ഒത്തുതീർപ്പ്. ന്യായാധിപന്മാർ തന്നെയും ഇതിൽ ഭാഗഭാക്കായേക്കാം.

അവികസിതനാടുകളിലെ രാഷ്ട്രീയ-ഭരണ നേതൃത്വങ്ങൾക്ക് കൊടുക്കേണ്ടിവരുന്ന കോഴകൂടി ചേർത്താണ് ബഹുരാഷ്ട്രകമ്പനികൾ പദ്ധതിഅടങ്കൽ കണക്കാക്കുന്നത്. അതിനാൽ ഈ രാജ്യങ്ങളിലെ പൊതുധനകാര്യച്ചെലവ് കുത്തനെ ഉയരുകയും ജനങ്ങളുടെ നികുതിഭാരം വർധിക്കുകയും ചെയ്യുന്നു. ഇതോടൊപ്പം കോഴ പറ്റുന്ന ന്യൂനപക്ഷം പരിപോഷിക്കപ്പെടുന്നതിനാൽ സാമ്പത്തിക അസമത്വം വർധിക്കുന്നു. ഈ രാജ്യങ്ങളിൽ ബഹുരാഷ്ട്രകമ്പനികളുടെ പ്രവർത്തനം പൊതുവിൽ സൃഷ്ടിക്കുന്ന സമ്പദ് ചോർച്ചയ്ക്കും സ്വാശ്രയ വികസന മുരടിപ്പിനും പുറമെയാണ് ഈ ദുഷ്ഫലങ്ങൾ.

അഴിമതിയോട് കുറെയെങ്കിലും കർക്കശമായ സമീപനം കൈക്കൊള്ളുന്നത് ആഗോളവികസന സംഘടനകളാണെന്നു പറയേണ്ടിയിരിക്കുന്നു. പദ്മാനദിപ്പാലവുമായി ബന്ധപ്പെട്ട അഴിമതിയെക്കുറിച്ചു അന്വേഷണം നടത്താൻ ലോകബാങ്ക് ബംഗ്ലാദേശ് സർക്കാരിനോടു ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഭരണകക്ഷിയായ അവാമിലീഗ് തന്നെ പ്രതിക്കൂട്ടിലാവുമെന്നതിനാൽ കേവലമൊരു അന്വേഷണനാട്യമായിരുന്നു ബംഗ്ലാദേശ് സർക്കാരിന്റേത്. ഇതിൽ അസംതൃപ്തി പ്രകടിപ്പി ച്ച് പാലംപണിക്കായി നേരത്തെ വാഗ്ദാനം ചെയ്തിരുന്ന 130 കോടി ഡോളർ സഹായം ലോകബാങ്ക് പിൻവലിച്ചു. മാത്രമല്ല ലോകബാങ്ക് സഹായമുള്ള വികസനപദ്ധതി ലോകത്തെവിടെയും ഏറ്റെടുക്കുന്നതിൽ നിന്ന് എസ്എൻസി ലാവലിനെയും കീഴ്കമ്പനികളെയും 10 വർഷത്തേക്ക് വിലക്കുകയും ചെയ്തു. 2013ൽ ഏർപ്പെടുത്തിയ വിലക്ക് 2023 വരെ നീളും. തങ്ങൾ ഏതെങ്കിലും കമ്പനിക്കു ഇത്രയും ദൈർഘ്യമുള്ള വിലക്ക് ഏർപ്പെടുത്തിയിട്ടില്ലെന്ന് ലോകബാങ്ക് എടുത്തുപറയുകയും ചെയ്തു (ലോകബാങ്കിന്റെ പത്രപ്രസ്താവന,17.04.2013).

കിഫ്ബിയുടെ മസാലബോണ്ടുകൾ ഏതാണ്ടു മുഴുവനും തന്നെ വാങ്ങിയ സിഡിപിക്യു കമ്പനിയാണ് എസ്എൻസി ലാവലിന്റെ പ്രധാന ഓഹരിയുടമ എന്നതൊഴിച്ചുനിർത്തിയാൽ പ്രസ്തുത കമ്പനിയുമായി കേരള സർക്കാരിന് ഇപ്പോൾ ബന്ധമില്ല. എന്നാൽ കെപിഎംജിയുടെ കാര്യം അങ്ങനെയല്ല. പ്രളയാനന്തര പുനർനിർമാണ പദ്ധതിയായ 'റീബിൽഡ് കേരളാ ഇനിഷ്യേറ്റിവ്'ൻറെ ചുക്കാൻ പിടിക്കുന്നത് കെപിഎംജിയാണ്. ഓഡിറ്റ് രംഗത്തെ ആഗോള നാൽവരിൽ വിശ്വാസ്യത കൊണ്ട് ഏറ്റവും താഴെ നിൽക്കുന്ന സംരംഭം.

വികസിതരാജ്യസർക്കാരുകൾ കോർപ്പറേറ്റ് തെറ്റുകളോട് പൊതുവെ മൃദുസമീപനം എടുക്കുന്നവരാണെങ്കിലും ഓഹരിയുടമകളുടെ താല്പര്യം സംരക്ഷിക്കുന്നതിൽ ബദ്ധശ്രദ്ധരാണ്. കമ്പനികളുടെ സാമ്പത്തികാവസ്ഥയെക്കുറിച്ചു നിക്ഷേപകർ അറിയുന്നത് കമ്പനി വാർഷികറിപ്പോർട്ടിൽ നിന്നും അതിൽ കൊടുത്തിട്ടുള്ള ഓഡിറ്റർ സാക്ഷ്യപ്പെടുത്തിയ കണക്കുകളിൽ നിന്നുമാണല്ലോ. പുതുതായി ഓഹരികൾ വാങ്ങണമോയെന്ന് അല്ലെങ്കിൽ ഇപ്പോഴുള്ള ഓഹരികൾ കയ്യൊഴിയണമോയെന്ന് തീരുമാനിക്കുന്നതിൽ ഈ രേഖകൾക്കു വലിയ പ്രാധാന്യമുണ്ട്. അതുകൊണ്ടുതന്നെ അവിടത്തെ സർക്കാരുകൾ പൊതുവെ ഓഡിറ്റർമാരുടെ പിഴവും ചതിവും പൊറുക്കുകയോ പൊറുപ്പിക്കുകയോ ഇല്ല. എന്നാൽ ഓഡിറ്റർമാരാകട്ടെ കമ്പനികളെ കക്ഷികളാക്കി നിലനിർത്താനായി അവരുടെ ദുർനടത്തയ്ക്കു പലപ്പോഴും കൂട്ടുനിൽക്കുന്നു.

കെപിഎംജി അമേരിക്കയിൽ നേരിട്ട ചില കേസുകൾ നോക്കാം:

(ഒന്ന് ) 1996-2003: ആരോഗ്യ ഇൻഷ്വറൻസ് കമ്പനിയായ ഓക്സ്ഫഡ് ഹെൽത്ത് പ്ലാൻസിന്റെ വരിക്കാരുടെ എണ്ണം, പ്രീമിയം വരുമാനം, നഷ്ടത്തുക കൊടുത്തുതീർക്കുന്നതിലുള്ള വേഗത എന്നിവ പെരുപ്പിച്ചുകാട്ടിയതിനെതിരെ ഓഹരിയുടമകളുടെ കേസ്; കെപിഎംജി 7.5 കോടി ഡോളർ നഷ്ടപരിഹാരം കൊടുത്ത് ഒത്തുതീർപ്പാക്കി.

(രണ്ട് ) 1997-2003: റൈറ്റ് എയ്ഡ് കോർപറേഷൻ എന്ന മരുന്നുകട ശ്രുംഖലയുടെ വാർഷികറിപ്പോർട്ടുകൾ, നിക്ഷേപകർക്കുള്ള സന്ദേശങ്ങൾ എന്നിവയിൽ യഥാർത്ഥ സാമ്പത്തികസ്ഥിതി മറച്ചുവെക്കുകയും വരുമാനവും ലാഭവും പെരുപ്പിച്ചുകാട്ടുകയും ചെയ്തതിനെതിരെ ഓഹരിയുടമകളുടെ കേസ്; കെപിഎംജി

## കിഫ്ബി ചോദ്യോത്തരങ്ങൾ

12.5 കോടി ഡോളർ അവർക്ക് നഷ്ടപരിഹാരം നൽകി.

(മൂന്ന്) 1997-2005: ഓഫീസ് ഉപകരണ നിർമാതാക്കളായ സീറോക്സ് കോർപറേഷന്റെ വരുമാനവും ലാഭവും പെരുപ്പിച്ചുകാണിച്ചതായി യുണൈറ്റഡ് സ്റ്റേറ്റ്സ് സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് കമ്മീഷൻ (എസ്ഇസി) 2005ൽ കണ്ടെത്തി; കെപിഎംജി ഓഡിറ്റ് പ്രതിഫലമായി കൈപ്പറ്റിയ 0.98 കോടി ഡോളർ, അതിന്റെ പലിശ 0.27 കോടി ഡോളർ, പിഴ ഒരുകോടി ഡോളർ എന്നിവ ചേർത്ത് 2.25 കോടി എസ്ഇസിക്ക് ഒടുക്കി  ഒത്തുതീർപ്പാക്കി.

(നാല്) 2013: ഈടുവായ്പ-നിക്ഷേപ സ്ഥാപനമായ ഫാനി മെയ് കമ്പനിയുടെ വരുമാനം 630 കോടി ഡോളർ അധികമായി സാക്ഷ്യപ്പെടുത്തി; കെപിഎംജി നിക്ഷേപകർക്ക് 13.5 കോടി ഡോളർ നഷ്ടപരിഹാരം നൽകി.

(അഞ്ച്) 2015-2017: എണ്ണ-പ്രകൃതിവാതക കമ്പനിയായ മില്ലേഴ്സ് എനർജി റിസോഴ്സസ് അലാസ്കയിൽ പുതുതായി വാങ്ങിയ 2.25 കോടി ഡോളറിന്റെ ഖനനസൗകര്യം 4.8 കോടി എന്നു തെറ്റായി സാക്ഷ്യപ്പെടുത്തി; കെപിഎംജിക്ക് 0.62 കോടി ഡോളർ എസ്ഇസി പിഴയിട്ടു.

“കണക്കപ്പിള്ളയുടെ വീട്ടിൽ വറക്കലും പൊരിക്കലും; കണക്കുനോക്കുമ്പോൾ കരച്ചിലും പിഴിച്ചിലും” എന്ന് പഴമൊഴി. എന്നാൽ കെപിഎംജിയെ പോലുള്ള കോർപ്പറേറ്റ് കണക്കപ്പിള്ളമാർ ശക്തരാണ്. അവർക്കു കേരളമല്ലെങ്കിൽ  കർണാടകം. അതുമല്ലെങ്കിൽ കസാഖിസ്ഥാൻ. അവർ അവിടെ വറക്കലും പൊരിക്കലും തുടരും. കരച്ചിലും പിഴിച്ചിലും നമുക്ക് വിട്ടുതന്നുകൊണ്ട്. ഇത്തരം കമ്പനികളെ വികസനപങ്കാളികളാക്കുന്ന സർക്കാർനയം അങ്ങേയറ്റം അപകടകരമാണെന്നതിൽ ഒരു സംശയവും വേണ്ട.

കിഫ്ബിയുടെ കടമെടുപ്പിനെ ചൊല്ലിയുള്ള സിഎജിയുടെ വിമർശനത്തിനും അതേത്തുടർന്ന് പ്രതിപക്ഷം നിയമസഭയിൽ അവതരിപ്പിച്ച അടിയന്തരപ്രമേയത്തിനും മറുപടിയായി ധനമന്ത്രി പ്രസ്താവിച്ചത് ബോഡി കോർപ്പറേറ്റ് എന്നനിലയിൽ കിഫ്ബിയ്ക്ക് മസാലബോണ്ട് ഇറക്കി ആഗോള മൂലധനവിപണിയിൽ നിന്ന് കടമെടുക്കാൻ നിയമപരമായ അർഹതയുണ്ടെന്നും റിസർവ്ബാങ്കിന്റെ അനുമതിയോടെയാണ് ഇപ്രകാരം ചെയ്തതെന്നുമായിരുന്നു. ഇക്കാര്യത്തിൽ വ്യക്തത വരുത്താമോ?

റിസർവ്ബാങ്കിന്റെ വ്യവസ്ഥകൾ പ്രകാരം മൂന്നുതരം സ്ഥാപനങ്ങൾക്കാണ് മസാലബോണ്ട് ഇറക്കാൻ അർഹതയുള്ളത്. ഒന്ന്, 1956ലെ കമ്പനിനിയമം അനുസരിച്ച് രജിസ്റ്റർ ചെയ്ത സംരംഭങ്ങൾ (കോർപ്പറേറ്റ് ബോഡി). രണ്ട്, പാർലമെന്റ് പാസ്സാക്കിയ പ്രത്യേകനിയമത്തിലൂടെ നിലവിൽവന്ന സ്ഥാപനങ്ങൾ (ബോഡി കോർപ്പറേറ്റ്). മൂന്ന്, സെക്യൂരിറ്റീസ് ആൻഡ് എക്സ്ചേഞ്ച് ബോർഡ് ഓഫ് ഇന്ത്യ (സെബി) 2014ൽ ഏർപ്പെടുത്തിയ വ്യവസ്ഥകൾക്കു വിധേയമായി രൂപവത്കരിക്കപ്പെട്ട നിക്ഷേപക ട്രസ്റ്റുകൾ.

ഇപ്പറഞ്ഞവയിൽ ഒന്നിലും പെടുന്ന സ്ഥാപനമല്ല കിഫ്ബി. ബോഡി കോർപ്പറേറ്റ് എന്ന് കിഫ്ബി സ്വയം വിശേഷിപ്പിക്കുന്നുണ്ടെങ്കിലും നിയമപരമായി സ്വന്തം അസ്തിത്വമുള്ള സ്ഥാപനമെന്ന സാമാന്യമായ അർത്ഥമേ അതിനുള്ളൂ.1956ലെ കമ്പനിനിയമം ബോഡി കോർപ്പറേറ്റ് എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് പ്രസ്തുത നിയമപ്രകാരം രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്ത വിദേശകമ്പനികളെയാണ്. 2013ലെ കമ്പനിനിയമ ഭേദഗതി, കേന്ദ്രസർക്കാർ പ്രത്യേക അറിയിപ്പിലൂടെ ബോഡി കോർപ്പറേറ്റ് എന്നു പ്രഖ്യാപിക്കുന്ന സ്ഥാപനങ്ങളെയും നിർവചനത്തിൽ ഉൾപ്പെടുത്തി. നേരത്തെ പറഞ്ഞതുപോലെ പാർലമെന്റ് പാസ്സാക്കിയ പ്രത്യേകനിയമത്തിലൂടെ നിലവിൽവന്ന സ്ഥാപനങ്ങളെയാണ് ബോഡി കോർപ്പറേറ്റുകളായി റിസർവ്ബാങ്ക് മസാലബോണ്ട് വ്യവസ്ഥകളിൽ അംഗീകരിക്കുന്നത്. കിഫ്ബി സ്ഥാപിക്കപ്പെട്ടതാകട്ടെ സംസ്ഥാനനിയമസഭ പാസാക്കിയ നിയമപ്രകാരമായിരുന്നു.

അങ്ങനെയെങ്കിൽ എന്തടിസ്ഥാനത്തിലാണ് റിസർവ്ബാങ്ക് കിഫ്ബിയെ  മസാലബോണ്ട് ഇറക്കാൻ അനുവദിച്ചത്? ഈ സംഭാഷണപംക്തിയുടെ അഞ്ചാംഭാഗത്തിൽ സൂചിപ്പിച്ചതുപോലെ റിസർവ്ബാങ്കിന്റെ അനുമതിയുമായി ബന്ധപ്പെട്ട് ഒരൊറ്റ രേഖ മാത്രമേ സർക്കാർ നിയമസഭയിൽ പോലും ഹാജരാക്കിയിട്ടുള്ളു. കിഫ്ബിയുടെ മസാലബോണ്ടിൻറെ കൈകാര്യക്കാരായ ആക്സിസ് ബാങ്ക് 22.05.2018നു അയച്ച കത്തിന് 01.06.2018ൽ റിസർവ്ബാങ്ക് നൽകിയ മറുപടിയാണത് (കോപ്പി കാണുക).

ഈ കത്തിൽനിന്ന് വെളിവാകുന്നത് വിദേശനാണയനിർവഹണ നിയമത്തിന്റെ വകുപ്പുകൾ മാത്രം കണക്കിലെടുത്താണ് റിസർവ്ബാങ്കിന്റെ തീരുമാനമെന്നാണ്. കിഫ്ബി  മസാലബോണ്ട് ഇറക്കുന്നതിൽ പ്രസ്തുത നിയമപ്രകാരം തങ്ങൾക്കു എതിർപ്പില്ലെന്ന് റിസർവ്ബാങ്ക് വ്യക്തമാക്കുന്നു. എന്നാൽ കേന്ദ്രസർക്കാരിന്റേയോ മറ്റേതെങ്കിലും അധികാരസ്ഥാപനത്തിന്റെയോ പ്രസക്തമായ നിയമങ്ങളോ വ്യവസ്ഥകളോ പ്രകാരമുള്ള അംഗീകാരമായി തങ്ങളുടെ കത്തിനെ വ്യാഖ്യാനിക്കാൻ പാടില്ലെന്നും ഓർമിപ്പിക്കുന്നു. അത്തരം അനുമതി ആവശ്യമെങ്കിൽ ബോണ്ട് ഇറക്കുന്നതിനു മുമ്പായി അത് നേടിയിരിക്കണമെന്ന് അനുശാസിക്കുന്നു. ഇതനുസരിച്ചു വിദഗ്ധനിയമോപദേശം തേടിയിരുന്നുവോ എന്നത് സംസ്ഥാനസർക്കാർ വെളിപ്പെടുത്തിയിട്ടില്ല.

ഗൗരവമേറിയ മറ്റൊരു കാര്യമുണ്ട്. കത്തിൽ സോപാധികമെന്ന് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും അത് മറ്റു സ്ഥാപനങ്ങളുമായി ബന്ധപ്പെട്ടതാണ്. റിസർവ്ബാങ്കിന്റെ വ്യവസ്ഥകൾ പ്രകാരം തന്നെ മസാലബോണ്ട് ഇറക്കാൻ നിയമപരമായ അർഹത കിഫ്ബിക്കില്ല. അങ്ങനെയിരിക്കെ റിസർവ്ബാങ്ക് സോപാധികമായി അനുമതി നൽകിയത് ഏതു സാഹചര്യത്തിലാണ്? ആക്സിസ് ബാങ്കിനു നൽകിയ മറുപടിയിൽ റിസർവ് ബാങ്ക് കിഫ്ബിയെ കമ്പനിയെന്നാണ് വിശേഷിപ്പിക്കുന്നത് എന്നത് ശ്രദ്ധേയമാണ്. കമ്പനിനിയമ പ്രകാരം രൂപവത്കരിക്കപ്പെട്ട സ്ഥാപനമാണ് കിഫ്ബി എന്ന് തെറ്റിദ്ധരിച്ചാണോ റിസർവ്ബാങ്ക് അനുമതി നൽകിയത്? അതോ റിസർവ്ബാങ്ക് തെറ്റിദ്ധരിപ്പിക്കപ്പെട്ടുവോ? ബന്ധപ്പെട്ട മൂന്നുസ്ഥാപനങ്ങളുടെയും രേഖകൾക്കു മാത്രമേ ഇതിലേക്ക് വെളിച്ചം വീശാൻ കഴിയൂ.

സുതാര്യതയുടെ അഭാവം തന്നെയാണ് പ്രാഥമികപ്രശ്നം. കിഫ്ബിയുടെ വരവ്-ചെലവ് ബജറ്റിന്റെ ഭാഗമല്ല. ബജറ്റിനൊപ്പം നിയമസഭയിൽ വെക്കുന്നത് പോയവർഷത്തെ കണക്കാണ്. അതിനാൽ നടപ്പാക്കാനിരിക്കുന്ന പദ്ധതികളെക്കുറിച്ചു അറിയാനോ അഭിപ്രായം പറയാനോ സാമാജികർക്ക് അവസരം ലഭിക്കുന്നില്ല. ചുരുക്കം പദ്ധതികൾ മാത്രമേ മന്ത്രിസഭയുടെ പരിഗണനയിൽ പോലും വരുന്നുള്ളു. എല്ലാ അധികാരവും കിഫ്ബിയുടെ ഭരണസമിതിയിൽ കേന്ദ്രീകരിച്ചിരിക്കുന്നു. മുഖ്യമന്ത്രി അധ്യക്ഷനും ധനമന്ത്രി ഉപാധ്യക്ഷനുമായ സമിതിയിലെ ശേഷം അംഗങ്ങൾ വകുപ്പ് തലവന്മാരും വിഷയനിപുണന്മാരുമാണ്. പൊതുമരാമത്തുമന്ത്രി പോലും ഭരണസമിതിയിൽ അംഗമല്ല.


ഇന്ന് സംസ്ഥാനവരുമാനത്തിന്റെ വലിയൊരു ഭാഗം കിഫ്ബിക്കായി മാറ്റിവെച്ചിരിക്കുന്നു. തങ്ങളുടെ നികുതിപ്പണം എങ്ങനെ ചെലവഴിക്കുന്നു എന്നറിയാൻ ജനങ്ങൾക്ക് അവകാശമുണ്ട്. അത് അവരോടു പറയാൻ സർക്കാരിന് ബാധ്യതയുമുണ്ട്. കിഫ്ബി ഭരണസമിതിയുടെ യോഗങ്ങളുടെ മിനുട്സ് സ്ഥാപനത്തിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കണമെന്ന് ഒരു നിയമസഭാംഗം ആവശ്യപ്പെട്ടിരുന്നു. അത് ചെയ്യാമെന്ന് ധനമന്ത്രി സമ്മതിച്ചതുമാണ് (പതിനാലാം കേരള നിയമസഭ, പതിനാറാം സമ്മേളനം, നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2313, 05.11.2019). ഇതുകഴിഞ്ഞു ഒരു വർഷത്തിലേറെയായിട്ടും ഒരൊറ്റ യോഗത്തിന്റെ മിനുട്സും കിഫ്ബി വെബ്സൈറ്റിൽ  ഇന്നും ലഭ്യമല്ല.

കിഫ്ബിയുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ പൂർണമായ വ്യക്തത കൈവരിക്കാൻ ആവശ്യമായ വിവരങ്ങൾ പൊതുസമൂഹത്തിനോ നിയമസഭാ സാമാജികർക്കു തന്നെയോ ലഭ്യമല്ലെന്ന് ചുരുക്കം. കിഫ്ബി ഭേദഗതിനിയമം നിലവിൽവന്ന 2016നു ശേഷം ചേർന്ന ഭരണസമിതിയുടെയും നിർവഹണസമിതിയുടെയും എല്ലാ യോഗങ്ങളുടെയും മിനുട്സ് കിഫ്ബി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാൻ സർക്കാർ തയ്യാറുണ്ടോ? ചുരുങ്ങിയപക്ഷം ഈ മന്ത്രിസഭയുടെ കാലാവധി അവസാനിക്കും മുമ്പെങ്കിലും? ധനമന്ത്രി എന്തുപറയുന്നു?

(കടപ്പാട് : janashakthionline.in)

# സാമ്പത്തിക സംവരണമല്ല; സവര്‍ണ്ണാ-ധിപത്യം തന്നെ

**('മറുവാക്ക്' മാസികയിൽ പ്രസിദ്ധീകരിച്ച സ. സോമൻ കാണിപ്പറമ്പിലിന്റെ ലേഖനം ഞങ്ങൾ ഇവിടെ പുന:പ്രസിദ്ധീകരിക്കുന്നു. 'മറുവാക്ക്' മാസികയോട് കടപ്പാട് - 'സഖാവ്' മാസിക പത്രാധിപ സമിതി)**



കോവിഡ് കാലത്ത് നാം മറ്റുള്ളവരില് നിന്നും 2 മീറ്റര് അകലം പാലിക്കണം. അന്താരാഷ്ട തലത്തില് അംഗീകരിക്കപ്പെട്ട ദൂരപരിധി. എന്നാല് ബ്രിട്ടീഷ് ഇന്ത്യയില് അതായിരുന്നില്ല സ്ഥിതി. ബ്രിട്ടിഷുകാരുടെ വരവിന് മുന്പ് മനുഷ്യരും മനുഷ്യരും തമ്മില് പാലിക്കേണ്ടണ് ദൂരപരിധി എത്രയെന്ന് കൃത്യമായി രേഖപ്പെടുത്തിയ നിയമമുണ്ണ്ണ്ടായിരുന്ന രാജ്യമായിരുന്നു ഇന്ത്യ. പകല് സമയം 9 മണിക്കും 3 മണിക്കും (9 അങ്ങീ 3 ജ്ങ ) അഞ്ചാം വര്ണ്ണത്തില് ജനിച്ചവര്ക്ക് ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രവേശനം നിഷിദ്ധമായിരുന്നു. കാരണം ഈ സമയത്ത് പഞ്ചമരുടെ ശരീരത്തില് പതിക്കുന്ന സൂര്യ കിരണങ്ങള് സൃഷ്ടിക്കുന്ന നിഴലുകള് ബ്രാഹ്മണരുടെ ശരീരത്തില് സ്പര്ശിക്കുകയും അതുവഴി ബ്രാഹ്മണര് അശുദ്ധരാകുകയും ചെയ്യും. കേരളത്തില് ബ്രാഹ്മണരില് നിന്നും ഓരോ ജാതികളില്പ്പെട്ടവരും പാലിക്കേണ്ണ്ട ദൂരപരിധി കൃത്യമായി നിര്ണ്ണയിച്ചിരുന്നു.

അവര്ണ്ണര്ക്കും സവര്ണ്ണര്ക്കും സഞ്ചരിക്കാന് പ്രത്യേക റോഡുകളുണ്ണ്ടായിരുന്നു. ഹൊയ് ഹൊയ് ശബ്ദം കേട്ടാല് ബ്രാഹ്മണന് കടന്നു വരുന്നു എന്ന് മനസ്സിലാക്കി അവര്ണ്ണനും വര്ണ്ണത്തിനുള്ളിലുള്ള ശൂദ്രനും ബ്രഹ്മണ ദൃഷ്ടിയില് നിന്ന് അകന്ന് നില്ക്കണമെന്നായിരുന്നു നിയമം. ചാതുര്വര്ണ്ണ വ്യവസ്ഥയില് നാലാം വര്ണ്ണമായ ശൂദ്രന് പോലും വിദ്യയും സ്വത്ത് ഉടമസ്ഥതയും നിഷിദ്ധമായി പ്രഖ്യാപിച്ചിരുന്ന സ്മൃതി നിയമങ്ങള് പ്രാബല്യത്തിലുണ്ണ്ടായിരുന്ന കാലത്ത് അഞ്ചാ വര്ണ്ണക്കാരുടെ അവസ്ഥ എന്തായിരുന്നു. പഞ്ചമര് ഗ്രാമങ്ങളിലും നഗരങ്ങളിലും പ്രവേശിക്കാതെ അതിന് പുറത്ത് ജീവിക്കണമെന്നാണ് സ്മൃതി നിയമം. അവര്ക്ക് ഉടമസ്ഥാവകാശമുള്ളത് നായ, കഴുത എന്നീ ജീവികള് മാത്രം. പൊതു സമൂഹത്തില് നിന്നും തീണ്ണ്ടപ്പാടകലെ നിര്ത്തിയിരുന്ന പട്ടിക ജാതി വിഭാഗം വിദ്യയും സ്വത്തുടമസ്ഥതകക്കും അവകാശമില്ലാതെ പാര്ശവല്ക്കരിക്കപ്പെട്ടു.

**സംവരണത്തിന് വേണ്ണ്ണ്ടിയുള്ള കൊളോണിയല് കാലത്തെ പ്രക്ഷോഭങ്ങള്**

മനുഷ്യത്വ രഹിതമായ സ്മൃതി നിയമത്തിനെതിരെ 19 -ാം നൂറ്റാണ്ണ്ടിന്റെ തുടക്കത്തില് തന്നെ നാലാം വര്ണ്ണമായ ശൂദ്ര ജനവിഭാഗങ്ങളും വര്ണ്ണ വ്യവസ്ഥക്ക് പുറത്തുള്ള ആദിവാസി - ദളിത് - പിന്നോക്ക - മത ന്യൂനപക്ഷങ്ങളും ശക്തമായ പ്രക്ഷോഭങ്ങളും  പ്രതിഷേധങ്ങളും ഉയര്ത്തിയിരുന്നു. സംവരണത്തിന് വേണ്ണ്ടിയുള്ള അതിശക്തമായ പ്രക്ഷോഭങ്ങള്ക്ക് തുടക്കം കുറിച്ചത് മദ്രാസ് പ്രസിഡന്സിയിലാണ് .മദ്രാസ് പ്രസിഡന്സിയില് നിലനിന്നിരുന്ന അടിമ വ്യാപാരത്തിനും ജാതീയ വിവേചനത്തിനും എതിരെ 18 -ാം നൂറ്റാണ്ണ്ടില് തന്നെ പ്രക്ഷോഭം ശക്തിപ്പെട്ടിരുന്നു. ഈ പ്രക്ഷോഭം ബ്രാഹ്മണിസത്തിന് എതിരായ പ്രക്ഷോഭമായി വളര്ന്നു. നിരവധി നിരവധി  ആന്റി ബ്രാഹ്മണ്  പ്രസ്ഥാനങ്ങള് ഉയര്ന്നു വന്നു. ഈ പ്രസ്ഥാനങ്ങളുടെ പോരാട്ട ഫലമായി 19-ാം നൂറ്റാണിന്റെ തുടക്കത്തില് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും 1831 ല് തൊഴിലിലും മദ്രാസ് പ്രസിഡന്സിയില് സംവരണം വ്യവസ്ഥ ചെയ്യപ്പെട്ടു. തുടര്ന്നും സംവരണത്തിന് വേണ്ണ്ണ്ടിയുള്ള പ്രക്ഷോഭങ്ങള് 1910 നും 1921 നും ഇടയിലുള്ള വര്ഷങ്ങളില് ശക്തിപ്പെടുകയും പട്ടികജാതി/ വര്ഗ്ഗ വിഭാഗങ്ങള് കൂടാതെ ജാതീയമായ വിവേചനത്തിന് വിധേയരായിരുന്ന ഇതര പിന്നോക്ക ജാതികളില്പ്പെട്ടവര്ക്കും പരിവര്ത്തിത ക്രിസ്ത്യാനികള്ക്കും മുസ്ലിംങ്ങള്ക്കും സംവരണം അനുവദിക്കാന് ബ്രിട്ടിഷ് ഭരണകൂടവും അവരുടെ ആജ്ഞാനുവര്ത്തികളായി ഭരണം നടത്തിയിരുന്ന രാജ പ്രമുഖരും നിര്ബന്ധിതരായി. ഇന്ത്യന് ഭരണഘടനയില് 1950 ല് എസ്സ്.സി / എസ്സ്. വിഭാഗങ്ങള്ക്ക് 22.5% സംവരണം വ്യവസ്ഥ ചെയ്യുമ്പോള് തമിഴ്നാട്ടില് 69% സംവരണം നിലവിലുണ്ായിരുന്നു. ഇ.വി. രാമസ്വാമി നായ്ക്കരടക്കം നൂറുകണക്കിന് പോരാളികളുടെ നേതൃത്വത്തില് നടന്ന ഉജ്ജ്വലമായ പോരാട്ടത്തിലൂടെയാണ് ഈ നേട്ടം കൈവരിച്ചത്. ഇതേ സമയം മദ്രാസ് പ്രസിഡന്സിക്ക് പുറമേ ബോംബെ പ്രസിഡന്സിയില് കോലാപ്പൂര് സംസ്ഥാനത്ത് നടന്ന പ്രക്ഷോഭത്തെ തുടര്ന്ന് വിദ്യാഭ്യാസ മേഖലയില് സംവരണം നടപ്പിലാക്കി. 1848 ല് മഹാത്മ ജ്യോതിബ ഫൂലെയുടെ നേതൃത്വത്തില് പൂന കേന്ദ്രമായി നടന്ന പ്രക്ഷോഭങ്ങളും സമാന്തര വിദ്യാലയങ്ങളുടെ സ്ഥാപനവും ജാതി വിവേചനത്തിന് വിധേയമായ വിഭാഗങ്ങളില് ഉണര്വ് സൃഷ്ടിക്കുകയും ബ്രിട്ടീഷ് ഇന്ത്യയിലെമ്പാടും ജനസംഖ്യാനുപാതികമായ പ്രാതിനിധ്യത്തിന് വേണ്ണ്ണ്ടി ആവശ്യം ഉയര്ന്നു വരുന്നതിന് പ്രേരകമാവുകയും ചെയ്തു. 1919 ല് മൈസൂര് സംസ്ഥാനത്ത് മൈസൂര്

## സാമ്പത്തിക സംവരണമല്ല; സവർണ്ണാധിപത്യം തന്നെ

രാജാവ് സംവരണത്തെ കുറിച്ച് പഠിക്കാന് സിറ്റിംഗ് ജഡ്ജിയുടെ നേതൃത്വത്തില് ഒരു കമ്മീഷനെ നിയോഗിച്ചു. 20-ാം നൂറ്റാ□ ണ്ടിന്റെ ആദ്യ ദശകങ്ങളില് പ്രക്ഷോഭം ശക്തിപ്പെട്ടു. ബ്രാഹ്മണിസത്തില് നിന്നും ജാതി - മത വിവേചനം നേരിടുന്ന എല്ലാം ശക്തികളും ഒന്നിച്ചു. തുല്യതക്കും അവസര സമത്വത്തിനും വേണ്ടിയുള്ള മുദ്രാവാക്യം ഇന്ത്യയൊട്ടാകെ മുഴങ്ങി. ഈ പ്രശ്നത്തിന് പരിഹാരം കാണാന് വട്ടമേശ സമ്മേളനങ്ങള് കൂടി. 1931 ല് രണ്ണ്ണ്ടാം വട്ടമേശ സമ്മേളനവും പരാജയപ്പെട്ടതിനെ തുടര്ന്ന് കമ്മ്യൂണല് അവാര്ഡ് പ്രഖ്യാപിച്ചു. ഇത് ജാതീയമായ വിവേചനം നേരിടുന്ന ഇന്ത്യന് ജനതക്ക് ബ്രട്ടീഷുകാര് നല്കുന്ന സമ്മാനമെന്ന പേരിലാണ് അവതരിപ്പിക്കപ്പെട്ടത്.

ഇത് പ്രകാരം പട്ടിക ജാതിക്കാര്, പിന്നോക്ക വിഭാഗങ്ങള് , മുസ്ലിംങ്ങള് , സിക്കുകാര് , ക്രിസ്ത്യാനികള് തുടങ്ങി ജാതീയ - മത വിവേചനങ്ങള്ക്ക് വിധേയമായി അധികാര ശ്രേണിയില് നിന്ന് അകറ്റി നിര്ത്തപ്പെട്ടവര്ക്ക് വോട്ട് ചെയ്യാനും അധികാര കേന്ദ്രങ്ങളിലേക്ക് മല്സരിക്കാനും അവസരം ഒരുങ്ങി.

അവര്ക്ക് വേണ്ണ്ണ്ടി പ്രത്യേക സംവരണ മണ്ഡലങ്ങള് സൃഷ്ടിക്കപ്പെട്ടു. എന്നാല് ബ്രിട്ടന്റെ ഈ തീരുമാനത്തെ വട്ടമേശ സമ്മേളനത്തിലും തുടര്ന്നും കോണ്ഗ്രസ്സ് എതിര്ത്തു. മഹാത്മ ഗാന്ധി ഇതിനെതിരെ നിരാഹാരം കിടന്നു. മഹാനായ അംബേദ്ക്കറും മഹാത്മ ഗാന്ധിയും തമ്മില് നടന്ന ഒത്തുതീര്പ്പ് വ്യവസ്ഥ പ്രകാരം ( പൂനാം പാക്റ്റ് )സംവരണീയരായ ദളിത് ജനതക്ക് പ്രത്യേക സംവരണ മണ്ഡലങ്ങള് സൃഷ്ടിക്കപ്പെട്ടു. ദളിത് ജനതയുടെ പ്രശ്നങ്ങള്ക്ക് പരിഹാരം കാണാതെ കൊളോണിയല് ഭരണം തുടരാന് കഴിയില്ലന്ന് ബ്രിട്ടീഷുകാര്ക്ക് ബോദ്ധ്യപ്പെട്ടിരുന്നു. സ്മൃതി നിയമങ്ങള് അതേപടി തുടരാന് കഴിയില്ലന്ന് ഹിന്ദുത്വ ശക്തികളും മനസ്സിലാക്കി.

പൂനാം പാക്റ്റോടെ അധികാര കേന്ദ്രങ്ങളില് നിന്ന് അകറ്റി നിര്ത്തപ്പെട്ടിരുന്ന ദളിത് - പിന്നോക്ക ജനവിഭാഗങ്ങള് അധികാര ശ്രേണിയിലേക്ക് എത്തിയതോടെ സാമൂഹ്യ തുല്യതക്ക് വേണ്ണ്ണ്ടിയുള്ള പ്രക്ഷോഭം ശക്തിപ്പെട്ടു. ഇന്ത്യന് സ്വാതന്ത്ര്യ സമരത്തിന്റെ അവസാന ഘട്ടത്തില് അംബേദ്ക്കറുടെ നേതൃത്വത്തില് രാജ്യ വ്യാപകമായി ബ്രാഹ്മണിസ വിരുദ്ധ പ്രക്ഷോഭങ്ങള് ശക്തിപ്പെട്ടിരുന്നു.

ഇതിന്റെ ഭാഗമായാണ് ഭരണഘടനയില് പട്ടിക ജാതി - പട്ടിക വിഭാഗങ്ങള്ക്ക് വിദ്യാഭ്യാസത്തിലും തൊഴിലിലും 22.5% സംവരണം വ്യവസ്ഥ ചെയ്യപ്പെട്ടത്.

### സംവരണ പ്രക്ഷോഭം കേരളത്തില്

കേരളത്തില് വിദ്യാഭ്യാസത്തിലും തൊഴിലിലും സംവരണത്തിന് വേണ്ണ്ണ്ടിയുള്ള പ്രക്ഷോഭങ്ങള് 19 -ാം നൂറ്റാണ്ണ്ടിന്റെ അവസാന ദശകങ്ങളില് ആരംഭിച്ചിരുന്നു. യോഗ്യരായ തദ്ദേശവാസികളെ മറികടന്ന് തമിഴ് ബ്രാഹ്മണരെ സര്ക്കാര് ജോലികളില് നിയമിക്കുന്ന തിരുവിതാംകൂര് രാജാവിന്റെ നടപടിക്കെതിരെയാണ് 1891 ല് ആദ്യ സമരം ഉണ്ണ്ണ്ടായത്. തദ്ദേശവാസികള്ക്ക് ഉദ്യോഗങ്ങളില് സംവരണമാവശ്യപ്പെട്ടാണ് ആ സമരം നടന്നത്. അധികാര കേന്ദ്രങ്ങളില്, നിയമ നിര്മ്മാണ സഭയിലടക്കം ജനസംഖ്യാപരമായ പ്രാതിനിധ്യം ആവശ്യപ്പെട്ടു കൊണ്ണ്ണ്ടാണ് 1931 - 38 കാലഘട്ടത്തില് നിവര്ത്തന പ്രക്ഷോഭം സംഘടിപ്പിച്ചത്. ഈഴവര്, മുസ്ളിംങ്ങള്, ക്രിസ്ത്യന് സമുദായത്തിലെ ചില വിഭാഗങ്ങള് എന്നിവര് ചേര്ന്നാണ് പ്രക്ഷോഭം സംഘടിപ്പിച്ചത്.

സമാനമായ നിരവധി പ്രക്ഷോഭങ്ങള് തിരുവിതാംകൂറിലും കൊച്ചിയിലും മലബാറിലും ഉയര്ന്നു വന്നു. ഈ പ്രക്ഷോഭങ്ങളുടെ ഭാഗമായി 1936 ജൂണ് 14 ന് തിരുവിതാംകൂറില് ജനസംഖ്യാനുപാതികമായ സംവരണം ഉത്തരവായി. അയ്യങ്കാളി, ശ്രീ നാരായണ ഗുരു, ഡോ പല്പ്പു, പൊയ്കയില് അപ്പച്ചന്, സി കേശവന് തുടങ്ങി നൂറുകണക്കിന് സാമൂഹ്യ നവത്ഥാന പ്രവര്ത്തകരുടെ നേതൃത്വത്തില് നടന്ന ത്യാഗോജ്ജ്വല പോരാട്ടങ്ങളുടെ വിജയമായിരുന്നത്. തിരുവിതാകൂറില് 1952 ല് ജാതി - സമുദായ പ്രാതിനിധ്യത്തോടെയുള്ള സംവരണ വ്യവസ്ഥ നിലവില് വന്നു.

ഇത് പ്രകാരം വിദ്യാലയങ്ങളിലും സര്ക്കാര് തൊഴിലിടങ്ങളിലും മൊത്തം സീറ്റിന്റെ 45% സംവരണം ചെയ്യപ്പെട്ടു. പട്ടിക ജാതി / വര്ഗ്ഗ വിഭാഗങ്ങള്ക്ക് 10% ഉം പിന്നോക്ക വിഭാഗങ്ങള്ക്ക് ( ഈഴവര്, മുസ്ലിംങ്ങള്, കമ്മാളര്, ഹിന്ദു നാടാര്, നാടാര് ക്രിസ്ത്യന് , ലത്തീന് കത്തോലിക്കര്, ഇതര ഹിന്ദു - ക്രിസ്ത്യന് വിഭാഗങ്ങള് ) 35% ഉം സംവരണം പുതിയ ഉത്തരവിലൂടെ അനുവദിച്ചു. 1956 ല് കേരള സംസ്ഥാനം നിലവില് വന്നതിന് ശേഷം സംവരണ ക്വാട്ടയില് ചില മാറ്റങ്ങള് ഉണ്ണ്ണ്ടായി. ഐക്യ കേരളം രൂപീകൃതമായതിന് ശേഷം നിലവില് വന്ന സംവരണ വ്യവസ്ഥ പ്രകാരം ഒ.ബി. സി. പട്ടിക ജാതി വിഭാഗങ്ങളില് 70 വീതവും പട്ടിക വര്ഗ്ഗ വിഭാഗത്തില് 38 ജാതികളുമാണ് ഉണ്ണ്ായിരുന്നത്. അത് പ്രകാരം 20 നിയമനങ്ങളില് പട്ടിക ജാതി / വര്ഗ്ഗ വിഭാഗങ്ങള്ക്ക് 2 , ഒ.ബി.സി.ക്ക് 7, ബാക്കി 11 സീറ്റ് ജനറല് വിഭാഗത്തിലുമായി നിജപ്പെടുത്തി.. 1957 ല് ഒ.ബി.സി. വിഭാഗത്തിന്റെ ക്വാട്ട 35 ല് നിന്നും 40 ആയി വര്ദ്ധിപ്പിച്ചു. അത് പ്രകാരം എസ്സ്.സി/ എസ്സ്. റ്റി. ക്ക് 10% ആയും നിജപ്പെടുത്തി; മൊത്തം സംവരണം 50 % ആയി.

എന്നാല് ഒ.ബി.സി. വിഭാഗത്തിന്റെ സീറ്റുകളില് ഭൂരിപക്ഷവും ഈഴവ വിഭാഗത്തിനാണ് ലഭിക്കുന്നത് എന്ന് മനസ്സിലാക്കി ഈഴവ/ തിയ്യ 14%, മുസ്ലിം 10%, ലത്തീന് കത്തോലിക് 5% , പരിവര്ത്തിത വിഭാഗത്തിന് 1%, ഇതര വിഭാഗങ്ങള്ക്ക് 10% എന്ന് നിജപ്പെടുത്തി. കാലാകാലങ്ങളില് വന്ന സര്ക്കാരുകള് വീണ്ണ്ണ്ടും ചില മാറ്റങ്ങള് വരുത്തിയിട്ടുണ്ടണ്ണ് .

അതായത് മണ്ഡല് കമ്മീഷന് റിപ്പോര്ട്ട് വരുന്നതിന് മുന്പ് തന്നെ കേരളത്തില് 50% സംവരണം 1957 മുതല് തന്നെ നിലവിലുണ്ണ്ണ്ടായിരുന്നു. സംവരണം മാത്രമല്ല വഴി നടക്കാന്, ക്ഷേത്രത്തില് പ്രവേശിക്കാന്, മാറു മറയ്ക്കാന്, കരം നല്കാതെ മീശ വയ്ക്കാന്, മുലക്കരവും തലക്കരവും നല്കാതിരിക്കാനുമുള്ളസ് വാതന്ത്ര്യത്തിനും വിദ്യ അഭ്യസിക്കാനുള്ള അവകാശത്തിനും വേണ്ണ്ടിയടക്കമുള്ള എല്ലാം പ്രക്ഷോഭങ്ങളും ഉള്ളടങ്ങിയതായിരുന്നു കേരളീയ നവോത്ഥാനം.

സംവരണം ഭരണകൂടത്തിന്റെ ഔദാര്യമായി ചിത്രീകരിക്കുന്നവര് മനസ്സിലാക്കേണ്ത് ഈ രാജ്യത്തെ പിന്നോക്ക - ദളിത് - ആദിവാസി വിഭാഗങ്ങള്ക്ക് രാജാവോ ബ്രിട്ടീഷുകാരോ ജനകീയ ഭരണാധികാരികളോ ഒന്നും ഔദാര്യമായി നല്കട്ടില്ല എന്ന ചരിത്ര യാഥാര്ഥ്യമാണ്; എല്ലാം ത്യഗോജ്ജ്വലമായ പോരാട്ടങ്ങളിലൂടെ നേടിയെടുത്തതാണ്.

ദളിത് ജനവിഭാഗം ത്യാഗോജ്ജ്ലമായ പോരാട്ടങ്ങളിലൂടെ നേടിയെടുത്ത സംവരണ വ്യവസ്ഥ അട്ടിമറിക്കുന്നതിന് തുടക്കം മുതല് ശ്രമങ്ങളുണ്ടണ്ണ്ായി. സ്മൃതി സംസ്കാരവും സ്മൃതി നിയമങ്ങളുടെ ലംഘനവുമാകുന്ന ഒന്നും ഭരണഘടനയുടെ ഭാഗമാകരുതെന്ന ബ്രാഹ്ണിസത്തിന്റെ പ്രയോക്താക്കളായ സംഘപരിവാര് ആവശ്യത്തെ നിരാകരിച്ച് കൊണ്ടണ്ണ്ണ്ായിരുന്നു ഭരണഘടനയില് സംവരണ വ്യവസ്ഥ ഉള്ക്കൊള്ളിച്ചത്. ഭരണഘടനയില് സംവരണ വ്യവസ്ഥ ഉള്ക്കൊള്ളിച്ചെങ്കിലും നാളിതുവരെ ഭരണ നിര്വ്വഹണ രംഗത്ത് സമസ്ത മേഖലകളിലും ആധിപത്യം പുലര്ത്തുന്നത് ബ്രാഹ്മണിസത്തിന്റെ വ്യക്താക്കള് തന്നെയാണ് എന്നാണ് കണക്കുകള് വ്യക്തമാക്കുന്നത്.

ഇന്ത്യന് ജനസംഖ്യയില് 5% ല് താഴെയാണ് ബ്രാഹ്മണ സമുദായ പ്രാതിനിധ്യമുള്ളത്. കേന്ദ്ര - സംസ്ഥാന - അര്ദ്ധ സര്ക്കാര് - പൊതുമേഖലാ സ്ഥാപനങ്ങളില് ഉന്നത പദവികളിലുള്ള ഉദ്യോഗസ്ഥരുടെ ജാതി തിരിച്ചുള്ള ഔദ്യോഗിക കണക്കുകള് ലഭ്യമല്ല. ഉദ്യോഗസ്ഥരിലെ ജാതി തിരിച്ചുള്ള കണക്കുകള് സംബന്ധിച്ച വിവരാവകാശ അപേക്ഷയില് വിവരം ലഭ്യമല്ല എന്ന മറുപടിയാണ് ലഭിച്ചിട്ടുള്ളത്. എന്നാല് ഇത് സംബന്ധിച്ച് ഒട്ടേറെ അനൗദ്യോഗിക കണക്കുകള് പുറത്ത് വന്നിട്ടുണ്. ഈ കണക്കുകളില് ഏറ്റക്കുറച്ചിലുകളുണ്ണ്ടെങ്കിലും ഇന്നും സര്ക്കാര് പദവികളില് ബഹുഭൂരിപക്ഷവും കൈവശപ്പെടുത്തിയിട്ടുള്ളത് ഇന്ത്യന് ജനസംഖ്യയില് 5% ല് താഴെയുള്ള ബ്രാഹ്മണ സമുദായ പ്രാതിനധികളോ സവര്ണ്ണ വിഭാഗങ്ങളോ ആണ്.

ലോക്സഭയില് സംവരണ തത്വം പാലിക്കുന്നുണ്ങ്കിലും രാജ്യസഭയില് അത് പാലിക്കപ്പെടണമെന്ന നിബന്ധനകളില്ല. രാജ്യ സഭയിലെ മഹാഭൂരിപക്ഷവും സവര്ണ്ണ വിഭാഗങ്ങളാണ്. ഗവര്ണ്ണര്മാര്, അവരുടെ സെക്രട്ടറി, സുപ്രിംകോടതി - ഹൈക്കോടതി ജഡ്ജിമാര്, കേന്ദ്ര സംസ്ഥാന മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാര്, വകപ്പ് സെക്രട്ടറിമാര്, അഡീഷണല് സെക്രട്ടറിമാര്, സര്വകലാശാല വൈസ്ചാന്സിലന്മാര്, പൊതുമേഖലാ സ്ഥാപനങ്ങളുടെ മേലധികാരികള്, സൈനിക മേഖലയുടെ തലപ്പത്തുള്ളവര് തുടങ്ങി ഭരണ വ്യവസ്ഥയുടെ താക്കോല് സ്ഥാനങ്ങളില് നിയമിതരായിട്ടുള്ളവരുടെ പട്ടിക പരിശോധിച്ചാല് അവയില് മഹാഭൂരിപക്ഷവും ബ്രാഹ്മണ - സവര്ണ്ണ വിഭാഗങ്ങളാണ് കൈയ്യടക്കിയിരിക്കുന്നതെന്ന് കാണാന്

## സാമ്പത്തിക സംവരണമല്ല; സവർണ്ണാധിപത്യം തന്നെ

കഴിയും. താക്കോല് സ്ഥാനങ്ങളില് അധികാരം കൈയ്യാളിയ ബ്രാഹ്മണിസത്തിന്റെ വ്യക്താക്കള് ബോധപൂര്വ്വം സംവരണ വ്യവസ്ഥ അട്ടിമറിച്ചു എന്നാണ് ഇത് സംബന്ധിച്ച സ്ഥിതിവിവരകണക്കുകള് സൂചിപ്പിക്കുന്നത്. ഒരിക്കല് പോലും ഭരണഘടനാപരമായ സംവരണ വ്യവസ്ഥ പരിപാലിക്കപ്പെട്ടിട്ടുണ്ടോണ്ണ്ായെന് ന് ഒരു അവലലോകനം നടത്തിയിട്ടില്ല. ഭരണ നിര്വ്വഹണ മേഖലയിലെ താക്കോല് സ്ഥാനങ്ങളില് മാത്രമല്ല സര്ക്കാര് - അര്ദ്ധ സര്ക്കാര് തൊഴിലുകളില്, പൊതുമേഖലാ സ്ഥാപനങ്ങളിലെ തൊഴിലിടങ്ങളില് എല്ലാം സംവരണ വ്യവസ്ഥ അട്ടിമറിക്കപ്പെട്ടു. ഇതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് സംവരണവ്യവസ്ഥ പാലിച്ച് നിയമനം നടത്തേണ്ടണ് തിരുവിതാംകൂര് ദേവസ്വം ബോര്ഡില് 96% തസ്തികളും സവര്ണ്ണര് കൈയ്യടക്കിയത്.

**സംവരണം - ലക്ഷ്യം സാമൂഹ്യ തുല്യത.**

സാമൂഹ്യ തുല്യത കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംവരണ വ്യവസ്ഥ ഭരണഘടനയില് എഴുതി ചേര്ക്കപ്പെട്ടത്. ദീര്ഘ കാലം അത് തുടരണമെന്ന് അന്ന് ആരും ആഗ്രഹിച്ചിരുന്നില്ല. സമൂഹത്തില് ശക്തമായി നിലനിന്നിരുന്ന ജാതീയമായ വിവേചനം അങ്ങനെ ഒരു വ്യവസ്ഥ അനിവാര്യമാക്കിയിരുന്നു. ഭരണഘടനാ നിര്മ്മാണ സമയത്ത് നിലനിന്ന സാമൂഹ്യ സാഹചര്യങ്ങളാണ് എതിര്പ്പുകളെ മറികടന്ന് സംവരണ വ്യവസ്ഥ ഭരണഘടനയില് ഉള്ക്കൊള്ളിക്കാന് സഹായിച്ചത്.

അക്ഷരവും അറിവും നിഷേധിച്ച് അയിത്തം കല്പ്പിച്ച് സമൂഹത്തിന്റെ പുറംമ്പോക്കിലേക്ക് വലിച്ചെറിയപ്പെട്ട ഒരു ജനവിഭാഗത്തിന് സാമൂഹ്യ തുല്യത കൈവരിക്കാന് അവസരം സൃഷ്ടിക്കുക, അവരെ അധികാര ശ്രേണിയിലേക്ക് കൈപിടിച്ച് ഉയര്ത്തുക എന്നീ ലക്ഷ്യങ്ങളായിരുന്നു സംവരണത്തിന് വേണ്ണ്ണ്ടി വാദിച്ചവര്ക്ക് ഉണ്ണ്ണ്ടായിരുന്നത്. അധികാര കേന്ദങ്ങളില് എത്തുന്നതിലൂടെ ഈ ജനവിഭാഗം നേരിടുന്ന ജാതീയമായ വിവേചനത്തിന് പരിഹാരമാകും എന്ന പ്രതീക്ഷയോടെയാണ് സംവരണം നിര്ദ്ദേശിക്കപ്പെട്ടത്.

തുല്യത എന്ന ഭരണഘടനയുടെ പ്രഖ്യാപിത ലക്ഷ്യത്തിന് വിരുദ്ധമാണന്ന് ആരോപിച്ച് ബ്രാഹ്മണിസത്തിന്റെ വ്യക്താക്കള് അന്ന് തന്നെ ആ നിര്ദ്ദേശത്തെ എതിര്ത്തിരുന്നു. അംബദ്ക്കര് മുഖ്യ ശില്പിയായി ചമക്കപ്പെട്ട ഇന്ത്യന് ഭരണഘടനയും അതില് ഉള്ക്കൊള്ളിച്ചിട്ടുള്ള സംവരണ വ്യവസ്ഥയും മനുസ്മൃതിയില് അധിഷ്ഠിതമായ ബ്രാഹ്മണിസ സംസ്കാരത്തിന് ക്ഷതമേല്പ്പിക്കുമെന്ന് മനസ്സിലാക്കിയ സംഘപരിവാര് ശക്തികള് ജാതിവ്യവസ്ഥയെ മഹത്വവല്ക്കരിക്കുന്ന മനുസ്മൃതി ഭരണഘടനയാക്കണമെന്ന മുദ്രാവാക്യമാണ് ഭരണഘടനാ നിര്മ്മാണ കമ്മറ്റിക്ക് മുന്പാകെ അവതരിപ്പിച്ചത്.

സഹസ്രാബ്ദങ്ങളായി തുടര്ന്ന് വന്നതും ബ്രിട്ടീഷുകാര് സംരക്ഷിച്ച് നിലനിര്ത്തിയതുമായ ജാതീയമായ വിവേചനം ഒരു മാറ്റവും കൂടാതെ അനസ്യൂതം തുടരുക എന്ന ലക്ഷ്യത്തോടെയായിരുന്നു മനുസ്മൃതി ഭരണഘടനയാക്കണമെന്ന സംഘപരിവാര് നിര്ദ്ദേശം. അന്ന് അധികാരത്തിന്റെ താക്കോല് സ്ഥാനങ്ങളില് എത്തിയവര്ക്കും സംഘപരിവാര് ആവശ്യത്തോട് ആഭിമുഖ്യമണ്ായിരുന്നെങ്കിലും അത് നടപ്പിലാക്കാന് കഴിയില്ലായിരുന്നു.

കാരണം ജനാധിപത്യത്തിലും സോഷ്യലിസത്തിലും സമത്വത്തിലും അടിയുറച്ച ഒരു സാമൂഹ്യ വ്യവസ്ഥ എന്ന സ്വാതന്ത്ര്യസമര മുദ്രാവാക്യത്തെ സാക്ഷാല്ക്കരിക്കുമെന്ന വാഗ്ദാനമെങ്കിലും നല്കാതെ ഭരണാധികാരികള്ക്ക് അധികാര കസേരകള് ഉറപ്പിക്കാന് കഴിയുകയില്ലായിരുന്നു. സാഹചര്യങ്ങളുടെ ഈ സമ്മര്ദ്ദമാണ് സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടില് ബ്രാഹ്മണ്യത്തിന്റെ ദൃഷ്ടിപഥങ്ങളുടെ പരിധിക്ക് പുറത്ത് മാനവീകമായ ഒരു പരിഗണനകളും ലഭിക്കാതെ കഴിഞ്ഞിരുന്ന വിഭാഗങ്ങളെ ഉള്പ്പെടുത്തി പട്ടിക ജാതി /പട്ടിക വര്ഗ്ഗ ലിസ്റ്റ് തയ്യാറാക്കപ്പെട്ടത്.

ഭരണഘടനയില് സംവരണ വ്യവസ്ഥ ഉള്പ്പെടുത്തുന്നതിനെ എതിര്ത്ത ബ്രാഹ്മണിസത്തിന്റെ വ്യക്താക്കള് സംവരണ വ്യവസ്ഥയെ അട്ടിമറിക്കുന്നതിന് നിരന്തരം ശ്രമം തുടര്ന്നു വന്നു. സംവരണ വ്യവസ്ഥ ഭരണഘടനയില് നിന്ന് നീക്കം ചെയ്യണമെന്ന് അവര് നിരന്തരം ആവശ്യപ്പെട്ടിരുന്നു.

ഭരണാധികാരികളായ രാഷ്ട്രീയ നേതൃത്വത്തിലും ഭരണ നിര്വഹണ ഉദ്യോഗസ്ഥ വൃന്ദത്തിലും ജുഡീഷ്യറിയിലും മാധ്യമ മേഖലയിലും അതായത് ജനാധിപത്യ വ്യവസ്ഥയുടെ നാലു തൂണുകളിലും ബ്രാഹമണിസത്തിന്റെ ശക്തമായ സ്വാധീനവും ആധിപത്യമാണ് എക്കാലവും ഉണ്ണ്ടായിരുന്നത്. എന്നാല് സംവരണ വ്യവസ്ഥയിലൂടെ അധികാര കേന്ദ്രങ്ങളിലേക്ക് പിന്നോക്ക - ദളിത് - ആദിവാസി വിഭാഗങ്ങള്ക്ക് നാമമാത്രയെങ്കിലും പ്രാതിനിധ്യം ഉണ്ണ്ടായി. അപ്പോള് മുതല് ബ്രാഹ്മണ - സവര്ണ്ണ വിഭാഗങ്ങളുടെ സാമ്പത്തിക പിന്നോക്കാവസ്ഥയുടെ കരളലിയിപ്പിക്കുന്ന കദനകഥകളുടെ പ്രചരണമായി. ചലച്ചിത്രം, ഫീച്ചറുകള്, ലേഖനങ്ങള് തുടങ്ങിയ മാധ്യമങ്ങളിലൂടെ പ്രചരണം ശക്തമാക്കി. ബ്രാഹ്മണരും സവര്ണ്ണ വിഭാഗങ്ങളും സാമ്പത്തികമായി പിന്നോക്കം പോകാന് കാരണം ജാതി സംവരണ വ്യവസ്ഥയാണന്നും കൊട്ടിഘോഷിക്കപ്പെട്ടു. ഇതോടൊപ്പം ജാതി സംവരണം റദ്ദ് ചെയ്യണമെന്നും സാമ്പത്തിക സംവരണം ഏര്പ്പെടുത്തണമെന്നുമുള്ള ആവശ്യം ശക്തിപ്പെട്ടു. അതായത് സാമൂദായിക സംവരണം അട്ടിമറിക്കുന്നതിന് ആസൂത്രിതമായ ഗൂഢപദ്ധതികളാണ് ആസൂത്രണം ചെയ്യപ്പെട്ടത്.

ദളിത് - ആദിവാസി വിഭാഗങ്ങള്ക്കൊപ്പം സമൂഹത്തില് ജാതീയമായ വിവേചനത്തിന് വിധേയമാകുന്ന പിന്നോക്ക ജനവിഭാഗങ്ങള്ക്കും സംവരണം എന്ന ആവശ്യം 1950 കളില് തന്നെ ഉയര്ന്നു. ഈ പശ്ചാത്തലത്തിലാണ് കാക്കാ കലേല്ക്കര് കമ്മീഷനെ ഇതിനെ കുറിച്ച് പഠിക്കാന് നിയോഗിച്ചത്. കമ്മീഷന് ജാതീയമായ പിന്നോക്കാവസ്ഥക്ക് ഒപ്പം സാമ്പത്തികമായ പിന്നോക്കാവസ്ഥയും പരിഗണിച്ചു. ജാതി സംവരണ വിരുദ്ധ നിലപാടുകാരനായ അദ്ദേഹത്തിന് പോലും 2399 പിന്നോക്ക ജാതികള്ക്ക് കൂടി സംവരണം അനുവദിക്കണമെന്ന് ശുപാര്ശ ചെയ്യേണ്ണ്ടി വന്നു. അദ്ദേഹം നേരില് കണ്ണ്ട സാമൂഹ്യ യാഥാര്ഥ്യങ്ങളുടെ പ്രതിഫലനമായിരുന്നു റിപ്പോര്ട്ട്. എന്നാല് സര്ക്കാര് അത് തള്ളിക്കളഞ്ഞു.

പിന്നോക്ക ജാതി വിഭാഗങ്ങളുടെ പ്രക്ഷോഭം ശക്തിപ്പെട്ടു. ഈ പശ്ചത്തലത്തിലാണ് മൊറാര്ജി ദേശായി സര്ക്കാര് ബി.പി. മണ്ഡല് ചെയര്മാനായ മറ്റൊരു കമ്മിഷനെ 1979 ല് നിയോഗിച്ചത്. അദ്ദേഹം നടത്തിയ അന്വേഷണ പ്രകാരം 3743 പിന്നോക്ക ജാതികള് സംവരണത്തിന് അര്ഹരാണന്ന് കണ്ടെത്തി. 1980 ല് കമ്മീഷന് റിപ്പോര്ട്ട് സമര്പ്പിച്ചു. മൊറാര്ജി സര്ക്കാര് ആ സമയം പുറത്തായതിനാല് റിപ്പോര്ട്ട് നടപ്പിലായില്ല. തുടര്ന്ന് വന്ന കോണ്ഗ്രസ് സര്ക്കാരുകളും റിപ്പോര്ട്ട് നടപ്പിലാക്കിയില്ല. 1990 ല് അന്നത്തെ പ്രധാനമന്ത്രിയായിരുന്ന വി.പി. സിംഗ് മണ്ഡല് കമ്മീഷന് റിപ്പോര്ട്ട് നടപ്പിലാക്കുകയാണന്ന് പ്രഖ്യാപിച്ചു. ഇതിനെ തുടര്ന്ന് മനുവാദികള് രാജ്യമെമ്പാടും മണ്ഡല് വിരുദ്ധ പ്രക്ഷോഭവും കലാപവും ആസൂത്രണം ചെയ്തുവെങ്കിലും മണ്ഡല് കമ്മീഷന് റിപ്പോര്ട്ട് നടപ്പിലായി. റിപ്പോര്ട്ട് പ്രകാരം ജനസംഖ്യയില് 50% ല് അധികം ജനങ്ങള് പിന്നോക്ക ജാതിയില് ഉള്പ്പെടുന്നവരാണ്. എന്നാല് സംവരണം 50% ല് അധികം പാടില്ല എന്ന സുപ്രിം കോടതി വിധി നിലവിലുള്ളതിനാല് പട്ടിക ജാതി/ വര്ഗ്ഗ വിഭാഗത്തിന്റെ 22.5% സംവരണം കഴിച്ച് ബാക്കിയുള്ള 27% പിന്നോക്ക വിഭാഗങ്ങള്ക്കായി സംവരണം ചെയ്യപ്പെട്ടു. ഇതോടെ സാമ്പത്തിക സംവരണത്തിന് വേണ്ണ്ടിയുള്ള ആവശ്യം വീണ്ടും ശക്തമാകുകയും സുപ്രിം കോടതിയുടെ നിരന്തരമായ ഇടപെടലുകള് ഉണ്ണ്ടാവുകയും ചെയ്തു.

തുടര്ന്നു അധികാരത്തില് വന്ന നരസിംഹറാവു സര്ക്കാര് മുന്നോക്ക ജാതികള്ക്ക് 10% സാമ്പത്തിക സംവരണം ഏര്പ്പെടുത്തി. ഇതിനെ ചോദ്യം ചെയ്ത് നിരവധി ഹര്ജ്ജികള് സുപ്രിം കോടതിയിലെത്തി. സംവരണത്തിന്റെ ലക്ഷ്യവും അത് ഭരണഘടനയില് ഉള്പ്പെടുത്തിയതിന്റെ കാരണവും വിദ്യാഭ്യാസപരമായും സാമൂഹ്യമായും പിന്നോക്കം നില്ക്കുന്ന ജനവിഭാഗങ്ങളെ പൊതുധാരയിലേക്ക് എത്തിക്കുക എന്നതാണന്ന് സുപ്രിംകോടതി അസന്നിഗ്ദ്ധമായി വിധി പ്രഖ്യാപിച്ചു. 1993 ല് ഇന്ദിരാ സാഹ്നി കേസ്സിലാണ് ഈ വിധിയുണ്ടായത്. സംവരണ വ്യവസ്ഥയുടെ ലക്ഷ്യം സാമ്പത്തികമായ പിന്നോക്കാവസ്ഥ പരിഹരിക്കുകയോ രാജ്യത്തെ ദുര്ബല ജനവിഭാഗങ്ങ

ളുടെ ദാരിദ്ര്യം നിര്മ്മാര്ജ്ജനം ചെയ്യുകയോ സാമ്പത്തിക സമത്വം സ്ഥാപിക്കുകയോ അല്ലന്നാണ് സുപ്രിം കോടതി വിധിയുടെ അന്തസത്ത. ഭരണഘടനയില് സംവരണ വ്യവസ്ഥ ഉള്പ്പെടുത്തുന്നതിനെ എതിര്ത്ത ബ്രാഹ്മണിസത്തിന്റെ വ്യക്താക്കള് തുടര്ന്നും സംവരണ വ്യവസ്ഥയെ അട്ടിമറിക്കുന്നതിന് നിരന്തരം ശ്രമിച്ചു വന്നു.

## സാമ്പത്തിക സംവരണമല്ല; സവർണ്ണാധിപത്യം തന്നെ

**സാമ്പത്തിക സംവരണം**

സാമുദായി അടിസ്ഥാനത്തിലുള്ള സാമൂഹ്യ സംവരണം അട്ടിമറിച്ച് സാമ്പത്തിക സംവരണം നടപ്പിലാക്കുന്നതിന് ഭരണാധികാരികള് ചമക്കുന്ന ന്യായികരണങ്ങള് അവരുടെ ചരിത്ര - സാമൂഹ്യ പഠനത്തിന്റെ അഭാവം കൊണ്ടണ്ടാണന്ന് വിലയിരുത്താന് കഴിയില്ല. സംവരണ വിരുദ്ധ പ്രക്ഷോഭങ്ങളും കലാപങ്ങളും ആസൂത്രിതമായിരുന്നു. വര്ണ്ണ - ജാതി വ്യവസ്ഥക്ക് പുറത്തുള്ള ജാതികളില് ഉള്പ്പെട്ടവരെ അധികാര കേന്ദ്രങ്ങളില് നിന്ന് ഒഴിവാക്കുക എന്ന ലക്ഷ്യം മാത്രമായിരുന്നു സംവരണ വിരുദ്ധര്ക്ക് ഉായിരുന്നത്. മനു സംഹിത പ്രകാരം മനുഷ്യരായി അംഗീകരിക്കാത്ത ജനവിഭാഗവുമായി അധികാരം പങ്കുവെയ്ക്കാന് എങ്ങനെയാണ് ബ്രാഫ്മണര്ക്ക് കഴിയുക. മാത്രമല്ല, അക്ഷരം പഠിച്ച നാലാം വര്ണ്ണക്കാരനായ ശൂദ്രനേയും അകറ്റി നിര്ത്തണമെന്ന് മനുസമൃതി അനുശാസിക്കുന്നുണ്.

അതുകൊണ്ണ്ട് തന്നെ നിലവിലെ സംവരണ വ്യവസ്ഥ ഇല്ലാതാകണം. ഒരു രാജ്യം; ഒരു നിയമം എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തില് ഭറണഘടനാരപമായ തുല്യതയുടെ പേരില് നിഷ്പക്ഷമതികളുടെ പിന്തുണ നേടി സാമ്പത്തിക സംവരണത്തിലൂടെ സാമൂഹ്യ സംവരണത്തെ അട്ടിമറിക്കാനുള്ള ശ്രമങ്ങളാണ് നടന്നത്. മനുസ്മൃതി ഭരണഘടനയാക്കി ഹിന്ദുത്വത്തില് അടിയുറച്ച ഒരു മതരാഷ്ട്ര സ്ഥാപനത്തിനു വേണ്ടണി ശ്രമിക്കുന്ന ശക്തികളാണ് ഇന്ന് അധികാരത്തിലുള്ളത്. കഴിഞ്ഞ പാര്ലമെന്റ് തിരഞ്ഞെടുപ്പില് അവരുടെ പ്രകടന പത്രികയില് 10% മുന്നോക്ക സംവരണം വാഗ്ദാനം ചെയ്യുകയും അധികാരത്തില് എത്തിയപ്പോള് അത് നടപ്പിലാക്കുകയും ചെയ്തു.

അതിന് വേണ്ണ്ണ്ടി ഭരണഘടന ഭേദഗതി ചെയ്തു. 541 അംഗ ലോക്സഭയില് 3 അംഗങ്ങളും 245 അംഗ രാജ്യ സഭയില് 7 അംഗങ്ങളും മാത്രമാണ് ബില്ലിനെ എതിര്ത്തത്. മുന്നോക്ക സംവരണ വിഷയത്തില് ഭരണ പ്രതിപക്ഷങ്ങള് ഐക്യപ്പെടുന്ന കാഴ്ചയാണ് പാര്ലമെന്റില് കണ്ടണ്ണ്ത്. ദളിത് പക്ഷ പാര്ട്ടികള് എന്നവകാശപ്പെടുന്ന മായാവതിയുടെ പാര്ട്ടി പോലും എതിര്പ്പ് ഉയര്ത്തിയില്ല.

അതായത് തിരഞ്ഞെടുപ്പ് സമയത്തോ പാര്ലമെന്റിലോ പാര്മെന്റില് പ്രാതിനിധ്യമുള്ള ഒരു കക്ഷിയും സാമൂഹ്യ സംവരണത്തെ അട്ടിമറിക്കുന്ന സാമ്പത്തിക സംവരണത്തെ എതിര്ത്തില്ല.

ഒരു വ്യവസ്ഥയൊ നിയമമൊ കൊണ്ണ്ടുവരുന്നത് ഒരു ലക്ഷ്യ പൂര്ത്തീകരണത്തിന് വേണ്ണ്ണ്ടിയാണ്. സാമൂഹ്യമായ പിന്നോക്കാവസ്ഥ പരിഹരിച്ച് തുല്യത കൈവരിക്കുകയായിരുന്നു അതിന്റെ ലക്ഷ്യം. ആ ലക്ഷ്യം പൂര്ത്തീകരിച്ചെങ്കില് ആ നിയമം കാലഹരണപ്പെട്ടു എന്ന് പറയാം. ആ ലക്ഷ്യം പൂര്ത്തീകരച്ചെങ്കില് അത് പിന് വലിക്കാം. ആ ലക്ഷ്യം പൂര്ത്തീകരിച്ചെന്ന് തലക്ക് വെളിവുള്ള ആര്ക്കെങ്കിലും പറയാന് കഴിയുമോ.? അതിനാല് സംവരണ വ്യവസ്ഥ ലക്ഷ്യ പൂര്ത്തീകരണം വരെ അതേപടി സംരക്ഷിച്ചേ മതിയാകൂ. ആ വ്യവസ്ഥ അതേപടി നിലനില്ക്കേണ്ത് ആ ലക്ഷ്യ പൂര്ത്തീകരണം വരെയാണ്. ആ ലക്ഷ്യ പൂര്ത്തീകരണത്തിന് തടസ്സമായത് സംവരണ വ്യവസ്ഥ മറികടന്നുള്ള നിയമനങ്ങളാണ്.

സമസ്ത മേഖലകളിലെയും പ്രാതിനിധ്യത്തിന്റെ കണക്കുകള് സര്ക്കാര് പുറത്ത് വിടണം. സംവരണ വ്യവസ്ഥ അട്ടിമറിക്കപ്പെട്ടിട്ടുണ്ങ്കില് കുറവുള്ള തസ്തികകളിലേക്ക് സ്പെഷ്യല് റിക്രൂട്ട്മെന്റ് വഴി സംവരണ പ്രാതിനിധ്യം ഉറപ്പാക്കാക്കണം. ഇന്ത്യയില് ദാരിദ്ര്യവും തൊഴിലില്ലായ്മയും വര്ദ്ധിച്ചു വരുന്നു. അതിന് കാരണം സംവരണ വ്യവസ്ഥയല്ല. സംവരണ വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ണ്ട് പരിഹരിക്കാവുന്ന പ്രശ്നവുമല്ലത്. ദാരിദ്ര്യ നിര്മ്മാര്ജ്ജനത്തിനും തൊഴിലില്ലായ്മക്കും കാരണം ഇന്ത്യ പിന്തുടരുന്ന സാമ്പത്തിക നയങ്ങളാണ് .

ആ നയത്തിലാണ് മാറ്റം ഉണ്ണ്ണ്ടാകേണ്ണ്ടത്. കാര്ഷിക - വ്യവസായിക - വിദ്യാഭ്യാസ - സേവന മേഖലകളില് സമ്പന്ന വിഭാഗങ്ങളുടെ വികാസം മാത്രം ലക്ഷ്യം വയ്ക്കുന്ന നയങ്ങളിലാണ് മാറ്റം ഉണ്ണ്ണ്ടാകേണ്ടണ്ണ്ത്. മുന്നോക്ക സമുദായക്കാരുടെ സാമ്പത്തിക പിന്നോക്കാവസ്ഥക്ക് കാരണം ഭരണകൂട നയങ്ങളാണ്. അവരുടെ സാമ്പത്തിക പിന്നോക്കാവസ്ഥക്ക് ആശ്വാസമേകാന് അവര്ക്ക് സാമ്പത്തിക സഹായം നല്കാന് സര്ക്കാരിന് ബാദ്ധ്യതയും ഉത്തരവാദിത്വവുമുണ്ണ്ട്.

അവരാരും ഒരിക്കലും ജാതീയമായൊ മതപരമോ ആയ വിവേചനങ്ങളാല് സമൂഹത്തില് അവഹേളിക്കപ്പെട്ടിട്ടുമില്ല. അതിനാല് അവര്ക്ക് സാമൂഹ്യ സംവരണത്തിന്റെ ആവശ്യവുമില്ല.

ഭരണഘടനാ ഭേദഗതിയിലൂടെ ഇപ്പോള് കൊണ്ണ്ടുവന്നിട്ടുള്ള സാമ്പത്തിക സംവരണം നൂറ്റാണ്ണ്ടുകള് പിന്തുടര്ന്നാലും മുന്നോക്ക ജാതികളുടെ തൊഴിലില്ലായ്മയോ സാമ്പത്തിക പിന്നോക്കാവസ്ഥയൊ പരിഹരിക്കില്ല. ഇതുമായി ബന്ധപ്പെട്ട് പാര്ലമെന്റില് നടന്ന ചര്ച്ചയില് കപില് സിബല് ഉയര്ത്തിയ ചില അഭിപ്രായങ്ങള് പരിശോധിക്കാം. കഴിഞ്ഞ 5 വര്ഷത്തിനുള്ളില് മോദി സര്ക്കാര് സൃഷ്ടിച്ചത് 1.7 ലക്ഷം തൊഴിലാണ്.


അതായത് പ്രതിവര്ഷം 45000 തൊഴില്. സാമ്പത്തിക സംവരണ പ്രകാരം അതില് 10% മുന്നോക്ക ജാതിക്ക് സംവരണ പ്രകാരം ലഭിക്കും. പ്രതിവര്ഷം 14.5 ദശലക്ഷം തൊഴിലാളികളാണ് ഇന്ത്യന് തൊഴില് സേനയിലേക്ക് കൂട്ടി ചേര്ക്കപ്പെടുന്നത്. പുതിയ സ്ഥിതിവിവരക്കണക്ക് പ്രകാരം ഏകദേശം 60 കോടി തൊഴിലാളികള് ഉള്ക്കൊള്ളുന്നതാണ് ഇന്ത്യന് തൊഴില് സേന. അതില് കേവലം 2.15 കോടി മാത്രമാണ് കേന്ദ്ര - സംസ്ഥാന തൊഴിലാളികള് അതായത് 30.87 ലക്ഷം പേര് കേന്ദ്ര സര്വീസിലും 1.85 കോടി സംസ്ഥാന സര്ക്കാരിനു കീഴിലും തൊഴിലെടുക്കുന്നു.

ഒന്നു കൂടി വിശദീകരിച്ചാല് ഇന്ത്യന് തൊഴില് സേനയുടെ 3.3% മാത്രമാണ് സര്ക്കാര് തൊഴില്. ഈ 3.3 ശതമാനത്തിന് മാത്രമാണ് സംവരണം ബാധകമാവുക. സംവരണ നിയമം ബാധകമല്ലാത്ത സംഘടിത സ്വകാര്യ മേഖലയില് 2.7% തൊഴിലാളികളും തൊഴിലെടുക്കുന്നു. ബാക്കിയുള്ളവര് അതായത് മൊത്തം തൊഴില് സേനയുടെ 94% തൊഴിലാളികളും (56.4 കോടി) അസംഘിടിത മേഖലയില് യാതൊരു തൊഴില് ആനുകൂല്യങ്ങളും അവകാശങ്ങളും ഇല്ലാതെ കൃഷിയിലും കരാര് തൊഴിലിലും ദിവസ വേതനത്തിലും തൊഴിലെടുക്കാന് നിര്ബന്ധിതരാകുന്നു. സര്ക്കാര് കണക്ക് പ്രകാരം അവരുടെ ഇടയില് ഒരു തൊഴിലും ലഭിക്കാത്ത 5 കോടി തൊഴിലാളികളുണ്ടണ്. യഥാര്ഥ കണക്ക് അതിന്റെ എത്രയോ ഇരട്ടി വരും.

തൊഴിലില്ലായ്മ രൂക്ഷമായ സാഹചര്യത്തിലാണ് 2014 ലെ തെരഞ്ഞെടുപ്പില് ബി.ജെ.പി. തങ്ങള്അധികാരത്തിലെത്തിയാല് പ്രതിവര്ഷം 2 കോടി തൊഴിലവസരങ്ങള്, 5 വര്ഷംകൊണ്ണ്ട് 10 കോടി തൊഴിലവസരങ്ങള് സൃഷ്ടിക്കുമെന്ന് പ്രഖ്യാപിച്ചത്. ഫലത്തില് സംഭവിച്ചത് എന്താണ്. ഇന്ത്യയുടെ ചരിത്രത്തില് ഇന്നുവരെ രേഖപ്പെടുത്താത്ത തൊഴിലില്ലായ്മ നിരക്കിലേക്കാണവര് രാജ്യത്തെ നയിച്ചത്. ഭരണഘടനാ ഭേദഗതിയിലൂടെ 10% സാമ്പത്തിക സംവരണ പ്രഖ്യാപനം അസംതൃപ്തരായ തൊഴിലാളികള തൃപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആയിരുന്നു. ഒപ്പം അത് ഹിന്ദുത്വ അജണ്ടയുടെ ഭാഗവുമായിരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ ഓഹരികള് വിറ്റഴിച്ച് സ്വകാര്യവല്ക്കരിക്കുന്നതിലൂടെ സര്ക്കാര് തൊഴിലവസരങ്ങള് ഇനിയും കുറയും. വ്യവസായവും വാണിജ്യവും നടത്തലല്ല സര്ക്കാരിന്റെ ജോലിയെന്ന് പ്രഖ്യാപിച്ചിട്ടുള്ള ബി.ജെ.പി. എല്ലാം പൊതുമേഖലാ സ്ഥാപനങ്ങളും സ്വകാര്യ മേഖലക്ക് കൈയ്യൊഴിയാനുള്ള ശ്രമത്തിലാണ്. ഇന്ത്യയിലെ ഏറ്റവും വലിയ തൊഴില് ദാതാവായ ഇന്ത്യന് റെയില്വേ, എല്.ഐ.സി., ബി.എസ്സ്. എന്.എല്, എയര്പോര്ട്ട്, തുറമുഖങ്ങള്, ഭാരത് ഹെവി ഇലക്ട്രിക്കല്സ് തുടങ്ങിയ വന്കിട പൊതുമേഖലാ സ്ഥാപനങ്ങള് സ്വകാര്യവല്ക്കരണ പ്രക്രിയയിലാണ്.

ലക്ഷക്കണക്കായ തൊഴിലാളികളാണ് സ്വകാര്യവല്ക്കരണ പ്രക്രിയയുടെ ഭാഗമായി വി.ആര്. എസ്സ്. നല്കി പിരിച്ച് വിടപ്പെട്ടത്. ഈ കണക്കുകള് തെളിയിക്കുന്നത് സാമ്പത്തിക സംവരണം മുന്നോക്ക ജാതിയില്പ്പെട്ടവര് നേരിടുന്ന തൊഴിലില്ലായ്മക്കോ സാമ്പത്തിക പിന്നോക്കാവസ്ഥക്കോ പരിഹാരമാവില്ല എന്നാണ്.



## ചോദ്യോത്തര പംക്തി

# കർഷക വിരുദ്ധ നിയമങ്ങൾ റദ്ദാക്കാൻ തയ്യാറാകാത്ത മോഡിക്ക് എതിരെ പൊരുതുന്ന കർഷകരെ പിന്തുണച്ച് വ്യാപകമായി തെരുവിലിറങ്ങി പ്രതിഷേധിക്കുക.

# ജനകീയ ഇച്ഛാശക്തി ക്ക് മുമ്പിൽ മോഡിയെ മുട്ട് കുത്തിക്കാൻ ഒന്നിക്കുക.

**ചോദ്യം: സഖാവെ, കഴിഞ്ഞ ഒന്നരമാസത്തിലധികമായി ലക്ഷക്കണക്കിനു കർഷകർ ദൽഹി അതിർത്തി വളഞ്ഞ് പ്രക്ഷോഭത്തിലേർപ്പെട്ടിരിക്കുകയാണല്ലോ. ഈ സമരത്തെ അവഗണിച്ചു തള്ളുന്ന മോദി സർക്കാറിന്റെ നിലപാടിനെ മറികടന്നു മുന്നേറാനുള്ള സാധ്യത നിലവിലുണ്ടോ?**

പോൾ ആന്റണി, ചാലക്കുടി

കർഷകരെ മാത്രമല്ല എഫ് സി ഐ അടച്ചു പൂട്ടി പൊതു വിതരണ സംവിധാനം ഇല്ലാതാക്കി ഭക്ഷ്യ സുരക്ഷ തന്നെ അപകടപ്പെടുത്തുന്ന കർഷക വിരുദ്ധ നിയമങ്ങൾ റദ്ദാക്കുക എന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള ചരിത്ര സമരം 41 ദിവസം പിന്നിട്ടു കൊടും തണുപ്പിലും മഴയത്തും മുന്നേറുകയാണ്. ഇതിനിടയിൽ രണ്ടു കർഷകർ ആരംഭിച്ച അനിശ്ചിത കാല നിരാഹാര സമരം 22 ദിവസം പിന്നിട്ടു.നിരാഹാര സമരത്തെ പിന്തുണച്ച് അനവധി സ്ത്രീകൾ നിരാഹാരം അനുഷ്ഠിക്കുന്നുണ്ട്. കൂടുതൽ ജനങ്ങൾ സമരത്തിൽ പങ്കാളികളാകുന്നു.


മോഡി കർഷക സമരം കണ്ടില്ലെന്ന് നടിക്കുകയും എതിർപ്പ് പ്രകടിപ്പിക്കുകയും ചെയ്യുമ്പോഴും ഇത്രയും വലിയ ആൾകൂട്ടത്തെ പിരിച്ച് വിടാനുള്ള ഗൗരവപ്പെട്ട നടപടികൾ ആലോചിക്കുന്നുണ്ട്. എന്നാൽ നാനാ തരത്തിൽ അർത്ഥ രഹിതമായ ചർച്ചകൾ ആവർത്തിക്കുന്നുണ്ട്. ചർച്ചകളിൽ കർഷക സംഘടകൾ ആവർത്തിച്ചു ആവശ്യപ്പെടുന്നത് മൂന്ന് കർഷക വിരുദ്ധ നിയമങ്ങളും ,വൈദ്യുതി ബില്ല് 2020 യും പിൻവലിക്കണം എന്നതാണ്. മോഡിയുടെ പക്ഷം ആവശ്യപ്പെടുന്നത് നിയമം കമ്പോട് കമ്പ് ചർച്ചചെയ്യാനും. സമരം വലിച്ചുനീട്ടി കർഷകരെ ക്ഷീണി പ്പിച്ചുകൊണ്ട് പിന്മാറാൻ നിർബന്ധിക്കുന്ന വൃത്തികെട്ട രീതിയാണിത്. അതേസമയം മോഡിയും സംഘവും ആർഎസ്എസ് ഗുണ്ടകളും ചേർന്ന് കർഷക മുന്നേറ്റത്തിന് എതിരെ നുണ പ്രചരണം പരത്തുന്നുണ്ട്. ഇപ്പൊൾ വൻതോതിൽ വ്യക്തമാകുന്ന കാര്യം കരി നിയമങ്ങൾ പിൻവലിക്കാൻ മോഡി തയ്യാറല്ല എന്നാണ്. അതിനാൽ സമരം ശക്തിപ്പെടുത്തി മോഡിയെ കൊണ്ട് നിയമം റദ്ദ് ചെയ്യിക്കേണ്ടത്തുണ്ട്. അതിന് ഡൽഹി അതിർത്തിയിൽ മാത്രമല്ല രാജ്യവ്യാപകമായി സമരം ശക്തിപ്പെടുത്തേണ്ടതുണ്ട്. മോഡിയുടെ നുണ പ്രചരണങ്ങൾ തുറന്നുകാട്ടി സംസ്ഥാന, ജില്ല തലങ്ങളിൽ സമരം ശക്തമാക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിലാണ് കൃഷിയുടെ കോർപ്പറേറ്റ് വൽക്കരനത്തിന് എതിരായി ചിന്തിക്കുന്ന മുഴുവൻ ശക്തികളും നേതാജിയുടെ ജന്മദിനമായ ജനുവരി 23 ന് കർഷകരും അനുഭാവികളും രാജ് ഭവനുകളിലേക്ക് മാർച്ച് ചെയ്യണമെന്നും ജനുവരി 26 വരെ രാജ്ഭവൻ ഉപരോധിക്കണമെന്നും ഞങ്ങൾ ആവശ്യപ്പെടുന്നത്. ഡൽഹിയിലും പ്രാന്ത പ്രദേശങ്ങളിലും ശക്ത മായിട്ടുള്ള ഈ വീരോജ്ജ്വല സമരം നമുക്ക് സംസ്ഥാന തലത്തിലും വ്യാപകം ആക്കാം.

ഇതോടൊപ്പം ജനുവരി 13 ന് രാജ്യത്തെ മുഴുവൻ തൊഴിലാളി യൂണിയനുകളും കർഷക സംഘടനകളും ഒപ്പം മോദി യുടെ ഫാസിസ്റ്റ് സർക്കാറിന്റെ കരിനിയമങ്ങൾക്കെതിരെ നിലപാടുള്ള മുഴുവൻ ശക്തികളും മൂന്ന് കാർഷിക നിയമങ്ങളുടേയും 4 ലാബർ കോടുകളുടേയും കോപ്പികൾ രാജ്യവ്യാപകമായി കത്തിക്കുവാൻ തീരുമാനിച്ചിരിക്കുന്നത്.

ഈ പ്രതിഷേധ സമരവും രാജ്യവ്യാപകമായി സംഘടിപ്പിച്ചുകൊണ്ട് അതിലേക്ക് അതിവിപുലമായി ജനങ്ങളെ അണിനിരത്തിക്കൊണ്ട് വൻ വിജയമാക്കി മാറ്റണം. ഫലത്തിൽ തൊഴിലാളികളുടേയും കർഷകരുടേയും എല്ലാ മർദ്ദിത ജനവിഭാഗങ്ങളുടേയും ഒപ്പം കാവി-കോർപ്പറേറ്റ് ഫാസിസ്റ്റ് ഭരണത്തിനെതിരായ നിലപാടുള്ള മറ്റെല്ലാ ശക്തികളുടേയും പങ്കാളിത്തമുള്ള അതിശക്തമായ ദേശീയ പ്രക്ഷോഭമായി ഇതിനെ വികസിപ്പിക്കേണ്ടതുണ്ട്.

കർഷക വിരുദ്ധ നിയമങ്ങൾ റദ്ദാക്കാൻ തയ്യാറാകാത്ത മോഡിക്ക് എതിരെ പൊരുതുന്ന കർഷകരെ പിന്തുണച്ച് വ്യാപകമായി ജനങ്ങളെ തെരുവിലിറക്കി പ്രഷോഭം ദേശവ്യാപകമാക്കുകയും ശക്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് ജനകീയ ഇച്ഛാശക്തിക്ക് മുമ്പിൽ മോഡിയെ മുട്ട് കുത്തിക്കാൻ നമുക്കെല്ലാവർക്കും ഒന്നിക്കാം.

# കേന്ദ്ര ഫണ്ടിനായുള്ള സി പി ഐ(എം എൽ) റെഡ് സ്റ്റാർ കേന്ദ്ര കമ്മിറ്റിയുടെ അഭ്യർത്ഥന!



സഖാക്കളെ, സുഹൃത്തുക്കളെ,

രാജ്യവും ജനതയും വൻ പ്രതിസന്ധി ഘട്ടത്തിലൂടെയാണ് നീങ്ങിക്കൊണ്ടിരിക്കുന്നത് എന്ന കാര്യം എല്ലാവർക്കും അറിയുന്നതാണല്ലോ.

രാജ്യത്തെയും ജനങ്ങളെയും മുച്ചൂടും മുടിക്കുന്ന കർഷകരുടെ നട്ടെല്ലൊടിക്കുന്ന, രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷയും പൊതുവിതരണ സംവിധാനവും തകർക്കുന്ന, കാർഷിക മേഖലയെ കോർപറേറ്റുകളുടെ മൃഗയാ വിനോദത്തിന് വിട്ടുകൊടുക്കുന്ന മൂന്നു കാർഷിക നിയമങ്ങൾ, തൊഴിൽ മേഖലയേയും തൊഴിലെടുക്കുന്നവരേയും കോർപറേറ്റ് അടിമകളാക്കുന്ന നാലു തൊഴിൽ കോഡുകൾ എന്നിവക്കെതിരെ രാജ്യ വ്യാപകമായി കർഷകരുടേയും തൊഴിലാളികളുടേയും മറ്റു മർദ്ദിത വിഭാഗങ്ങളുടേയും സമരം കൊടുംബിരിക്കൊള്ളുകയാണ്. അമ്പത് ദിവസത്തിലധികമായി രാജ്യതലസ്ഥാനത്തെ അതിർത്തികൾ വളഞ്ഞു ലക്ഷക്കണക്കിന് കർഷകർ റിപ്പബ്ലിക് ദിനത്തിൽ ദില്ലി നഗര ഹൃദയത്തിലേക്കു മാർച്ച് ചെയ്യാൻ ആയിരക്കണക്കിന് ട്രാക്റ്ററുകളുമായി തയ്യാറായിരിക്കുകയാണ്.

പൗരത്വ നിയമ ഭേദഗതി (CAA), ദേശീയ ജനസംഖ്യ രജിസ്റ്റർ (NPR) എന്നിവക്കെതിരെയുള്ള സമരത്തെ (ഷഹീൻബാഗ് മൂവ്മെന്റ്) ഇസ്ലാമോഫോബിയ ഉമ്മാക്കി കാണിച്ചും കൊറോണ വൈറസ് നിയന്ത്രണങ്ങളുടെ മറവിലും ശമിപ്പിക്കാൻ കഴിഞ്ഞെങ്കിലും തൊഴിലാളി വിരുദ്ധ തൊഴിൽ കോഡുകൾക്കെതിരെ സമരം ചെയ്യുന്ന തൊഴിലാളികളുടെ പിന്തുണയോടെയുള്ള കർഷക ദ്രോഹ കാർഷിക നിയമങ്ങൾക്കെതിരെയുള്ള കർഷകരുടെ സമരം ജനങ്ങളുടെ അവകാശങ്ങൾ മുഴുവൻ കവർന്നെടുക്കുന്ന, സാധാരണ ജനങ്ങളെ പാപ്പരീകരിച്ചുകൊണ്ട് രാജ്യത്തെ സമസ്ത മേഖലകളെയും കോർപ്പറേറ്റ് വൽക്കരിച്ചുകൊണ്ടുള്ള മോദിയുടെ മനുവാദി ഹിന്ദുത്വ ഫാസിസ്റ്റ് ഭരണത്തിന് വെല്ലുവിളി ഉയർത്തിയിരിക്കയാണ്. വിഭാഗീയതയുടേയും വെറുപ്പിന്റെയും രാഷ്ട്രീയം അഴിച്ചുവിട്ട്

കോർപറേറ്റ് കൊള്ളക്ക് വേഗം കൂട്ടാനുള്ള സൗകര്യമൊരുക്കുകയാണ്.

ജനകീയ ജനാധിപത്യവും സോഷ്യലിസ്റ്റ് സമൂഹവും എന്ന കമ്മ്യൂണിസ്റ്റ് ലക്ഷ്യം മറക്കാതെ തന്നെ CAAക്കും NPR നും എതിരായ സമരങ്ങളിൽ പങ്കെടുത്തപോലെതന്നെ കമ്മ്യൂണിസ്റ്റ് പാർടി എന്ന നിലക്കുള്ള സ്വതന്ത്ര പ്രവർത്തനം നിലനിർത്തിക്കൊണ്ടുതന്നെ ഇപ്പോൾ നടക്കുന്ന കർഷക സമരത്തിലും സജീവമായി പാർട്ടി പങ്കെടുക്കുകയാണ്. ബിജെപിയെ പരാജയപ്പെടുത്തുക എന്ന മുദ്രാവാക്യം മുന്നോട്ടു വെച്ചുകൊണ്ട് വരുന്ന നിയമ സഭ തിരഞ്ഞെടുപ്പുകളിൽ സമാന മനസ്ക്കരായ പൊരുതുന്ന ശക്തികളുമായി ചേർന്നു പങ്കെടുക്കും.

കഴിഞ്ഞകാല തെറ്റുകൾ തിരുത്തി നവ ഫാസിസ്റ്റുകളായ RSS ന്റെ താത്വിക അടിത്തറയായ മനുവാദത്തിനെതിരെ സക്രിയമായ ആശയ സമരത്തിന് തുടക്കം കുറിച്ചിരിക്കുന്നു നമ്മുടെ പാർട്ടി.

നവോത്ഥാന മുന്നേറ്റങ്ങളിൽ നിന്നു പാഠമുൾക്കൊണ്ട് മർദ്ദിത ജനവിഭാഗങ്ങളേയും തൊഴിലാളി കർഷക സഖ്യ ശക്തിയേയും ഒന്നിപ്പിച്ചുകൊണ്ട് ബ്രാഹ്മണ്യത്തിനും പുരുഷാധിപത്യ ത്തിനുമെതിരെ ജാതി നശീകരണ പ്രസ്ഥാനത്തിനും, വിപ്ലവ സാംസ്കാരിക കടന്നാക്രമങ്ങൾക്കും പാർട്ടി തുടക്കം കുറിച്ചിരിക്കുന്നു. അതുപോലെതന്നെ വർത്തമാന സാഹചര്യങ്ങൾക്കനുസരിച്ച് പാർട്ടി കെട്ടിപ്പടുക്കാനുമുള്ള പ്രവർത്തനങ്ങളും ആരംഭിച്ചിരിക്കുന്നു.

നവ ലിബറൽ കോർപറേറ്റ് പ്രതിവിപ്ലവ ശക്തികളുടെ കൊള്ള മൂലം മനുഷ്യ രാശിയുടെ നിലനിൽപ്പ് പോലും ചോദ്യം ചെയ്യപ്പെടുന്ന വിധത്തിൽ പ്രകൃതി ദുരന്തങ്ങൾ മാറിത്തീരുന്ന അപകടം മനസ്സിലാക്കി ലോകത്തെ വിപ്ലവ പാർട്ടികളെയും സംഘടനകളെയും ഒന്നിപ്പിച്ചുകൊണ്ടുള്ള പൊരുതുന്ന ഒരു അന്താരാഷ്ട്ര സാമ്രാജ്യത്ത വിരുദ്ധ-ഫാസിസ്റ്റ് വിരുദ്ധ ഐക്യമുന്നണി കെട്ടിപ്പടുക്കുന്നതിനു നമ്മൾ മുൻകൈ എടുത്തിരിക്കുന്നു. സാമ്രാജ്യത്ത മുതലാളിത്ത നവ ലിബറൽ വികസന അജണ്ടക്ക് പകരം ഒരു ജനകീയ വികസന പരിപ്രേക്ഷ്യം പാർട്ടി മുന്നോട്ടു വെക്കുകയാണ്. ജനാധിപത്യത്തിന്റെ ഒരു പുത്തൻ കാഴ്ചപ്പാടിൽ നിന്നുകൊണ്ട് എല്ലാ അധികാരവും ജനങ്ങൾക്ക് എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തുകൾ ജനങ്ങളുടെ കമ്മ്യൂണുകളാക്കി പരിവർത്തിപ്പിക്കുവാൻ ആഹ്വാനം ചെയ്യുകയാണ് പാർടി.

അത് പോലെ, RSSന്റെ നേതൃത്വത്തിലുള്ള കോർപ്പറേറ്റ് ഫാസിസ്റ്റ് സർക്കാറിനെ താഴെ ഇറക്കാൻ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന എല്ലാ ജനകീയ മുന്നേറ്റങ്ങളിലും സമാന മനസ്കരുമായി കൈകോർത്ത് പങ്കെടുക്കുമ്പോൾ തന്നെ ഒരു ബദൽ പരിപാടിയുടെ അടിസ്ഥാനത്തിൽ കമ്മ്യൂണിസ്റ്റ് വിപ്ലവ ശക്തികളെ ഒന്നിപ്പിച്ചു കൊണ്ടും യുവാക്കളെയും വിദ്യാർത്ഥികളെയും ആകർഷിച്ച് രാജ്യത്തിന്റെ രാഷ്ട്രീയാധികാരം വിപ്ലവത്തിലൂടെ പിടിച്ചടക്കുന്നതിനും സോഷ്യലിസ്റ്റ് സമൂഹ സൃഷ്ടിക്കും വേണ്ടിയുള്ള വൻ ജനമുന്നേറ്റം സാധ്യമാക്കാനുതകും വിധത്തിലുള്ള പാർട്ടി കെട്ടിപ്പടുക്കുന്ന പ്രവർത്തനത്തിലാണ് നമ്മൾ.

വിപ്ലവ ഇടതുപക്ഷ ശക്തികളുടെ മുന്നിലുള്ള മഹത്തായ ദൗത്യമാണിത്. പാരിസ് കമ്മ്യൂൺ മുതലുള്ള കമ്മ്യൂണിസ്റ് മുന്നേറ്റങ്ങളുടെ അനുഭവങ്ങളിൽ നിന്നും പാഠമുൾക്കൊണ്ടും രാജ്യത്ത് നിലവിലുള്ള സമൂർത്ത സാഹചര്യങ്ങളെ വിലയിരുത്തി മാർക്സിസ്റ് ലെനിസ്റ്റ് ധാരണകൾ വികസിപ്പിച്ചുകൊണ്ടും സി പി ഐ (എം. എൽ.) ഈ ദൗത്യം ഗൗരവത്തോടെ ഏറ്റെടുത്തിരിക്കുകയാണ്.

ഈ ദൗത്യം പൂർത്തീകരിക്കുന്നതിന് ബൗദ്ധികവും (പാർട്ടിയുടെ വിപ്ലവ പരിപാടി വികസിപ്പിക്കുന്നതിന്) സാമ്പത്തികവുമായ സഹായ സഹകരണങ്ങൾ അത്യന്താപേക്ഷിതമാണ്. ജനുവരി 15 മുതൽ ഫെബ്രുവരി 15 വരെ നടക്കുന്ന പാർട്ടിയുടെ ഫണ്ട് സമാഹരണ പരിപാടി വിജയിപ്പിക്കുവാൻ പാർട്ടി കേന്ദ്രകമ്മിറ്റി അഭ്യർത്ഥിക്കുകയാണ്.

പാർട്ടിയുടെ ഫണ്ട് ശേഖരണത്തിനായി വരുന്ന പാർട്ടി സഖാക്കൾ മുഖേനയോ താഴെ കൊടുത്തിരിക്കുന്ന പാർട്ടിയുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ടോ കഴിയും വിധമുള്ള സാമ്പത്തിക സഹായം നൽകണമെന്ന് മുഴുവൻ ബഹുജനങ്ങളോടും അഭ്യർത്ഥിക്കുന്നു:

**Account Name: CPI(ML) Red Star**

**Bank: Corporation Bank**

**Account #: 510101002779667**

**IFSC: CORP 0001312**

**Branch: Nawada Branch**

**New Delhi, India**

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

അഭിവാദ്യങ്ങളോടെ,
**കെ എൻ രാമചന്ദ്രൻ**
ജനറൽ സെക്രട്ടറി
സിപിഐ (എം. എൽ.) റെഡ് സ്റ്റാർ
ജനുവരി 12, 2021

# കാർഷിക നിയമങ്ങൾ നടപ്പാക്കുന്നത് 18 മാസത്തേക്ക് നിർത്തിവെക്കാം എന്ന കേന്ദ്ര സർക്കാരിന്റെ നിർദ്ദേശം സംയുക്ത കിസാൻ മോർച്ച തള്ളിക്കളഞ്ഞു! നിയമങ്ങൾ പൂർണമായും റദ്ദാക്കാനുള്ള തങ്ങളുടെ ആവശ്യത്തിൽ ഉറച്ചു നിൽക്കുന്നതായി കർഷക നേതാക്കൾ!!



ജനുവരി 20ന് നടന്ന ചർച്ചയിൽ സർക്കാരിന്റെ ഭാഗത്തു നിന്നു മുന്നോട്ടു വെച്ച നിർദ്ദേശങ്ങൾ സംയുക്ത കിസാൻ മോർച്ച തള്ളിക്കളഞ്ഞു. നിയമങ്ങൾ നടപ്പാക്കുന്നതിൽ നിന്നും 18 മാസത്തേക്ക് വിട്ടു നിൽക്കാമെന്നും പ്രശ്നങ്ങൾ പരിഹരിക്കാൻ ഒരു സമിതി രൂപീകരിക്കാമെന്നുമുള്ള നിദ്ദേശമാണ് സർക്കാർ മുന്നോട്ടു വെച്ചത്. മൂന്നു നിയമങ്ങളും റദ്ദാക്കുകയും ഉത്പന്നങ്ങൾക്ക് കുറഞ്ഞ താങ്ങു വിലക്ക് നിയമ പരിരക്ഷയും വേണമെന്ന തങ്ങളുടെ ആവശ്യത്തിൽ നിന്നും പിൻ മാറുന്ന പ്രശ്നമേയില്ലെന്ന് അർഥശങ്കക്കിടയില്ലാത്ത വിധം കർഷക മോർച്ച നേതാക്കൾ പ്രഖ്യാപിച്ചു. റിപബ്ലിക് ദിന കർഷക പരേഡ് നിർത്തിവെക്കാനുള്ള പോലീസ് അഭ്യർത്ഥനയും തള്ളിക്കളഞ്ഞു എന്ന് മാത്രമല്ല ദില്ലി റാലിയിൽ കൂടുതൽ പേരെ അണി നിരത്തുമെന്നും ജനുവരി 23 മുതൽ സംസ്ഥാനങ്ങളിലെ സമരം കൂടുതൽ ശക്തിപ്പെടുത്തുമെന്നും കർഷക നേതാക്കൾ അറിയിച്ചു. (മോർച്ച നേതാക്കൾ ജനുവരി 21 വൈകീട്ട് ഇറക്കിയ പ്രസ്താവന വായിക്കുക).

ഇത്തരത്തിലുള്ള ധീരമായ തീരുമാനമെടുത്തതിന് കർഷക നേതാക്കളെ അഭിനന്ദിക്കുന്നു.

നാളുകൾ കഴിയുംതോറും ഒറ്റപ്പെട്ടു വരുന്നതിന്റെയും മുൻ സഖ്യ കക്ഷികളുടെ രൂക്ഷമായ വിമർശങ്ങൾക്ക് വിധേയമാകുന്നതിന്റെയും പശ്ചാത്തലത്തിൽ, സർക്കാർ സമരത്തെ ദുർബലപ്പെടുത്താനും കർഷകരെയും ജനങ്ങളെയും തെറ്റിദ്ധരിപ്പിക്കുന്ന വിധത്തിലുമുള്ള കൗശലങ്ങൾ പ്രയോഗിക്കാനും ശ്രമിക്കുകയാണ്.

കാർഷിക മേഖലയെ കോർപറേറ്റ് വൽക്കരിക്കുന്നതിനെയും അത് വഴി രാജ്യത്തിന്റെ ഭക്ഷ്യ സുരക്ഷയെയും പൊതുവിതരണ വ്യവസ്ഥയെയും തകർക്കുന്നതിനെയും എതിർക്കുന്ന എല്ലാ ശക്തികളോടും ജനുവരി 26 ന്റെ റാലിയോടെ സന്നിദ്ധ മുഹൂർത്തത്തിലെത്തുന്ന കർഷക പ്രക്ഷോഭത്തിൽ കൂടുതലായി അണിചേരാൻ അഭ്യർത്ഥിക്കുന്നു.

അഭിവാദ്യങ്ങളോടെ,

കെ എൻ രാമചന്ദ്രൻ
ജനറൽ സെക്രട്ടറി
സി പി ഐ (എം എൽ) റെഡ്സ്റ്റാർ
ന്യൂ ഡൽഹി
21.01.2021

# സംസ്ഥാന ബജറ്റ്: ഭരണ തുടർച്ചക്കായുള്ള അറ്റകൈ പ്രയോഗം



കോർപ്പറേറ്റ് കേന്ദ്രങ്ങളും മാധ്യമങ്ങളും 'ദീപസ്തംഭം മഹാശ്ചര്യം' എന്നു കൊണ്ടാടുന്ന പിണറായി സർക്കാരിന്റെ അവസാനത്തെ ബജറ്റ് യഥാർത്ഥത്തിൽ കേരളത്തിൽ നടപ്പായിക്കൊണ്ടിരിക്കുന്ന വിനാശകരമായ കോർപ്പറേറ്റ് വൽകരണത്തിന് ഒരു ജനപ്രിയ മുഖം മൂടി ചാർത്തലാണ്. തദ്ദേശ ഭരണ തെരഞ്ഞെടുപ്പിൽ ഉപയോഗിച്ച 'കിറ്റി' ന്റെ രാഷ്ട്രീയം തന്നെയാണ് ആസൂത്രണവുമായി ബന്ധപ്പട്ട ഒരു നയരേഖ എന്നതിനപ്പുറം, നവ ഉദാര പക്ഷത്തു നിൽക്കുന്ന ഏതൊരു ഭരണവർഗ്ഗ പാർട്ടിയും മുന്നോട്ടു വെക്കാവുന്ന ഒരു തെരഞ്ഞെടുപ്പു മാനിഫെസ്റ്റോ എന്നു വിളിക്കാവുന്ന ഈ ബജറ്റ് .

മദ്യവും ലോട്ടറിയും ഒഴികെ വിഭവ സമാഹരണത്തിനുള്ള മറ്റ് മാർഗ്ഗങ്ങൾ അവഗണിച്ചിരിക്കെ, കടം വാങ്ങി ക്ഷേമ പ്രവർത്തനങ്ങളും ഭരണവും നടത്തിക്കൊണ്ടുപോകുകയും അടിസ്ഥാന സൗകര്യങ്ങളടക്കം വികസനവുമായി ബന്ധപ്പെട്ടതെല്ലാം കിഫ്ബി എന്ന സംവിധാനം വഴി കോർപ്പറേറ്റ് കൾക്ക് ഏല്പിച്ചു കൊടുക്കുന്നതുമാണ് ബജറ്റിന്റെ കാതൽ. സംസ്ഥാനത്തെ  സാമ്പത്തിക വിഭവങ്ങൾ നിയന്ത്രിക്കുന്ന സമ്പന്ന വിഭാഗങ്ങളെ നികുതി വലയിൽ കൊണ്ടുവരുന്നതും ഭീതിജനകമാം വിധം ഭൂമിയുടെ മേലുള്ള കോർപ്പറേറ്റ് കേന്ദ്രീകരണം അവസാനിപ്പിച്ച് അതടക്കം പൊതു വിഭവ ലഭ്യത ഉറപ്പാക്കുന്നതുമായ ഒരു നീക്കവും ഈ സർക്കാരിൽ നിന്ന് പ്രതീക്ഷിക്കേണ്ടതില്ലല്ലോ.


എല്ലാ സാമ്പത്തിക പ്രശ്നങ്ങൾക്കും കാരണം കോവിഡാണെന്നു വരുത്തിത്തീർക്കുകയും ഈ വർഷത്തെ റവന്യു കമ്മി 25000 കോടി രൂപയായതിന് അതു നീതീകരണമാക്കുകയും ചെയ്യുന്ന ബജറ്റ്, കൺസൾട്ടൻസികളെയും കോർപ്പറേറ്റ് കേന്ദ്രങ്ങളെയും  ആശ്രയിച്ച് പ്രളയാനന്തര പുനർ നിർമ്മാണമെന്ന പേരിൽ ആവിഷ്കരിച്ച 'റീബിൽഡ് കേരള' പൊളിഞ്ഞു പാളീസായതിനു ഒരു വിശദീകരണവും നൽകുന്നില്ല. വിജ്ഞാന സമ്പദ് വ്യവസ്ഥയെയും കോവിഡാനന്തര പുതിയ തൊഴിൽ സാധ്യതകളെയും മറ്റും സംബന്ധിച്ച ഗീർവാണങ്ങൾ നടത്തുമ്പോൾ , 25 ലക്ഷം പേർക്ക് തൊഴിൽ നൽകുമെന്ന കഴിഞ്ഞ ബജറ്റിലെ പ്രഖ്യപ്രനത്തിന് എന്തു സംഭവിച്ചുവെന്നും പിഎസ്എസി നിയമനം പോലും അട്ടിമറിക്കപ്പെട്ടതെ സംബന്ധിച്ചും വിശദീകരിക്കേണ്ടതുണ്ട്. 60000 കോടി രൂപയുടെ കിഫ്ബി നിക്ഷേപത്തെ പറ്റി വാചാടോപം നടത്തുമ്പോൾ , സംസ്ഥാനത്തെ പണയപ്പെടുത്തിയതുവഴി ഇതുവരെ അതിന്റെ പത്തിലൊന്നു മാത്രമാണ് കൊണ്ടു വരാൻ കഴിഞ്ഞതെന്നും കാണാതെ പോകരുത്.

കേരള രൂപീകരണം മുതൽ 2016 വരെ സംസ്ഥാനത്തിനുണ്ടായ പൊതു കടം അഞ്ചു വർഷത്തെ പിണറായി ഭരണത്തിലൂടെ ഇരട്ടിയായി - ഏകദേശം 3 ലക്ഷം കോടി രൂപയോളം - വർധിച്ചിരിക്കുന്നു. കേന്ദ്രത്തിൽ ആസൂത്രണ കമ്മീഷൻ പിരിച്ചു വിട്ട് നീതി ആയോഗ് എന്ന കോർപ്പറേറ്റ് - ബ്യൂറോക്രറ്റിക് ബോഡി ആവിഷ്കരിച്ചതിന് സമാനമായി പിണറായി ഭരണത്തിൽ ആസൂത്രണ ബോർഡ് കേവലം നോക്കുകുത്തിയാകുകയും വികസനവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നിയമസഭയോട് ഒരുത്തരവാദിത്വവുമില്ലാത്ത കിഫ് ബി എന്ന സംവിധാനത്തിൽ നിക്ഷിപ്തമാകുകയും ചെയ്തിരിക്കുന്നു. തന്നിമിത്തം, അപ്രായോഗികമായ ക്ഷേമ പരിപാടികളുടെ വിരസമായ ആവർത്തനമായി ബജറ്റ് തരം താണിരിക്കുന്നു. അതേസമയം, അരാഷ്ടീയവൽകരിക്കപ്പെട്ട മധ്യവർഗത്തിന്റെയും കോർപ്പറേറ്റ് കേന്ദ്രങ്ങളുടെയും കയ്യടികളിൽ, അരികുവ ൽകരിക്കപ്പെട്ടവൽകരിക്കപ്പെട്ട മർദ്ദിതരുടെ ജീവിത യാഥാർത്ഥ്യങ്ങൾ വിദഗ്ധമായി മറച്ചുവെക്കപ്പെടുകയും ചെയ്യുന്നു. ചുരുക്കത്തിൽ, കേരളം നേരിട്ടു കൊണ്ടിരിക്കുന്ന അഭൂതപൂർവമായ പ്രതിസന്ധികളെ പൂർണമായും അവഗണിക്കുന്ന അധരവ്യായാമം മാത്രമാണ് പിണറായി സർക്കാരിന്റെ അവസാന ബജറ്റ് .

എം.കെ. ദാസൻ ,
സെക്രട്ടറി,
CPI (ML) റെഡ് സ്റ്റാർ ,
സംസ്ഥാന കമ്മിറ്റി.

# മൂന്ന് കാർഷിക നിയമങ്ങളും റദ്ദാക്കുന്നതിനു വേണ്ടിയുള്ള കർഷകരുടെ പോരാട്ടം 46-ആം ദിവസം : സമരത്തിനെതിരെ നുണകളും അപവാദങ്ങളും പ്രചരിപ്പിക്കാൻ വിളിച്ചുചേർത്ത മുഖ്യമന്ത്രി ഖട്ടറിന്റെ മഹാപഞ്ചായത്തിനെ ഹരിയാന കർഷകർ തടയുന്നു!

## കർഷകരും ബഹുജനങ്ങളും വൻതോതിൽ ദില്ലിയിൽ കേന്ദ്രീകരിക്കുക!



കൃഷി കോർപ്പറേറ്റ് വൽക്കരുക്കുന്ന മോദി സർക്കാരിന്റെ മൂന്ന് കാർഷിക നിയമങ്ങൾ റദ്ദാക്കാനുള്ള കർഷകരുടെ പോരാട്ടം 46-ാം ദിനത്തിലെത്തുമ്പോൾ ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം 70 കർഷകർ കഠിനമായ തണുപ്പ് കാരണം രക്തസാക്ഷികളായി. ഈ രക്തസാക്ഷികൾക്ക് ആദരാഞ്ജലികൾ അർപ്പിക്കുകയും പോരാട്ടത്തെ കൂടുതൽ ഊർജ്ജസ്വലതയോടെ മുന്നോട്ട് കൊണ്ടുപോകാമെന്ന് പ്രതിജ്ഞയെടുക്കുകയും ചെയ്യാം!

കർഷകമുന്നേറ്റത്തിനെതിരെ അപവാദം പ്രചരിപ്പിക്കാനും ഭിന്നിപ്പിക്കാനും ഫാസിസ്റ്റ് മോദി ഭരണകൂടവും അതിന്റെ ഗോഡി മാധ്യമങ്ങളും നടത്തുന്ന എല്ലാ ശ്രമങ്ങളെയും ചെറുത്തുകൊണ്ട്, കർഷകരും അധ്വാനിക്കുന്നവരും അടിച്ചമർത്തപ്പെട്ടവരുമായ ജനങ്ങളോടൊപ്പം എല്ലാ പുരോഗമന, ജനാധിപത്യ ശക്തികളും വിവിധ മേഖലകളിൽ നിന്നുള്ള കൂടുതൽ കർഷകരും ജനങ്ങളും അതിർത്തിയിലെത്തുന്നു.   കോർപ്പറേറ്റ് വത്ക്കരണം കർഷകരെയും കൃഷിക്കാരെയും മൊത്തത്തിൽ നശിപ്പിക്കുമെന്നതിനുപുറമെ ഭക്ഷ്യസുരക്ഷ, പൊതുവിതരണ / റേഷൻ സമ്പ്രദായം എന്നിവയും നശിപ്പിക്കുമെന്ന് ജനങ്ങൾ തിരിച്ചറിയുന്നു. ലക്ഷക്കണക്കിന് കർഷകരാണ് ദില്ലി അതിർത്തിയിൽ ഇപ്പോൾ തന്നെ സംഘടിച്ചിട്ടുള്ളത്. ഉറച്ച ദൃഢനിശ്ചയത്തോടെ പോരാട്ടം തുടരുകയാണ്. സമരം ചെയ്യുന്ന ഇടതുസംഘടനകളുടേയും വിവിധ ജനകീയ പ്രസ്ഥാനങ്ങളുടെയും വിവിധ വർഗ്ഗ / ബഹുജന സംഘടനകൾ മാത്രമല്ല, കേന്ദ്ര തൊഴിലാളി യൂണിയൻ കേന്ദ്രങ്ങളും സമരത്തിനോട് ഐക്യപ്പെട്ടുകൊണ്ട് മുന്നോട്ട് വന്നുകൊണ്ടിരിക്കുകയാണ്. നാല് തൊഴിൽ നിയമങ്ങൾ റദ്ദാക്കാനായി വിവിധ രൂപങ്ങളിൽ തുടർന്നുകൊണ്ടിരിക്കുന്ന സമരങ്ങളോടൊപ്പം  ടി.യു.സി.ഐ യും മൂന്ന് കാർഷികനിയമങ്ങൾ റദ്ദാക്കാനുള്ള സമരത്തെ  പിന്തുണച്ചുകൊണ്ട് മുന്നോട്ട് വന്നിട്ടുണ്ട്. കർഷകരുടെ ദൃഢനിശ്ചയത്തോടെയുള്ള പോരാട്ടം ഈ വിധത്തിൽ തൊഴിലാളി-കർഷക സഖ്യം ശക്തിപ്പെടുത്തുന്നതിനും സമരം ചെയ്യുന്ന എല്ലാ വിഭാഗങ്ങളുമായും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുമായും ഐക്യമുണ്ടാക്കുന്നതിലേക്ക് നയിച്ചു എന്നത് ഒരു വലിയ സംഭവവികാസമാണ്.

കർഷകമുന്നേറ്റത്തിനെതിരെ നുണപ്രചരണം നടത്തുന്ന മുഖ്യമന്ത്രി ഖട്ടറിന്റെ രാഷ്ട്രീയത്തെ ഹരിയാന കർഷകർ തടയുന്നു:

**കൃഷി കോർപ്പറേറ്റ് വൽക്കരുക്കുന്ന മോദി സർക്കാരിന്റെ മൂന്ന് കാർഷിക നിയമങ്ങൾ റദ്ദാക്കാനുള്ള കർഷകരുടെ പോരാട്ടം 46-ാം ദിനത്തിലെത്തുമ്പോൾ ഏറ്റവും പുതിയ റിപ്പോർട്ടുകൾ പ്രകാരം 70 കർഷകർ കഠിനമായ തണുപ്പ് കാരണം രക്തസാക്ഷികളായി.**

കർഷകമുന്നേറ്റത്തിനെതിരെ നുണപ്രചരണം നടത്തുന്നതിന് ഹരിയാനയിലെ കർണലിനടുത്ത് ആർഎസ്എസ് / ബിജെപി ആസൂത്രണം ചെയ്ത മുഖ്യമന്ത്രി ഖട്ടറിന്റെ മഹാപഞ്ചായത്തിനെ കർഷകരും അവരുടെ അനുയായികളും തടഞ്ഞു. പൊലീസും മറ്റ് സുരക്ഷാ സേനകളും ജലപീരങ്കികളും നൂറുകണക്കിന് റിയർ ടിയർ ഗ്യാസ് ഷെല്ലിംഗും ഉപയോഗിച്ചിട്ടും കർഷകപ്രക്ഷോഭം മുന്നോട്ട് പോയി. ആർഎസ്എസ് / ബിജെപിയെ തുറന്നുകാട്ടാനുള്ള ശ്രമങ്ങൾ അനുദിനം ശക്തി പ്രാപിച്ചുകൊണ്ടിരിക്കുകയാണ്.

എ.ഐ.കെ.എസ്.സി.സി (AIKSCC) യുടെ ഛത്തീസ്ഗഢ് ചാപ്റ്ററിന്റെ ബാനറിൽ എ.ഐ.കെ.കെ.എസ്,  എ.ഐ.ആർ.എസ്.ഒ യുടെ100 സഖാക്കളുടെ ഒരു സംഘം സിങ്കു അതിർത്തിയിലെത്തുന്നു:

സഖാവ് തേജ്രാം വിദ്രോഹിയുടെ നേതൃത്വത്തിൽ മറ്റ് സഖാക്കളും കർഷകരുടെ പോരാട്ടത്തിന്റെ സന്ദേശം വഴിനീളെ പ്രചരിപ്പിച്ചുകൊണ്ട് റായ്പൂരിൽ നിന്ന് ട്രക്കുകളിൽ എത്തി. സിങ്കു അതിർത്തിയിൽ സമരം ചെയ്യുന്ന ജനങ്ങളിൽ ചേർന്ന അവർ മൂന്ന് കാർഷിക നിയമങ്ങൾ റദ്ദാക്കുന്നതുവരെ സിങ്കു ബോർഡറിൽ സമരത്തിനൊപ്പം തുടരുമെന്ന് പ്രഖ്യാപിച്ചു.

കർഷകമുന്നേറ്റത്തെ ശക്തിപ്പെടുത്തുന്നതിനായി വനിതാ കർഷകരെയും തൊഴിലാളി സഖാക്കളെയും പങ്കെടുപ്പിക്കാൻ AIRWO വൈസ് പ്രസിഡന്റ് ഊർമ്മിള ഇന്ന് രാവിലെ ദില്ലിയിലെത്തി. സമരം ചെയ്യുന്ന കർഷക സഖാക്കളെയും മറ്റ് ബഹുജനങ്ങളെയും അഭിവാദ്യം ചെയ്യുന്നതിനായി ആർസിഎഫി (RCF) ന്റെയും മറ്റ് ബഹുജന സംഘടനകളുടെയും സഖാക്കളുമായി അവർ സിംഗു അതിർത്തിയിൽ പോയിട്ടുണ്ട്. വരും ദിവസങ്ങളിൽ AIRWO യുടെ കൂടുതൽ പ്രമുഖ സഖാക്കൾ അവരോടൊപ്പം ചേരും.

ദില്ലിയിൽനിന്നും ജാർഖണ്ഡിൽ നിന്നുമുള്ള AIRSO സഖാക്കൾക്കൊപ്പം ഇന്ന് ഛത്തീസ്ഗഢിൽ നിന്നുമുള്ള സഖാക്കൾ ചേർന്ന് വിദ്യാർത്ഥികൾ കർഷകർക്കൊപ്പം എന്ന മുദ്രാവാക്യം ഉയർത്തി, ദില്ലിയുടെ വിവിധ അതിർത്തികളിൽ നടക്കുന കർഷകസമരത്തിൽ പങ്കെടുക്കുന്നു. വരും ദിവസങ്ങളിൽ കൂടുതൽ AIRSO സഖാക്കൾ അവരോടൊപ്പം ചേരുമെന്ന് പ്രതീക്ഷിക്കുന്നു.

3 മുതൽ 5 വരെ സഖാക്കൾ അടങ്ങുന്ന സംഘം, ഒപിഡിആർ (OPDR) അഖിലേന്ത്യാ ചെയർമാൻ സ. ഭാസ്കർ റാവുവിന്റെ നേതൃത്വത്തിൽ ദില്ലിയിലെത്തുമെന്ന് ഒപിഡിആർ ഒരു പത്രക്കുറിപ്പിൽ അറിയിച്ചു. അദ്ദേഹം  ജനുവരി 27 വരെ ദില്ലിയിൽ സമരത്തിനൊപ്പമുണ്ടാകും.  സമരം ചെയ്യുന്ന കർഷകർക്ക് പിന്തുണ നൽകാനും ഈ കറുത്ത നിയമങ്ങൾ നടപ്പാക്കുന്നതിലും അതിനെതിരായ പ്രസ്ഥാനത്തെ അടിച്ചമർത്തുന്നതിലും മോദി ഭരണം അടിസ്ഥാന മനുഷ്യാവകാശങ്ങൾ എങ്ങനെ ലംഘിക്കപ്പെടുന്നുവെന്ന് പഠിക്കാനും അദ്ദേഹം നേതൃത്വം നൽകും.

എ.ഐ.കെ.എസ്.സി.സി (AIKSCC) യുടെ ബംഗാൾ ചാപ്റ്ററിന്റെ നേതൃത്വത്തിൽ കൊൽക്കത്തയിൽ, ജനുവരി എട്ടുമുതൽ തിരക്കേറിയ ധർമതൗളയിൽ തുടർച്ചയായ ധർണ്ണ നടക്കുകയാണ്. അതിൽ കർഷക സംഘടനകൾ മാത്രമല്ല മറ്റ് ബഹുജന സംഘടനകളും സജീവമായി പങ്കെടുക്കുന്നു. മറ്റു പല സംസ്ഥാന തലസ്ഥാനങ്ങളിലും അത്തരം ധർണ്ണകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്. 3 കാർഷിക നിയമങ്ങൾ റദ്ദാക്കാനുള്ള പ്രസ്ഥാനത്തെ ശക്തിപ്പെടുത്താനുള്ള എല്ലാ ശ്രമങ്ങളും നടക്കുന്നു.

ഈ വിഷയം സുപ്രീം കോടതിയിലേക്ക് മാറ്റാനും പ്രസ്ഥാനത്തെ ദുർബലപ്പെടുത്താനുമുള്ള മോദി സർക്കാരിന്റെ കടുത്ത നീക്കത്തെ എ.ഐ.കെ.എസ്.സി നേതാക്കൾ ഇതിനകം അപലപിച്ചു. ഇത് പാർലമെന്റ് തീരുമാനിക്കേണ്ട ഒരു രാഷ്ട്രീയപ്രശ്നമാണ്, കഴിഞ്ഞ കുറച്ച് വർഷങ്ങളായി ഇതിനകം തന്നെ വിശ്വസ്തത തുറന്നുകാട്ടപ്പെട്ട സുപ്രീം കോടതിയുടെ വിവേചനാധികാരത്തിന് വിട്ടുകൊടുക്കരുത്. 3 കാർഷിക നിയമങ്ങൾ റദ്ദാക്കുകയും കാർഷിക കോർപ്പറേറ്റ് വത്കരണത്തിനുള്ള എല്ലാ ശ്രമങ്ങളും നിർത്തുകയും  മാത്രമാണ് പരിഹാരം. അത് മാത്രമാണ് സമരം ചെയ്യുന്ന കർഷകരെയും ഭക്ഷ്യസുരക്ഷയും പൊതുവിതരണ സമ്പ്രദായവും നശിക്കുമെന്ന് ഭീഷണി നേരിടുന്ന രാജ്യത്തെ ജനങ്ങളെയും തൃപ്തിപ്പെടുത്തുകയുള്ളൂ. അതിനാൽ, ജനുവരി 26 വരെ എ.ഐ.കെ.എസ്.സി.സി പ്രഖ്യാപിച്ച സമരം തുടരും. എല്ലാ ജനാധിപത്യശക്തികളുടേയും പിന്തുണയോടെ കർഷകർ ദില്ലിയിലേക്ക് മാർച്ച് ചെയ്ത് ട്രാക്ടർ റാലി സംഘടിപ്പിക്കും.

**കെ എൻ രാമചന്ദ്രൻ**
ജനറൽ സെക്രട്ടറി
സിപിഐ (എംഎൽ) റെഡ് സ്റ്റാർ
ന്യൂ ഡെൽഹി 2021 ജനുവരി 10

# രാഷ്ട്രപതിക്കും പാർലമെന്റിനും ആവശ്യങ്ങൾ സമർപ്പിക്കാൻ കർഷകർക്ക് അവകാശമില്ലേ?



140 കോടി ജനസംഖ്യയുള്ള രാജ്യത്തിന്റെ ദേശീയ തലസ്ഥാനമായ ദില്ലിക്ക് ചുറ്റും ലോകം മുഴുവൻ സാക്ഷ്യം വഹിക്കുന്നത് വിചിത്രമായ ഒരു കാഴ്ചയാണ്. ഹരിയാനയുമായുള്ള സിങ്കു അതിർത്തിയിലും തിക്രി അതിർത്തിയിലും രാജസ്ഥാനും ഹരിയാനയുമായുള്ള ഷാജഹാൻപൂർ അതിർത്തിയിലും യുപിയിലെ ഖാസിപൂർ, നോയിഡ അതിർത്തി പ്രദേശങ്ങളിലും ദില്ലി അതിർത്തിയിൽ നിന്ന് ഏതാനും കിലോമീറ്റർ അകലെയുള്ള ഹരിയാനയിലെ പൽവാലിലും മോദി സർക്കാർ ആയിരക്കണക്കിന് പോലീസുകാരെ നിയോഗിച്ചിരിക്കുകയാണ്. 4-5 ലക്ഷം കർഷകരെ തടയാൻ സെൻട്രൽ റിസർവ് പോലീസ്, അതിർത്തി സെക്യൂരിറ്റി ഫോഴ്സും റാപ്പിഡ് ആക്ഷൻ കമാൻഡോകളും വാട്ടർ പീരങ്കികൾ, ടിയർ ഗ്യാസ് ഷെല്ലുകൾ, പെല്ലറ്റ് തോക്കുകൾ എന്നിവ മൂന്ന് നിര ബാരിക്കേഡുകൾക്ക് പിന്നിൽ അണിനിരത്തിയിരിക്കുകയാണ്. മൂന്ന് ദിവസത്തെ കനത്ത മഴയ്ക്കിടയിലും ഓരോ ദിവസവും കർഷകരുടെ എണ്ണം കൂടിക്കൂടി വരികയാണ്. അഞ്ഞൂറിലധികം കർഷക സംഘടനകളുടെ വിശാലമായ വേദിയായ അഖിലേന്ത്യാ കിസാൻ സംഘർഷ് ഏകോപന സമിതിയുടെ (എ.ഐ.കെ.എസ്.സി.സി) ബാനറിൽ സംഘടിപ്പിച്ച , പ്രധാനമായും പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, യുപി തുടങ്ങിയ സംസ്ഥാനങ്ങളിൽ നിന്നുമുള്ള കർഷകരാണിവർ. ദേശീയപാതയിലെ 6 വരി, 8 വരി പാതകളിലുടനീളം തോടുകൾ കുഴിക്കുകയാണ് കേന്ദ്രസേനകൾ. മൺകൂനകളും വലിയ കോൺക്രീറ്റ് ബ്ലോക്കുകളും ഉപയോഗിച്ച് തടസ്സങ്ങൾ ഉയർത്തുന്നു, ഒപ്പം ഒരു ശത്രു രാജ്യം തലസ്ഥാനത്തെ ആക്രമിക്കുന്നതുപോലെ സുരക്ഷാ സേനയുടെ ശക്തി വർദ്ധിക്കുകയും ചെയ്യുന്നു! സൈനിക തയ്യാറെടുപ്പുകൾക്കായി ഇവയെല്ലാം എന്തുകൊണ്ട്?

കാരണം, ജനസംഖ്യയുടെ 50% ഉപജീവനമാർഗം ഇല്ലാതാക്കുന്ന ഭക്ഷ്യധാന്യങ്ങളുടെ സർക്കാർ സംഭരണവും, പൊതുവിതരണ സമ്പ്രദായത്തിന്റെ ഭാവിയും അപകടത്തിലാക്കുന്ന കാർഷിക മേഖലയെ കോർപ്പറേറ്റ് വൽക്കരിക്കുന്നതിന് സർക്കാർ സ്വീകരിച്ച നിർണായക നടപടിയെ എ.ഐ.കെ.എസ്.സി എതിർത്തു. ഈ നിയമം മുന്നോട്ട് വയ്ക്കുമ്പോൾ ഈ നിയമം ബാധിക്കാൻ പോകുന്ന കർഷകരുമായോ മറ്റ് ബന്ധപ്പെട്ട വിഭാഗങ്ങളുമായോ ആലോചിക്കാതെ പാർലമെൻറ് വഴി ജനാധിപത്യവിരുദ്ധമായി നടപ്പാക്കാനാണ് സർക്കാർ ശ്രമിച്ചത്. രാജ്യസഭയിൽ വോട്ടുചെയ്യാൻ പോലും അനുവദിച്ചില്ല. മൂന്ന് കാർഷിക നിയമങ്ങൾ റദ്ദാക്കണമെന്നും വൈദ്യുതി ബിൽ 2020 പിൻവലിക്കണമെന്നും ആവശ്യപ്പെട്ട് നവംബർ 27 ന് ദില്ലി ചാലോ പരിപാടിക്ക് എ.ഐ.കെ.എസ്.സി.സി ആഹ്വാനം

**140 കോടി ജനസംഖ്യയുള്ള രാജ്യത്തിന്റെ ദേശീയ തലസ്ഥാനമായ ദില്ലിക്ക് ചുറ്റും ലോകം മുഴുവൻ സാക്ഷ്യം വഹിക്കുന്നത് വിചിത്രമായ ഒരു കാഴ്ചയാണ്.**

ചെയ്തു. പഞ്ചാബിൽ നിന്ന് ദില്ലി അതിർത്തിയിലെത്തുന്ന കർഷകരെ തടയാനുള്ള മോദി സർക്കാർ ശ്രമങ്ങളെ പരാജയപ്പെടുത്തിക്കൊണ്ട് കർഷകർ നവംബർ 27 ന് ദില്ലി അതിർത്തിയിലെത്തി. നഗരത്തിലേക്ക് പ്രവേശിക്കാൻ അനുവദിക്കാത്തപ്പോൾ അന്ന് മുതൽ നഗരം ഉപരോധം ആരംഭിച്ചു. മോദി സർക്കാർ അവരുടെ ആവശ്യങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ, രാഷ്ട്രപതി ഭവനത്തിലേക്കും പാർലമെന്റിലേക്കും മാർച്ച് നടത്തുമെന്ന് കർഷകരും അവരെ പിന്തുണയ്ക്കുന്ന എല്ലാവരും പ്രഖ്യാപിച്ചു.

കഴിഞ്ഞ 42 ദിവസങ്ങളിൽ സമരം ചെയ്യുന്ന കർഷകരുടെ പ്രതിനിധികൾ സർക്കാരുമായി ഏഴ് റൌണ്ട് ചർച്ചകളിൽ പങ്കെടുത്തു., കഠിനമായ തണുപ്പിലും കഴിഞ്ഞ മൂന്ന് ദിവസത്തെ കനത്ത മഴയിലും സമരം തുടരുന്ന കർഷകരിൽ 54 കർഷകർ രക്തസാക്ഷികളായി. മോഡി സർക്കാർ കോർപ്പറേറ്റ് താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ ശ്രമിക്കുകയും ഫാസിസ്റ്റ് നറ്റപടികൾ തുടരുകയുമാണ്. കർഷകരുടെ ആവശ്യങ്ങളെ അഹങ്കാരത്തോടെ നിരസിക്കുന്നു; ജനുവരി 26 ന് പാർലമെന്റിലേക്ക് മാർച്ച് നടത്താനുള്ള കർഷകരുടെ നീക്കത്തെ അടിച്ചമർത്താനുള്ള എല്ലാ തയ്യാറെടുപ്പുകളും അത് ശക്തമാക്കുകയാണ്. കർഷകരുടെ പോരാട്ടത്തിനെതിരെ നുണകളും അപവാദങ്ങളും നടത്തുന്ന ദുഷിച്ച പ്രചാരണം തുടരുന്നതിനിടയിൽ, പ്രധാനമന്ത്രി മോഡി സമരം ചെയ്യുന്നവരെ ഭീഷണിപ്പെടുത്തുന്നതിനും സമരം ചെയ്യുന്നവരെയും അവരെ പിന്തുണയ്ക്കുന്നവരെയും ശത്രുശക്തികളാണെന്ന രീതിയിൽ കൈകാര്യം ചെയ്യാൻ ശ്രമിക്കുകയാണ്. സമരം ചെയ്യുന്ന കർഷകരോട് മാത്രമല്ല, കാർഷികമേഖലയുടെ കോർപ്പറേറ്റൈസേഷനെ എതിർക്കുന്ന എല്ലാ വിഭാഗം ആളുകൾക്കും ഇത് വലിയ വെല്ലുവിളിയാണ്. തൊഴിലാളിവർഗത്തോടും കർഷകരോടും എല്ലാ അടിച്ചമർത്തപ്പെട്ട വർഗങ്ങളോടും വിഭാഗങ്ങളോടും സമരം ചെയ്യുന്ന കർഷകരുമായി ഐക്യപ്പെടാനും കോർപ്പറേറ്റ് ഫാസിസ്റ്റ് മോദി സർക്കാരിന്റെ എല്ലാ ക്രൂരമായ ഫാസിസ്റ്റ് പദ്ധതികളെയും പരാജയപ്പെടുത്താനും മൂന്ന് കാർഷിക നിയമങ്ങൾ റദ്ദാക്കാൻ നിർബന്ധിക്കാനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. മോദി സർക്കാരിനെയും അതിന്റെ പിന്നിലുള്ള ആർഎസ്എസ് / ബിജെപിയെയും പരാജയപ്പെടുത്താൻ സമരം ചെയ്യുന്ന എല്ലാ ശക്തികളുടെയും വിശാലമായ ഐക്യം നമുക്ക് വളർത്തിയെടുക്കാം.

**കെ എൻ രാമചന്ദ്രൻ**
ജനറൽ സെക്രട്ടറി
സിപിഐ (എംഎൽ) റെഡ് സ്റ്റാർ
ന്യൂ ഡെൽഹി 2021 ജനുവരി 10

# താഹയുടെ ജാമ്യം റദ്ദു ചെയ്തത് അപലപനീയം.



പിണറായി സർക്കാർ യു എ പി എ ചുമത്തി  ചാർജ്ജ് ചെയ്ത കേസിൽ 9 മാസത്തെ തടവിനു ശേഷം അലനും താഹയും ഏതെങ്കിലും കുറ്റകൃത്യങ്ങളിൽ ഏർപ്പെട്ടിരുന്നതായി എൻ.ഐ.എയ്ക്ക് തെളിയിക്കാൻ കഴിയാതിരുന്ന സാഹചര്യത്തിൽ NIA കോടതി അനുവദിച്ച ജാമ്യത്തിന്മേൽ NIA നൽകിയ അപ്പീലിന്മേൽ ഹൈക്കോടതിയിൽ നിന്നും താഹയുടെ ജാമ്യം റദ്ദു ചെയ്ത ഉത്തരവ് സ്വാഭാവികനീതിയുടെ നിഷേധവും അപലപനീയവുമാണ്.

മാവോയിസത്തിൽ വിശ്വസിക്കുന്നതോ മാവോയിസ്റ്റ് സാഹിത്യം വായിക്കുന്നതോ കൈവശം വെക്കുന്നതോ കുറ്റകരമായി കാണാനാവില്ലന്ന സുപ്രീം കോടതി നിരീക്ഷണം നിലനിൽക്കവേയാണ് താഹയിൽ നിന്നും പിടിച്ചെടുത്തതായി പറയപ്പെടുന്ന ലഘുലേഖകൾ തീവ്രതയേറിയ തായതാണ് ജാമ്യം റദ്ദു ചെയ്യാനുള്ള ഒരു കാരണമായി ഹൈക്കോടതി ഉത്തരവിൽ പരാമർശിക്കുന്നത്.

വീടു പുലർത്താൻ കെട്ടിട നിർമ്മാണ തൊഴിലിൽ ഏർപ്പെട്ടുകൊണ്ടിരിക്കെയാണ് തന്റെ ജാമ്യം റദ്ദാക്കിയ വിവരം താഹ അറിയുന്നത്.അലന്റെ ജാമ്യം റദ്ദു ചെയ്യാതിരുന്നതിനെ സ്വാഗതം ചെയ്യുന്നതിനൊപ്പം അലനുള്ള സാമൂഹ്യ മൂലധനം താഹയ്ക്കില്ല എന്നത് താഹയുടെ ജാമ്യം റദ്ദു ചെയ്യപ്പെടാനുള്ള ഒരു ഘടകമായെന്നത് കാണാതിരിക്കാനാവില്ല.

കോടതിയുടെ വിവേചനാധികാരത്തിന്റെ ഭാഗമായുള്ള പരിഗണനകൾ സാധാരണ തൊഴിലാളികൾക്കോ സാമൂഹ്യ മൂലധനമില്ലാത്ത മർദിത വിഭാഗങ്ങൾക്ക ലഭ്യമാകില്ലന്നതാണ് ഇവിടെ വീണ്ടും വ്യക്തമാക്കപ്പെടുന്നത്.

UAPA ചുമത്തുന്നതിന് തങ്ങൾ എതിരാണെന്ന് CPI (M) കേന്ദ്ര നേതൃത്വം ആവർത്തിച്ച് അവകാശപ്പെടുമ്പോഴും CPI (M) പോളിറ്റ്ബ്യൂറോ അംഗം കൂടിയായ പിണറായി വിജയൻ ഭരിക്കുന്ന കേരള പോലീസാണ് വായിക്കുകയും ചിന്തിക്കുകയും സാമൂഹ്യ അനീതികൾക്കെതിരെ ഇടപെടലുകൾ നടത്തുകയും ചെയ്യുന്നതിന്റെ പേരിൽ രണ്ടു വിദ്യാർത്ഥികളെ മോദിയുടെ കയ്യിൽ കളിക്കുന്ന NIA ക്ക് എറിഞ്ഞു കൊടുക്കാനായി UAPA ചുമത്തി അകത്താക്കിയതെന്നും കേരളം മറന്നു പോകരുത്.

താഹയുടെ ജാമ്യം റദ്ദു ചെയ്തതിനെ ശക്തമായി അപലപിക്കുന്നു.

എം.കെ. ദാസൻ ,
സെക്രട്ടറി,
CPI (ML) റെഡ് സ്റ്റാർ ,
സംസ്ഥാന കമ്മിറ്റി.

# ബ്രിട്ടീഷ് പ്രധാനമന്ത്രി ബോറിസ് ജോൺസൺ ഇന്ത്യ സന്ദർശനം റദ്ദാക്കി!

ബോറിസ് ജോൺസൺ, ബ്രിട്ടീഷ് പ്രധാനമന്ത്രി ഒരു പുരോഗമനവാദിയല്ല. ബ്രിട്ടനിലെ കൺസർവേറ്റീവ് പാർട്ടി നേതാക്കളിൽ ഏറ്റവും യാഥാസ്ഥിതികനാണ് അദ്ദേഹം. സാമ്രാജ്യത്വ വ്യവസ്ഥയുടെ രൂക്ഷമായ പ്രതിസന്ധിയുടെ ഈ ദിവസങ്ങളിൽ അധികാരത്തിൽ വരുന്ന നവ ഫാസിസ്റ്റ് നേതാക്കളുടെ പുതിയ വിളകളിൽ ഒരാളാണ് അദ്ദേഹം.

അതിനാൽ, ഈ വർഷം റിപ്പബ്ലിക് ദിനത്തിൽ ബോറിസ് ജോൺസൺ മുഖ്യാതിഥിയാകാൻ പോകുകയാണെന്ന് മോദി പ്രഖ്യാപിച്ചപ്പോൾ, കഴിഞ്ഞ വർഷം കുപ്രസിദ്ധമായ ഒരു നവ ഫാസിസ്റ്റ് പ്രെസിഡന്റായ ബ്രസീലിയൻ പ്രസിഡന്റ് ബോസ്സോനാരോയെ ക്ഷണിച്ചതുപോലെ, ബോറിസിനെ ബഹിഷ്കരിക്കാൻ സിപിഐ (എംഎൽ) റെഡ് സ്റ്റാർ ആവശ്യപ്പെട്ടിരുന്നു.

എന്നാൽ, ഇപ്പോൾ മോദി റിപ്പബ്ലിക്ക് ദിനം സംഘടിപ്പിക്കുവാൻ പോകുന്നത് സമരം ചെയ്യുന്ന കർഷക വർഗം ഉപരോധമിരിക്കുന്ന ഡൽഹി നഗരത്തെയും, കർഷകരെ പിന്തുണയ്ക്കുന്ന ലണ്ടനിലെ പ്രസ്ഥാനങ്ങളെയും കണ്ട ബോറിസ് ജോൺസൺ തന്റെ ഇന്ത്യൻ സന്ദർശനം റദ്ദാക്കി.

**കെ എൻ രാമചന്ദ്രൻ**
ജനറൽ സെക്രട്ടറി
സിപിഐ (എംഎൽ) റെഡ് സ്റ്റാർ

# വാളയാർ : കോടതി മേൽനോട്ടത്തിൽ സമഗ്രമായ പുനരന്വേഷണമാണ് വേണ്ടത്.

വാളയാറിലെ ദലിത് കുഞ്ഞുങ്ങൾ നിരന്തര പീഢനങ്ങൾക്കിരയായി തുടർന്ന് കൊല്ലപ്പെട്ട കേസിൽ പ്രതികളെ വിട്ടയച്ച പാലക്കാട് പോക്സോ കോടതി വിധി റദ്ദാക്കി പുനർ വിചാരണ നടത്താനുള്ള ഹൈക്കോടതി വിധി പൊതുവെ സ്വാഗതാർഹമാണ്.

ആദ്യം കേസ് അന്വേഷിച്ച SI യുടെയും പ്രോസിക്യൂട്ടറുടെയും വിചാരണ കോടതിയുടെയും വരെയുള്ള വീഴ്ചകളെ നിശിതമായി ചൂണ്ടിക്കാണിക്കുകയും പുനരന്വേഷണത്തിനുള്ള സാദ്ധ്യത കൂടി തുറന്നിട്ടുകൊണ്ട് പുനർ വിചാരണ നടത്താൻ ഉത്തരവിടുകയും ചെയ്ത വിധിയെ സ്വാഗതം ചെയ്യുമ്പോഴും വിധിയുമായി ബന്ധപ്പെട്ട് പുറത്തുവന്നിട്ടുള്ള ചില ദൗർബല്യങ്ങളെക്കൂടി കാണാതിരിക്കാൻ ആവില്ല.

കൂടുതൽ തെളിവുകൾ കണ്ടെത്താതിരിക്കുകയും ലഭിച്ച തെളിവുകൾ പോലും അവഗണിക്കുകയും വിചാരണ കോടതിയിൽ എത്തിക്കാതിരിക്കുകയും അതു വഴി കേസ് അട്ടിമറിക്കുകയും ചെയ്ത അന്വേഷണ ഏജൻസിയിൽ വിശ്വാസമില്ലാത്തതിനാൽ ഹൈക്കോടതിയുടെ മേൽനോട്ടത്തിൽ CBI അന്വേഷിക്കണം എന്ന കുട്ടികളുടെ അമ്മയുടെ ആവശ്യം കോടതിയുടെ പരിഗണനയിൽ എത്തിയില്ല.

നിരന്തരമായ പീഢനങ്ങൾക്കിരയായ പ്രായപൂർത്തിയാകാത്ത കുട്ടികളെ കുറിച്ച്, അവർ ലൈംഗികത ആസ്വദിക്കുകയായിരുന്നു വെന്ന് പരസ്യമായ പരാമർശം നടത്തിയതിന് പോക്സോ നിയമപ്രകാരം പ്രതി ചേർക്കപ്പെടാവുന്ന സോജൻ , അഭയ കേസിൽ കെ.ടി. മൈക്കിളിനു സമാനമായ രീതിയിൽ വാളയാർകേസിൽ തെളിവുകൾ നശിപ്പിക്കുകയും കേസ് അട്ടിമറിക്കുകയും ചെയ്തതിന്റെ വിശദാംശങ്ങൾ സർക്കാർ അഭിഭാഷകനോ ഇരകൾക്ക് വേണ്ടി ഹാജരായ അഭിഭാഷകരോ കോടതിയിൽ അവതരിപ്പിക്കാതിരുന്നതിനാലാണ് DySP സോജൻ നടത്തിയത് കാര്യക്ഷമമായ അന്വേഷണമായിരുന്നുവെന്ന കോടതി നിരീക്ഷണമുണ്ടായത്.

കേരളം കണ്ട ഏറ്റവും മേശമായ അന്വേഷണമാണ് വാളയാർ കേസിൽ ഉണ്ടായതെന്ന് പറഞ്ഞ സർക്കാർ തന്നെ കേസ് അട്ടിമറിച്ച അന്വേഷണ സംഘത്തിനെ തീരെ നടപടിയെടുക്കാതിരിക്കുകയും അതിൽ മുഖ്യ പങ്കു വഹിച്ച സോജന് SPയായി സ്ഥാനക്കയറ്റം നൽകാൻ ശുപാർ നൽകുകയും ചെയ്ത സാഹചര്യത്തിൽ സർക്കാർ അഭിഭാഷകൻ സോജനെതിരെ മൗനം പാലിച്ചത് മനസ്സിലാക്കാം. എന്നാൽ കോടതി മേൽനോട്ടത്തിലെ അന്വേഷണം എന്ന അമ്മയുടെ ആവശ്യവും കേസ് അട്ടിമറിയിൽ സോജന്റെ പങ്കും ഉന്നയിക്കാതിരുന്നതിന് ഇരകൾക്ക് വേണ്ടി ഹാജരായ അഭിഭാഷകരും അവരെ നിയോഗിച്ചവരും ജനങ്ങളോട് മറുപടി പറയാൻ ബാധ്യസ്ഥരാണ്.

വാളയാർ കേസിൽ നീതി നടപ്പാകണമെങ്കിൽ ആദ്യം കേസ് അന്വേഷിച്ച SI യെ മാത്രമല്ല; കേസ് അട്ടിമറിക്കുന്നതിൽ നിർണ്ണായക പങ്കുവഹിച്ച സോജൻ ഉൾപ്പെടെയുള്ള പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കണം.

നിലവിലെ പ്രതികൾ ഇത്തരമൊരു കേസ് അട്ടിമറിക്കാൻ കഴിയുംവിധം പോലീസിനെയും പ്രോസിക്യൂഷനെയും സ്വാധീനിക്കാനുള്ള അധികാര സ്വാധീനമോ സമ്പത്തോ ഉള്ളവരല്ല. അതിനാൽത്തന്നെ ഇവർക്കു പുറമേ അധികാര സ്വാധീനമുള്ള വമ്പന്മാർ ഈ കേസിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന ആരോപണങ്ങൾക്കും സാധുതയുണ്ട്. ദലിതർ ഇരകളാക്കപ്പെടുന്ന കേസുകളിൽ അന്വേഷണവും വിചാരണയും ശിക്ഷകളുമൊക്കെ ഇങ്ങിനെയെല്ലാം മതിയെന്ന ഭരണ സംവിധാനങ്ങളുടെ സമീപനങ്ങൾക്കൊപ്പം ആരെയൊക്കെയോ സംരക്ഷിക്കാനുള്ള വ്യഗ്രതയുമാണ് സോജനെ സംരക്ഷിക്കുകയും പ്രമോട്ട് ചെയ്യുകയും വഴി സർക്കാരും വ്യക്തമാക്കുന്നത്.

അതിനാൽ നിലവിലെ പ്രതികൾക്ക് പുറമേ മറ്റാരങ്കിലും ഉണ്ടെങ്കിൽ അവരെ കൂടി നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിന് കോടതിയുടെ മേൽനോട്ടത്തിലുള്ള അന്വേഷണം വേണമെന്ന അമ്മയുടെ ആവശ്യത്തോട് ഒപ്പം നിൽക്കേണ്ടതുണ്ട്.

അതോടൊപ്പം, പുറമ്പോക്കുകളിലേയും കോളനികളിലേയും അടച്ചുറപ്പില്ലാത്ത വീടുകളിൽ കുഞ്ഞുങ്ങളെത്തനിച്ചാക്കി രക്ഷിതാക്കൾക്ക് കൂലിപ്പണിക്ക് പോകേണ്ടി വരുന്ന സാഹചര്യങ്ങളാണ് വാളയാറിലേതു പോലുള്ള അതിക്രമങ്ങൾക്കിടയാക്കുന്നതെന്നും തിരിച്ചറിയപ്പെടണം.

ശരിയായ അന്വേഷണത്തിലൂടെയും വിചാരണയിലൂടെയും മുഴുവൻ കുറ്റവാളികളും ശിക്ഷിക്കപ്പെടുന്നതിനൊപ്പം ജാതി കോളനികളിലേക്കും പുറമ്പോക്കുകളിലേക്കും ആട്ടിപ്പായിക്കപ്പെട്ട മർദ്ദിത ജനതയ്ക്ക് കൃഷി ഭൂമിയും വാസയോഗ്യമായ വീടും ലഭ്യമാകുകയും ചെയ്യുമ്പോഴേ വാളയാറിലെ കുഞ്ഞുക്കൾക്ക് നീതി ലഭിക്കൂ. അതിനായി ജനാധിപത്യ സമൂഹം രംഗത്തിറങ്ങണം.

എം.കെ. ദാസൻ ,
സെക്രട്ടറി,
CPI (ML) റെഡ് സ്റ്റാർ ,

# റിപ്പോർട്ടുകൾ, വാർത്തകൾ



## പൊരുതുന്ന കർഷകർക്കൊപ്പം; പോരാട്ടത്തിന് കരുത്ത് പകരുക

കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് cpi ml Red Star കൊയിലാണ്ടിയിൽ സംഘടിപ്പിച്ച ബഹുജന ധർണ്ണ AIKKS സംസ്ഥാന സെക്രട്ടറി എം പി കുഞ്ഞിക്കണാരൻ ഉത്ഘാടനം ചെയ്തു. കെ. കെ ബാബുരാജ്, വേണുഗോപാൽ കുനിയിൽ, വി.എ ബാലകൃഷ്ണൻ, Adv ടി.നാരായണൻ, എ എം കുഞ്ഞിക്കണ്ണൻ, T P സത്യൻ, PT ഹരിദാസ് എന്നിവർ സംസാരിച്ചു



അഖിലേന്ത്യാ വിപ്ലവ വിദ്യാർത്ഥി സംഘടന ( AIRSO) സഖാവ് നിരഞ്ജൻ കർഷകസമത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ടിക്രി ബോർഡറിൽ മലയാളം കവിത ചൊല്ലുന്നു.



കർഷക സമര ഐക്യദാർഢ്യ സമിതിയുടെ കൊച്ചി മാമംഗലം ജിയോ കോർപ്പറേറ്റ് ഓഫീസ് ഉപരോധം സഖാവ് എം എം ലോറൻസ് ഉദ്ഘാടനം ചെയ്യുന്നു.. ഫെലിക്സ് ജെ പുല്ലൂടൻ, പി എ പ്രേംബാബു, സിസ്റ്റർ അഡ്വ. ടീന, ജോർജ് കട്ടുനിലത്ത് തുടങ്ങിയവർ വേദിയിൽ...



ജനുവരി 18 ന്റെ കർഷക വനിതാ ദിനത്തിന്റെ ഭാഗമായി അഖിലേന്ത്യാ വിപ്ലവ സ്ത്രീ സംഘടനയുടെ (AIRWO) പശ്ചിമ ബംഗാൾ ഘടകത്തിന്റെ നേതൃത്വത്തിൽ കൽക്കത്തയിൽ നടന്ന ഐക്യദാർഢ്യ പരിപാടി.

# റിപ്പോർട്ടുകൾ, വാർത്തകൾ



ഒഡീഷയിൽ ചേരികളിൽ നിന്ന് കുടിയൊഴിപ്പി- ക്കുന്നതിനെതിരെ ചേരിനിവാസി പ്രസ്ഥാനം നടത്തുന്ന സമരത്തിന്റെ ഭാഗമായി അഖിലേന്ത്യാ വിപ്ലവ സ്ത്രീ സംഘടനയുടെ കേന്ദ്ര കമ്മറ്റിയംഗം സ. ഹെന ബാരിക്കിന്റെ നേതൃത്വത്തിൽ AIRWO സഖാക്കൾ നടത്തുന്ന ചെറുത്ത് നിൽപ്പ് സമരം




കാർഷിക മേഖലയെ കോർപ്പറേറ്റുകൾക്ക് തീറെഴുതുന്ന നിയമം പിൻവലിക്കുക, തൊഴിലാളികളെയും തൊഴിൽ മേഖലയേയും കോർപ്പറേറ്റുകൾക്ക് അടിയറ വയ്ക്കുന്ന നിയമം പിൻവലിക്കുക, ജനദ്രോഹ - കോർപ്പറേറ്റ് വൽക്കരണ വൈദ്യുതി ബിൽ പിൻവലിക്കുക, കരിനിയമങ്ങൾ സർക്കാർ പിൻവലിച്ച് കർഷക സമരം സർക്കാർ ഒത്തുതീർപ്പാക്കുക. തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് Tuci പ്രവർത്തകർ മേപ്പാടി ടൗണിൽ പ്രകടനം നടത്തി ബിൽ ചുട്ടെരിച്ചു.

Tuci സംസ്ഥാന പ്രസിഡൻ്റ് സ: സാം. പി.മാത്യു സമരം ഉൽഘാടനം ചെയ്തു. ജില്ലാ സെക്രട്ടറി M K അജയകുമാർ, മരാമത്ത് തൊഴിലാളി യൂണിയൻ ജില്ലാ പ്രസിഡൻ്റ് നസീറുദ്ധിൻ, Tuci ജില്ല കമ്മിറ്റി അംഗം ചന്ദ്രമോഹനൻ,'കൽപ്പറ്റ ഓട്ടോറിക്ഷ യൂണിയൻ യൂണിറ്റ് പ്രസിഡൻ്റ് K T നൗഷാദ് തുടങ്ങിയവർ സംസാരിച്ചു.വിജയകുമാരൻ, R രാമയ്യ, നാരായണൻ, സുബ്രമണ്യൻ തുടങ്ങിയവർ നേതൃത്വം നൽകി.



ജനവിരുദ്ധ, കർഷകദ്രോഹ നിയമങ്ങളും വൈദ്യുത ബില്ലുകളും പിൻവലിക്കുകയെന്ന ആവശ്യങ്ങളുയർത്തി ഡൽഹിയിൽ തുടരുന്ന കർഷക സമരത്തിന് ഐക്യദാർഢ്യവുമായി CPI(ML) റെഡ് സ്റ്റാർ തൃശൂർ ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ കാർഷിക വിരുദ്ധ ബില്ലുകൾ ചുട്ടെരിക്കുന്നു..




നാടിൻ്റെ വേരറുക്കുന്ന തുരങ്കപ്പാതകളല്ല നാടിന് വേണ്ടത് ജീവൻ രക്ഷാകേന്ദ്രങ്ങളാണ് എന്ന മുദ്രാ - വാക്യമുയർത്തിക്കൊണ്ട് പശ്ചിമഘട്ട സംരക്ഷണ സമിതി സംഘടിപ്പിച്ച ധർണ്ണ സമരം പ്രസി. വർഗ്ഗീസ് വട്ടേക്കാട്ടിൽ ഉദ്ഘാടനം ചെയ്യുന്നു.

# റിപ്പോർട്ടുകൾ, വാർത്തകൾ




CPI (ML) റെഡ് സ്റ്റാർ തൃശൂർ ജില്ലാ കമ്മിറ്റിയംഗവും ഇരിങ്ങാലക്കുട ഏരിയ സെക്രട്ടറിയുമായ സഖാവ് പി.ഐ വിജയൻ്റെ ആകസ്മികമായുണ്ടായ വിയോഗത്തിൽ  അനുശോചിച്ചു കൊണ്ട് പുല്ലൂർ അമ്പലനട പരിസരത്ത് അനുസ്മരണ യോഗം സംഘടിപ്പിച്ചു.

പ്രശാന്ത് (15 വാർഡ് മെംബർ, മണി സജയൻ (14 വാർഡ് മെംബർ), എൻ.ഡി വേണു (CPI(ML) റെഡ് സ്റ്റാർ ജില്ലാ സെക്രട്ടറി), ബിജു ചന്ദ്രൻ, മെഹബൂബ് ( പാടശേഖര സമിതി), കെ.വി പുരുഷോത്തമൻ (AIKKS), സജു ചന്ദ്രൻ, ബാബു എടക്കുളം, അൻ്റണി TD (മുൻ പഞ്ചായത്ത് വൈ. പ്രിസഡണ്ട്), AV സുരേഷ്(C-PI Mലോക്കൽ കമ്മിറ്റി അംഗം), ജയൻ കോനിക്കര (TUCI), PK ശശി തുടങ്ങിയവർ സംസാരിച്ചു. എം.എം കാർത്തികേയൻ അദ്ധ്യക്ഷത വഹിച്ചു. വി.കെ ബാബുരാജ് സ്വാഗതം പറഞ്ഞു.



പ്രകാശം ജില്ലയിലെ മാർതൂറിൽ കർഷക, സ്ത്രീ സംഘടനകളുടെ നേതൃത്വത്തിൽ കാർഷിക നിയമങ്ങളുടെ കോപ്പി കത്തിക്കുന്നു



ജനുവരി 13 ന് ആന്ദ്രപ്രദേശിലെ ഓൺഗോളിൽ ഒപിഡിആറിന്റെ നേതൃത്വത്തിൽ പുതിയ കാർഷിക നിയമങ്ങളുടെ കോപ്പി കത്തിക്കുന്നു.




ജനുവരി 13: ഛത്തീസ്ഗഡിലെ പ്രതിഷേധം

## റിപ്പോർട്ടുകൾ, വാർത്തകൾ




ജനുവരി 13 ന് ടിയുസിഐ, എഐആർഎസ്ഒ, ഐഎഫ്ടിയു, എഐകെകെഎസ് സംഘടനകളുടെ നേതൃത്വത്തിൽ ദൽഹിയിൽ സംഘടിപ്പിച്ച പ്രതിഷേധം




ജനുവരി 13 ന് തെലങ്കാനയിലെ ഹൈദ്രാബാദിൽ സിപിഐ (എംഎൽ) റെഡ് സ്റ്റാറിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധം.



ജനുവരി 13 ന് പഞ്ചാബിലെ ജലന്തറിൽ ആർസിഎഫിന്റെ നേതൃത്വത്തിൽ കാർഷിക നിയമങ്ങളുടെ കോപ്പി കത്തിക്കുന്നു.



ഓരോ ദിനവും പിന്നിടുമ്പോൾ ജനപ്രവാഹമായി മാറുകയാണ് സിൻഘു ബോർഡർ. ജനുവരി 20 ന്, CPIML റെഡ്സ്റ്റാർ പോളിറ്റ് ബ്യൂറോ അംഗം സ: സൗര യാദവ്, AIRSO ചത്തീസ്ഘഡ് സംസ്ഥാന കൺവീനർ ടിക്കേഷ് കുമാറും അഭിവാദ്യം ചെയ്ത് സംസാരിച്ചു.

# റിപ്പോർട്ടുകൾ, വാർത്തകൾ




വരുന്ന പശ്ചിമ ബംഗാൽ നിയമസഭാ തിരഞ്ഞെടുപ്പിൽ ‘ആർഎസ്എസ് – ബിജെപി ഫാസിസ്റ്റ് മുന്നണിയെ പരാജയപ്പെടുത്തുക; ബിജെപിയ്ക്ക് വോട്ടില്ല’ എന്ന മുദ്രാവാക്യത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനവ്യാപകമായി പ്രചാരണം നടത്തുവാൻ കൽക്കത്തയിൽ ചേർന്ന വിപ്ലവ ഇടത് – മതേതര സംഘടനകളുടെ കൂട്ടായ്മ സമ്മേളനം പ്രഖ്യാപിച്ചു. പ്രചരണ പ്രവർത്തനങ്ങൾ ആരംഭിച്ചു. സിപിഐ (എംഎൽ) റെഡ്സ്റ്റാർ പിബി അംഗം സ. ശങ്കർ ദാസ് അടക്കമുള്ള പാർട്ടി സഖാക്കൾ പങ്കെടുത്തു.




ഡെൽഹിയിൽ നടക്കുന്ന കർഷക സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചു കൊണ്ട് തമിഴ്നാട്ടിലെ സേലത്ത് ടിയുസിഐ യുടെ നേതൃത്വത്തിൽ ഓട്ടോറിക്ഷ തൊഴിലാളികൾ ധർണ്ണ സംഘടിപ്പിച്ചു. ധർണ്ണയിൽ പങ്കെടുത്തവരെ പോലീസ് അറസ്റ്റു ചെയ്തു



ആന്ധ്ര പ്രദേശിലെ പ്രകാശം ജില്ലയിൽ മർതൂർ സോൺ ഗണ്ണവാരം വിലേജിൽ അഖിലേന്ത്യാ വിപ്ലവ കർഷക സംഘടന (AIKKS)യുടേയും അഖിലേന്ത്യാ വിപ്ലവ വനിത സംഘടന (AIRWO) യുടെയും ജനാധിപത്യ അവകാശസംരക്ഷണ വേദി (OPDR) യുടേയും നേതൃത്വത്തിൽ കർഷക വിരുദ്ധ നിയമങ്ങൾ പിൻവലിക്കാനാവശ്യപ്പെട്ട് ദില്ലിയിൽ നടക്കുന്ന കർഷക സമരത്തോട് ഐക്യപ്പെട്ടും ധർണ്ണ നടത്തി. സിപിഐ (എംഎൽ) റെഡ്സ്റ്റാർ കേന്ദ്ര കമ്മറ്റി അംഗം സ. ഹരിപ്രസാദ് മണ്ണാവ ധർണ്ണ അഭിസംബോധന ചെയ്ത് സംസാരിച്ചു.



സിപിഐ എംഎൽ റെഡ്സ്റ്റാർ ജനറൽ സെക്രട്ടറി സ.കെ. എൻ രാമചന്ദ്രനും പഞ്ചാബ് സംസ്ഥാന സെക്രട്ടറി സ. ലാഷ്കർ സിംഗും മറ്റ് സഖാക്കളുടെ കൂടെ കർഷകസമരവേദിയായ സിംഗു ബോർഡറിലും ഗാന്ധിപൂർ ബോർഡറിലും ജനുവരി 8 ന് സന്ദർശിച്ചപ്പോൾ



അഖിലേന്ത്യാ കർഷക സംഘർഷ സമന്വയ സമിതിയുടെ പശ്ചിമബംഗാൾ ഘടകത്തിന്റെ നേതൃത്വത്തിൽ കൽക്കത്തയിൽ ദർമ്മതലയിൽ അനിശ്ചിതകാല ധർണ്ണ ആരംഭിച്ചു. അഖിലേന്ത്യ വിപ്ലവ കർഷക സംഘടന ജനറൽ സെക്രട്ടറി പ്രദീപ് സിംഗ താക്കൂർ അഭിസംബോധന ചെയ്തു.




കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കർണ്ണാടകയിൽ നിന്നുള്ള വിപ്ലവ സാംസ്കാരിക വേദി (ആർസിഎഫ്) യുടേയും അഖിലേന്ത്യാ വിപ്ലവ കർഷക സഭയുടേയും സഖാക്കൾ ദൽഹി ടിക്രി അതിർത്തിയിലെ സമരപന്തലിൽ ആർസിഎഫ് ദേശീയ കൺവീനർ സഖാവ് തുഹിനോടൊപ്പം വിപ്ലവ ഗാനങ്ങൾ ആലപിക്കുന്നു.



കർഷക സമരത്തിന്ന് ഐക്യദാർഢ്യ-മർപ്പിച്ചുകൊണ്ട് ജനുവരി 11 മുതൽ വയനാട് ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ  പ്രചാരണം അഖിലേന്ത്യാ വിപ്ലവ കർഷക സഭയുടെ സംസ്ഥാന സെക്രട്ടറി സഖാവ് എം പി കുഞ്ഞിക്കണാരൻ മാനന്തവാടിയിൽ ഉദ്ഘാടനം ചെയ്യുന്നു.




കർഷക പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ചുകൊണ്ട് കർണ്ണാടകയിൽ നിന്നുള്ള വിപ്ലവ സാംസ്കാരിക വേദി (ആർസിഎഫ്) യുടേയും അഖിലേന്ത്യാ വിപ്ലവ കർഷക സഭയുടേയും സഖാക്കൾ ദൽഹി സിംഗു അതിർത്തി-യിലെത്തിയപ്പോൾ




ജനുവരി 13 ന് സിപിഐ (എംഎൽ) ഗോർധ ജില്ലാ കമ്മറ്റിയുടെ (ഒഡീഷ) നേതൃത്വത്തിൽ പുതിയ കാർഷിക നിയമങ്ങളുടേയും തൊഴിൽ നിയമങ്ങളുടേയും കോപ്പികൾ കത്തിക്കുന്നു.

സഖാവ് മാസിക
ജനുവരി
2021 ലക്കം

സിപിഐ (എംഎൽ) റെഡ് സ്റ്റാർ